തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : 20 ഗ്രാമപഞ്ചായത്തുകളാണ് വിഭജിക്കാൻ തീരുമാനിച്ചത്. വിഭജനത്തിന്റെ മാനദണ്ഡം 1991-ൽ അൻപതിനായിരം ജനസംഖ്യ എന്നതായിരുന്നു. രണ്ടാമത്തേത് വളരെ വിസ്താരമേറിയ പ്രദേശത്ത്, ഒരു പഞ്ചായത്ത് ഭരണത്തിൽ അസൗകര്യങ്ങൾ ഉണ്ടാക്കുന്നുവെന്ന് കാണുന്ന പ്രദേശങ്ങൾ വിഭജിക്കുന്നതിനു വേണ്ടി തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് 20 പഞ്ചായത്തുകൾ വിഭജിക്കാൻ തീരുമാനിച്ചത്. അലനല്ലൂർ ഗ്രാമ പഞ്ചായത്തിൽ 1991-ലെ ജന സംഖ്യ 39136 ആയിരുന്നു. മറ്റു പഞ്ചായത്തുകളെക്കാൾ വിസ്തൃതി കുറവായിരുന്നു. നിരവധി പഞ്ചായത്തുകൾ ഇപ്പോഴും വിഭജിക്കാൻ കിടപ്പുണ്ട്. അതുകൊണ്ട് ഈ വിഭജന ഘട്ടത്തിൽ അത് ഉൾപ്പെടുത്താൻ നിവൃത്തിയില്ല. അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന കാര്യം നമുക്ക് പരിശോധിക്കാം.

V ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

ശ്രീ. എൻ. ആർ. ബാലൻ : സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ അനുകൂലിക്കുന്നു. കർക്കശമായ സാമ്പത്തിക അച്ചടക്കത്തിൽ അധിഷ്ഠിതവും സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്നതും കാർഷിക-വ്യാവസായിക-തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതും ദുർബല ജന വിഭാഗങ്ങൾക്ക് ഒട്ടേറെ സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നതുമായ ബഡ്ജറ്റാണ് ബഹുമാന്യനായ ശിവദാസമേനോൻ നിയമസഭയിൽ അവതരിപ്പിച്ചത് എന്നുള്ളതുകൊണ്ടാണ് ആ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ സസന്തോഷം സ്വാഗതം ചെയ്യുന്നത്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് അനുകൂലിച്ചും പ്രതികൂലിച്ചും ഉള്ള ചർച്ചകൾ ഇന്നലെ മുതൽ നടക്കുകയാണ്. അപ്പുറത്ത് ഇരിക്കുന്ന ബഹുമാന്യനായ ആര്യാടൻ മുതൽ എന്റെ സുഹൃത്ത് കൂടിയായ ശ്രീ. കെ. സി. ജോസഫ് വരെയുള്ള പ്രതിപക്ഷ അംഗങ്ങളുടെ പ്രസംഗങ്ങൾ കേട്ടപ്പോൾ കേരളത്തിലെ പ്രതിപക്ഷം വളരെ ബോധപൂർവ്വം ഉറക്കം നടിക്കുകയാണ് എന്ന തോന്നലാണ് എനിക്ക് ഉണ്ടായത്. ഇൻഡ്യാ രാജ്യം ഇന്ന് നേരിടുന്ന അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചോ ആ പ്രതിസന്ധിക്ക് ഇടയാക്കിയതിന് ഉത്തരവാദികളായവരെക്കുറിച്ചോ ആ പ്രതിസന്ധി സംരക്ഷിക്കാനാണ് എന്ന പേരിൽ നമ്മുടെ രാജ്യത്തെയും ജനങ്ങളേയും ദ്രോഹിക്കുന്ന രീതിയിൽ ബി.ജെ.പി. ഗവൺമെന്റ് കൊണ്ടു വന്ന പുതിയ ബഡ്ജറ്റ് നിർദ്ദേശങ്ങളെക്കുറിച്ചോ പരാമർശങ്ങളെക്കുറിച്ചോ ഒരു വാചകം പോലും പറയാൻ ബോധപൂർവ്വം പ്രതിപക്ഷം സന്നദ്ധമായില്ല എന്നതു പ്രതിപക്ഷത്തെ തന്നെ പുനർചിന്തനത്തിന് വിധേയമാക്കേണ്ട കാര്യമാണ് എന്നാണ് എനിക്ക് പറയാനുള്ളത്. എന്താണ് നമ്മുടെ ഇൻഡ്യാ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി ? ദേശീയ രാഷ്ട്രീയത്തിൽ അനുകൂലമായും പ്രതികൂലമായും നിലനിൽക്കുന്ന രാഷ്ട്രീയ പ്രശ്നങ്ങളുടെ റിഫ്ളക്ഷൻ കേരളത്തിൽ ഉണ്ടാകും. സാമ്പത്തിക മേഖലയിൽ അനുകൂലമായും

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലമായും ഉണ്ടാകുന്ന ചലനങ്ങൾ കേരളത്തിന്റെ സമ്പദ്ഘടനയെയും ബാധിക്കും. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് അവതരിപ്പിച്ച നന്ദി പ്രമേയ ചർച്ച ഇവിടെ നടന്നപ്പോൾ ദേശീയ രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച് ഒരക്ഷരം പറയാൻ പ്രതിപക്ഷം സന്നദ്ധമായില്ല. ഭരണപക്ഷത്തു നിന്ന് ശക്തമായ വിമർശനം വന്നപ്പോഴും മനസ്സില്ലാ മനസ്സോടെയാണ് പ്രതിപക്ഷ നേതാവ് അവസാനം പ്രതികരിച്ചത്. ഇൻഡ്യയുടെ സമ്പദ്ഘടനയുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഗുരുതരമായ വിഷയങ്ങളെക്കുറിച്ച് ഇവിടെ അടിവരയിട്ട് സൂചിപ്പിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ഒരക്ഷരം പോലും അപ്പുറത്തിരിക്കുന്ന പ്രതിപക്ഷം ഉരിയാടിയില്ല. അവസാനം പ്രതിപക്ഷനേതാവ് പ്രസംഗിക്കുകയാണെങ്കിൽ മറുപടി പറയും എന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. 29-ാം തീയതി കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ തലേ ദിവസമാണ് ഇൻഡ്യാ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ വിവരിക്കുന്ന എക്കണോമിക് സർവ്വേ റിപ്പോർട്ട് പാർലമെന്റിൽ അവതരിപ്പിച്ചത്. എന്താണ് ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ? പുത്തൻ സാമ്പത്തിക നയങ്ങൾ ഇൻഡ്യയിൽ നടപ്പിലാക്കിയതിന്റെ ഭാഗമായി ഇൻഡ്യയുടെ സമ്പദ്ഘടനയ്ക്കുനേരെ ഉയർന്നിരിക്കുന്ന അതീവ ഗുരുതരമായ വെല്ലുവിളി അടിവരയിട്ട് ചൂണ്ടിക്കാണിക്കുകയാണ്. സാമ്പത്തിക വളർച്ച പുറകോട്ടടിച്ചു. കഴിഞ്ഞ വർഷം വളർച്ചാ നിരക്ക് 6.8. നടപ്പ് വർഷം അത് 5.9 ആയി കുറഞ്ഞു. കാർഷിക മേഖലയിൽ വൻ തകർച്ച. ഭക്ഷ്യോൽപാദനം ഇടിഞ്ഞു. വിദേശ നിക്ഷേപം കുറഞ്ഞു. വിദേശ കടം വർദ്ധിച്ചു. ധനകമ്മി വർദ്ധിച്ചു. ഈ അവസ്ഥയിലേക്ക് ഇൻഡ്യയുടെ സമ്പദ്ഘടനയെ എത്തിക്കുന്നതിൽ കോൺഗ്രസിന് പങ്കുണ്ട്. കോൺഗ്രസ് തുടങ്ങി വച്ച നയം ബി.ജെ.പി. നടപ്പിലാക്കിയതിന്റെ കൂടി ഭാഗമായാണ് ഈ അവസ്ഥയുണ്ടായത്. ഈ ചിത്രം വരച്ചതിനുശേഷമാണ് 29-ാം തീയതി കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. ഈ അപകടാവസ്ഥയിൽ നിന്നും നമ്മുടെ രാജ്യത്തെ രക്ഷിക്കുന്നതിനുവേണ്ടി കർക്കശമായ നടപടികൾ പ്രതീക്ഷിക്കാം എന്ന് കേന്ദ്ര ധനമന്ത്രി പറഞ്ഞിരുന്നു. ബഡ്ജറ്റ് വന്നപ്പോൾ ആ കർക്കശമായ നടപടികൾ ആർക്കു നേരെയാണ് എന്നത് കൃത്യതയോടുകൂടി സ്ഥാപിക്കപ്പെട്ടു. എക്സൈസ് തീരുവയും പ്രത്യക്ഷ നികുതിയും വർദ്ധിപ്പിച്ചുകൊണ്ട് 8332 കോടി രൂപയുടെ അധിക ഭാരം. ഭക്ഷ്യ സബ്സിഡി വെട്ടിക്കുറയ്ക്കുന്നു. വളം സബ്സിഡി വെട്ടിക്കുറയ്ക്കുന്നു. ആറായിരം കോടി രൂപയുടെ അധിക ഭാരം പ്രതീക്ഷിക്കുന്നു. ഇൻഡ്യൻ കുത്തകക്കാർക്ക് ഒട്ടേറെ നികുതി ഇളവുകൾ നൽകിയിട്ടും 50,000 കോടി രൂപ അവർ നികുതി കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ആ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി യാതൊരു നടപടിയും എടുത്തിട്ടില്ല. ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ഇനത്തിൽ ഇൻഡ്യൻ കുത്തകയിൽ 40000 കോടി രൂപ കുടിശ്ശിക. ആ തുക തിരിച്ചു പിടിക്കാൻ ഒരു നടപടിയുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇൻഡ്യയിൽ തുടരുന്ന മുതലാളിത്ത സ്വഭാവം ആധുനിക വൽക്കരണത്തിന്റെ ഭാഗമാണ് എന്നല്ലേ അങ്ങയുടെ ആർഗ്യുമെന്റ്. ഈ ബഡ്ജറ്റിന്റെ തത്വശാസ്ത്രം എന്താണ് ? ബി.ഒ.ടി. അംഗീകരിക്കുന്ന, വേൾഡ് ബാങ്ക് അംഗീകരിക്കുന്ന മാനിഫെസ്റ്റോയിലല്ലേ ഇതു പോലുള്ള ഒരു രൂപം ഉള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ആർ. ബാലൻ : ഇതുതന്നെയാണ് നിങ്ങൾക്കുള്ള കുഴപ്പം. നന്നാകില്ല, കാരണം ഇടതുപക്ഷ ജനാധിപത്യ മുന്നണി, സി.പി.ഐ.(എം.) നേതൃത്വം നൽകുന്ന മുന്നണി ഈ രാജ്യത്ത് നിലനിൽക്കുന്ന വ്യവസ്ഥിതിയുടെ ചട്ടക്കൂടിനകത്തു നിന്നുകൊണ്ട് ഭരണം നടത്താൻ ബാദ്ധ്യസ്ഥരാണല്ലോ. 1957-ൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നു, നിങ്ങൾ അവർക്കെതിരെ വിമോചന സമരം നടത്തി പിരിച്ചു വിട്ടു. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ഇവിടെ നടപ്പിലാക്കിയില്ല. നിലവിലുള്ള ഭരണഘടനയുടെ ചട്ടക്കൂടിനകത്തു നിന്നുകൊണ്ട് സാധാരണക്കാരായ അദ്ധ്വാനിക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ചെയ്യാവുന്ന നല്ല കാര്യങ്ങൾ ചെയ്യുന്നു. കോൺഗ്രസ് തുടങ്ങിവച്ചതും, ബി.ജെ.പി. തുടരുന്നതുമായിട്ടുള്ള ആഗോളവൽക്കരണ സമീപനത്തിനു വിരുദ്ധമായി ഇൻഡ്യയിൽ ഉയർന്നുവരേണ്ടത് ബദൽ സാമ്പത്തിക നയത്തിന്റേതാണ്. ആ സമീപനത്തിന്റെ ഉള്ളടക്കം ഈ ബഡ്ജറ്റിലുണ്ട്. അവിടേക്കു ഞാൻ വരാം. കേന്ദ്ര ബഡ്ജറ്റിൽ 8332 കോടി രൂപയുടെ അധികഭാരം, അതിനെതിരായിട്ട് നിങ്ങൾക്ക് അഭിപ്രായമില്ലല്ലോ. ആറായിരം കോടി രൂപ് സബ്സിഡി വെട്ടിക്കുറച്ചപ്പോഴും ആക്ഷേപമില്ല. ആന ചോരുന്നത് കാണാൻ കണ്ണില്ല, അതിനെതിരായിട്ട് സമരവുമില്ല. ഇവിടെ കടുക് ചോരുമ്പോഴോ ഭയങ്കര അട്ടഹാസം. അവിടംകൊണ്ട് മാത്രം നിന്നോ ? സാമ്പത്തിക അച്ചടക്കത്തിന്റെ പേരിൽ നിയമനങ്ങൾ നിരോധിക്കുന്ന ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ഇവിടെ തൊഴിലില്ലായ്മ പരിഹരിച്ചില്ല എന്നുപറഞ്ഞല്ലോ, ഒരു സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ തൊഴിലില്ലായ്മ പരിഹരിക്കാനാവുമോ ? പക്ഷേ ഈ നയത്തിന്റെ ഭാഗമായി പുതിയ നിയമനങ്ങൾ നടത്തുന്നതിന് കർക്കശമായ വിലക്ക് ഏർപ്പെടുത്തുന്നു. അധിക ജീവനക്കാരുടെ പേരിൽ നിലവിലുള്ളതായിട്ടുള്ള ജീവനക്കാരെ പിരിച്ചുവിടുന്നതിന് വേണ്ടിയുള്ള നിയമം കൊണ്ടുവരാൻ പോകുന്നു. നമ്മുടെ രാജ്യത്തിന്റെ സമ്പത്താണ് പൊതുമേഖല, അതിന്റെ ഷെയർ 24 ശതമാനമായി കുറച്ചുവല്ലോ. 76 ശതമാനം ഷെയർ വിൽക്കുകയല്ലേ ? ഇൻഷ്വറൻസ് മേഖലയിലെ സ്വകാര്യ വൽക്കരണത്തിനും അനുകൂലമായ നിലപാട് എടുത്തതോടുകൂടി നിങ്ങൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ മറന്നു. മഹാത്മജിയെ മുൻപേ മറന്നുവല്ലോ. ബാങ്കുകൾ ദേശവൽക്കരിക്കുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്തിയത് ഇന്ദിരാഗാന്ധിയാണെന്നു ചങ്കുപൊട്ടി പ്രസംഗിച്ചില്ലേ ശ്രീ. അഗസ്തി. സത്യമാണ്, ഞങ്ങൾ പിൻതുണച്ചുവല്ലോ. പക്ഷേ ഇപ്പോൾ നാഷണലൈസ്ഡ് ബാങ്കുകളുടെ ഗവൺമെന്റ് ഷെയർ 33 ശതമാനമാക്കി കുറച്ചപ്പോൾ നിങ്ങൾ മിണ്ടിയില്ല. അങ്ങനെ നിങ്ങൾ ഇന്ദിരാ ഗാന്ധിയെയും മറന്നു.

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട ബാലൻ ഇന്ദിരാഗാന്ധിയുടെ കാലത്ത് നടന്ന ബാങ്ക് ദേശസാൽക്കരണത്തെക്കുറിച്ച് സംസാരിച്ചു. ഈ ബാങ്കുകളുടെ ഷെയർ വിൽക്കാൻ തീരുമാനിച്ചത് അങ്ങയുടെ പാർട്ടി കൂടി പിന്തുണ നൽകിയ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ഐക്യമുന്നണി ഗവൺമെന്റാണ്. ശ്രീ.ചിദംബരം അവതരിപ്പിച്ച ബഡ്ജറ്റിലാണ് പബ്ലിക് അണ്ടർടേക്കിംഗ് ബാങ്കുകളുടെ ഷെയർ വിൽക്കാനുള്ള തീരുമാനം പ്രഖ്യാപിച്ചത് എന്ന കാര്യം അങ്ങേക്കറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ആർ. ബാലൻ : ഇതെന്താ കുഴപ്പമെന്നറിയാമോ, ഇതുതന്നെയാ പറഞ്ഞത് നിങ്ങൾ നേരെയാകില്ല എന്ന്. ഐക്യമുന്നണി ഗവൺമെന്റിനു ഒരുപാട് പരിമിതികളുണ്ടായിരുന്നു. അതിൽ ഒന്നാമത്തെ പരിമിതി എന്താണെന്നറിയാമോ ? ഐക്യമുന്നണി ഗവൺമെന്റിന്റെ കാലത്താണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 10 കിലോഗ്രാം അരി സൗജന്യമായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചത്. പത്ത് കിലോ അരി പകുതി വിലയ്ക്ക് കൊടുക്കുന്നതിനുള്ള ഒരു സംവിധാനം ഇൻഡ്യയിൽ ആദ്യമായി കൊണ്ടുവന്നതും ആ ഗവൺമെന്റല്ലേ ? കോൺഗ്രസിന്റെ പിന്തുണയുണ്ട് എന്നുള്ള ദോഷമുണ്ടായിട്ടും ഒരു നല്ല കാര്യം ചെയ്തില്ലേ ? കോൺഗ്രസിന്റെ സ്ഥിതി ഇതാണെങ്കിൽ നമ്മുടെ സമ്പദ്ഘടനയെ സംബന്ധിച്ച് എക്കണോമിക് റിവ്യൂ എന്താ പറഞ്ഞത്. ഈ പ്രതിസന്ധിക്കിടയിലും കേരളത്തിൽ സാമ്പത്തിക വളർച്ചയുണ്ടായി. 1997-98-ൽ 4.9 ശതമാനത്തിൽ നിന്നും 1998-99-ൽ 5.6 ശതമാനമായി വർദ്ധിച്ചു. കൃഷിയിലുണ്ടായ 3.2 ശതമാനം വളർച്ചയാണ് ഇതിന് പ്രധാന കാരണം. വ്യവസായ വളർച്ച 1998-99-ൽ 7 ശതമാനമായിരുന്നു. കാർഷിക-വ്യാവസായിക മേഖലയിലും, സേവന രംഗത്തും 1998-99 വർഷത്തിൽ വളർച്ചയുണ്ടായി. നികുതി വരുമാനം കുറഞ്ഞിട്ടും, ശമ്പള പരിഷ്ക്കരണത്തിന്റെ ഭാരം ഏറെ പേറേണ്ടിവന്നിട്ടും കേരളം ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ പട്ടികയിൽ സാമ്പത്തിക വളർച്ചാ മേഖലയിൽ അഞ്ചാം സ്ഥാനത്ത് നിൽക്കുന്നു. ഈ ഗവൺമെന്റ് ഒൻപതാം സ്ഥാനത്ത് നിന്ന് കേരളത്തെ അഞ്ചാം സ്ഥാനത്തേക്ക് ഉയർത്തി. എക്കണോമിക് റിവ്യൂ എന്താ പറഞ്ഞത്, പൊതുമേഖലാ നിക്ഷേപത്തിന്റെ കാര്യത്തിൽ കേന്ദ്രത്തിന്റെ ക്രൂരമായ അവഗണന ഉണ്ടായിരുന്നില്ലായെങ്കിൽ, കേരളത്തിലെ ബാങ്കുകളിലെ നിക്ഷേപ-വായ്പ അനുപാതമേഖലയിൽ ക്രൂരമായ അവഗണനയും, വിവേചനവും ഉണ്ടായിരുന്നില്ലായെങ്കിൽ, ഇതിനെക്കാൾ മെച്ചപ്പെട്ട പുരോഗതി ആർജ്ജിക്കാൻ കഴിയുമായിരുന്നു. ഈ സ്റ്റേജിലേക്കു കേരളത്തെ എത്തിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റിനുണ്ടായ വൻപിച്ച പുരോഗതിയെ നിങ്ങൾ അഭിനന്ദിക്കണ്ട, ആക്ഷേപിക്കാതെയെങ്കിലും ഇരുന്നുകൂടെ ? അതല്ലേ നല്ല പ്രതിപക്ഷത്തിന്റെ ലക്ഷണം. അതുമാത്രമല്ല ഇവിടെ കടം പെരുകി കമ്മി വർദ്ധിച്ചു എന്നൊക്കെ പറഞ്ഞുകൊണ്ട് ആക്ഷേപിക്കുന്നത് കേട്ടു. ഒരു കാര്യം സത്യമല്ലേ, ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി പദ്ധതി വിഹിതത്തിന്റെ 40 ശതമാനത്തോളം വരുന്ന സംഖ്യ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് നൽകുന്നതിൽ 70 ശതമാനത്തോളം വരുന്നതായിട്ടുള്ള സംഖ്യയും മൂലധന നിക്ഷേപത്തിനാണ് വിനിയോഗിക്കുന്നത് എന്നുള്ളത് സത്യമല്ലേ ? അത് നൽകിയില്ലായിരുന്നു എങ്കിൽ, ഇവിടെ മൂലധന നിക്ഷേപത്തിന് വേണ്ടി സംസ്ഥാന ആവിഷ്കൃത പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചിരുന്നു എങ്കിൽ ഈ കമ്മി ഇത്രയും വർദ്ധിക്കുമായിരുന്നോ ? കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവിടെ റവന്യൂ കമ്മി വർദ്ധിച്ചിരിക്കുന്നു എന്ന് കൊട്ടിഘോഷിക്കുകയല്ലേ, സത്യത്തെ സത്യമായി കാണണ്ടേ ? ആഗോളവൽക്കരണത്തിന്റെ കെടുതി ഇൻഡ്യയിലെ ജനങ്ങൾ അനുഭവിക്കുകയാണ്. അതുകൊണ്ടാണല്ലോ നാടോടുമ്പോൾ നടുവിലൂടെ ഓടുന്നതിനുവേണ്ടിയുള്ള നിലപാടെടുക്കാൻ കോൺഗ്രസ് തീരുമാനിച്ചത്. സബ്സിഡികൾ വെട്ടിക്കുറയ്ക്കുകയാണ് വേണ്ടതെന്ന്

എ.ഐ.സി.സി. പ്രമേയം പാസാക്കിയിരിക്കുകയാണ്. അപ്പോൾ എ.ഐ.സി.സി.ക്ക് എതിരായി കെ.പി.സി.സി. നിലപാടെടുക്കാൻ നിർബന്ധിതമാകുകയാണ്. എൻ.ഡി.എ.യുടെ കൂടെയുള്ള ഘടക കക്ഷികളടക്കം ഭക്ഷ്യ സബ്സിഡിയും രാസവള സബ്സിഡിയും വെട്ടിക്കുറച്ചതിനെതിരായി പ്രതിക്ഷേധിക്കുമ്പോൾ, എ.ഐ.സി.സി. പ്രമേയത്തിനെതിരായിട്ട് പ്രതികരിക്കുവാൻ കോൺഗ്രസ് നിർബന്ധിതമായിരിക്കുകയാണ്. സബ്സിഡി വെട്ടിക്കുറയ്ക്കണമെന്ന് എ.ഐ.സി.സി. അംഗീകരിച്ച പ്രമേയം, അടിയന്തിരമായും പിൻവലിക്കണം. നിങ്ങൾ കൊണ്ടുവന്ന പുത്തൻ സാമ്പത്തിക നയമാണ് നിങ്ങളെ തകർച്ചയിലേക്ക് എത്തിച്ചത്. അതുകൊണ്ട് പുനർ ചിന്തനത്തിനു വിധേയമാകുന്നതിനുവേണ്ടി എ.ഐ.സി.സി. യോഗം വിളിച്ചു ചേർക്കണമെന്ന നിലപാടെടുക്കാൻ അങ്ങ് തയ്യാറുണ്ടോ ? മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ഇന്ദിരാ ഗാന്ധി അട്ടത്തു വച്ചില്ലേ ? ആന്റണി കമ്മീഷൻ റിപ്പോർട്ടും ശ്രീമതി സോണിയാ ഗാന്ധി അട്ടത്തു വയ്ക്കുകയല്ലാതെ നടപ്പിലാക്കിയോ ? എ.ഐ.സി.സി.ക്കെതിരായിട്ട് കെ.പി.സി.സി. വർത്തമാനം പറഞ്ഞിട്ട് നിങ്ങൾ ലെഫ്റ്റ് അപ്രോച്ചാ എന്നുപറഞ്ഞതു കൊണ്ടൊന്നും കാര്യമില്ല. അത് ജാഡയാ. ആഗോളവൽക്കരണത്തിന്റെ തീഷ്ണമായ കെടുതികൾ നമ്മുടെ രാജ്യം അനുഭവിക്കുമ്പോഴും നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ വൻപിച്ച പുരോഗതി ആർജ്ജിക്കാൻ കഴിഞ്ഞു. ഇറക്കുമതി ചുങ്കം ഒഴിവാക്കിയതിന്റെ ഭാഗമായി ഏപ്രിൽ ഒന്നാം തീയതി ഇൻഡ്യൻ കമ്പോളത്തിലേക്ക് 700 ഇനം സാധനങ്ങൾ വരുകയാണ്. വളം സബ്സിഡി വെട്ടിക്കുറച്ചതുകൊണ്ട് കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനച്ചെലവ് വർദ്ധിച്ചിരിക്കുകയാണ്. ഉൽപന്നങ്ങൾക്ക് വില കിട്ടുന്നില്ല. കൃഷിക്കാരുടെ നട്ടെല്ലൊടിഞ്ഞിരിക്കുകയാണ്. നിങ്ങളുടെ നയത്തിന്റെ ഭാഗമായി കാർഷികമേഖല വിദേശ കുത്തകൾക്ക് പണയപ്പെടുത്തുകയാണ്. ഈ ഗവൺമെന്റ് നട്ടെല്ലൊടിഞ്ഞ് കിടക്കുന്ന കൃഷിക്കാരന് ഊന്നുവടി നൽകുകയാണ്. എല്ലാം സംരക്ഷിക്കാൻ കഴിയുമോ, 142 കോടി രൂപയാണ് പദ്ധതി വിഹിതമായി മാറ്റിവച്ചിരിക്കുന്നത്. 5 ഹെക്ടർ വരെ കൃഷിയുള്ളതായിട്ടുള്ള കൃഷിക്കാരന്റെ കാർഷികാദായ നികുതി ഇല്ലാതാക്കുന്ന പ്രഖ്യാപനം, അതിനെക്കുറിച്ച് നിങ്ങൾ ആക്ഷേപിച്ചതാണ് ലോകചരിത്രത്തിൽ എന്ന് ഞാൻ പറയുന്നില്ല, ഇൻഡ്യാ ചരിത്രത്തിൽ ഇത് ആദ്യമല്ലേ ? റബ്ബർ കൃഷിക്കാരെ സംരക്ഷിക്കാൻ 20 ഹെക്ടർ വരെയുള്ള കൃഷിക്കാരന്റെ കാർഷികാദായ നികുതി ഇളവുചെയ്യുന്നതായിട്ടുള്ള പ്രഖ്യാപനം ഒരു വർഷത്തേക്ക് കൂടി നീട്ടിയില്ലേ, കാപ്പി കൃഷിക്കാർക്കും നീട്ടിയില്ലേ ? ചെറുകിട കൃഷിക്കാർക്ക് ക്ഷേമപദ്ധതി സർക്കാർ വിഹിതത്തോടുകൂടി നടപ്പിലാക്കുന്നതിന് തീരുമാനിച്ചില്ലേ ? പച്ചക്കറി ഉൽപാദന മേഖലയിൽ 600 കോടി രൂപയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യം ഉണ്ടാക്കിയില്ലേ ? കൃഷിക്കാരന് ഉൽപാദന ചെലവിന്റെ 50 ശതമാനം സബ്സിഡി ഗവൺമെന്റ് നൽകിക്കൊണ്ട് ഈ പ്രതികൂല സാഹചര്യത്തിലും കേരളത്തിലെ കാർഷിക മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കാൻ കഴിഞ്ഞു. കർഷകന് നിവർന്നു നിൽക്കാൻ ഈ ഗവൺമെന്റ് ഊന്നുവടി നൽകിയിരിക്കുകയാണ്. നിങ്ങളുടെ നയത്തിന്റെ ഭാഗമായി വ്യാവസായിക മേഖലയെ തകർത്തു തരിപ്പണമാക്കി. കറവയുള്ള പശുവിനെ വിൽക്കുക, കറവ വറ്റിയ പശുവിനെ അറുക്കുക. പൊതുമേഖലാ സ്ഥാപനങ്ങളെ പുനഃരുദ്ധരിക്കുന്നതിനുവേണ്ടിയും

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റ് പണം മാറ്റി വച്ചിരിക്കുകയാണ്. ഒരു നിധി സ്വരൂപിച്ചുകൊണ്ട് ജനങ്ങളിൽ നിന്ന് പണം സമാഹരിക്കുക, ഈ രാജ്യത്തെ പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിപ്പിക്കുക, വൈവിദ്ധ്യവൽക്കരിക്കുക, സംരക്ഷിക്കുക, അങ്ങനെ ഒരു പുത്തൻ ഉണർവ് പൊതുമേഖലാ രംഗത്ത് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞില്ലേ ? ഈ സാമ്പത്തിക വർഷം ഇരു പതിനായിരത്തോളം വരുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ പോകുന്നു. എൺപത്തെട്ടായിരത്തോളം വരുന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഈ രാജ്യത്ത് വ്യാവസായിക മേഖലയിലും, കാർഷിക മേഖലയിലും ഉജ്ജ്വലമായ പുരോഗതിക്ക് അടിത്തറ പാകിയിട്ടുണ്ട്, വൈദ്യുതിഉൽപാദന മേഖലയിൽ കേരളത്തിന് ആർജ്ജിക്കാൻ കഴിഞ്ഞത് വൻപിച്ച നേട്ടമല്ലേ. 5 വർഷക്കാലം ഭരിച്ചിട്ട് 17 മെഗാവാട്ട് കറണ്ടല്ലേ നിങ്ങൾ ഉൽപാദിപ്പിച്ചത് ? കുറ്റപത്രം ഏറ്റു വാങ്ങി ജയിൽ ശിക്ഷ അനുഭവിച്ചവരല്ലേ അപ്പുറത്തിരിക്കുന്നത് ? ഇവിടെ 44 മാസക്കാലത്തിനകത്ത് 845 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിച്ചുകൊണ്ട് ഈ കേരളം സ്വയംപര്യാപ്ത കൈവരിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് മുഖ്യ പരിഗണന നൽകിക്കൊണ്ട് നാന്നൂറ്റി ചില്ലാനം കോടി രൂപ ആ മേഖലയിലേക്ക് ഈ ബഡ്ജറ്റിൽ മാറ്റി വച്ചിരിക്കുന്നത്. കർഷക തൊഴിലാളി പെൻഷൻ 20 രൂപയേ വർദ്ധിപ്പിച്ചുള്ളൂ എന്ന് വിഷമം പറഞ്ഞു. നിങ്ങൾ 5 വർഷക്കാലം ഭരിച്ചപ്പോൾ വർദ്ധിപ്പിച്ചത് 10 രൂപ. 44 മാസക്കാലം ഭരിച്ചപ്പോൾ ഇവിടെ വർദ്ധിപ്പിച്ചത് 50 രൂപ. അന്ന് കർഷക തൊഴിലാളി പെൻഷൻ കിട്ടിയിരുന്നവരേക്കാൾ പതിൻ മടങ്ങ് ആളുകൾക്ക് ഇന്ന് കേരളത്തിൽ കർഷകത്തൊഴിലാളി പെൻഷൻ കിട്ടുകയാണ്. എന്താ കാരണം, അന്ന് വില്ലേജാഫീസുകൾക്കായിരുന്നു അധികാരം. ഇപ്പോൾ ഗവൺമെന്റ് നിയമ നിർമ്മാണം നടത്തിക്കൊണ്ട് പഞ്ചായത്ത് ഭരണസമിതിക്ക് അർഹതയുള്ളവരെ തെരഞ്ഞെടുക്കാനുള്ള അവകാശമുണ്ടാക്കി. അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും പെൻഷൻ കിട്ടുന്ന സാഹചര്യമുണ്ടായി. പത്തിരട്ടി വർദ്ധനയോടു കൂടി 120 രൂപ വച്ച് കർഷത്തൊഴിലാളി പെൻഷൻ കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. 1990-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കർഷകത്തൊഴിലാളി ക്ഷേമ പദ്ധതിക്കു കൊണ്ടുവന്ന ആ നിയമത്തെപ്പോലും നിങ്ങൾ തുരങ്കം വച്ചില്ലേ ? കൃഷിക്കാരന്റെ വിഹിതം പിരിച്ചോ, അഞ്ച് കാശ് സഹായം കൊടുത്തോ ? ഈ ഗവൺമെന്റ് 10 കോടി രൂപ നൽകി ആ പദ്ധതി സംരക്ഷിക്കാൻ അതുകൊണ്ടായില്ല. ഈ ബഡ്ജറ്റിലും അഞ്ച് കോടി രൂപ കൂടി കർഷകത്തൊഴിലാളി ക്ഷേമ പദ്ധതിക്ക് മാറ്റി വച്ചുകൊണ്ട് കേരളത്തിൽ 20 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള സാഹചര്യം ഉണ്ടാക്കണം. ആ രീതിയിൽ വിവിധ മേഖലയിലെ ജന വിഭാഗങ്ങൾക്ക് ഒട്ടേറെ ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ട് കാർഷിക വ്യാവസായിക മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാക്കിക്കൊണ്ട് 21-ാം നൂറ്റാണ്ടിലേക്ക് ഇൻഡ്യ പ്രവേശിക്കുമ്പോൾ, കേരളം പ്രവേശിക്കുമ്പോൾ ഐശ്വര്യസമ്പൂർണ്ണമായ ഒരു കേരളത്തെ കെട്ടിപടുക്കുക എന്ന നിശ്ചയദാർഢ്യത്തിലധിഷ്ഠിതമായ നയം ഉയർത്തിപ്പിടിച്ചുകൊണ്ട് ശ്രീ. ശിവദാസമേനോൻ അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്യുന്നു. ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ]

ശ്രീ. ജോർജ് ജെ. മാത്യു : സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. അതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് നമ്മുടെ ബഹുമാന്യനായ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 12-ാം പാരയിൽ അദ്ദേഹം ഊന്നൽ കൊടുത്തിരിക്കുന്ന ഒരു പ്രധാന കാര്യം ; ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്ന് വികസന പ്രവർത്തനങ്ങൾക്കു വേണ്ടി പണം സമാഹരിക്കുമെന്നാണ്. അതുപോലെ തന്നെ പി.ഡബ്ല്യു.ഡി. യുടെ ഭാഗം വരുമ്പോൾ അതിലും അദ്ദേഹം പറഞ്ഞിരിക്കുന്നത് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി പല പദ്ധതികളും നടപ്പിലാക്കുമെന്നാണ്. എന്നാൽ വേൾഡ് ബാങ്കിന്റെ സഹായം നമുക്ക് ലഭിക്കണമെന്നുണ്ടെങ്കിൽ ഇൻഡ്യാ ഗവൺമെൻറിൻമേലുള്ള അമേരിക്കൻ ഉപരോധം നീങ്ങിയിരിക്കണം. ഇന്നു രാവിലെ ഇവിടെ തർക്കമുണ്ടായി. സി.പി.ഐ.(എം.) ഇന്നലെ നടന്ന ഹർത്താലിനെ പിൻതുണച്ചുവെന്ന്. നിങ്ങൾ വേറെ പ്രതിഷേധം നടത്തി. പക്ഷെ എന്താണ് നിങ്ങൾ ചെയ്തിരിക്കുന്നത്. ഇന്നത്തെ മനോരമയുടെ രണ്ടാമത്തെ പേജിൽ ശ്രീ. ക്ലിന്റന്റെ സന്ദർശനത്തിനെതിരെ എ.ഐ.എസ്.എഫ്. ഇന്ന് കരിദിനം ആചരിക്കുന്നു, എസ്.എഫ്.ഐ. നിങ്ങളുടെ കൂടെയല്ല. എസ്.എഫ്.ഐ. ബാഡ്ജ് കുത്തി പ്രതിഷേധം രേഖപ്പെടുത്തുന്നു. ഇങ്ങനെയുള്ള ഒരു സമീപനം സ്വീകരിച്ചുകൊണ്ട് നിങ്ങൾ ഈ ബഡ്ജറ്റിലൂടെ ജനങ്ങളെ കബളിപ്പിച്ചിരിക്കുകയല്ലേ. നിങ്ങൾ ഒന്നു ചിന്തിക്കണം. അമേരിക്കൻ ഉപരോധം മാറ്റി ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കണം. അതുകഴിഞ്ഞ് ജനങ്ങളോട് പറയുന്നത് എന്താണ് ? നിങ്ങൾക്ക് സാമ്രാജ്യത്വ വാദികളുടെ സഹായങ്ങൾക്കെല്ലാം വലിയ പ്രതിഷേധമാണ്. എന്തെങ്കിലും സത്യസന്ധത നിങ്ങളുടെ പ്രവർത്തിയിലും പെരുമാറ്റത്തിലും ഉണ്ടോ ? നിങ്ങൾ വെറുതെ ഒരു കപടനാടകം അഭിനയിക്കുകയാണ്. ശ്രീ. നായനാർ അമേരിക്കയിൽ പോകുന്നു, അമേരിക്കക്കാർ പ്ലെയിനിൽ വന്ന് ഇവിടെ ഇറങ്ങുമ്പോൾ കരിങ്കൊടി കാണിക്കുന്നു, എന്തെല്ലാം വൃത്തികേടാണ് നിങ്ങൾ കാണിക്കുന്നത്. മാതൃഭൂമി പത്രത്തിലെ വേറൊരു വാർത്ത, അവസാനത്തെ പേജ് ആണെന്നു തോന്നുന്നു. ശ്രീ. ക്ലിന്റനോടൊപ്പം ഉച്ചഭക്ഷണത്തിന് ശ്രീ. സുരേഷ് കുറുപ്പിനും അരുന്ധതി റോയ്ക്കും ക്ഷണം. എന്താ ശ്രീ. സുരേഷ്കുറുപ്പ് ചെയ്തത് ? നൂറ്റിയൻപത് പേരെ മാത്രമാണ് ക്ഷണിച്ചിട്ടുള്ളത്. ശ്രീ. ക്ലിന്റന് ശ്രീ. വാജ്പേയ് കൊടുക്കുന്ന ഉച്ചഭക്ഷണമാണ്. മാതൃഭൂമി പത്രത്തിൽ വന്നതാണ്. ശ്രീ. സുരേഷ്കുറുപ്പ് എന്താണ് ചെയ്തത് ? സ്വന്തം പാർട്ടി ശ്രീ. ക്ളിന്റന്റെ പരിപാടികൾ ബഹിഷ്ക്കരിക്കുന്നതുകൊണ്ട് ശ്രീ. സുരേഷ്കുറുപ്പ് പോകുന്നില്ല. അദ്ദേഹം കോട്ടയത്തുനിന്ന് എം.പി. യായിട്ട് എന്തിനാണ് പോയത്. അങ്ങനെ എം.പി. യായിട്ടു പോകാൻ അദ്ദേഹത്തിന് അർഹതയുണ്ടോ ? എന്റെ അഭിപ്രായത്തിൽ ഇതുപോലെയുള്ള വിലകുറഞ്ഞ പരിപാടി നിങ്ങൾ നിറുത്തിയില്ലായെങ്കിൽ യാതൊരു കാരണവശാലും ഈ നാടിന് പുരോഗതിയുണ്ടാകില്ല. കോൺഗ്രസ് പാർട്ടിയെക്കുറിച്ച് ശ്രീ. എൻ. ആർ. ബാലൻ പറഞ്ഞു, ഉദാരവൽക്കരണംകൊണ്ട് കോൺഗ്രസ് പാർട്ടിയെന്തോ വലിയ കുറ്റം ചെയ്തുവെന്ന്, പക്ഷെ കോൺഗ്രസ് പാർട്ടിയുടെ ഉദാരവൽക്കരണം എന്നുപറഞ്ഞാൽ അതിന് ഒരു ഹ്യൂമൻ ഫെയിസ് ഉണ്ട്. ദാരിദ്ര്യരേഖയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

താഴെയുള്ള ആൾക്കാർ ഉള്ളപ്പോൾ, സോഷ്യൽ ഓബ്ലിഗേഷനെ മറന്നുകൊണ്ടല്ല ഞങ്ങൾ പ്രവർത്തിക്കുന്നത്. ബി.ജെ.പി. യുടെ പരിപാടിയല്ല ഞങ്ങളുടെ പരിപാടി, കോൺഗ്രസിന്റെ പച്മാഡിയിൽ നടന്ന സമ്മേളനത്തിൽ പ്രധാനമായിട്ട് സോഷ്യലിസത്തെക്കുറിച്ചുള്ള നിർവചനം കൊടുത്തിരിക്കുന്നത് Socialism directed to the task of promoting equlity and social justice based on sustained balance and high economic growth through a mixed economy alike to democratic institutions of Government. അതിന്റെ കൂടെത്തന്നെ ഇക്കണോമിക് അഫയേഴ്സ് അവർ റീ അസർട്ട് ചെയ്തിരിക്കുകയാണ്. We reasserted its commitment to socialism and socialistic pattern of society as spelled out at Avady in 1995, and in the subsequent resolution of the party. അപ്പോൾ അതിന്റെ പഴയ പരിപാടികളിൽ നിന്ന് മാറിയിട്ടില്ല. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ചൈനയിൽ എന്താണ് നടക്കുന്നത്. ചൈനയിൽ നടക്കുന്ന കാര്യം മാത്രമേ ഇവിടെ നടപ്പിലാക്കാൻ നോക്കിയിട്ടുള്ളൂ. അമേരിക്കക്കാരുടെ പുറകെ കോൺഗ്രസ് പോയിട്ടില്ല. അത് വളരെ വ്യക്തമാണ്. നിങ്ങളാണ് ഈ കാര്യങ്ങളെല്ലാം യാഥാർത്ഥ്യം മറന്ന് ഇങ്ങനെ വളച്ചൊടിക്കുന്നത്. ശ്രീ. മേനോന്റെ ബഡ്ജറ്റിൽ യാഥാർത്ഥ്യം പറഞ്ഞാൽ ഊന്നൽ കൊടുക്കുന്ന രണ്ടു മേഖലയുണ്ട്, അത് കൃഷിയും വ്യവസായവും ആണ്. കാർഷിക മേഖലയ്ക്കുള്ള അലോട്ട്മെന്റ് റിയൽ ടേംസിൽ കുറഞ്ഞിരിക്കുകയാണ്. വ്യവസായ മേഖലയ്ക്കുള്ള അലോട്ട്മെന്റ് എതാണ്ട് 480 കോടി രൂപയാണെന്ന് ശ്രീ. എൻ. ആർ. ബാലൻ പറഞ്ഞു. ബഡ്ജറ്റിൽ ഒരു ഒറ്റ അലോട്ട്മെന്റ് എങ്കിലും ഉണ്ടോ ? നാന്നൂറ്റി എൺപതു കോടി രൂപ എവിടെ, ബഡ്ജറ്റിൽ ഒരിടത്തും അലോട്ട്മെന്റ് ഇല്ല. ആരാന്റെ കയ്യിലിരിക്കുന്ന പണം, അതുകൊണ്ട് ഇരുപതിനായിരം ചെറുകിട വ്യവസായങ്ങൾ തുടങ്ങുകയാണ്. ശ്രീ. മേനോന്റെ കയ്യിൽ പണമില്ല. ബഡ്ജറ്റിൽ പണമില്ല, അദ്ദേഹം വ്യവസായം തുടങ്ങാൻ പോകുന്നു, അങ്ങനെ ഇരുപതിനായിരം വ്യവസായം തുടങ്ങുമ്പോൾ എൺപത്തിയെണ്ണായിരം പേർക്ക് തൊഴിൽ. ശ്രീ.മേനോന്റെ കയ്യിൽ പണമുണ്ടോ തുടങ്ങാനായിട്ട്, ശുദ്ധ അസംബന്ധം ആണ് പറയുന്നത്. ഇന്നു പൊതുവേ നോക്കുകയാണെങ്കിൽ നാണ്യവിളകളുടെ വിലയിടിവുകൊണ്ട് യഥാർത്ഥത്തിൽ നമ്മൾ നട്ടം തിരിയുകയാണ്. അതിന്റെ ബുദ്ധിമുട്ടു മാറണമെന്നുണ്ടെങ്കിൽ മോഡേൺ ടെക്നോളജി ഉപയോഗിച്ചുള്ള കാർഷിക പരിപാടികൾ പുതിയതായിട്ട് ആവിഷ്ക്കരിക്കണം. അല്ലാതെ വെറുതെ കൃഷി വകുപ്പുമന്ത്രിയെപ്പോലെ വാചകം മാത്രമടിക്കുകയാണെങ്കിൽ യാതൊരു പ്രയോജനവും ഉണ്ടാകില്ല. അതുപോലെ വ്യവസായ മേഖലയിൽ പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഒരു റീ സ്ട്രക്ച്ചറിംഗ് ഉണ്ടായിട്ടില്ലായെങ്കിൽ അത് നിലനിർത്താൻ സാധിക്കുകയില്ല. നഷ്ടത്തിൽ പോകുന്ന സ്ഥാപനങ്ങൾ നഷ്ടത്തിലാണെങ്കിൽ, അത് തൊഴിലാളികൾക്ക് വെറുതെ കൊടുക്കുക, ഗവൺമെന്റിന് അതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ലെങ്കിൽ എന്തുകൊണ്ട് തൊഴിലാളികൾക്ക് കൊടുത്തുകൂടാ. ഞങ്ങൾ അതിന് എതിരല്ല, കാരണം ഗവൺമെന്റിന് സ്ഥിരമായി നഷ്ടം വരുത്തുന്നതിലും നല്ലത് ആ ഷെയറെല്ലാം തൊഴിലാളികൾക്ക് കൊടുത്ത് അവർ തന്നെ നടത്തട്ടെ, നമ്മളെന്തിനാ അതിനകത്ത് ഭാഗമാകുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഇന്നിപ്പോൾ സർക്കാരിനെ സംബന്ധിച്ച് ഏറ്റവും വലിയ പ്രശ്നമെന്നു പറയുന്നത്, സർക്കാർ വലിയ ഒരു കടക്കെണിയിൽപ്പെട്ടിരിക്കുകയാണ്. ഇന്നു ഗവൺമെന്റ് കടമെടുത്തിരിക്കുന്നത് 23,095.45 കോടി രൂപയാണ്, കഴിഞ്ഞ കാലത്തെ കടങ്ങൾ കൊടുത്തു തീർക്കാൻ 20,396.7 കോടി രൂപ വേണം. ബാലൻസ് വരുന്നത് 2,692.22 കോടി രൂപയാണ്. പക്ഷെ ഇതിനകത്ത് ഒരു കാര്യം പെടുത്തിയിട്ടില്ല, ഇതിന കത്ത് പലിശ കൊടുക്കുന്നതിനെ പറ്റിയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതിന്റെ പലിശ കൊടുക്കാൻ വേണ്ടി 1,926.41 കോടി രൂപ വേണം. ഇതെല്ലാം ബഡ്ജറ്റിൽ ഉണ്ട്. അത് ആവർത്തിക്കുന്നില്ല. കടം എടുത്തതിന്റെ ബാലൻസ് എന്നു പറയുന്നത് വെറും 772.81 കോടി രൂപയാണ്. 23,000 കോടി രൂപ കടമെടുക്കു മ്പോൾ ആകപ്പാടെ സർക്കാരിന് ഉപയോഗിക്കാൻ കിട്ടുന്നത് 772 കോടി രൂപയാണ്. ഒരു ബഡ്ജറ്റിനെ സംബന്ധിച്ച് പ്രായോഗികമായിട്ട് ധനകാര്യ മാനേജുമെന്റ് നടത്തുന്നത് ഇങ്ങനെയാണോ മിസ്റ്റർ മേനോൻ. ഒരിക്കലുമല്ല, ഇന്നിപ്പോൾ അഗ്രികൾച്ചർ സെക്ടറിലെ അലോട്ടുമെന്റ് ആണെങ്കിൽ കഴിഞ്ഞ കാലത്തേക്കാൾ വ്യത്യസ്തമായി കുറഞ്ഞു കുറഞ്ഞു വരികയാണ്. ഇപ്രാവശ്യത്തെ പി.ഡബ്ല്യു.ഡി. അലോട്ട്മെന്റ് തന്നെ 375 കോടി രൂപയാണ്. ഓരോ വർക്കിനും ഇരുപത് ശതമാനമെങ്കിലും ബഡ്ജറ്റിൽ പ്രൊവിഷൻ കൊടുത്തില്ലായെങ്കിൽ അതിന് എ.എസ്. കിട്ടുകയില്ല. എത്ര വർക്കിന് നിങ്ങൾ ഇരുപത് ശതമാനമെങ്കിലും പ്രൊവിഷൻ കൊടുത്തു ? വളരെ കുറച്ചു വർക്കിനു മാത്രമേ കൊടുത്തിട്ടുള്ളൂ. അതുകൊണ്ട് ഈ 375 കോടി രൂപ യാഥാർത്ഥ്യം പറയുകയാണെങ്കിൽ നിങ്ങൾ ഇന്ന് കെട്ടിക്കിടക്കുന്ന പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാരുടെ ബാലൻസ് കൊടുത്തു തീർക്കുകയാണ് വേണ്ടത്. ഇത്രയും അധികമായിട്ടുള്ള തുക നമ്മുടെ പുതിയതായിട്ടുള്ള വർക്ക് പിടിക്കുമ്പോൾ വരുന്നത് 120 ശതമാനം, 180 ശതമാനം, ഈ രീതിയിൽ വർക്കുകൾക്ക് കൂടുതൽ തുക ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. ഞാൻ മുൻപ് പറഞ്ഞ ഒരു കാര്യം വളരെ വ്യക്തമാണ്. വ്യവസായവൽക്കരണ കാര്യത്തിൽ നമ്മൾ ഇന്ന് വളരെ പിന്നോക്കം പോയിരിക്കുകയാണ്. ബഡ്ജറ്റിൽ വ്യവസായത്തിന് കാര്യമായ പണമൊന്നുമില്ലെന്നു മാത്രമല്ല, ഞാൻ മുൻപ് പറഞ്ഞതുപോലെ 480 കോടി രൂപ എന്ന് പറയുന്നത് വല്ലവരുടെയും കൈയിൽ ഇരിക്കുന്ന പണമാണ്. അതുപോലെ തന്നെ കഴിഞ്ഞ കൊല്ലം നിങ്ങൾ ഇൻഫർമേഷൻ ടെക്നോളജിക്ക് 300 കോടി രൂപ മാറ്റി വയ്ക്കുമെന്നാണ് പറഞ്ഞത്. അങ്ങനെ 20,000 പേർക്കെങ്കിലും തൊഴിൽ ഉണ്ടാകുമെന്നാണ്. എന്താണ് സംഭവിച്ചത്. അതുകഴിഞ്ഞ് ഒരു ഉത്തരവിറക്കി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 3 ശതമാനം തുക ഇതിന് വേണ്ടി ഉപയോഗിക്കുമെന്ന്. പക്ഷേ ഗൈഡ് ലൈൻസ് ഒന്നും കൊടുത്തില്ല. ഗൈഡ് ലൈൻസ് കൊടുക്കാത്തതു കൊണ്ട് സംഭവിച്ചത് എന്താണ് ? എന്ത് ചെയ്യണമെന്ന് അറിയാതെ വിഷമിക്കുകയാണ്, നിങ്ങളുടെ ഇൻഫർമേഷൻ ടെക്നോളജി എങ്ങോട്ട് പോയിയെന്ന് അന്വേഷിക്കണം. പിന്നീട് നിങ്ങൾ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിക്കാനുള്ള അനുവാദം കൊടുക്കും എന്നു പറഞ്ഞു. അങ്ങനെ സമ്മതിച്ച 699 പഞ്ചായത്തുകൾക്ക് ഓരോ ലക്ഷം രൂപ, അങ്ങനെ 699 ലക്ഷം രൂപ, കേന്ദ്രം സംസ്ഥാനത്തിന് നൽകിയത് മുഴുവൻ വെള്ളയമ്പലം ട്രഷറിയിൽ പെന്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ആയി കിടക്കുകയാണ്. എത്ര ലജ്ജാകരമായ കാര്യമാണ്. നിങ്ങൾക്ക് കൂടി താല്പര്യമുള്ള ഒന്നുരണ്ടു കാര്യങ്ങൾ കൂടിയേ പറയുന്നുള്ളൂ. ഇതാണ് ഇൻഫർമേഷൻ ടെക്നോളജിയിൽ ശ്രീ. മേനോന്റെ പുരോഗതി എന്ന് പറയുന്നത്. അതുപോലെതന്നെ 5 ഹെക്ടർ വരെയുള്ള കൃഷിക്കാരെ ഇപ്പോൾ ആദായ നികുതിയിൽ നിന്നും എക്സംപ്റ്റ് ചെയ്തിരിക്കുകയാണെന്നാണ് പറയുന്നത്. 5 ഹെക്ടർ വരുന്ന കൃഷിക്കാർക്കെവിടെ ആദായ നികുതി? യഥാർത്ഥം പറയുകയാണെങ്കിൽ ഒരു 10 ഹെക്ടർ എങ്കിലും ആയി ഉയർത്തി എക്സംപ്ട് ചെയ്തില്ലെങ്കിൽ ആർക്കെങ്കിലും പ്രയോജനം ഉണ്ടോ? കോപൗണ്ട് ചെയ്തു കുറേപ്പേരെ പിടിക്കാമെന്നല്ലാതെ 10 ഹെക്ടർ അല്ല, 20 ഹെക്ടർ അല്ല, 50 ഹെക്ടർ ഉണ്ടെങ്കിലും വല്ല പ്രയോജനമുണ്ടോ? നമ്മൾ എല്ലാം കൃഷിക്കാരല്ലേ, ചെയറിന് അറിയാമല്ലോ യാതൊരു പ്രയോജനവുമില്ല. ശ്രീ. ശിവദാസമേനോൻ, 10 ഹെക്ടർ എങ്കിലും ആക്കി എക്സംപ്ട് ചെയ്ത് കൊടുത്തെങ്കിൽ മാത്രമേ പ്രയോജന മുള്ളൂ. സർക്കാർ കണക്കിൽ അതിന് മുകളിലുള്ളവർക്ക് നികുതി ആയിക്കോട്ടെ. മുകളിലുള്ളവർക്ക് നികുതി ആകുമ്പോൾ ഒരു കാര്യം കൂടി വേണം. ഇന്ന് വ്യവസായ രംഗത്തുള്ള ആളുകൾക്ക് അങ്ങേയറ്റത്തെ നികുതി 35 ശതമാനം മാത്രമേയുള്ളൂ. പ്ലാന്റേഷൻ മേഖലയിലുള്ള വലിയ വ്യവസായികൾ, അവർ കൂടുതൽ ഇൻവെസ്റ്റ്മെന്റ് ആ മേഖലയിൽ നടത്തണമെന്നുണ്ടെങ്കിൽ നികുതി കുറച്ച് കൊടുക്കണം. നിങ്ങൾ 50, 60 ശതമാനം നികുതി ഈടാക്കാൻ പോവുകയാണെങ്കിൽ യാതൊരു കാരണവശാലും അവർ പുതിയതായിട്ട് പണം ആ മേഖലയിലേക്ക് ഇറക്കുകയില്ല. അതുകൊണ്ട് ഒരു റിയലിസ്റ്റിക്ക് അപ്രോച്ച് വ്യവസായത്തിനുള്ളതുപോലെ തന്നെ, മറ്റു മേഖലയിലും അഗ്രിക്കൾച്ചറിനും ഉണ്ടായിരിക്കണം. 10 ഹെക്ടർ വരെയുള്ള ആൾക്കാരെ ഇതിൽ നിന്നും ഒഴിവാക്കണം, അത് വളരെ കർക്കശമായിട്ട് വന്നെങ്കിൽ മാത്രമേ അഗ്രിക്കൾച്ചർ രംഗത്ത് എന്തെങ്കിലും പുരോഗതി ഉണ്ടാവുകയുള്ളൂ. അതുപോലെ തന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യം ചെക്കുപോസ്റ്റുകൾ കുറേക്കൂടി ശക്തിപ്പെടുത്തുകവഴി 50 കോടി രൂപയാണ് കിട്ടാൻ പോകുന്നത് എന്നാണ് നിങ്ങൾ പറഞ്ഞത്. സെയിൽസ് ടാക്സ് ഇനത്തിൽ മി. മേനോൻ ഒരു കാര്യം വളരെ വ്യക്തമായിട്ട് കേൾക്കണം; ഇടുക്കി ജില്ലയിലെ സെയിൽസ് ടാക്സ് മുഴുവനും തമിഴ്നാട്ടിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. തമിഴ്നാട്ടിന് അതുകൊണ്ട് യാതൊരു പ്രയോജനവും കിട്ടുന്നില്ല. കാരണം ഫസ്റ്റ് പോയിന്റിലല്ല തമിഴ്നാട്ടിലെ ടാക്സ് വരുന്നത്. തമിഴ്നാട്ടിലെ സെയിൽസ് ടാക്സ് വരുന്നത് ലാസ്റ്റ് പോയിന്റിലാണ്. ആ ലാസ്റ്റ് പോയിന്റിൽ തമിഴ്നാട്ടിൽ സെയിൽസ് ടാക്സ് വരുകയാണെങ്കിൽ അവിടെ ടാക്സേ കൊടുക്കണ്ട. വളരെ വ്യക്തമായ കാര്യമാണ്, ഇവിടെ ഒഫിഷ്യൽ ഗ്യാലറിയിൽ ആഫീസേഴ്സ് ഇരിപ്പുണ്ട്. അവർ ഒരു കാര്യം മനസ്സിലാക്കണം. ഇടുക്കി ജില്ലയിൽ പോകുന്ന, പ്രത്യേകിച്ച് കുമിളി ഭാഗത്തുള്ള ഡിവൈ.എസ്.പി.ക്ക് ഒരു മാസം കിട്ടുന്ന കോഴ 50,000 രൂപയാണ്. ഞങ്ങൾ വളരെ കൃത്യമായിട്ട് മന്ത്രിക്ക് എഴുതിക്കൊടുത്തിട്ടുണ്ട്. ഇവിടെ ഇരിക്കുന്നവർക്കെല്ലാം അറിയാം, അത് ഒരാളുടെ കാര്യം മാത്രമാണ്. എല്ലാ മേഖലയിലും കൊടുക്കുന്നുണ്ട്. സെയിൽസ് ടാക്സ് ആഫീസർമാരല്ല കൂടുതൽ ഈ കുറ്റം കാണിക്കുന്നത്. അവിടെ കൂടുതലും പോലീസുകാരാണ് കള്ളക്കടത്ത്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിക്കൊടുക്കുന്നത്. ബോർഡറിൽ ചാടാൻ വലിയ പ്രയാസമൊന്നുമില്ല. ഒന്നുകിൽ തമിഴ്നാട് ഫസ്റ്റ് പോയിന്റിലേക്ക് ടാക്സ് കൊണ്ടുവരണം, അല്ലാതെ യാതൊരു രക്ഷയുമില്ല. അത് നിങ്ങൾക്ക് ഈസിയായിട്ട് ചെയ്യാം. 24-ാം തീയതി ബഡ്ജറ്റ് ആണ്, അതിന് മുൻപ് എന്തെങ്കിലും സമ്മർദ്ദം ചെലുത്തണം. ഇങ്ങനെയായാൽ തമിഴ്നാട്ടിലും കിട്ടുന്നില്ല, കേരളത്തിലും കിട്ടുന്നില്ല. ഈ ഗതി കേടാണ് ഇന്ന് കേരളത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ പത്രങ്ങളിൽ ഒരു വാർത്ത വന്നു. MPs funds- The Centre was considering increasing the present allocation of funds to MPs from Rs.2 crore to 3 crore, Union Minister of State for Finance Shri. Dhananjaya Kumar said here on Monday. ഇപ്പോൾ നമ്മുടെ എം.എൽ.എ. മാരെ സംബന്ധിച്ച് 141 എം.എൽ.എ. മാരും സമ്മതിക്കുന്ന ഒരു കാര്യമാണ്. ത്രിതല പഞ്ചായത്ത് സംവിധാനം വന്നതുകൊണ്ട് നമ്മുടെ നിയോജകമണ്ഡലത്തിലെ ഡെവലപ്മെന്റിന്റെ കാര്യത്തിൽ എന്തെങ്കിലും ചെയ്യണ്ടേ ? ധനകാര്യ വകുപ്പു മന്ത്രി ഒരു കാര്യം ശ്രദ്ധിക്കണം. അങ്ങ് ഒരു കാര്യം ചെയ്യണം, അങ്ങേക്ക് ഇത്ര വലിയ വിശാലമായ ഒരു മേഖല ഉണ്ടല്ലോ. ഒരു 141 കോടി രൂപ ഈ പാവപ്പെട്ട 141 എം.എൽ.എ. മാർക്കും തന്നാൽ അങ്ങേയ്ക്ക് എന്തെങ്കിലും കുഴപ്പമുണ്ടോ ? പണ്ട് അങ്ങയുടെ പാർട്ടി ഒരു സ്റ്റാന്റ് എടുത്തിരുന്നു, എം.എൽ.എ. മാരെയെല്ലാം നോക്കുകുത്തികളാക്കണം, നിങ്ങളുടെ ചൊൽപ്പടിക്ക് നിൽക്കുന്നവരാക്കണമെന്ന്. അതിന് ചെറിയ ഒരു മാറ്റം വരുത്തി, ഞങ്ങളും കൂടെ രക്ഷപ്പെടട്ടെ. നമ്മുടെ നിയോജക മണ്ഡലത്തിന്റെ വികസനത്തിനുവേണ്ടി, എന്തെങ്കിലും ചെറിയ കാര്യം ചെയ്യാൻ അഞ്ച് പൈസ നമ്മുടെ കയ്യിൽ ഉണ്ടോ ? ഇന്ന് ഇല്ലാത്ത ഒരു അവസ്ഥയാണ്. വളരെ കാര്യക്ഷമമായിട്ടുള്ള കാര്യങ്ങൾ ചെയ്ത് തീർക്കാനുണ്ട്. അത് ശ്രീ. ശിവദാസ മേനോൻ ചെയ്ത് തീർക്കുമെന്ന പ്രത്യാശയോടു കൂടി ഞാൻ ഒരിക്കൽ കൂടി ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, ഞാൻ ഈ ബഡ്ജറ്റിനെ ആത്മാർത്ഥമായിട്ട് പിന്തുണയ്ക്കുന്നു. റവന്യൂ ചെലവ് നിയന്ത്രിച്ച് റവന്യൂ വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കി റവന്യൂ കമ്മി നിയന്ത്രിക്കുന്നതിനുള്ള നടപടി ശക്തമാക്കുന്നതിനും പ്രതികൂലമായ സാമ്പത്തിക സാഹചര്യത്തിലും സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും വികസനം ഉറപ്പാക്കാനും ഉതകുന്ന ജനക്ഷേമ ബഡ്ജറ്റാണ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തന്നെ ഒരു പ്രസിദ്ധീകരണത്തിൽ കേരളം സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ അഞ്ചാം സ്ഥാനത്ത് നിൽക്കുന്നു എന്ന് ആധികരികമായിട്ട് രേഖപ്പെടുത്തിയിരിക്കുകയാണ്. ഏറ്റവും ഉയർന്ന ആഭ്യന്തര ഉൽപാദനം, ഉയർന്ന ആഭ്യന്തര വളർച്ചാ നിരക്ക്, പ്രതിശീർഷ വരുമാനത്തിലുള്ള വർദ്ധനവ്, ഉൽപാദന മേഖലയിൽ 7 ശതമാനം കണ്ടുള്ള വർദ്ധനവ് അതൊക്കെ ഉറപ്പാക്കുവാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് ഒരു വലിയ നേട്ടം തന്നെയാണ്. ഇത് പറയുന്ന അവസരത്തിൽ മറ്റു പല സംസ്ഥാനങ്ങളിലും മാസ ശമ്പളം കൊടുക്കുന്നതിനുപോലും വിഷമിക്കുന്ന സാഹചര്യം നിലനിൽക്കുമ്പോൾ ഈ കേരളത്തിനെക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികമായിട്ട് മുന്നോക്കം നിൽക്കുന്ന പല സംസ്ഥാനങ്ങളിലും ശമ്പള പരിഷ്ക്കരണം കൈകൊണ്ട് തൊടാതെ മാറ്റി വച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ സംസ്ഥാനം ശമ്പള പരിഷ്ക്കരണത്തിന് മാത്രമായിട്ട് 1996-97-ൽ ചെലവഴിച്ചിരുന്നതിനേക്കാൾ, 367 കോടി രൂപ പ്രതിമാസം ചെലവഴിക്കുന്നു എന്നുള്ളത് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക ആരോഗ്യം ഒന്ന് തന്നെയാണ്. ഇവിടെ പല മെമ്പർമാരും ഈ ബഡ്ജറ്റിൽ പ്രധാനമായിട്ട് ഗവൺമെന്റ് നടത്തുവാൻ ഉദ്ദേശിക്കുന്ന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് അക്കമിട്ട് നിരത്തി എന്നുള്ളതുകൊണ്ട് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അംഗൻവാടി വർക്കർമാരുടെയും, ഹെൽപർമാരുടെയും പ്രതിമാസ ശമ്പളത്തിൽ 100 രൂപ കണ്ട് വർദ്ധിപ്പിച്ചതിന്റെ ഫലമായി ഒരു വലിയ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുവാൻ തയ്യാറായിരിക്കുന്നു. അതുപോലെ തന്നെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കേരളത്തിൽ ഒരു വലിയ കുതിച്ചുചാട്ടം നടത്തുവാൻ കഴിയുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അതുപോലെ തന്നെ കുടുംബശ്രീ പദ്ധതി വഴി നമ്മുടെ സംസ്ഥാനത്ത് സാധാരണക്കാരായ സ്ത്രീകളുടെ സ്വാശ്രയത്വം വർദ്ധിപ്പിക്കാൻ വേണ്ടി പത്തു കോടി രൂപ മാറ്റിവയ്ക്കാൻ ഈ ഗവൺമെന്റിനു സാധിച്ചിരിക്കുന്നു. മറ്റാരും ചിന്തിക്കാത്ത തരത്തിൽ സാംസ്ക്കാരിക മേഖലയിൽ പെൻഷൻ പദ്ധതി നടപ്പാക്കിയിരിക്കുന്നു. സാംസ്ക്കാരിക സ്ഥാപനങ്ങൾ മഹാകവി കുമാരനാശാന്റെ പേരിലായാലും എഴുത്തച്ഛന്റെ പേരിലായാലും കേരളകലാമണ്ഡലമായാലും അതിനെയൊക്കെ കാണുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വലിയ സാമ്പത്തിക ബാദ്ധ്യതയുടെ നടുവിലും ഈ സർക്കാർ ശ്രമിക്കുന്നുവെന്നുള്ളത് നിസ്സാര കാര്യമല്ല. അതുപോലെ നിരാലംബരായ രോഗികൾക്കും വിധവകൾക്കും അർഹമായ പരിഗണന നൽകിയിട്ടുണ്ട്. മദ്രസ അദ്ധ്യാപകർക്ക് മുൻപ് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഇതിനു മുമ്പ് ഒരു ഗവൺമെന്റും പരിഗണിച്ചിരുന്നില്ല. ആ 20 ലക്ഷം രൂപ 50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. ഏതു മതം ഏതു ജാതി എന്നു നോക്കാതെ നിരാലംബരായ വിധവകൾക്ക് ഒരു ജോലിക്കാരിയുടെ പരിഗണനപോലും ലഭിക്കാത്ത ആ ജന വിഭാഗത്തെ ഒന്നു കാണാൻ അവരെ ഒന്നു പരിഗണിക്കാൻ നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു ഗവൺമെന്റ് മുന്നോട്ടു വന്നിരിക്കുന്നു. അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണെന്നുള്ളതിൽ എങ്ങനെ അഭിമാനിക്കാതിരിക്കും. പറവകൾക്ക് ആകാശവും പാമ്പുകൾക്ക് മാളവുമുള്ള അവസരത്തിൽ തല ചായ്ക്കാൻ ഇടമില്ലാത്ത മനുഷ്യപുത്രന് വീടില്ലാത്തവന് മൈത്രി ഭവന നിർമ്മാണ പദ്ധതി വഴി മുപ്പതുകോടി രൂപ ഈ ഗവൺമെന്റ് ഈ പ്രതികൂല സാഹചര്യത്തിലും വകയിരുത്തിയിരിക്കുന്നു. വളരെ ഭാവനാ സമ്പന്നമായ രീതിയിൽ ഭവന രഹിതർക്ക് പാർപ്പിടം നിർമ്മിക്കുന്നതിന് ബംബർ ലോട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിന് ഇതുവരെ ഏതെങ്കിലും ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ നിങ്ങളുടെ ചിന്തയിൽ അത് വന്നിട്ടുണ്ടോ ? ഏതു സംവിധാനമാകട്ടെ ആർക്കുവേണ്ടി ആർക്കു മുൻഗണന കൊടുക്കുന്നു. നിങ്ങൾ ഈ നാട്ടിലെ 80 ശതമാനം വരുന്ന ജനങ്ങളെക്കണ്ടില്ലെന്നു നടിക്കുന്നവരാണ്. പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് ഇഷ്ടപ്പെടില്ല. ഉത്തരം മുട്ടുന്ന അവസരത്തിൽ കൊഞ്ഞനം കുത്തും. എന്നാൽ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആളുകൾക്ക് സഹായമെത്തിക്കുന്നതിനുവേണ്ടി - (തടസ്സം) ഡെപ്യൂട്ടി സ്പീക്കറും ഞാനുമൊക്കെ ഒരേ പാർട്ടിയിലെ ഒരേ കമ്മിറ്റിയിലെ ആളുകളാണ്. ഞങ്ങൾക്ക് അങ്ങോട്ടും ഇങ്ങോട്ടും പറയേണ്ട കാര്യമില്ല. പരസ്പരം അറിയുന്ന കാര്യമാണ് പറയുന്നത്. അതുകൊണ്ട് പറഞ്ഞു കേൾക്കുമ്പോൾ എന്താണ് ഇത്ര അസഹിഷ്ണത. നിങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞില്ലെന്നുള്ളതോ പോകട്ടെ അതിനെക്കുറിച്ച് പറയുന്ന അവസരത്തിൽ അതു കേട്ടിരിക്കാനുള്ള സാമാന്യ മര്യാദയെങ്കിലും കാണിക്കേണ്ട ബഹുമാനപ്പെട്ട മെമ്പർമാരേ ? ശ്രീ.ജോണി നെല്ലൂർ ഞങ്ങളോടുള്ള എതിർപ്പു കാരണം ബഡ്ജറ്റ് നോക്കിക്കാണില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത്, പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി എത്ര കോടി രൂപയാണ് മാറ്റി വച്ചിരിക്കുന്നത് ? അവരുടെ പാർപ്പിട പദ്ധതിക്കായി 33.17 കോടി രൂപ മാറ്റി വച്ചിരിക്കുന്നു. അവർക്ക് ഭൂമി വാങ്ങാനും വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും അവരുടെ കാർഷിക വൃദ്ധിയിലൂടെ ഉപജീവനം നേടുന്നതിന് ഒക്കെയാണ് തുക മാറ്റി വച്ചിരിക്കുന്നത്. അസൂയാവഹമായ രീതിയിലാണ് അവരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ രംഗത്തുള്ള നേട്ടങ്ങൾ ഈ ജനവിഭാഗങ്ങളിൽ എത്തുന്നതിനുവേണ്ടി ഇതിന് മുൻപ് ഏതെങ്കിലും ഗവൺമെന്റ് ഇതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ? ചിന്തിച്ചിട്ടുണ്ടോ ? മുൻ ഗവൺമെന്റുകളുടെ ചിന്തയ്ക്കുപോലും വിധേയമാകാത്ത കാര്യങ്ങളാണ് ഈ ഗവൺമെന്റ് ചെയ്തു കൊണ്ടിരിക്കുന്നത്. എങ്ങനെയുള്ള സാഹചര്യത്തിലാണ് ഇതു ചെയ്യുന്നത് എന്നുള്ളത് പ്രത്യേക പ്രാധാന്യവും പരാമർശവും അർഹിക്കുന്നതാണ്. വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടു അനുഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്. 3,250 കോടി രൂപയുടെ വാർഷിക പദ്ധതി അടങ്കൽ -കേന്ദ്ര ആസൂത്രണ കമ്മീഷൻ ഈ സംസ്ഥാനവുമായി സംസാരിച്ച് ധാരണയായതാണ്. എന്നാൽ അതിക്രൂരമായിട്ടുള്ള രീതിയിൽ കേന്ദ്ര ഗവൺമെന്റ് ഈ സംസ്ഥാനത്തെ വഞ്ചിച്ചിരിക്കുകയാണ്. 2,117 കോടി രൂപയുടെ വിഹിതം 1,586 കോടിയായി വെട്ടിക്കുറച്ചു. 531 കോടി രൂപയുടെ കുറവ്. ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർ ഇതിനെതിരായി എന്തു ചെയ്തു എങ്ങനെ പ്രതികരിക്കുന്നു എന്നറിയാൻ താല്പര്യമുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : ഗിരിവർഗ്ഗക്കാർക്കും പട്ടികജാതിക്കാർക്കും ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്നു പറഞ്ഞു. അവർക്ക് ഭൂമി കൊടുക്കുന്നു വീടു വയ്ക്കുന്നു വേണ്ടതെല്ലാം ചെയ്യുന്നു എന്നുംപറഞ്ഞു. നിങ്ങളുടെ കാർഷിക പരിഷ്ക്കരണ നിയമപ്രകാരം മിച്ചഭൂമി കിട്ടും. തോട്ടം ഉടമകളുടെയും ജൻമികളുടെയും വലിയ കാർഷിക പ്രമാണിമാരുടെയും കൈവശമുണ്ടായിരുന്ന മിച്ചമുള്ള ഭൂമി അവർ വിറ്റുപോയാൽ അതു തിരികെ എടുക്കണ്ട എന്നുപറഞ്ഞു കൊണ്ട് നിയമം പാസ്സാക്കിയത് അറിയാമോ ? കർഷകത്തൊഴിലാളികൾക്ക് ഹരിജനങ്ങൾക്ക് 25 ശതമാനം ഭൂമി കൂടുതൽ കൊടുക്കാനാണ് തീരുമാനിച്ചിരുന്നത്. നിയമത്തിൽ അതാണ് വച്ചിരുന്നത്. അതുപോലും അവരിൽ നിന്നും തട്ടിപ്പറിച്ചു. നിങ്ങൾ പിന്നെ എന്തു ചെയ്തുവെന്നാണ് പറയുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ആർ ലതാദേവി: ശ്രീമതി ഗൗരി അമ്മ എങ്ങാനും അതിന് ഉദ്ദേശിച്ചിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് അർഹമായിട്ടുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് തയ്യാറായിട്ടുള്ള ഗവൺമെന്റാണ്, സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ള ഗവൺമെന്റാണ്. മറ്റേതു ഗവൺമെന്റിനേക്കാളും അതിനു ഊന്നൽ കൊടുത്തിട്ടുള്ള ഗവൺമെന്റാണ്. ഇപ്പോഴും ഊന്നൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇതു പറയുന്ന അവസരത്തിൽ എനിക്ക് വളരെ ദു:ഖമുണ്ട്. അവിടെയിരുന്നു ഈ പത്രമൊക്കെ വായിക്കുന്ന കോൺഗ്രസിന്റെ നേതാക്കന്മാർ, അവർ എന്താണു ചെയ്തു കൊണ്ടിരിക്കുന്നത്. പാർലമെന്റിലൊക്കെ അവർക്കു കിട്ടിയ അവസരങ്ങൾ അവർ എന്തിനു വേണ്ടിയാണ് വിനിയോഗിക്കുന്നത്. ഞാൻ നേരത്തെ ചോദിച്ച ചോദ്യത്തിന് ആരും ഒരക്ഷരം പ്രതികരിക്കുന്നില്ല. ചോദിച്ചത് എന്താണ് ? ഈ സംസ്ഥാനം സാമ്പത്തികമായ ബുദ്ധിമുട്ടിലേക്ക് പോകുകയാണ്. ഇൻഡ്യയിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ റേഷൻ പച്ചരി മുടക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ കോൺഗ്രസ് അതിന് എതിരായി എന്തു ചെയ്തു. ബി.ജെ.പി. ഗവൺമെന്റിനു എതിരായി എന്തെങ്കിലും ചെയ്യാൻ അവർക്ക് കഴിഞ്ഞോ ? ഇവിടെ പട്ടകജാതി-പട്ടികവർഗ്ഗക്കാരുടെ കാര്യം പറഞ്ഞു. പൊതുമേഖലാസ്ഥാപനങ്ങളെക്കുറിച്ചു പറഞ്ഞാൽ, കോൺഗ്രസുകാർ ജവഹർലാൽ നെഹ്റുവിനെ, മഹാത്മാഗാന്ധിയെ, ഇന്ദിരാഗാന്ധിയെ ഒക്കെ മറക്കുന്നു. അവരുടെ പടം ഇലക്ഷന് ഉപയോഗിക്കുന്നതിനുവേണ്ടി പാർട്ടി ആഫീസിൽ വച്ചിരിക്കുന്നു എന്നുള്ളതിൽ കവിഞ്ഞ് ആ നേതാക്കൾക്ക് ഇപ്പോൾ യാതൊരു വിലയും ഇല്ല എന്നുള്ള സ്ഥിതിയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം പ്രൈവറ്റൈസേഷൻ, ബാങ്കുകൾ പ്രൈവറ്റൈസ് ചെയ്തു, നമ്മുടെ റെയിൽവേ സ്വകാര്യവൽക്കരിക്കുന്നു, വിമാനത്താവളങ്ങൾ വിറ്റുകൊണ്ടിരിക്കുന്നു, ഇൻഷ്വറൻസ് മേഖല സ്വകാര്യവൽക്കരിച്ചിരിക്കുന്നു. ഔഷധങ്ങളുടെ വില വർദ്ധിക്കുന്ന തരത്തിൽ പാറ്റന്റ് ബിൽ പാസ്സാക്കി. അങ്ങേയ്ക്കുകൂടി അറിയാവുന്ന ഒരു കാര്യമാണ് ഇതിന് ബി.ജെ.പി. ക്ക് കരുത്തു പകർന്നുകൊടുത്തത് ആരാണ് ? ആരാണ് ഇതിന് പിൻതുണ കൊടുത്തത് ? ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയൊക്കെയുള്ള സാമ്പത്തിക നയത്തിനു ആരാണ് പിൻതുണ നൽകിയത്. എനിക്ക് വളരെ കഷ്ടം തോന്നുകയാണ്. എനിക്കു തൊട്ടുമുൻപായി പ്രസംഗിച്ച കോൺഗ്രസിന്റെ മെമ്പർക്ക് ഒന്നു തള്ളിപ്പറയാമായിരുന്നില്ലേ. ഇതിന്റെ ഫലമെന്താണ്. നമ്മുടെ ബഹുമാനപ്പെട്ട മെമ്പർ കുട്ടപ്പൻ നെടുമ്പാശ്ശേരിയിൽ കുത്തിയിരുന്നു. എന്തിനു വേണ്ടിയായിരുന്നു കോൺഗ്രസിന്റെ മെമ്പർ അവിടെ കുത്തിയിരിക്കാൻ പോയത് ? സംവരണം ഉറപ്പാക്കുന്നതിനുവേണ്ടി. ഈ സ്ഥാപനങ്ങളായിട്ടുള്ള സ്ഥാപനങ്ങളെല്ലാം പൊതുമേഖലയിലുള്ളത് അടച്ചു പൂട്ടി സ്വകാര്യ മുതലാളിമാർക്ക് തീറെഴുതി കൊടുക്കുന്നതിനുവേണ്ടിയുള്ള നയങ്ങളും പരിപാടികളും, കോൺഗ്രസും, യു.ഡി.എഫ്. ഉം അംഗീകരിക്കുന്ന അവസരത്തിൽ ഇനി നാളെ ഏതെങ്കിലും സ്ഥാപനത്തിന് മുന്നിൽ കുത്തിയിരിക്കുന്നതിനുള്ള അവകാശമെങ്കിലും ശ്രീ. കുട്ടപ്പന്മാർക്ക് കിട്ടുമോ ? അവിടെ സംവരണം ഉണ്ടാകുമോ ? സ്വകാര്യ മേഖലയിൽ ഈ ബാങ്കുകളെയെല്ലാം കൈമാറുന്ന

അവസരത്തിൽ സംവരണം ഉണ്ടാകുമോ ? ആത്മാർത്ഥമായിട്ടല്ല അവർ ഇത്തരം സമരങ്ങളൊക്കെ ചെയ്യുന്നത്. ചെയ്യുമായിരുന്നു എന്നുണ്ടെങ്കിൽ സെന്റ് തെരേസസ് കോളേജിൽ പാവപ്പെട്ട പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഹീനമായി കണ്ടുകൊണ്ടുള്ള പെരുമാറ്റം ഉണ്ടായ അവസരത്തിൽ എറണാകുളത്തു നിന്നുള്ള കോൺഗ്രസിന്റെ മെമ്പർ എന്തേ ആ കോളേജിന്റെ മുന്നിൽ കുത്തിയിരിക്കാൻ പോകാതിരുന്നത്. പോയില്ലല്ലോ ? നമ്മുടെ രാജ്യത്തെ സാമ്പത്തിക മേഖലയൊക്കെ കുട്ടിച്ചോറാക്കുന്ന ഈ സാമ്പത്തിക നയം.... ആരും വയലന്റായിട്ട് കാര്യമില്ല. ഇപ്പോൾ ശ്രീ. വയലാർ രവി കോൺഗ്രസിനകത്ത് ഗ്രൂപ്പും ആളുമില്ലാതെ ഒറ്റപ്പെട്ടിരിക്കുകയാണ്. ശ്രീമാൻ വയലാർ രവിയെ പിൻതാങ്ങിക്കൊണ്ട് അസംബ്ലിയിൽ സംസാരിക്കുമായിരുന്നു. ശ്രീ. വയലാർ രവി എന്താണു പറഞ്ഞിരിക്കുന്നത് സാമ്പത്തിക നയം മാറ്റാതെ കോൺഗ്രസ് രക്ഷപ്പെടില്ല. കോൺഗ്രസിന്റെ പരാജയത്തിന് പ്രധാന കാരണം സാമ്പത്തിക നയമാണ്. ജവഹർലാൽനെഹ്റുവിന്റെ പാത ഉപേക്ഷിച്ചുകൊണ്ട് ശ്രീ. ക്ലിന്റനെ വരവേൽക്കുന്ന ജിതേന്ദ്രപ്രസാദരുടെ പ്രസ്ഥാനമായിട്ട് അതിന് ജയ് ജയ് പാടുന്ന ആളുകളുടെ പ്രസ്ഥാനമായിട്ട് ഈ പ്രസ്ഥാനം മാറിയിരിക്കുന്നത് ദു:ഖകരമാണ്. ഞാൻ ഈ പറഞ്ഞതിന്റെ പ്രധാനപ്പെട്ട കാരണം കോൺഗ്രസ് കുറച്ചുകൂടി ഉത്തരവാദിത്ത ബോധത്തോടുകൂടി പെരുമാറേണ്ടത് നമ്മുടെ രാജ്യത്തിന്റെ ഒരു ആവശ്യമായിട്ടു മാറിയിരിക്കുകയാണ്. അതുകൊണ്ടാണ് ഇവർ ഇത്തരത്തിലുള്ള രാജ്യദ്രോഹികളോടൊപ്പം നിൽക്കുന്നുവെങ്കിൽ പോലും വർഗീയതയെ ചെറുക്കുന്നതിനും ഫാസിസത്തെ അകറ്റി നിർത്തുന്നതിനും വേണ്ടിയാണ് ചില സംസ്ഥാനങ്ങളിലെങ്കിലും ഞങ്ങൾ ഈ മാറിയ രാഷ്ട്രീയ സാഹചര്യങ്ങളിൽ നിങ്ങൾക്കു പിന്തുണ തരുന്നത്. നിങ്ങൾ റാബ്റിദേവിയുടെ മൈനർ പാർട്ട്ണറായിട്ട് ഇപ്പോൾ ബീഹാറിൽ ഭരിക്കുകയല്ലേ. സി.പി.എം. അവിടെ നിങ്ങൾക്കു പിന്തുണ തരുന്നില്ലേ. പോണ്ടിച്ചേരിയിൽ സി.പി.ഐ. ക്കാർ നിങ്ങൾക്കു പിന്തുണ തരുന്നില്ലേ. അപ്പോൾ ഇതൊക്കെ കണ്ടുകൊണ്ട് ഞാൻ ഇത് പറയുന്നതിന് മറ്റൊരു കാരണം കൂടിയുണ്ട്. നിങ്ങളുടെ വിചാരം നിങ്ങളിൽ ചില ആളുകളെയൊക്കെയങ്ങ് ക്ഷണിക്കുന്നു. ചില ആളുകൾക്കുവേണ്ടി വർത്തമാനം പറയുന്നു. നിങ്ങൾ അറിഞ്ഞിരിക്കേണ്ട ഒരു കാര്യം കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി സി.പി.ഐ. യുടെ രക്തവും വിയർപ്പും കൊടുത്ത് ഞങ്ങൾ ഉണ്ടാക്കിയതാണ്. ആ മുന്നണിയെ തകർക്കാം എന്നുള്ള വ്യാമോഹം നിങ്ങൾക്കുണ്ട് എന്നുണ്ടെങ്കിൽ ആ മുന്നണിയുടെ ജനക്ഷേമകരമായിട്ടുള്ള തേജസുറ്റ മുഖത്തിന് കളങ്കം ചാർത്തുന്ന തരത്തിൽ ഏതെങ്കിലും തരത്തിലുള്ള വർത്തമാനം ഇവിടെ ഉണ്ടാക്കാം എന്നുള്ള വ്യാമോഹം നിങ്ങൾക്ക് ഉണ്ടെന്നുണ്ടെങ്കിൽ അതങ്ങു മനസ്സിലിരിക്കട്ടെ എന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. സി.പി.ഐ. ക്കുവേണ്ടി അഭിപ്രായം പറയുവാനും സി.പി.ഐ.യുടെ 18 മെമ്പർമാർ, ഞാൻ അഭിമാനപൂർവ്വം പറയുന്നു ഈ നിയമസഭയിലുണ്ട്. ഞങ്ങൾ അഭിപ്രായം പറഞ്ഞുകൊള്ളാം. ഈ ബഡ്ജറ്റിൽ വളരെ ജനക്ഷേമകരമായിട്ടുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു. സമയക്കുറവുമൂലം വിശദീകരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽപോലും

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് ഭക്ഷ്യ സബ്സിഡിക്കുവേണ്ടിയുള്ള തുക വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കർഷകർക്കുവേണ്ടിയുള്ള ആശ്വാസ നടപടികൾക്കും കുറച്ചുകൂടി തുക ഉണ്ടാകണം. കർഷക പെൻഷൻ നടപ്പാക്കുന്നതിനുവേണ്ടി തുക വകയിരുത്തുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. മഹിളാപ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഈ ബഡ്ജറ്റിൽ ഒന്നും വകയിരുത്തിയതായിട്ട് കാണുന്നില്ല. അതിനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ വീണ്ടും വീണ്ടും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ജനകീയ ബഡ്ജറ്റ് എന്ന ഓമനപ്പേരിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച മില്ലെനിയം ബഡ്ജറ്റ് വെറും സ്റ്റാറ്റസ്കോ ബഡ്ജറ്റാണ്. സമ്പദ്ഘടനയുടെ വളർച്ചയ്ക്കോ വ്യാവസായിക വികസനത്തിനോ ഈ ബഡ്ജറ്റ് ഊന്നൽ നൽകുന്നില്ല. ബഡ്ജറ്റിനു മുമ്പ് ആസൂത്രണ ബോർഡ് പുറത്തിറക്കിയ സാമ്പത്തികാവലോകനം കാർഷിക വ്യാവസായിക രംഗങ്ങളിൽ സംസ്ഥാനം തളരുകയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൂലധനം ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനും ആവശ്യമായ ക്രിയാത്മക നിർദ്ദേശങ്ങളൊന്നും ഈ ബഡ്ജറ്റിലില്ല. കഴിഞ്ഞ മൂന്നുനാലു വർഷങ്ങളിലായി ശ്രീ. ശിവദാസമേനോൻ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റുകളിൽ ഉൾക്കൊണ്ടിരുന്നതും, നടപ്പിലാക്കാത്തതുമായ പദ്ധതികളുടെ ആവർത്തനം മാത്രമാണ് ഈ ബഡ്ജറ്റിൽ ഉള്ളത്. നമ്മുടെ സംസ്ഥാനം ഒരു കാർഷിക സംസ്ഥാനമാണ്. കഴിഞ്ഞ 2 വർഷമായി നമ്മുടെ സംസ്ഥാനത്തെ കേരകർഷകർ മണ്ഡരി രോഗം കാരണം കണ്ണീർക്കയത്തിലായിരിക്കുന്ന അവസ്ഥയിലാണ്. മണ്ഡരി രോഗം പ്രതിരോധിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന കീടനാശിനിയെ സംബന്ധിച്ചുതന്നെ ഇപ്പോഴും അഭിപ്രായ വ്യത്യാസങ്ങളും തർക്കങ്ങളും നിലനിൽക്കുകയാണ്. അതോടൊപ്പം തന്നെ മണ്ഡരിരോഗം പ്രതിരോധിക്കുന്നതിനുവേണ്ടി സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി നടപ്പാക്കി വരുന്ന പദ്ധതിയും പൂർണ്ണമായി വിജയിപ്പിക്കാൻ സാധിക്കുന്നില്ല. അതിന്റെ ഓപ്പറേറ്റീവ് പാർട്ടിൽ കാര്യമായ കുഴപ്പമുള്ളതുകൊണ്ട് ഇപ്പോഴും അത് സ്തംഭനാവസ്ഥയിലാണ്. മരുന്നു സ്പ്രേ ചെയ്യുന്നതിന് ആവശ്യമായ തൊഴിലാളികളെ ലഭിക്കുന്നില്ല. കർഷകർ ഇതിനുവേണ്ടിയുള്ള തുക ചെലവഴിക്കാൻ തയ്യാറാകുന്നില്ല. ഇങ്ങനെ പ്രായോഗിക തലത്തിൽ ഒരുപാടു ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതൊക്കെയറിഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിൽ വളരെ കുറച്ചു തുക വെറും 5 കോടിരൂപ മാത്രമാണ് മണ്ഡരി രോഗത്തിന്റെ പ്രതിരോധത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ളത്. ആ സംഖ്യ വർദ്ധിപ്പിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് ആകപ്പാടെ കൊടുത്തിട്ടുള്ള ആനുകൂല്യം 5 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ളവരെ

LIBRARY ARCHIVES Kerala Legislative Assembly

കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കി എന്നുള്ളതാണ്. മണ്ഡരിരോഗം, കാറ്റുവീഴ്ച, പ്രകൃതിക്ഷോഭം ഇവ കാരണം സാധാരണഗതിയിൽ കാർഷികാദായം ഇല്ലാത്ത 5 ഹെക്ടറിൽ താഴെ വരുന്ന കർഷകർക്ക് കാർഷികാദായ നികുതി ഒഴിവാക്കിക്കൊണ്ട് പ്രത്യേകിച്ച് ഗുണമൊന്നും കിട്ടാനില്ല. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ നമ്മുടെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അത് വളരെ അത്യാവശ്യമാണ്. കാരണം റേഷൻ സബ്സിഡിയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ സമീപനം നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമല്ലാത്തതിനാൽ നമ്മുടെ സംസ്ഥാനത്ത് നെല്ലുൽപാദനം വർദ്ധിപ്പിച്ചേ മതിയാകൂ. നെല്ലുൽപാദനം വർദ്ധിപ്പിക്കണമെങ്കിൽ കൃഷി ലാഭകരമായിരിക്കണം. അത് ലാഭകരമായി നടത്തണമെങ്കിൽ യന്ത്രവൽക്കരണം വളരെ അത്യാവശ്യമാണ്. യന്ത്രവൽക്കരണത്തെ ഇപ്പോഴും ചില തൊഴിലാളി യൂണിയനുകൾ എതിർക്കുന്നുണ്ട്. ആ മനോഭാവം മാറ്റിയാൽ മാത്രമേ നെല്ലുൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. റേഷൻ സംവിധാനം ഇന്നത്തെ നിലയിൽ നിലനിർത്താൻ നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നയപ്രഖ്യാപനത്തിൽ പറയുകയുണ്ടായി. അത് നില നിർത്തണമെങ്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രം റേഷൻ കൊടുക്കാനാണെങ്കിൽപ്പോലും 79 കോടി രൂപ ഈ ആവശ്യത്തിനുവേണ്ടി ചെലവു വരും. പക്ഷെ ഇവിടെ 39 കോടി രൂപ മാത്രമാണ് ഇതിനുവേണ്ടി മാറ്റിവച്ചിട്ടുള്ളത്. സിവിൽ സപ്ലൈസിനും അതുപോലെതന്നെ നീതി സ്റ്റോറുകൾക്കും കൂടുതൽ തുക അനുവദിക്കാത്തതുകൊണ്ട് വില നിലവാരം പിടിച്ചുനിർത്താൻ സാധിക്കുന്നില്ല. അത് രണ്ടും ശക്തിപ്പെടുത്തിയാൽ മാത്രമേ വിലക്കയറ്റം തടയാൻ സാധിക്കുകയുള്ളൂ. അപ്പോൾ അതിന് കൂടുതൽ തുക അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 8 ലക്ഷത്തോളം തൊഴിൽ രഹിതർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1997-98-ൽ 35.51 ലക്ഷം ആയിരുന്നത് 1998-99-ൽ 37.9 ലക്ഷം ആയിരിക്കുന്നു. രണ്ടര ലക്ഷത്തോളം ഈ കഴിഞ്ഞ ഒരു വർഷം കൊണ്ട് തന്നെ കൂടിയിരിക്കുകയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ ക്രിയാത്മക പരിപാടികളൊന്നും ബഡ്ജറ്റിൽ കാണുന്നില്ല. 480 കോടി രൂപ മുടക്കി 88,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് 20,000 ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കും എന്നു പറഞ്ഞിട്ടുണ്ട്. അതെങ്ങനെയാണ് നടത്താൻ പോകുന്നത് എന്നതിനെ സംബന്ധിച്ച് യാതൊരു വ്യക്തമായ ധാരണയും ഇല്ല. കഴിഞ്ഞ 3 വർഷങ്ങളായി നമ്മുടെ സംസ്ഥാനം വൈദ്യുതി പ്രസരണ മേഖലയിൽ 845.5 മെഗാവാട്ട് കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതായി പറയുകയും ദക്ഷിണേന്ത്യയിലെ പവർക്കട്ട് ഇല്ലാത്ത ഏക സംസ്ഥാനം കേരളമാണെന്ന് അവകാശപ്പെടുകയും ചെയ്തിരിക്കുന്നു. യഥാർത്ഥത്തിൽ സ്ഥിതി എന്താണ് ? വടക്കൻ ജില്ലകളിൽ വൈദ്യുതി പ്രതിസന്ധി ഇപ്പോഴും വളരെ രൂക്ഷമായി തുടരുകയാണ്. മലപ്പുറം ജില്ലയിൽ മിക്കപ്പോഴും അപ്രഖ്യാപിത പവർക്കട്ട് ഏർപ്പെടുത്തുകയാണ്. മലപ്പുറം ജില്ലയിലെ എടരിക്കോട് ഡീസൽ നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്തംഭനാവസ്ഥയിലാണ്. റോഡുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

വികസനത്തിനുവേണ്ടി ആകെ മാറ്റിവച്ചിട്ടുള്ളത് 375 കോടി രൂപയാണ്. ഇത് കരാർകാരുടെ കൂടിശ്ശികപോലും കൊടുക്കാൻ തികയാത്ത തുകയാണ്. അതുകൊണ്ടുതന്നെ ഈ രംഗത്ത് വികസന പ്രവർത്തനങ്ങൾ നടക്കുന്നതിനാവശ്യമായ കൂടുതൽ തുക അനുവദിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം മലപ്പുറം ജില്ലയിലെ ഒരു പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ചമ്രവട്ടം പദ്ധതി മുൻകൂട്ടി പണം മുടക്കാതെ നടപ്പിലാക്കുമെന്നു പറഞ്ഞു. കഴിഞ്ഞ ബഡ്ജറ്റിൽ തന്നെ 70 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് 5 കോടി രൂപ മാറ്റി വച്ചു. അതേ 5 കോടി തന്നെയാണ് ഈ വർഷവും മാറ്റി വച്ചത്. പണം മുടക്കാതെ നടപ്പിലാക്കുമെന്നു പറയുന്നത് നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ മാതൃകയിൽ ചമ്രവട്ടം പദ്ധതി നടപ്പാക്കുമെന്ന് പറഞ്ഞുകൊണ്ടാണ്. നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രധാന പങ്ക് വഹിച്ച ശ്രീ. വി. ജെ. കുര്യനെ ചമ്രവട്ടം പദ്ധതിയുടെ സ്പെഷ്യൽ ഉദ്യോഗസ്ഥനായി നിയമിച്ചു എന്നാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ ആഫീസ് തൃശ്ശൂരിൽ ആയിരിക്കുമെന്നും പറഞ്ഞു. എന്നാൽ ചമ്രവട്ടത്ത് തന്നെ ഇതിനാവശ്യമായ ഗസ്റ്റ് ഹൗസ് അടക്കമുള്ള എത്രയോ കെട്ടിടങ്ങൾ വെറുതെ നശിച്ചുകൊണ്ടിരിക്കുന്നു. തീരപ്രദേശത്തെ കടലാക്രമണം തടയാൻ ആവശ്യമായ തുക വകകൊള്ളിച്ചിട്ടില്ല. നമ്മുടെ നിർമ്മാണ മേഖല സാമ്പത്തിക മാന്ദ്യം കൊണ്ട് സ്തംഭനാവസ്ഥയിലാണ്. സിമന്റ്, പെയിന്റ് അതുപോലെ ഇലക്ട്രിക് സാമഗ്രികൾക്ക് നികുതി കൂട്ടിയത് ഈ മേഖലയിൽ കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. അതുകൊണ്ട് ഈ നികുതി വർദ്ധനവ് പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ റെഡിമെയ്ഡ് വസ്ത്രങ്ങൾ ഇന്ന് സാധാരണക്കാരന്റെ വസ്ത്രമായി മാറിയിരിക്കുന്ന സാഹചര്യമാണ്. മാത്രമല്ല മറ്റ് സംസ്ഥാനങ്ങളിൽ നമ്മളെക്കാൾ നികുതി കുറവായതുകൊണ്ട് ഈ രംഗത്ത് കേരളത്തെ പുറകോട്ടു കൊണ്ടുപോകാനേ ഇത് സഹായിക്കുകയുള്ളൂ. അതുകൊണ്ട് നികുതി വർദ്ധനവ് പിൻവലിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെ ഇൻഫർമേഷൻ ടെക്നോളജിക്കുവേണ്ടി വെറും 16 കോടിയാണ് മാറ്റിവച്ചിട്ടുള്ളത്. കഴിഞ്ഞ ബഡ്ജറ്റിൽ ഇൻഫർമേഷൻ ടെക്നോളജി വിപുലീകരിക്കാൻ വേണ്ടി 300 കോടി രൂപ ചെലവ് വരുന്ന പദ്ധതി നടപ്പിലാക്കി 20,000 പേർക്ക് തൊഴിൽ കൊടുക്കുമെന്നു പറഞ്ഞിരുന്നു. അങ്ങനെ ഒരു പദ്ധതി നടപ്പിലായതുമില്ല ഇത്രയും ആളുകൾക്ക് തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടുമില്ല. പക്ഷെ നമ്മുടെ അയൽ സംസ്ഥാനങ്ങൾ ഈ രംഗത്ത് വളരെ മുന്നോട്ടു പോകുമ്പോൾ നമ്മൾ ഈ 16 കോടി മാറ്റി വച്ചിരിക്കുന്നതുകൊണ്ട് ഒരടിപോലും മുന്നോട്ടു പോകാൻ സാധിക്കുകയില്ലയെന്നുള്ളതാണ് സത്യം. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ സമുദായങ്ങൾ കേന്ദ്രീകരിച്ച് നിൽക്കുന്ന പ്രദേശങ്ങളിലെ അടിസ്ഥാന വിദ്യാഭ്യാസ സൗകര്യം മെച്ചമാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ അനുവദിക്കുന്ന ഏരിയ ഇന്റൻസീവ് പ്രോഗ്രാമിനുവേണ്ടി അനുവദിച്ച 223.46 ലക്ഷം രൂപയിൽ പകുതി മാത്രമേ നമ്മൾ ചെലവഴിച്ചിട്ടുള്ളൂ. മുഴുവൻ തുക ചെലവഴിക്കുകയും അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കുകയും പുതിയ ആവശ്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിക്കുകയും ചെയ്താലേ കേന്ദ്ര ഗവൺമെന്റ് അതിനാവശ്യമായ പണം തരുകയുള്ളൂ. ആ രംഗത്ത് നമ്മൾ തുക ചെലവഴിക്കുകയും ചെയ്തിട്ടില്ല പുതിയ നിർദ്ദേശങ്ങൾ വച്ചിട്ടുമില്ല. അതുപോലെ മദ്രസ വിദ്യാഭ്യാസം നവീകരിക്കുന്നതിന് 1995-96-ൽ കേന്ദ്രത്തിൽ നിന്ന് നമുക്ക് ലഭിച്ച 12.768 ലക്ഷം രൂപ വിതരണം ചെയ്യാനുള്ള ഉത്തരവ് 1999 നവംബർ മാസം, മൂന്നു കൊല്ലം കഴിഞ്ഞതിനുശേഷമാണ് നൽകിയത്. അതുപോലെതന്നെ ഈ കഴിഞ്ഞ മൂന്നുവർഷമായി ഈ മേഖലയിൽ ആവശ്യത്തിനുള്ള പണത്തിനു വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചില്ലെന്ന് പാർലമെന്റിൽ തന്നെ വ്യക്തമാക്കുകയുണ്ടായി. നമ്മൾ തൊഴിലില്ലായ്മ വേതനവും അഗതി പെൻഷനുമൊക്കെ വർദ്ധിപ്പിച്ചു. എന്നാൽ അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചതായി കാണുന്നില്ല. ഇതുകൂടി കാലാനുസൃതമായി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ കഴിഞ്ഞ ദിവസം ഇവിടെ സബ്മിഷനിലൂടെ വന്ന പ്രശ്നമാണ്. മുസ്ലീം, നാടാർ പെൺകുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ കാര്യം. അത് വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണം. നമ്മുടെ പദ്ധതിയുടെ 40 ശതമാനത്തോളം നമ്മൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി. കഴിഞ്ഞ മൂന്നുവർഷമായിട്ടുള്ള അനുഭവം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ പണം ലാപ്സായികൊണ്ടിരിക്കുകയാണ്. അതിന് പ്രധാന കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാർ ഇല്ലെന്നുള്ളതാണ്. അവരെ നിയമിക്കുന്നതിൽ കടുത്ത അലംഭാവമാണ് കാണിക്കുന്നത്. അതോടൊപ്പം തന്നെ സെൻ കമ്മിറ്റി നൽകിയ പുനർവിന്യാസം സംബന്ധിച്ച റിപ്പോർട്ട് പൊടി പിടിച്ചു കിടക്കുകയാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതു കൊണ്ട് പഞ്ചായത്തുകൾക്ക് ആവശ്യത്തിനുള്ള സ്റ്റാഫ് ലഭിക്കുന്നില്ല. മറ്റ് പല വകുപ്പുകളിലും പുതിയ തസ്തികകൾ നമ്മൾ ഉണ്ടാക്കിയപ്പോൾ പഞ്ചായത്തിൽ മാത്രം ആവശ്യത്തിനുള്ള തസ്തികകൾ നൽകുന്നില്ല. പഞ്ചായത്തുകൾക്ക് പണം ചെലവഴിക്കാൻ കഴിയാതിരിക്കുന്നതിന്റെ മറ്റൊരു കാര്യം രാഷ്ട്രീയ പ്രേരിതമായ സ്റ്റേകളാണ്. യു.ഡി.എഫ്. ഭരിക്കുന്ന പല പഞ്ചായത്തുകളിലും ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് രാഷ്ട്രീയപ്രേരിതമായി സ്റ്റേ നൽകുകയും വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്യുകയാണ്. അതേയവസരത്തിൽ എൽ.ഡി.എഫ്. നേതൃത്വത്തിലുള്ള പഞ്ചായത്തുകളിൽ ഡെപ്യൂട്ടി ഡയറക്ടർ അഴിമതി നടന്നു, ക്രമക്കേട് നടന്നുവെന്ന് റിപ്പോർട്ട് കൊടുത്തിട്ട് കൊല്ലങ്ങളായിട്ടു പോലും അതിനെക്കുറിച്ച് അന്വേഷണം നടത്തുകയോ, നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ലെന്നുള്ളതാണ് വസ്തുത. ശ്രീ. ജോർജ് ജെ. മാത്യു സംസാരിച്ചപ്പോൾ ഫോട്ടോ കോപ്പിയറിന്റെ കാര്യം ഇവിടെ പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി വിഹിതത്തിൽ ആദ്യത്തെ വർഷം നൽകിയ പണമാണ്. കഴിഞ്ഞ ഫെബ്രുവരി 25-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി സഭയിൽ മറുപടി പറഞ്ഞതാണ് നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നുവെന്ന്. 691 ലക്ഷം രൂപ വാങ്ങിയത് ഫോട്ടോ കോപ്പിയർ നൽകാൻ വേണ്ടിയിട്ടാണ് അതുകൊണ്ട് അടിയന്തിരമായി അത് പഞ്ചായത്തുകൾക്ക് നൽകണം. അതുപോലെ കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്തെ ഏറ്റവും നല്ല പഞ്ചായത്തുകൾക്ക് അവാർഡ് നൽകി. ഇതു

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് അസംബ്ലിയിൽ ചോദിച്ചപ്പോൾ ഏറ്റവും നല്ല പഞ്ചായത്തുകളായി തെരെഞ്ഞെടുത്ത 99 ശതമാനം പഞ്ചായത്തുകളും എൽ.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തുകളാണ്. യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തുകൾക്കൊന്നും അവാർഡുകളില്ല. ഇപ്പോൾ മുൻസിപ്പാലിറ്റികൾക്ക് അവാർഡ് കൊടുക്കാൻ വേണ്ടി 15 ലക്ഷം മാറ്റി വച്ചിരിക്കുന്നു. നല്ല കാര്യമാണ്. പക്ഷെ അതിലെങ്കിലും രാഷ്ട്രീയമായി കാര്യങ്ങൾ കാണരുതെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. അധികാര വികേന്ദ്രീകരണത്തിൽ തുടങ്ങി ജനകീയാസൂത്രണവുമായിട്ട് നമ്മൾ 4 വർഷമായി മുന്നോട്ടു പോകുന്നു. ഇപ്പോൾ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും തദ്ദേശസ്വയംഭരണത്തെക്കുറിച്ചും പഠിക്കാൻ വേണ്ടി ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയുടെ നേതൃത്വത്തിൽ 13 അംഗ സംഘം ഇംഗ്ലണ്ടിൽ പോകാൻ പോകുകയാണ്. ഏതായാലും അവർ മടങ്ങി വരുന്നതോടുകൂടി ഈ രംഗത്ത് കുറെക്കൂടി ഫലപ്രദമായി നമുക്ക് പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം. മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടറൈസ് ചെയ്യാൻ വേണ്ടി ആർ.ടി.ഒ. മാർക്ക് ഒരുപാട് കമ്പ്യൂട്ടറുകൾ കഴിഞ്ഞ വർഷം വാങ്ങിച്ച് കൊടുത്തു. പക്ഷെ അതൊന്നും അവിടെ ഉപയോഗിക്കാതെ ഹെഡാഫീസിലേക്ക് തിരിച്ചയച്ചു. സംഭവങ്ങൾ പത്രങ്ങളിൽ വന്നു. അഴിമതി ഏറ്റവും കൂടുതൽ കൊടികുത്തി വാഴുന്നത് ആർ.ടി.ഒ. ആഫീസുകളിലെന്നാണ് പറയപ്പെടുന്നത്. അത് പരിഹരിക്കാൻ അവിടെയും വില്ലേജ് ആഫീസുകളിലും അടിയന്തിരമായി കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം. അതുപോലെ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിയിലും നിലംപൂരിലും ജെ.ആർ.ടി.ഒ. ആഫീസുകൾ സ്ഥാപിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വിദേശ മലയാളികളെ കുറിച്ചാണ് എനിക്ക് ഇനി ഒരുവാക്ക് പറയാനുള്ളത്. ചാരായത്തൊഴിലാളികളെ പുനഃരധിവസിപ്പിക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപ നമ്മുടെ ഗവൺമെന്റ് ചെലവഴിച്ചപ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതതന്നെ നിലനിർത്തിയ വിദേശ മലയാളികൾ ജോലിയില്ലാതെ മടങ്ങി വരുമ്പോൾ അവരെ പുനഃരധിവസിപ്പിക്കാൻ ആവശ്യമായ തുക ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അത് ഉൾക്കൊള്ളിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മൊത്തത്തിൽ പുതുമകളൊന്നും അവകാശപ്പെടാൻ ഇല്ലാത്ത, ഈ സംസ്ഥാനത്തെ മുന്നോട്ടു കൊണ്ടുപോകാൻ പര്യാപ്തമല്ലാത്ത, ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ]

ശ്രീ. ടി. എസ്. ജോൺ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് എല്ലാ മേഖലയിലും മുന്നോട്ടു നീങ്ങുന്നുവെന്ന് ഈ ബഡ്ജറ്റിലൂടെ മനസ്സിലാക്കാൻ കഴിയും. ഈ വർഷം നമുക്ക് 3,209 കോടി രൂപയാണ് അടങ്കൽ തുകയായി ആസൂത്രണ കമ്മീഷൻ അനുവദിച്ചിരിക്കുന്നത്. അതിൽ കേന്ദ്ര വിഹിതമായി നമുക്ക് കിട്ടേണ്ടിയിരുന്നത് 2,117 കോടി രൂപയാണ്, ഇപ്പോൾ കേന്ദ്രം 531 കോടി രൂപ കുറയ്ക്കുമെന്നാണ് പറയുന്നത്. ഈ സാഹചര്യത്തിൽ വേണം നാം സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനെക്കുറിച്ച് വിലയിരുത്തേണ്ടത്. ആളോഹരി വരുമാനം കഴിഞ്ഞവർഷം 16.85 ശതമാനം വർദ്ധിച്ചുവെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

കണക്കിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. കഴിഞ്ഞ മൂന്നു വർഷമായി ആഭ്യന്തര ഉൽപാദനം വർദ്ധിച്ചിരിക്കുന്നു. 1997-98 കാലത്ത് സാമ്പത്തിക വളർച്ചാ നിരക്ക് 1.3 ശതമാനം മാത്രമായിരുന്നു. അത് 1999-ൽ 3.82 ശതമാനമായി ഉയർന്നു. സാമ്പത്തിക വളർച്ചമൂലം കാർഷികമേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. എക്കണോമിക് റിവ്യൂവിൽ പറയുന്നത് കാർഷിക മേഖലയിലും അതുപോലെ എല്ലാ മേഖലകളിലും ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നാണ്. നെൽക്കൃഷി ഒഴികെ റബ്ബർ, കാപ്പി എന്നു വേണ്ട എല്ലാ കാർഷിക ഉൽപാദനങ്ങളുടെയും ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. നെൽക്കൃഷി ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയാതിരുന്നത് നെൽപ്പാടങ്ങൾ കൂടുതൽ തരിശായി ഇടുന്നതുകൊണ്ടാണ്. കാരണം, ലാഭകരമായി കൃഷി ചെയ്യാനുള്ള ബുദ്ധിമുട്ട് ആ മേഖലകളിലുണ്ട്. അത് പരിഹരിക്കുന്നതിന് വേണ്ടിയാണ് ഹെക്ടറിന് 1000 രൂപ വീതം നെൽക്കൃഷി ചെയ്യുന്നവർക്ക് സഹായധനം കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചത്. കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇതുപോലെ കർഷകരെ സഹായിക്കുന്ന ഒരു ബഡ്ജറ്റ് കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലായെന്നുള്ളതാണ് സത്യം. ചെറുകിട കൃഷിക്കാരെ മുഴുവൻ സഹായിക്കാൻ കഴിയുന്ന, കേരളത്തിലെ കർഷകരെ മുഴുവൻ സഹായിക്കാൻ കഴിയുന്ന പദ്ധതികൾ ഉൾപ്പെടുന്ന ഒരു ബഡ്ജറ്റാണിത്. കഴിഞ്ഞ രണ്ട് വർഷങ്ങളായി കേരളത്തിലെ റബ്ബർ കർഷകർ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുവെന്ന് നമുക്കറിയാം. കയറ്റുമതിക്കുള്ള നഷ്ടം ഗവൺമെന്റ് സഹിക്കുന്നു. എസ്.ടി.സി. വഴിയുള്ള റബ്ബറിന്റെ അന്തർസംസ്ഥാന വില്പനയിൻമേൽ ചുമത്തിയിട്ടുള്ള വാങ്ങൽ നികുതി ഒരു വർഷത്തേക്കുകൂടി ഒഴിവാക്കിയിരിക്കുന്നു. 15 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. ആ മേഖലയിൽതന്നെ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. രണ്ടുകോടി രൂപ കൊടുത്ത് റബ്കോയുമായി വ്യവസായങ്ങൾ ഉണ്ടാക്കുന്നു. റോഡ് റബ്ബറൈസ് ചെയ്യുന്നു. രണ്ട് ഹെക്ടർ വരെയുള്ള ചെറുകിടകർഷകർക്ക് കർഷകക്ഷേമനിധി രൂപീകരിക്കുന്നു. 142 കോടി രൂപയാണ് കാർഷിക മേഖലയ്ക്ക് വകയിരുത്തുന്നത്. നെല്ലുൽപാദനം ഇരട്ടിപ്പിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് കഴിഞ്ഞിട്ടുണ്ട്. പച്ചക്കറി ഉൽപാദനത്തിലൂടെ പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സർക്കാർ ശ്രമിക്കുന്നു. ഈ വർഷം 1101 ഹരിത സംഘങ്ങൾ വഴി 600 കോടിരൂപ വിലയ്ക്കുള്ള 6 ലക്ഷം ടൺ പച്ചക്കറി ഉൽപാദിപ്പിക്കാനും അതുവഴി 24 ലക്ഷം മനുഷ്യപ്രയത്നദിനങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞു. നികുതിയുടെ കാര്യത്തിൽ, കുരുമുളക്, ഏലം, അടയ്ക്ക എന്നിവയുടേത് 8 ശതമാനത്തിൽ നിന്നും 4 ശതമാനമായി കുറച്ചു. ജാതി, ഗ്രാമ്പൂ, കച്ചോലം, മഞ്ഞൾ എന്നിവയുടെ നികുതി നിരക്ക് 8 ശതമാനത്തിൽ നിന്നു 4 ശതമാനമായി കുറച്ചു. അങ്ങനെ ഒരു കോടി രൂപയുടെ നഷ്ടം ഗവൺമെന്റിന് വരുത്തിയിരിക്കുകയാണ്. കൃഷിക്കാരെ സഹായിക്കാൻ 20 ഹെക്ടർ വരെയുള്ള റബ്ബർ കൃഷിക്കാർക്ക് കഴിഞ്ഞ വർഷം കൊടുത്തിരുന്ന കാർഷികാദായ നികുതിയിൻമേൽ ഒരുവർഷം കൂടി പൂർണ്ണമായി ഇളവു ചെയ്തു. 5 ഹെക്ടർ വരെയുള്ള കൃഷിക്കാരെ മുഴുവൻ കാർഷികാദായനികുതിയിൽ നിന്നും ഒഴിവാക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ : ഇവിടെ പറഞ്ഞു, കാപ്പി, തേയില, കച്ചോലം എല്ലാത്തിന്റെയും നികുതി 8 ശതമാനത്തിൽ നിന്നും 4 ശതമാനമായി കുറച്ചു വെന്ന്. ഇതിപ്പോൾ പാസ്സാക്കിയ നിയമമാണ്. അതിൽ കച്ചോലത്തിന്റെ നികുതി 8 ശതമാനത്തിൽതന്നെ നിൽക്കുകയാണ്.

ശ്രീ. ടി. എസ്. ജോൺ : അത് 4 ശതമാനമായി കുറയ്ക്കാനുള്ള വ്യവസ്ഥ ഇതിൽ ചെയ്തിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇപ്പോൾ ആ ഓർഡിനൻസ് ബില്ലായി പാസ്സായി. ബില്ലിൽ 8 ശതമാനമെന്ന് പറഞ്ഞതു മുഴുവൻ 4 ശതമാനമായി ഫൈനാൻസ് ബില്ലിൽ ചുരുക്കും. 8 ആക്കിയിട്ട് 4 ആക്കിയെന്നു പറയണ്ട. 31-3-മുതൽ 4 ആക്കി താഴ്ത്തിയിരിക്കുകയാണ്.

ശ്രീ. ടി. എസ്. ജോൺ : കുറയ്ക്കുമെന്ന് പറഞ്ഞാൽ കുറയ്ക്കും. ഇതിൽ പറഞ്ഞിരിക്കുന്ന കാര്യമാണ് ഞാൻ പറഞ്ഞത്. 5 ഹെക്ടർ വരെയുള്ള കൃഷിക്കാരെ ആദായനികുതിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി. 12 ഹെക്ടർ വരെയുള്ള കൃഷിക്കാരെ കാർഷികാദായനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ചെറിയ കാര്യമാണോ ? ഇതുപോലെ കാർഷികമേഖലയ്ക്ക് ആനുകൂല്യം ചെയ്ത ഒരു കാലഘട്ടവും കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. കാർഷികോൽപാദനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. എല്ലാ മേഖലയിലും ഉൽപാദനം, അതുപോലെ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം, നിത്യോപയോഗസാധനങ്ങളുടെ വില ഇപ്പോൾ എങ്ങനെയിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ വില ഭയാനകമായി വർദ്ധിച്ചിരിക്കുന്നു. കേരളത്തിൽ അത് വർദ്ധിക്കുന്നില്ല, കുറയുന്നു. ഇതിന് കാരണമെന്താണ്. നിങ്ങൾ എക്കണോമിക് റിവ്യൂ വായിച്ചു നോക്കൂ: It is significant to note that, since 1996 the rate of growth of CPI(Consumer Price Index) has been declining. The annual growth of CPI, which was 10.14 percent in 1996, came down to 8.97 percent in 1997 and 6.41 percent in 1998 and further to 6.33 percent in 1999. The rate of inflation in the State has shown a declining trend since 1996. It is notable also that, the state was able to maintain downward trend in the growth of CPI, even while the rate of growth of CPI for the whole country witnessed upward trend. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വില വർദ്ധനവ് കൂടുതൽ അനുഭവപ്പെടുമ്പോൾ കേരളത്തിൽ വില വർദ്ധനവ് പിടിച്ചു നിർത്താൻ കഴിഞ്ഞു വെന്നുള്ളത് വലിയൊരു കാര്യമായി ഞാൻ കാണുകയാണ്. അതുപോലെ തന്നെ ഈ രാജ്യത്ത് എല്ലാ മേഖലകളിലും ഉണ്ടായിട്ടുള്ള നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തണ്ടേ ? ചെറുകിട വ്യവസായങ്ങൾക്കുപോലും കറന്റ് കട്ട് ഏർപ്പെടുത്തിയവരാണ് നിങ്ങൾ, വ്യവസായം മുടിച്ചവരാണ് നിങ്ങൾ, ഇപ്പോൾ ഇലക്ട്രിസിറ്റി സെൽഫ് സഫിഷ്യന്റ് ആകാൻ പോകുകയാണ്. 845.5 മെഗാ വാട്ട് ഊർജ്ജം കഴിഞ്ഞ നാല് കൊല്ലത്തിനകം ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞു. ഇലക്ട്രിസിറ്റി രംഗത്ത് വിപ്ലവകരമായ പുരോഗതി കൈവരിക്കുവാൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞുവെന്നുള്ളത് ഏറ്റവും വലിയ കാര്യമായി ഞാൻ കാണുകയാണ്. ആഭ്യന്തര കടം കൂടുന്നുവെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. കടം കിട്ടുന്നിടത്തുനിന്നൊക്കെ എടുക്കണം. അങ്ങനെ ഉൽപാദനം വർദ്ധിപ്പിക്കാനുള്ള മേഖലയിൽ മുടക്കണം. കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നുമൊക്കെ കടമെടുത്ത് കെ.എസ്.ആർ.ടി.സി. ബസ് വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നാകട്ടെ ഏത് മേഖലയിൽ നിന്നായാലും കിട്ടുന്ന പണം കടമെടുത്ത് ഉൽപാദനം വർദ്ധിപ്പിക്കാനുള്ള മേഖലയിൽ പ്രത്യേകിച്ച് കാർഷിക മേഖലയിലും മറ്റും മുടക്കണം. പണം കടമെടുക്കുന്നതിൽ തെറ്റൊന്നുമില്ല. കാർഷിക മേഖലയിൽ കേന്ദ്ര ഗവൺമെന്റ് പണം കൊടുക്കുന്നത് കുറച്ചിരിക്കുകയാണ്. അതുമൂലം കാർഷികോല്പാദനം ആ മേഖലയിൽ കുറയാൻ സാദ്ധ്യതയുണ്ട്. ഇത് പരിഹരിക്കുന്നതിന് കാർഷിക മേഖലയിൽ നാം ധാരാളം പണം മുടക്കേണ്ടതായിട്ടുണ്ട്. അടുത്തതായി ഹൗസിംഗിന്റെ കാര്യമെടുക്കാം, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മുഴുവൻ ഈ വർഷം വീട് നിർമ്മിച്ചുകൊടുക്കുകയാണ്. വസ്തുവില്ലാത്തവർക്ക് മുഴുവൻ വസ്തു കൊടുത്ത് വീട് ഉണ്ടാക്കി കൊടുക്കുന്നു. നിങ്ങളെക്കൊണ്ട് കഴിഞ്ഞോ? ഈ ഗവൺമെന്റിന്റെ കാലത്ത് അത് പൂർത്തിയാക്കും. അതുപോലെ ദുർബലവിഭാഗങ്ങൾക്ക് മുഴുവൻ മൈത്രീഭവന പദ്ധതി മൂലവും അല്ലാതെയും കോ-ഓപ്പറേറ്റീവ് സെറ്റപ്പിലൂടെയും വീട് ഉണ്ടാക്കി കൊടുക്കുവാൻ ഗവൺമെന്റ് ശ്രമിക്കുന്നു. ഇങ്ങനെ എല്ലാ രംഗത്തും മാറ്റമുണ്ടായിക്കൊണ്ടിരിക്കുന്നു. അതിനെക്കുറിച്ച് യാതൊരു തർക്കവുമില്ല.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട ജോൺ എല്ലാ വകുപ്പുകളെക്കുറിച്ചും പറഞ്ഞു, പൊതുമരാമത്തു വകുപ്പിനെക്കുറിച്ച് മാത്രം പറഞ്ഞില്ല. ശ്രീ. പി. ജെ. ജോസഫിനോട് ഇത്രയേറെ വിരോധമുണ്ടോ ?

ശ്രീ. ടി. എസ്. ജോൺ : പൊതുമരാമത്തു വകുപ്പിനെക്കുറിച്ച് ഞാൻ പറയേണ്ടതുണ്ടോ ? തിരുവനന്തപുരം മുതൽ നിങ്ങളുടെ വീടുവരെയുള്ള റോഡുകളിൽ ഒരു കുഴിയുണ്ടോ ? ഈ രാജ്യത്തെ പി.ഡബ്ല്യൂ.ഡി. റോഡിൽ ഒരു കുഴി കാണിച്ചു തരാമോ ? നിങ്ങൾ ഭരിച്ചപ്പോൾ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ സ്ഥിതി എന്തായിരുന്നു ? കുട്ടിച്ചോറായി കിടക്കുകയായിരുന്നില്ലേ ? മുഴുവനും കുളം ആയിരുന്നില്ലേ ? പി.ഡബ്ല്യൂ.ഡി. റോഡുകൾ ഇതുപോലെ മെച്ചപ്പെട്ട ഒരു കാലഘട്ടം ഒരുകാലത്തും, പി.ഡബ്ല്യൂ.ഡി.യുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. പണമൊക്കെ കിട്ടും. പണം കിട്ടാനാണോ ഇന്നു വിഷമം. ഇവിടെ പണം സമാഹരിച്ച് എല്ലാം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നു എന്നുള്ളതിന് യാതൊരു സംശയവും വേണ്ട. എത്ര പാലമാണ് ഈ രാജ്യത്ത് ഉണ്ടായിരിക്കുന്നത് ? ആലപ്പുഴ മെമ്പർ എവിടെ ? ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നല്ലോ. ആലപ്പുഴയുടെ ചരിത്രത്തിൽ ഇത്രമാത്രം പാലം ഉണ്ടായ കാലഘട്ടം ഉണ്ടായിട്ടുണ്ടോ ? മലബാർ മേഖലയിൽ മുഴുവൻ പാലങ്ങൾ ഉൽഘാടനം ചെയ്യുന്ന ജോലിയല്ലേ ? ദിവസം എട്ടും പത്തും പാലങ്ങളല്ലേ ഉൽഘാടനം ചെയ്യുന്നത് ? പി.ഡബ്ല്യൂ.ഡി. യുടെ ചരിത്രത്തിൽ ഇത്രമാത്രം മെച്ചപ്പെട്ട സംവിധാനം ഉണ്ടായ കാലഘട്ടമില്ല. ഒരു പാലത്തിന്റെ കാര്യം എനിക്കറിയാം. 1973-ൽ തുടങ്ങിയ പാലം 1987-ലാണ് പണി തീർന്നത്. അത് എന്റെ നിയോജകമണ്ഡത്തിലാണ്. ഇപ്പോഴോ, ഒരു പാലം തീർക്കാൻ ഒരു കൊല്ലം മതി. 5 കോടി രൂപയുടെ കെട്ടിടം പണിയാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം മതി. പക്ഷെ അതിന് പൈസ വേണം. അങ്ങനെ വിദ്യാഭ്യാസ, കാർഷിക മേഖലകളിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. എല്ലാവർക്കും ആനുകൂല്യം കൊടുക്കുന്നതിനുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിന് സഹായകരമായ നിലപാട് സ്വീകരിച്ചുകൊണ്ടും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും ഇവിടെ അവതരിപ്പിരിക്കുന്ന ബഡ്ജറ്റിനെ ഞാൻ പിൻതുണയ്ക്കുന്നു. അതോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയും ചെയ്യുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, ശ്രീ. ടി. എസ്. ജോണിനെപ്പോലെ ഈ നിയമഭയിലെ സ്പീക്കറും മന്ത്രിയുമായിരുന്ന ഒരു സീനിയർ നേതാവ്.....ബഡ്ജറ്റ് അവതരിപ്പിച്ച പാവം ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു സംശയം, ഇത് ഞാൻ അവതരിപ്പിച്ച ബഡ്ജറ്റാണോ എന്ന്.

ശ്രീ. ടി. എസ്. ജോൺ : ഒരു സംശയവുമില്ല. ബുക്കിന്റെ കവർ കാണുന്നതു പോലെ തന്നെ അകവും. മെച്ചപ്പെട്ട ബഡ്ജറ്റാണ്. നിങ്ങൾക്ക് ഒരു കമന്റും ഇല്ലായിരുന്നതാണലല്ലോ. ഞാൻ രണ്ടു ദിവസത്തെ പ്രസംഗവും കേട്ടല്ലോ. നിങ്ങൾക്ക് ഇതിനെക്കുറിച്ച് ഒന്നും പറയാനില്ല. നിങ്ങൾ എക്കണോമിക് റിവ്യൂ വായിച്ചു നോക്കൂ. ഈ ഗവൺമെന്റിന്റെ പെർഫോമൻസ് കാണാൻ കഴിയും. നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ നടത്തിയ വലിയ കൊള്ളകളെക്കുറിച്ചും അതിൽനിന്നും നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും.

ശ്രീ. തോമസ് ചാഴികാടൻ : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു. ശ്രീ. ജോൺ ഇവിടെ അവസാനം പറഞ്ഞു ഈ ബഡ്ജറ്റ് പോലെ മനോഹരമാണ് ബഡ്ജറ്റ് പുസ്തകത്തിന്റെ കവറും എന്ന്. ഈ ബഡ്ജറ്റ് പുസ്തകത്തിന്റെ പുറംചട്ട തന്നെ ഒരു ഇരുണ്ട പശ്ചാത്തലത്തോടുകൂടിയമാണ്. അതുപോലെ ഇരുണ്ട ഒരു സാമ്പത്തിക പശ്ചാത്തലമാണ് സംസ്ഥാന സർക്കാരിനുള്ളത്. കേരളത്തിലെ അടിസ്ഥാന മേഖലകളെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. ജനസംഖ്യയിൽ 70 ശതമാനം വരുന്ന കർഷകരേയും 15 ശതമാനം വരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാരേയും പൂർണ്ണമായി അവഗണിച്ച ഈ ബഡ്ജറ്റ് തകർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായ മേഖലയുടെ തകർച്ചയ്ക്ക് ആക്കം വർദ്ധിപ്പിക്കാൻ മാത്രമേ ഉതകുകയുള്ളൂ. തകർന്ന തറവാട്ടിലെ ഒരു ധൂർത്തു പുത്രന്റെ റോളിലാണ് ഇന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി. സാമ്പത്തിക പ്രതിസന്ധിയിൽ ജനങ്ങൾ നട്ടം തിരിയുകയാണ്. മാനവീയത്തിന്റെയും ആസൂത്രണത്തിന്റെയുമൊക്കെ പേരിൽ കോടികൾ ധൂർത്തടിക്കുന്നു എന്നതൊഴിച്ചാൽ മറ്റൊന്നും ഇവിടെ നടക്കുന്നില്ല. ശ്രീ. ക്ളിന്റൻ വരുമ്പോൾ ഗോബാക്ക് വിളിക്കുന്നവർ ആണ്ടിൽ ഒരു തവണയെങ്കിലും അമേരിക്കയ്ക്കു പോകുന്നവരാണ്. എന്നിട്ട് ഇവിടെ മറ്റ് കാര്യങ്ങൾ പറഞ്ഞ് നടക്കുകയാണ്. യാഥാർത്ഥ്യബോധത്തോടു കൂടി തയ്യാറാക്കിയ ഒരു ബഡ്ജറ്റല്ല ഈ വർഷത്തേതും കഴിഞ്ഞവർഷത്തേതും അതിന് മുൻപിലത്തേതും എന്ന് കഴിഞ്ഞ രണ്ടുമൂന്നു വർഷത്തെ ബഡ്ജറ്റ് ഇൻബ്രീഫ് നോക്കിയാൽ മനസ്സിലാകും. കഴിഞ്ഞ 3 വർഷവും ബഡ്ജറ്റിൽ നിർദ്ദേശിച്ച റവന്യൂ വരുമാനം നേടാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

3 വർഷത്തെ ബഡ്ജറ്റ് ഇൻ ബ്രീഫ് പരിശോധിച്ചാൽ അത് വളരെ വ്യക്തമായിട്ട് മനസ്സിലാകും. 1997-98 മുതലുള്ള ഒരോ വർഷവും പ്രതീക്ഷിച്ച റവന്യൂ സമാഹരിക്കാൻ ഈ സർക്കാരിനു കഴിഞ്ഞില്ല. 1997-98-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 7,628 കോടി രൂപയായിരുന്നു. യഥാർത്ഥത്തിൽ ഉള്ള വരുമാനം 7124 കോടി രൂപയേയുള്ളൂ. 504 കോടി രൂപയുടെ കുറവ് ആ വർഷം തന്നെ ഉണ്ടായി. 1998-99 വർഷത്തിൽ 8174 കോടി രൂപയുടെ വരവ് പ്രതീക്ഷിച്ചുവെങ്കിൽ അന്ന് യഥാർത്ഥത്തിൽ കളക്ട് ചെയ്യാൻ കഴിഞ്ഞത് 7200 കോടി രൂപ മാത്രമാണ്. 974 കോടി രൂപയുടെ കുറവാണ് 1998-99 സാമ്പത്തിക വർഷം ഉണ്ടായിട്ടുള്ളത്. 1999-2000 വർഷം, ഇപ്പോൾ പറഞ്ഞിരിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ചു പോലും 8736 കോടി രൂപ കളക്ട് ചെയ്യുമെന്നേ പ്രതീക്ഷിക്കുന്നുള്ളൂ. കഴിഞ്ഞ വർഷം ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നത് 9455 കോടി രൂപ റവന്യൂ വരുമാനം ഉണ്ടാകും എന്നാണ്. ഇപ്പോഴത്തെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് 719 കോടി രൂപയുടെ കുറവുണ്ടാകും എന്ന് ധനകാര്യവകുപ്പുമന്ത്രി സമ്മതിച്ചിരിക്കുകയാണ്. പ്രതീക്ഷിച്ച റവന്യൂ വരുമാനം കിട്ടാതെ പോയതിന് പ്രധാന കാരണം, സെയിൽസ് ടാക്സിൽ ഉണ്ടായിട്ടുള്ള കുറവാണ്. ഈ കഴിഞ്ഞ 3 വർഷവും ... ഞാൻ അതിന്റെ വിശദാംങ്ങളിലേക്ക് പോകുന്നില്ല. ഓരോ വർഷവും 500-നും 750-നും ഇടയ്ക്കുള്ള കോടികളുടെ തുക സെയിൽസ് ടാക്സ് ഇനത്തിൽ കളക്ട് ചെയ്യാൻ ഈ സർക്കാരിനു കഴിഞ്ഞില്ല. ബഹുമാനപ്പെട്ട ടി. എസ്. ജോൺ ഉൾപ്പെടെയുള്ളവരൊക്കെ ഇവിടത്തെ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക രംഗത്തുണ്ടായ പുരോഗതിയെക്കുറിച്ചുമൊക്കെ പറഞ്ഞു. സാമ്പത്തിക രംഗത്ത് നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ, പ്രൊഡക്ടിവിറ്റി ഉണ്ടായിട്ടുണ്ടെങ്കിൽ, നമ്മുടെ ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്ട്സ് വർദ്ധിച്ചുവെങ്കിൽ, സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്സ് വർദ്ധിച്ചുവെങ്കിൽ സ്വാഭാവികമായും നമ്മുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകേണ്ടതായിരുന്നു. പക്ഷെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രതീക്ഷിച്ചതിനെക്കാൾ 500-750-നും ..... 1997-98 വർഷത്തിൽ 448 കോടി രൂപയുടെ കുറവാണ് സെയിൽസ് ടാക്സ് കളക്ഷനിൽ ഉണ്ടായത്. 1998-99-ൽ 755 കോടി രൂപയുടെ കുറവാണുണ്ടായത്. 1999-2000 വർഷത്തേക്ക്, ഇപ്പോൾ പ്രതീക്ഷിച്ചതിനെക്കാളും 566 കോടി രൂപ കുറവ് കളക്ട് ചെയ്യുമെന്നാണ്. ഇങ്ങനെ റവന്യൂ വരുമാനത്തിൽ കുറവുണ്ടാകാനുള്ള കാരണം യഥാർത്ഥത്തിൽ രണ്ടാണ്. ഒന്ന്, യാഥാർത്ഥ്യബോധത്തോടുകൂടി എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ കഴിഞ്ഞില്ല എന്നത്. രണ്ട്, കാര്യക്ഷമതയോടുകൂടി നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞില്ല. ഇവിടെ നികുതി പിരിവ് വളരെ കുറവാണെങ്കിലും പാർട്ടി ഫണ്ടുകൾ പിരിക്കുന്നതിന് യാതൊരു കുറവും ഉണ്ടാകുന്നില്ല. ധൂർത്തടിക്കുന്നതിനും വസ്തുക്കൾ സമ്പാദിക്കുന്നതിനും യാതൊരു കുറവും ഉണ്ടാകുന്നില്ല. വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതിന്, ഭരണ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് ആവശ്യമായ റവന്യൂ വരുമാനം പിരിച്ചെടുക്കാൻ സംസ്ഥാന ഗവൺമെന്റിനു കഴിയുന്നില്ല. കാർഷിക മേഖലയിൽ വളരെ വലിയ ഉണർവ് ഉണ്ടായിരിക്കുന്നുവെന്ന് ഇവിടെ സൂചിപ്പിക്കപ്പെട്ടു. കാർഷിക മേഖലയിൽ എന്താണ് സംഭവിച്ചിരിക്കുന്നത് എന്ന് എക്കണോമിക്

LIBRARY ARCHIVES Kerala Legislative Assembly

റിവ്യൂവിൽ തന്നെ പറയുന്നുണ്ട്. കഴിഞ്ഞ നാലഞ്ചു വർഷക്കാലമായി സംസ്ഥാനത്തിന്റെ മൊത്തം വരുമാനം, സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്സിൽ കാർഷിക മേഖലയിൽ നിന്നുമുള്ള ഷെയർ ഓരോ വർഷവും കുറഞ്ഞു വരികയാണ്. 1994-95-ൽ 24.69 ശതമാനം ഡൊമസ്റ്റിക് പ്രോഡക്സ് കേരളത്തിന്റെ കാർഷിക മേഖലയിൽ നിന്നും കിട്ടിയിരുന്നുവെങ്കിൽ 1995-96-ൽ അത് 23.79 ശതമാനം ആയി കുറഞ്ഞു. 1996-97-ൽ 23.15 ആയി. 1997-98 ആയപ്പോൾ അത് 22.23 ആയി. ഇപ്പോൾ 1998-99-ലെ കണക്കനുസരിച്ച് 21.84 ശതമാനം ആയി. അപ്പോൾ കാർഷിക മേഖലയിലും ഉണർവ്വുണ്ടായിട്ടില്ല. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള വരുമാനം കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നത് വളരെ വ്യക്തമാണ്. കാർഷിക മേഖലയിൽ നെല്ലുൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു എന്ന് ഇവിടെ സൂചിപ്പിച്ചു. എവിടെ നോക്കിയാണ് പറഞ്ഞതെന്ന് എനിക്കറിയില്ല. പ്ലാനിംഗ് ബോർഡ് പ്രസിദ്ധീകരിച്ചിരിക്കുന്ന എക്കണോമിക് റിവ്യൂവിൽ തന്നെ പറയുന്നു, നെല്ലിന്റെ ഉൽപാദനം കുറഞ്ഞുവരുന്നു. നെൽ ഉൽപാദിപ്പിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവുണ്ടായിരിക്കുന്നു, നെല്ല് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും നെല്ലിന്റെ ഓരോ ഹെക്ടറിലേയും പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനുമൊക്കെ വലിയ പദ്ധതികൾ ആണ്ടുതോറും പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ പൊൻമണി വർഷം പ്രഖ്യാപിച്ചു. അതുപോലെതന്നെ നെല്ലുൽപാദകർക്ക് നെല്ലുൽപാദന ബോണസും വർദ്ധിപ്പിച്ചുകൊടുക്കുന്ന പ്രഖ്യാപനമുണ്ടായി.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ)

ശ്രീ. പി. ജെ. ജോയി : നെല്ലുൽപാദനം വർദ്ധിപ്പിക്കാൻ കർഷകർക്ക് ഒട്ടേറെ പ്രോൽസാഹനം ഓരോ വർഷവും പ്രഖ്യാപിക്കുമെന്ന് അങ്ങ് പറഞ്ഞല്ലോ. കഴിഞ്ഞ വർഷം വരെ കൊടുത്തിരുന്ന ഇലക്ട്രിസിറ്റി ചാർജ്ജിന്റെ സബ്സിഡി ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. ആർക്കും കൊടുക്കുന്നില്ലായെന്നകാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. തോമസ് ചാഴികാടൻ : ഇലക്ട്രിസിറ്റിയുടെ കാര്യം മാത്രമല്ല ഇവിടെ 350 രൂപയിൽ നിന്ന് പ്രൊഡക്ഷൻ ബോണസ് ആയിരം രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് കഴിഞ്ഞ വർഷം പ്രഖ്യാപിച്ചു. 350 രൂപ വച്ചുള്ള പ്രൊഡക്ഷൻ ബോണസ് പോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ പമ്പിംഗ് സബ്സിഡി കഴിഞ്ഞവർഷത്തെ അത്രയും തുക കൂടിശ്ശികയായി ഇപ്പോഴും നിൽക്കുന്നു. പ്രത്യേകിച്ച് നെൽ കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകുമെന്ന് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിക്കുകയും അത് നടപ്പാക്കുകയും ചെയ്തിരുന്നു. പിന്നീട് ഇലക്ട്രിസിറ്റിയുടെ ചാർജ്ജ് വർദ്ധിപ്പിച്ചുകൊണ്ട് അതിനനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുവാൻ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് തയ്യാറായിട്ടില്ല ഇപ്പോൾ കർഷകർക്ക് അഡീഷണൽ ബിൽ വന്നുകൊണ്ടിരിക്കുകയാണ്. വലിയ പ്രതിസന്ധിയാണ് കർഷകർ നേരിട്ടുകൊണ്ടിരിക്കുന്നത്. അങ്ങുപറഞ്ഞത് വളരെ ശരിയാണ്. വൈദ്യുതി ഡിസ്കണക്ട് ചെയ്യുമെന്ന് പറഞ്ഞ് ഇലക്ട്രിസിറ്റി ആഫീസിൽ നിന്നും നോട്ടീസ് കൃഷിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഈ രീതിയിൽ കാർഷിക മേഖലയിൽ പ്രത്യേകിച്ച് നെൽകർഷകർ ഇന്ന് വലിയ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞയാഴ്ച ഈ നിയമസഭയിൽതന്നെ പറയുകയുണ്ടായി ; 735 രൂപ വില വച്ച് ഒരു ക്വിന്റൽ നെല്ല് സംഭരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത് നെല്ല് സംഭരിക്കുന്ന സഹകരണ സംഘങ്ങളിൽ അന്വേഷിച്ചാൽ മനസ്സിലാകും ഒരു സംഘം പോലും 735 രൂപ വില കൊടുത്ത് സംഭരിക്കുന്നില്ലായെന്ന്... ഒരു സംശയവും വേണ്ട. ഏതു സംഘത്തിൽ അന്വേഷിച്ചാലും അത് മനസ്സിലാകും. അവർ പറയുന്നത് പച്ചനെല്ലാണ് ഞങ്ങൾ വാങ്ങുന്നത് ഞങ്ങൾക്ക് മുതലാവുകയില്ല, നഷ്ടം വരും എന്നീ കാരണങ്ങൾ പറഞ്ഞ് 735 രൂപ വച്ച് ബില്ല് എഴുതുകയും അതിന്റെ ഹാന്റ്ലിംഗ് ചാർജ്ജസ് മേടിക്കുകയും ചെയ്യും.... യഥാർത്ഥത്തിൽ കൃഷിക്കാരന് 650 രൂപ വിലവച്ച് നൽകുകയും ചെയ്യുന്നു.... യഥാർത്ഥത്തിൽ എന്റെ മണ്ഡലത്തിൽ തന്നെ രണ്ടു മൂന്നു സംഘങ്ങൾ സംഭരിക്കുന്നത് നേരിട്ട് കണ്ട് മനസ്സിലാക്കിയ വ്യക്തിയാണ് ഞാൻ. പ്രഖ്യാപനം നടത്തുകയും കർഷകർക്ക് അതിന്റെ ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടെങ്കിൽ ഇവിടെ കാർഷിക മേഖലയിൽ ഉണർവുണ്ടാക്കി എന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. റബ്ബർ കർഷകരെക്കുറിച്ച് ഇവിടെ സംസാരിച്ച ചിലരെങ്കിലും സൂചിപ്പിച്ചു. എനിക്ക് ഇന്നുകിട്ടിയ ഒരു മറുപടിയുണ്ട്. റബ്കോയെയും അതുപോലതന്നെ വെയർ ഹൗസിംഗ് കോർപ്പറേഷനെയും റബ്ബർ സംഭരിക്കുവാൻ ചുമതലപ്പെടുത്തി. അവർ ചില സംഘങ്ങൾ വഴിയാണ് റബ്ബർ സംഭരിച്ചത്. പക്ഷെ പ്രസ്തുത സംഘങ്ങൾക്കൊന്നും 40 പൈസവച്ചുള്ള ഹാന്റ്ലിംഗ് ചാർജ്ജസ് കൊടുക്കുന്നില്ല. എന്തുകൊണ്ട് കൊടുക്കുന്നില്ലായെന്ന് ചോദിക്കുമ്പോൾ അവർ സംഘങ്ങൾ വഴിയാണ് സംഭരിച്ചത്, എങ്കിലും 'റബ്കോ'ക്ക് മാത്രമേ കൊടുക്കുവാൻ സംസ്ഥാനഗവൺമെന്റ് നിർദ്ദേശം കൊടുത്തുള്ളുവെന്നും അതുകൊണ്ടാണ് സംഘങ്ങൾക്ക് ഹാന്റ്ലിംഗ് ചാർജ് കൊടുക്കുകയില്ലായെന്നുമാണ് പറയുന്നത്. ഈ രീതിയിൽ കേരളത്തിലെ 8 ലക്ഷത്തിലധികം വരുന്ന റബ്ബർ കർഷകർ വലിയ പ്രതിസന്ധി നേരിടുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, റബ്ബർ കർഷകരുടെ കാര്യം പറയുമ്പോൾ ആ കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന റബ്ബർ പാലിനോ റബ്ബർ ഷീറ്റിനോ വില കിട്ടുന്നില്ലായെന്നതാണ്. ആവർത്തന കൃഷിക്കുവേണ്ടി റബ്ബർമരം വെട്ടിവിറ്റ് ആ കാശിൽനിന്നാണ് 2-ാം കൃഷി അല്ലെങ്കിൽ ആവർത്തന കൃഷി ചെയ്തുകൊണ്ടിരിക്കുന്നത്. ....ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ നേരത്തെ അത് കൊണ്ടുവന്നതാണ്. സെയിൽടാക്സ് (അമെന്റ്മെന്റ്) ബില്ലിൽ ടിംബറിന് 12 ശതമാനം ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നു. 12 ശതമാനം ടാക്സ് ഏർപ്പെടുത്തുമ്പോൾ അതിലൂടെ കഷ്ടത്തിലാകുന്നത് 8 ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരും 12,000-ഓളം വരുന്ന തടിമില്ലുകാരും അതോടൊപ്പം തന്നെ ആ തടിമില്ലുകളെ ആശ്രയിച്ചു ജീവിക്കുന്ന മൂന്നു ലക്ഷത്തോളം പ്രത്യക്ഷമായി ജോലി ലഭിക്കുന്ന തൊഴിലാളികളും, പരോക്ഷമായി ജോലി ലഭിക്കുന്ന 4 ലക്ഷത്തോളം വരുന്ന തൊഴിലാളികളുമാണ്. 20,000 ചെറുകിട വ്യവസായങ്ങൾ വരാൻ പോവുകയാണെന്ന് നേരത്തെ ഇവിടെ സൂചിപ്പിക്കുന്നതു കേട്ടു.

LIBRARY ARCHIVES Kerala Legislative Assembly

തടിമില്ലുകളെല്ലാം ചെറുകിട വ്യവസായങ്ങളാണ്. 12,000 -ഓളം വരുന്ന ചെറുകിട വ്യവസായങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ഒരു നിർദ്ദേശം വന്നിട്ടുണ്ട്. ഇക്കോ-പ്രിവെന്റഡ് ആയിട്ടുള്ള പാക്കിംഗ് കെയ്സുകൾ ആണ് റബ്ബർ തടികൊണ്ട് ഉണ്ടാക്കുന്നത്. അതുകൊണ്ട് ഇതിനെ പ്രോൽസാഹിപ്പിക്കണം. അതിനാവശ്യമായ എല്ലാ സഹകരണവും കൊടുക്കണമെന്നുപറഞ്ഞ് കേന്ദ്ര വ്യവസായ വകുപ്പിൽ നിന്നും സംസ്ഥാന വ്യവസായ വകുപ്പ് സെക്രട്ടറിക്ക് ഒരു കത്ത് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തടിക്ക് 12 ശതമാനം നികുതി ചുമത്തണമെന്നുള്ള തീരുമാനം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതേ രീതിയിൽ കാർഷിക മേഖലയിൽ നേരത്തെ സൂചിപ്പിച്ചതുപോലെ പെസ്റ്റിസൈഡ്സിനെ കഴിഞ്ഞവർഷം നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. പ്രത്യേകിച്ച് തുരിശ്. കേരളത്തിലെ റബ്ബർ കർഷകരും, കാപ്പി കർഷകരും ഏലം കർഷകരും വ്യാപകമായി ഉപയോഗിക്കുന്ന കീടനാശിനിയാണ് തുരിശ്. കേരളത്തിൽ അനേകം ചെറുകിട വ്യവസായങ്ങൾ ഉല്പാദിപ്പിക്കുന്ന ആ ഐറ്റത്തിന് 4 ശതമാനം ടാക്സ് ചുമത്തിക്കൊണ്ട് ഒരു നിർദ്ദേശമുണ്ട്. അത് പിൻവലിക്കുന്നത് കാർഷികമേഖലയോട് ചെയ്യാവുന്ന ഒരു വലിയ ആനുകൂല്യമാണ്. അതിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ സെയിൽസ് ടാക്സ് (അമെന്റ് മെന്റ്) ബില്ലിൽ അഗ്രിക്കൾച്ചർ ഇംപ്ലിമെന്റ് എന്നുപറയുന്ന ഐറ്റത്തിൽ റബ്ബർ പാൽ എടുക്കുന്നതിനുള്ള ചിരട്ടയെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പക്ഷെ ആ ചിരട്ട വയ്ക്കുന്നതിനുള്ള റബ്ബർറിംഗ്, അതിന്റെ ചില്ല് ഇതൊക്കെ ഉല്പാദിപ്പിക്കുന്നത് കുടിൽ വ്യവസായങ്ങളിലൂടെയാണ്. വലിയ വരുമാനമൊന്നുമില്ലാത്ത വെറും സാധാരണക്കാരായ ആളുകൾ ഉല്പാദിപ്പിക്കുന്ന, വെറും കുടിൽ വ്യവസായത്തിൽ ഉൽപാദിപ്പിക്കുന്ന ഇതുപോലുള്ള ഐറ്റങ്ങളെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ അനേകായിരം പൗൾട്രി ഫാർമേഴ്സുണ്ട്. ഹാച്ചറീസിനെ നികുതിയിൽ നിന്നും ഒഴിവാക്കാൻ നിർദ്ദേശമുണ്ടായിരുന്നു. പക്ഷെ ആ നികുതി നിർദ്ദേശം ഒഴിവാക്കിയിരിക്കുന്നു. നിർദ്ദേശത്തിലെ വാചകത്തിൽ 'Poultry farmers including hatcheries in the State' ഒഴിവാക്കിയെന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് വരുന്ന ദൃഷ്യം കേരളത്തിന് വെളിയിലെ ഹാച്ചറി ഉടമകൾ കേരളത്തിൽ വന്ന് പൗൾട്രി ഫാം നടത്തുന്നതായി കാണിച്ചുകൊണ്ട് നികുതി ഒഴിവ് ആനുകൂല്യമെടുക്കുന്ന സാഹചര്യമുണ്ട്. ഈ ഉത്തരവിൽ മാറ്റം വരുത്തിക്കൊണ്ട് 'Poultry farmers in the State in sale of chicken' എന്നും ' Hatcheries in the sale of chicks'... എന്നും പുതിയ രൂപത്തിൽ കൊണ്ടു വരണം. ഹാച്ചറീസിൽ ചിക്സ് മാത്രം വിൽക്കുകയും പൗൾട്രി ഫാമിൽ ചിക്കൻ വിൽക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകണം. അങ്ങനെ എല്ലാവർക്കും ഈ ആനുകൂല്യം കൊടുക്കുന്നുവെന്ന് വന്നാൽ മാത്രമേ പ്രയോജനമുള്ളൂ. അല്ലെങ്കിൽ കേരളത്തിലെ പൗൾട്രി ഫാർമേഴ്സ് കഷ്ടത്തിലാകും. അതിനുള്ള നടപടി ഉണ്ടാകണം. മറ്റൊരുകാര്യം പറയാനുള്ളത് ഖാദി യൂണിറ്റുകളെക്കുറിച്ചാണ്. ഖാദി ബോർഡിന്റെ യൂണിറ്റുകളെ സംബന്ധിച്ച് ഇന്നും ഇന്നലെയുമൊക്കെ വളരെ വിശദമായി പലരും സൂചിപ്പിച്ചതാണ്. ഖാദി ബോർഡ് യൂണിറ്റുകൾക്ക് നികുതി ഒഴിവ് ലഭിച്ചു കൊണ്ടിരുന്നതാണ്. വളരെ ചെറിയ തോതിൽ നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റുകൾക്ക് ഇതുവരെ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ 21 ഐറ്റങ്ങളൊഴിച്ച് ബാക്കിയുള്ളതിനൊക്കെ ഇപ്പോൾ നികുതി ചുമത്തുന്ന സാഹചര്യമുണ്ടായിരിക്കുന്നു. അതുകൂടി ഒഴിവാക്കി അവർക്ക് ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ സംസ്ഥാനത്തിന്റെ പുരോഗമനത്തിന് കാര്യമായി ഒന്നും ചെയ്യാൻ കഴിയാത്ത ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ ബഡ്ജറ്റിനെ പിൻതാങ്ങുന്നു. ദുർബ്ബലസ്പർശമായിട്ടുള്ള ഒരു ബഡ്ജറ്റാണിത്. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നിലവിലുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്ന ഒരു ബഡ്ജറ്റാണ്. അതുപോലെ തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുന്നതിനും കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കുന്നതിനും വളരെ സാമ്പത്തിക ഞെരുക്കങ്ങൾക്കു നടുവിലും ഈ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിച്ചിട്ടുണ്ട്. അതുപോലെ 50 വയസ്സിൽ കൂടുതലുള്ള അവിവാഹിതരായിട്ടുള്ള സ്ത്രീകൾക്ക് പെൻഷൻ കൊടുക്കുവാൻ ഇതിൽ നിർദ്ദേശമുണ്ട്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ പുരുഷൻമാർക്കുകൂടി പെൻഷൻ കൊടുക്കണമെന്ന ആവശ്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ് ?

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : എന്റെ അഭിപ്രായത്തിൽ സാമ്പത്തിക അടിസ്ഥാനത്തിൽ, സാമ്പത്തികമായി താഴെയ്ക്കിടയിലുള്ള അവിവാഹിതരായിട്ടുള്ള സ്ത്രീകൾക്കും പുരുഷൻമാർക്കും ഇത് ഏർപ്പെടുത്തണം എന്നുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കിടയിൽ തുരുത്തുപോലെ കേരളം ഒറ്റപ്പെട്ടു നിൽക്കുകയാണ്. ഇറക്കുമതിയുടെ എല്ലാ നിയന്ത്രണങ്ങളും എടുത്തുകളയുകയും ചെയ്തു. ഇറക്കുമതി ചുങ്കം കുറയ്ക്കുകയും കയറ്റുമതി തീരുവ വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് രാജ്യത്തെ പാപ്പരീകരിക്കുന്ന, കാർഷിക വ്യാവസായിക മേഖലയെ തകർക്കുന്ന സമീപനമാണ് മുമ്പ് കോൺഗ്രസ് സർക്കാർ സ്വീകരിച്ചിരുന്നതുപോലെ ഇപ്പോൾ ബി.ജെ.പി. മുന്നണി സർക്കാരും സ്വീകരിച്ചിട്ടുള്ളത്. റേഷൻ സബ്സിഡി എടുത്തുകളഞ്ഞുകൊണ്ട് റേഷൻവില വർദ്ധിപ്പിക്കുന്ന കേന്ദ്ര സർക്കാർനയം, റേഷൻവില ഉയർത്താതെ നിലനിർത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റിനു ഏതാണ്ട് 200 കോടിയിലധികം രൂപ കണ്ടെത്തേണ്ടതുണ്ട്. കേന്ദ്ര വിഹിതമായി കേരളത്തിന് ലഭിക്കുന്ന വിഹിതത്തിൽ 531 കോടി രൂപയുടെ കുറവാണ് വന്നിട്ടുള്ളത്. ശമ്പള പരിഷ്ക്കരണത്തിലൂടെ 150 കോടിരൂപയുടെ അധിക ബാധ്യത സംസ്ഥാന സർക്കാരിന് ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. സാമ്പത്തിക ഭദ്രതയുള്ള സംസ്ഥാനങ്ങൾ പോലും ശമ്പള പരിഷ്ക്കരണത്തിന് തയ്യാറാകാത്ത സാഹചര്യത്തിലാണ് പണിയെടുക്കുന്ന ജനവിഭാഗങ്ങളോടുള്ള ഈ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കിക്കൊണ്ട് ഈ നടപടിക്ക് ഗവൺമെന്റ് തയ്യാറായിട്ടുള്ളത്. തദ്ദേശസ്വയംഭരണ മേഖലയിൽ നൽകുന്ന 40 ശതമാനം പദ്ധതി വിഹിതം അതിൽ 70 ശതമാനവും ഉല്പാദന മേഖലകളിലാണ് എന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. 40 ശതമാനം നൽകിയതിനുശേഷവും ഉല്പാദന

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ ഈ ഗവൺമെന്റ് ചെലവഴിക്കുന്ന തുക ഓരോ വർഷവും കൂടുന്നു എന്നുള്ളത് എടുത്തു പറയേണ്ട കാര്യമാണ്. വിവര സാങ്കേതിക വിദ്യയുടെ വ്യാപനം ആധുനിക സമൂഹത്തിൽ ഏതൊരു ഗവൺമെന്റും പ്രതിബദ്ധതയോടുകൂടി നടപ്പാക്കേണ്ട കാര്യമാണ്. കമ്പ്യൂട്ടർ ട്രെയിനിംഗ് ഗ്രാമതലത്തിൽ എത്തിക്കുന്നതിനും കമ്പ്യൂട്ടർ ഡിസൈനുകളുടെ വ്യാപനത്തിനു സംയുക്ത സംരംഭം ഏർപ്പെടുത്താനും നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ടൂറിസം മേഖല, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ പുരോഗതിക്ക് തീരദേശ മലയോര മേഖലകളെ പ്രയോജനപ്പെടുത്തികൊണ്ട് മുന്നോട്ടുപോകാൻ കഴിയുന്ന ഒരു മേഖലയാണ്. 46 കോടി രൂപ ഇതിനു വേണ്ടി മാറ്റിവച്ചിരിക്കുന്നു. കഴിഞ്ഞ വർഷത്തെക്കാൾ 28 ശതമാനം കൂടുതലാണ് ഇതെന്ന് നമുക്ക് കാണാൻ കഴിയും. ഇത് ഞാൻ പറയുമ്പോൾ എല്ലാ അർത്ഥത്തിലും എല്ലാ പ്രദേശങ്ങളെയും പൂർണ്ണമായി ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് പറയേണ്ടതായിട്ടുണ്ട്. തീരദേശങ്ങളിൽ തത്തിക്കളിക്കുന്ന ഒരു ടൂറിസം വികസനമാണോ ഈ ബഡ്ജറ്റിലൂടെ ലക്ഷ്യമാക്കുന്നത് എന്ന് ഞാൻ സംശയിക്കുന്നു. മലയോര മേഖലയ്ക്ക് വേണ്ടത്ര പരിഗണനയില്ല പ്രത്യേകിച്ച് എന്റെ നിയോജക മണ്ഡലത്തിൽപ്പെടുന്ന എത്രയോ സ്ഥലങ്ങളുണ്ട്. ഇടവീഴാപുഞ്ചിറ, പാൽക്കുളമേട്, കല്യാണത്തട്ട് ഉൾപ്പെടെയുള്ള ടൂറിസം മാപ്പിൽതന്നെ സ്ഥാനം പിടിക്കുവാൻ കഴിയുന്ന നിരവധി സ്ഥലങ്ങൾ ഉണ്ടായിട്ടും ആ കാര്യങ്ങളെക്കുറിച്ച് ഒരു പരിഗണനയും ഉണ്ടായിട്ടില്ല എന്നുള്ളത് ദു:ഖകരമാണ്. കൊല്ലം-തൃശ്ശൂർ മുൻസിപ്പാലിറ്റികൾ കോർപ്പറേഷൻ ആക്കുവാൻ പോകുകയാണ്. കൊല്ലം, തൃശ്ശൂർ വികസന അതോറിറ്റിക്ക് 2.65 കോടിരൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുപോലെ ട്രിഡയ്ക്കും ജി.സി.ഡി.എ.ക്കും അവരുടെ പദ്ധതികൾ നടപ്പാക്കുവാൻ വേണ്ടി നാലരക്കോടിരൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. എല്ലാ മേഖലയിലും ഈ മനോഭാവം വേണ്ടേ ? ഇടുക്കി ഡവലപ്മെന്റ് അതോറിറ്റി എത്രയോ വർഷമായി രൂപീകരിച്ചിട്ട്. ആയിരം ഏക്കർ വനഭൂമി ഇപ്പോൾ ഐ.ഡി.എ. യ്ക്ക് ലഭ്യമായിട്ടുണ്ട്. പക്ഷെ ആ അതോറിറ്റിക്ക് പ്രവർത്തിക്കുവാൻ കഴിയുന്നില്ല. കൊല്ലം, തൃശ്ശൂർ വികസന അതോറിറ്റിക്ക് 2.65 കോടി രൂപയും ട്രിഡയ്ക്കും ജി.സി.ഡി.എ.ക്ക് നാലരക്കോടിരൂപ നീക്കിവച്ചപ്പോൾ ഒരു ലക്ഷം രൂപയെങ്കിലും ഐ.ഡി.എ.ക്ക് നീക്കിവയ്ക്കുവാനുള്ള മനസ്സ് ഉണ്ടാകാതെ പോയത് ദു:ഖകരമാണ്. പറയാതിരിക്കുവാൻ കഴിയുന്നില്ല. വികസന രംഗത്ത് ഞങ്ങൾക്ക് ഒട്ടും മുൻപോട്ടു പോകുവാൻ കഴിയുന്നില്ല. ഒരു പ്രൈവറ്റ് ബസ്സ്റ്റാന്റുപോലും നിർമ്മിക്കുവാൻ കഴിയാത്ത സ്ഥിതിയിൽ ഐ.ഡി.എ. നിൽക്കുകയാണ്. ഞങ്ങൾ എല്ലാക്കാലത്തും ഈ അവഗണന അനുഭവിക്കണമെന്നാണ് കരുതുന്നതെങ്കിൽ ദു:ഖകരമാണ്. മൈത്രി ഭവന പദ്ധതിയിൽപ്പെടുത്തി 33,000 വീടുകൾക്ക് 30 കോടിരൂപ നീക്കി വച്ചിരിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു സംരംഭമാണ്. അതിനെ ഞാൻ അനുകൂലിക്കുകയാണ്. ലക്ഷം വീടുകളുടെ പ്രശ്നം നിരവധി തവണ ഞാൻ ഈ സഭയിൽ പറഞ്ഞിട്ട് ത്രിതല പഞ്ചായത്തുകൾ വഴി ലക്ഷം വീടുകൾ പുനഃരുദ്ധരിപ്പിക്കുന്നു എന്ന വാദം ഉണ്ടാകാം. പക്ഷെ ഞാൻ പറയുന്നു സംസ്ഥാന അടിസ്ഥാനത്തിൽ ഒരു പ്രോജക്ട് ഉണ്ടാക്കി അതിനു പണം കണ്ടെത്തി ഈ ലക്ഷം വീടുകൾ പുനരുദ്ധരിപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അത്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റിന്റെ മുഖത്തെ കറുത്ത പാടായി എക്കാലവും നിൽക്കും എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വൈദ്യുതി രംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി രംഗത്ത് കഴിഞ്ഞ ഗവൺമെന്റുകളെക്കാൾ 845 മെഗാവാട്ട് അധിക ഉൽപാദനശേഷി ആർജ്ജിക്കുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. ഞാൻ അതിലേയ്ക്ക് ദീർഘമായി പോകുന്നില്ല. ഈ ഗവൺമെന്റിന് റേഷൻ സബ്സിഡിയുടെ കാര്യത്തിൽ വലിയ ഞെരുക്കം അനുഭവപ്പെടാൻ പോവുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയംമൂലം റേഷൻ സബ്സിഡി വെട്ടിക്കുറയ്ക്കുകയും അരിയുടെ വില വർദ്ധിക്കുകയും ചെയ്തുകൊണ്ട് ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ഞെക്കിപ്പിഴിയുമ്പോൾ അതിനെ നേരിടാൻ നമുക്ക് കഴിയണം. അതിന് 39 കോടി രൂപ തികയുമോയെന്ന് സംശയമുണ്ട്. അക്കാര്യത്തെക്കുറിച്ച് കൂടുതൽ ഗൗരവമായി ചിന്തിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. വിദ്യാഭ്യാസ രംഗത്ത് നാം വലിയ ഭാരിച്ച ബാധ്യത ഏറ്റെടുത്തുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. പ്ലസ്ടു സ്കൂളുകൾ പൂർണ്ണമായി വരുമ്പോൾ അതിലൂടെ നാം ഏറ്റെടുക്കേണ്ടി വരുന്ന സാമ്പത്തിക ബാധ്യത, അതും ഈ ബഡ്ജറ്റിൽ ശരിയായി നിഴലിക്കുന്നില്ല എന്നാണ് എന്റെ അഭിപ്രായം. ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തും ത്രിതല പഞ്ചായത്തുകൾക്ക് ഓരോ പഞ്ചായത്തിലുമുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം കൊടുക്കണം. നമ്മുടെ സ്കൂളുകളും ആശുപത്രികളും വേണ്ടത്ര നന്നായി പ്രവർത്തിക്കുന്നില്ല. പക്ഷെ ആ കാര്യങ്ങളിലും നമുക്ക് വേണ്ടത്ര പരിഗണന കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഗതാഗതവകുപ്പിന്റെ കാര്യത്തിൽ, 1,200 ബസ് ഇറക്കുവാൻ പോകുന്നു. അതു നല്ല കാര്യമാണ്. 120 കോടി രൂപ അതിനുവേണ്ടി കണ്ടെത്തണം.

<u>ശ്രീ. ജോണി നെല്ലൂർ</u> : 1999-2000 വർഷത്തെ ബഡ്ജറ്റിൽ 919.15 കോടി രൂപ വകയിരുത്തിയപ്പോൾ ഈ പ്രാവശ്യം 697 കോടി രൂപ മാത്രമാണ് ആരോഗ്യരംഗത്തേയ്ക്ക് വകയിരുത്തിയിരിക്കുന്നത് എന്നുള്ളകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീ. പി. പി. സുലൈമാൻ റാവുത്തർ</u> : ത്രിതല പഞ്ചായത്തുകളുടെ ഭാഗമായി ജില്ലാ ആശുപത്രികൾ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ സാഹചര്യത്തിൽ ആശുപത്രികളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും കാര്യം പ്രത്യേകമായി പരിഗണിക്കണമെന്നാണ് എന്റെ അഭിപ്രായം. 1200 ബസ്സുകൾ വാങ്ങുന്നതു നല്ലതാണ്. ബസ്സുകൾ വാങ്ങിയാൽ അവ കയറ്റിയിടാൻ സ്ഥലം വേണ്ടേ ? ബസ് ഓടിക്കുന്ന ഡ്രൈവർമാർക്കും അതിലെ മറ്റു ജീവനക്കാർക്കും വിശ്രമിക്കാൻ സൗകര്യം വേണ്ടേ ? അവർക്ക് കിടന്നുറങ്ങാൻ സൗകര്യം വേണ്ടേ ? കെ.എസ്.ആർ.ടി.സി-യുടെ വർക്കുഷോപ്പുകൾ കമ്പ്യൂട്ടറൈസ് ചെയ്യുമെന്നാണ് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ വളരെ ക്ലേശകരമായ ജോലി ചെയ്യുന്ന ഡ്രൈവർമാരും കണ്ടക്ടർമാരും ഉറക്കമിളച്ച് പത്തും ഇരുപതും മണിക്കൂർ ഒരുമിച്ച് പണിയെടുത്ത് ഡിപ്പോകളിൽ തിരിച്ചെത്തുമ്പോൾ ആ ജീവനക്കാർക്ക് തല ചായ്ക്കാനിടമില്ല എന്നതാണ് യഥാർത്ഥ സ്ഥിതി. പല ഡിപ്പോകളിലും ഡ്രൈവർമാരും കണ്ടക്ടർമാരും കിടന്നുറങ്ങുന്നത്

LIBRARY ARCHIVES Kerala Legislative Assembly

സർപ്പങ്ങളോടൊപ്പമാണ്. പാമ്പുകൾ ഇഴയുന്ന സ്ഥലത്താണ്. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഇപ്പോൾ ബസ്സുകൾ കയറുന്നില്ല, എന്താണെന്നു വച്ചാൽ ആ ഗ്രൗണ്ട് കുണ്ടും കുഴിയുമായി കിടക്കുകയാണ്. അവയുടെ സ്പെയർ പാർട്ട്സുകൾ നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് മുമ്പ് ഈ കാര്യങ്ങളൊക്കെ ഗൗരവമായി ആലോചിക്കണമെന്ന അഭിപ്രായമുണ്ട്. ഈ ബഡ്ജറ്റ് തയ്യാറാക്കിയത് വളരെ ഗൗരവത്തോടുകൂടിയാണോ എന്ന അഭിപ്രായം എനിക്കുണ്ട്. കാരണം, ഒരേ പദ്ധതി തന്നെ ഒന്നിലേറെ തവണ ആവർത്തിച്ച് വരുന്നുണ്ട്. അതാണ് ഇവിടെ സൂചിപ്പിച്ചത്. എസ്റ്റിമേറ്റ് എമൗണ്ടിന്റെ (20 ശതമാനം) അഞ്ചിലൊന്നുണ്ടെങ്കിൽ മാത്രമേ വർക്ക് ടെണ്ടർ ചെയ്തു നടപ്പാക്കാൻ കഴിയുകയുള്ളൂ. അല്ലാതെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ട് പ്രയോജനമില്ല. വർക്ക് ടെണ്ടർ ചെയ്ത് നടപ്പാക്കുമ്പോഴല്ലേ പ്രയോജനമുള്ളൂ. ഇടുക്കി കളക്ടറേറ്റ് കെട്ടിടത്തിന് അടങ്കൽ തുക ആറ് കോടി തൊണ്ണൂറ്റിനാലു ലക്ഷം രൂപയാണ്. അതു ടെണ്ടർ ചെയ്തു നടപ്പാക്കണമെങ്കിൽ ഒരു കോടി മുപ്പത്തിയെട്ടു ലക്ഷം രൂപ വേണം. അതിന് പത്തൊമ്പതു ലക്ഷത്തി എഴുപത്തിമൂവായിരം രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്. കെട്ടിടം പണിയാൻ കഴിയുമോ ? പക്ഷെ ചില സ്ഥലങ്ങളിൽ ചില വൈരുദ്ധ്യങ്ങൾ കാണുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇടുക്കി കളക്ടറേറ്റ് അടക്കം ഇടുക്കി ജില്ലയുടെ ആസ്ഥാനത്ത് കിട്ടേണ്ട പ്രാധാന്യം വളരെ കുറഞ്ഞു കൊണ്ടിരിക്കുമ്പോൾ ഇടുക്കി ജില്ലയ്ക്ക് വരാൻ പോകുന്ന മെഡിക്കൽ കോളേജ് പോലും ആ ജില്ലാ ആസ്ഥാനത്തു നിന്നു പോകുന്നു എന്ന് കേൾക്കുന്നത് ശരിയാണോ ? അതിൽ അങ്ങയുടെ അഭിപ്രായം എന്താണ് ?

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : ഇടുക്കി ജില്ലാ ആസ്ഥാനം കഴിഞ്ഞ കാലങ്ങളേക്കാൾ കൂടുതൽ പ്രാധാന്യം നേടിവരികയാണ്. ഇടുക്കി ജില്ലയിലേയ്ക്ക് വരുമെന്നു പ്രതീക്ഷിക്കാതിരുന്ന മെഡിക്കൽകോളേജ് ഇടുക്കിയിലേയ്ക്ക് വരാൻ പോകുകയാണ്. അതുകൊണ്ട് ആ കാര്യത്തിൽ ആശങ്ക വേണ്ട. തൊടുപുഴ വിദ്യാഭ്യാസ കോംപ്ലക്സിന് അടങ്കൽ തുക 30 ലക്ഷം രൂപയാണ്. ആറ് ലക്ഷം രൂപയുണ്ടെങ്കിൽ ടെണ്ടർ ചെയ്യാം. പക്ഷെ ബഡ്ജറ്റിൽ കൊടുത്തിരിക്കുന്നത് 16,43,000 രൂപയാണ്. ഈ ബഡ്ജറ്റിലെ വൈരുദ്ധ്യങ്ങൾ പല സ്ഥലത്തും കാണാൻ കഴിയുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ വളരെ വേദനാജനകമായ സ്ഥിതിയാണ്. ഞാൻ അത് ഇനിയും പറഞ്ഞിട്ട് പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. കുറേ കാലമായി പറയുന്നതാണ്. ഇടുക്കി കളക്ടറേറ്റ് കെട്ടിടത്തിന്റെ കാര്യമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ഉണ്ടായിരുന്ന വർക്കുകൾ ഈ വർഷം നഷ്ടപ്പെടുകയാണ്. രാജാക്കാട്-മുല്ലക്കാനം-എല്ലയ്ക്കൽ റോഡിന് 25 ലക്ഷം രൂപയുണ്ടായിരുന്നത് ഈ വർഷം അതിന് ഒരു ലക്ഷം രൂപയായി. കല്ലാർകുട്ടി-മയിലാടുമ്മൽ റോഡിന്റെ ഭാഗമായി കമ്പിളിക്കണ്ടം, മുനിയറ, തിങ്കൾക്കാട് റോഡിന് 35 ലക്ഷം രൂപയുണ്ടായിരുന്നത് 27 ലക്ഷം രൂപയായി. തങ്കമണി-നീലിവയൽ-പ്രകാശ് റോഡിന് കഴിഞ്ഞ വർഷം 25 ലക്ഷം രൂപയുണ്ടായിരുന്നത് ഇപ്പോൾ രണ്ടു ലക്ഷം രൂപയായി. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലായി വായിക്കുന്നില്ല. അത് ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രി ശ്രദ്ധിക്കണം 1983-ൽ എ.എസ്സും, എസ്.എസ്സും കിട്ടിയ കട്ടപ്പന ഗവൺമെന്റ് കോളേജ് ഇന്നും പണിയാൻ കഴിഞ്ഞിട്ടില്ല. ബഡ്ജറ്റിൽ മതിയായ വിഹിതം ലഭിക്കാത്തതുകൊണ്ടാണ്.

ശ്രീ. ബി. വിജയകുമാർ : അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനില്ലാതെ പൊതുമരാമത്തു വകുപ്പിൽ ഇന്ന് വർക്കുകൾ ടെന്റർ ചെയ്യുന്നു എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ? എ.എസ്. ഇല്ലാത്ത വർക്ക് ബഡ്ജറ്റ് പ്രൊവിഷനില്ലാതെ ടെന്റർ ചെയ്യുന്നുണ്ട്.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : ആ കാര്യം പരിശോധിക്കേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ കുറേക്കൂടി ഗൗരവപൂർണ്ണമായ സമീപനമുണ്ടാകേണ്ടതുണ്ട്. ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ച എന്നുപറയുമ്പോൾ അത് വെറും അപദാനങ്ങളായി മാറുന്നത് ശരിയാണെന്ന അഭിപ്രായം എനിക്കില്ല. അതുപോലെ അടച്ചാക്ഷേപിക്കുന്ന നിലയിലുള്ള വിമർശനങ്ങളുണ്ടാകുന്നതും ശരിയാണെന്ന അഭിപ്രായം എനിക്കില്ല. ബഡ്ജറ്റിന്റെ നന്മകളെ ഞാൻ പൂർണ്ണാംശത്തിൽ ഉൾക്കൊള്ളുന്നു. പക്ഷെ ഞാൻ ഉന്നയിച്ച പ്രശ്നങ്ങൾ ഒരു ജനവിഭാഗത്തിന്റെ നൊമ്പരമാണ് ; ഒരു പ്രദേശത്തിന്റെ വേദനയാണ്. ആ രീതിയിൽ അതിനെ ഉൾക്കൊള്ളാൻ കഴിയുമെങ്കിൽ ഏറ്റവുമടുത്ത് ലഭിക്കുന്ന അവസരത്തിലെങ്കിലും അത് പരിഹരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, ഒരു അമച്വർ അക്കൗണ്ടിന്റെ കണക്കു പുസ്തകമെന്നതിൽ കവിഞ്ഞ് വലിയ പ്രാധാന്യം ഞാൻ ഈ സംസ്ഥാന ബഡ്ജറ്റിൽ കാണുന്നില്ല. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. കാരണം, വളരെ നിഗൂഢമായിട്ടുള്ള ഒരു രാഷ്ട്രീയ ഹിഡൻ അജണ്ട അദ്ദേഹം ഈ ബഡ്ജറ്റിൽ ഒളിപ്പിച്ചുവച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ചെറിയ ചർച്ചകളൊക്കെ ഇവിടെ നടന്നു. സമയം കിട്ടുകയാണെങ്കിൽ ഞാനും അതിനെക്കുറിച്ച് പറയാം. ഈ ബഡ്ജറ്റിന്റെ മറ്റു ചില കാര്യങ്ങളിലേക്ക് കടക്കുന്നതിന് മുമ്പ് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം അവതരിപ്പിച്ച അഞ്ച് ബഡ്ജറ്റ് പ്രസംഗവും എന്റെ കയ്യിലുണ്ട്. 1996 മാർച്ച് എട്ടാം തീയതി അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗം എന്റെ കയ്യിലുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം 10,170 കോടി രൂപ വരവും 12,121 കോടി രൂപ ചെലവുമാണ്. ഇത് സംബന്ധിച്ച് അദ്ദേഹം 67-ാമത്തെ പേജിൽ പറഞ്ഞിട്ടുണ്ട്. റവന്യൂ കമ്മി 1951 കോടി രൂപയാണ്. പൊതു അക്കൗണ്ടിൽ നിന്ന് എടുത്തതും പുറത്ത് നിന്നുള്ള കടംകൊണ്ടുമാണ് 194 കോടി രൂപയായി ബഡ്ജറ്റിൽ ചുരുക്കിയിരിക്കുന്നത്. ഇത് മറ്റുള്ളവരുടെ കയ്യിലുള്ള പണം കടം വാങ്ങിയും മുതലെടുത്ത് വിറ്റുമാണ് ഈ കമ്മി നികത്തിയിരിക്കുന്നത്. ഈ കെണിയിൽ നിന്ന് സംസ്ഥാനത്തെ രക്ഷിക്കാനുള്ള ദീർഘകാല പദ്ധതികളോ മുൻഗണനാക്രമമനുസരിച്ചുള്ള ഊന്നലുകളോ ഇല്ല എന്നതാണ് ഈ ബഡ്ജറ്റിനെ

LIBRARY ARCHIVES Kerala Legislative Assembly

വെറുമൊരു അമചർ അക്കൗണ്ടിന്റെ കണക്കുപുസ്തകമാക്കിയിട്ടുള്ളത്. ബഹു മാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് 69-ൽ 222-ാമത്തെ പാരഗ്രാഫിൽ പറയുന്ന ഒരു വാചകം ഞാൻ വായിക്കാം. 'ബഡ്ജറ്റുകൾ അത് അവതരിപ്പിക്കുന്ന അക്കങ്ങളെക്കാൾ വ്യാപ്തിയുള്ളവയാണ്. ബഡ്ജറ്റിനെ വളർച്ചയ്ക്കുള്ള മൂർച്ചയേറിയ പ്രേരക ശക്തിയായി ഉപയോഗിക്കണ മെന്നും' പറയുന്നു. അങ്ങനെ പറയുന്ന ധനകാര്യ വകുപ്പുമന്ത്രിക്ക് ആ വഴിക്ക് എന്തുചെയ്തു എന്ന് ജനങ്ങളെ അറിയിക്കാനുള്ള ഉത്തരവാദിത്വം ഉണ്ട്. 1998-99-ൽ ബഡ്ജറ്റിൽ ആ വർഷത്തെ റവന്യൂ കമ്മി 945 കോടി രൂപയായിരിക്കു മെന്നു പറഞ്ഞ സ്ഥലത്ത് അത് 1,604 കോടി രൂപയിലെത്തി. ഈ മാർച്ച് അവസാനിക്കുന്ന വർഷത്തിലെ റവന്യൂ കമ്മി 1,951 കോടി രൂപയായിരിക്കു മെന്നാണ് കഴിഞ്ഞ വർഷത്തെ പ്രഖ്യാപനം. പക്ഷെ അത് 2,481 കോടി രൂപയായിരിക്കുന്നു. റവന്യൂ വരവ് കുറഞ്ഞു. ചെലവ് കൂടി. സാമ്പത്തിക മാനേജുമെന്റിൽ കേരളം മികച്ച പ്രകടനമാണ് നടത്തിയതെന്ന് ധനകാര്യവകുപ്പ് മന്ത്രിയുടെ അവകാശവാദം ഇവിടെ അദ്ദേഹത്തിന് തന്നെ അംഗീകരിക്കാൻ കഴിയുമോ ? അദ്ദേഹത്തിന്റെ പ്രസംഗത്തിലെ 5-ാം പേജിൽ 7-ാമത്തെ പാര ഗ്രാഫിൽ ഇങ്ങനെ പറയുന്നുണ്ട്. 'റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 1999-ലെ "Handbook of statistics on Indian Economy" എന്ന പ്രസിദ്ധീകരണത്തിലെ കണക്കുകളെക്കാൾ ഒരുപക്ഷേ മറ്റൊന്നിനും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ നന്നായി സാക്ഷ്യപ്പെടുത്താൻ കഴിയുന്നില്ല. ഈ അവലോകനമനുസരിച്ച് 1998 അവസാനം കേരളം സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ 5-ാം സ്ഥാനത്ത് നിൽക്കുന്നു.' അതിനെത്തുടർന്ന് അദ്ദേഹം രണ്ട് മൂന്ന് സെന്റൻസുകൂടി പറയുന്നുണ്ട്. ഒരു കാര്യമുണ്ട്, ഈ സാമ്പത്തിക മാനേജുമെന്റ് ആ നിലയിലേക്കെത്തിയെങ്കിൽ വളരെ വ്യക്തമാണല്ലോ, അദ്ദേഹത്തിനുമാത്രമുള്ള ക്രഡിറ്റല്ല. അതിന് തൊട്ടു മുൻപിരുന്ന ഗവൺമെന്റിന്റെ സാമ്പത്തിക രംഗത്തെ ഭംഗിയായിട്ടുള്ള പ്രവർത്തനവും ആ ഗവൺമെന്റ് അവലംബിച്ചുപോന്ന നടപടിയുംമൂലമാണ് ഈ സ്ഥിതിയിലെത്താൻ കഴിഞ്ഞത്. അതിന് മുൻപുള്ള മൂന്നുവർഷമെടുത്ത് പരിശോധിച്ചാൽ കേരളത്തിന്റെ സാമ്പത്തിക മാനേജുമെന്റ് വളരെ നന്നായിരുന്നു എന്ന് പ്രകടമാകുന്നുണ്ട്. 1996 മാർച്ച് 8-ാം തീയതി അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി, ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിലെ 55-ാമത്തെ പാരഗ്രാഫിൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. ചാരായം നിരോധിക്കാനുള്ള തീരുമാനം വഴി 300 കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടായിട്ടുണ്ടെങ്കിലും 1996-97-ലേയ്ക്കുള്ള എന്റെ ബഡ്ജറ്റിൽ 28.67 കോടി രൂപയുടെ കമ്മി മാത്രമേ കാണുന്നുള്ളൂ. സാമ്പത്തിക മാനേജുമെന്റ് കൊണ്ടും വിഭവ സമാഹരണത്തിലൂടെയും കുറവ് നികത്തിയതായി അദ്ദേഹം പറഞ്ഞിരിക്കുന്നു. അതിനുശേഷം പ്രഖ്യാപിച്ചിട്ടുള്ള ബഡ്ജറ്റുകളെല്ലാം പരിശോധിച്ചാൽ ഞാൻ ആദ്യം ഇവിടെ സൂചിപ്പിച്ചതുപോലെ ഈ വർഷത്തെ ഡെഫിസിറ്റ് 193.70 കോടി രൂപയിലേയ്ക്ക് വന്നെത്തി നിൽക്കുന്നു. ഇതിൽത്തന്നെ മറ്റൊരു പ്രത്യേകത എന്താണ് ? ബഡ്ജറ്റിൽ വളരെയധികം ഡിക്ളറേഷൻസ് നടത്തും. ഈ നടത്തുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നുണ്ടോ ? ഇവിടെത്തന്നെ ചില ആളുകൾ സൂചിപ്പിച്ചു. പി.ഡബ്ല്യു.ഡി., ഇറിഗേഷൻ തുടങ്ങി പല ഡിപ്പാർട്ടുമെന്റുകളിലെയും

LIBRARY ARCHIVES Kerala Legislative Assembly

കരാറുകാർക്ക് കൊടുക്കേണ്ട തുക കൊടുത്തിട്ടില്ല. പിന്നെ മറ്റൊന്ന് എന്താണ് ? പല ഡിപ്പാർട്ട്മെന്റുകളിലും പലതും ചെയ്യേണ്ടതിന് ഗവൺമെന്റ് സാമ്പത്തിക ബാൻ ഇഷ്യൂ ചെയ്തിരിക്കുകയാണ്. ഈയർ എൻഡാകുമ്പോൾ എക്സ്പെൻഡിച്ചർ ഉണ്ടാകാതിരിക്കാൻ വേണ്ടി ഒട്ടേറെ നിയന്ത്രണങ്ങൾ ട്രഷറിക്ക് ഏർപ്പെടുത്തിയതിനു ശേഷമാണ് ഗവൺമെന്റ് ഈ 194 കോടിയിലേക്ക് കൊണ്ടെത്തിച്ചുനിർത്താൻ പോകുന്നത്. അങ്ങനെ വരുമ്പോൾ തന്നെ നമ്മുടെ സംസ്ഥാനത്തെ സ്ഥിതിയെന്താണ് ? ധനകാര്യവകുപ്പു മന്ത്രി എന്റെ പ്രസംഗം കേൾക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇവിടത്തെ വർക്കിനെ സംബന്ധിച്ചുള്ള ബഡ്ജറ്റാണ് വോളിയം-I. അതിൽ രാഷ്ട്രീയ വിവേചനം പ്രകടമായി കാണിക്കുന്നത് ഒരിക്കലും ശരിയല്ല. വോളിയം I-ൽ കണ്ണൂർ, പാലക്കാട്, ഇടുക്കി ജില്ലയുടെ തൊടുപുഴ ഭാഗങ്ങൾ, ആലപ്പുഴയിലെ കുട്ടനാട് എന്നിവിടങ്ങളിൽ മാത്രമായിട്ടാണ് വർക്കുകൾ മുഴുവൻ കോൺസൻട്രേറ്റ് ചെയ്തിരിക്കുന്നത്. അത് ശരിയാണോയെന്ന് മന്ത്രി പരിശോധിക്കണം. അവിടെ എന്തുമാത്രം പണമാണ് കൊടുത്തിരിക്കുന്നത് ? ഇതിൽത്തന്നെ സി.പി.ഐ.യിലെ എം.എൽ.എ.മാർക്ക് പരാതിയില്ലേ ? സി.പി.എം.ന്റെ എം.എൽ.എ. മാരുടെ മണ്ഡലത്തിൽ കോൺസൻട്രേറ്റ് ചെയ്ത് പണം മുഴുവൻ കൊടുത്തിരിക്കുന്നു. ഞങ്ങളും ഒരു ഗവൺമെന്റിന്റെ മന്ത്രിയായിരുന്നവരാണ്. ആ ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെയൊരു വിവേചനം കാണിച്ചിട്ടില്ല. ഇവിടെയിരിക്കുന്ന എം.എൽ.എ.മാരും കേരളത്തിലെ പ്രജകളാണ്. ആ ഒരു വിചാരമെങ്കിലുമുണ്ടാകേണ്ടതായിരുന്നു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലെ വാഗ്ദാനങ്ങൾ എത്രകണ്ട് പാലിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട് ? മന്ത്രിയുടെ പ്രസംഗത്തിൽ അതുകൂടി പറയേണ്ടതല്ലേ ? നിങ്ങൾ പറഞ്ഞതിനേക്കാൾ കൂടുതലായി പണം ചെലവാക്കിയത് മാനവീയത്തിനാണ്. ബാക്കിയുള്ള കാര്യങ്ങൾക്കൊന്നും തന്നെ പറഞ്ഞിടത്തോളം അത്ര പണം ചെലവാക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ മിക്കതും പാലിക്കാൻ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു നൽകിയ വികസന നിധിപോലും ഡെപ്പോസിറ്റായി സർക്കാർ തന്നെ ഇപ്പോൾ അപഹരിച്ചിരിക്കുകയാണ്. വികസന രംഗത്തും വ്യവസായ രംഗത്തും നൽകിയ ബഡ്ജറ്റ് വാഗ്ദാനങ്ങൾ പാലിക്കാതെ സർക്കാർ പ്രചരണ പരിപാടികൾക്കുമാത്രം ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികം തുക കൊടുത്തു. പരസ്യങ്ങൾക്കുവേണ്ടി എത്ര പണം ചെലവാക്കിയെന്ന് പരിശോധിച്ചു നോക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള ക്രിയാത്മകമായ യാതൊരു നടപടിയും ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടു വയ്ക്കുന്നില്ല. സംസ്ഥാനത്തിന്റെ കടബാധ്യത വളരെ ആശങ്കാകരമായി വളർന്നിരിക്കുകയാണ്. നിലവിലുള്ള 18,000 കോടി രൂപയുടെ കടബാധ്യതയ്ക്ക് പ്രധാന ഉത്തരവാദി ഈ സർക്കാർ തന്നെയാണ്. വാർഷിക കടമെടുപ്പ് തുകയായ 1,418 കോടി രൂപയേക്കാൾ അധികം തുക അതായത് 1,642 കോടി രൂപ പലിശയിനത്തിൽ നൽകേണ്ട ഗതികേട് സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടായിരിക്കുകയാണ്. കമ്പനികൾ, ബാങ്കുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും 593 കോടി രൂപ കടമെടുത്തതിന്റെ ബാധ്യത ഇതിനു

LIBRARY ARCHIVES Kerala Legislative Assembly

പുറമെയാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി 570 കോടി രൂപ കടപ്പത്രം വഴി സമാഹരിച്ചിരിക്കുന്നു. അതെവിടെപ്പോയി എന്നുള്ളതിനെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി പറയാൻ ബാധ്യസ്ഥനല്ലേ? പൊതു മേഖലാ സ്ഥാപനങ്ങൾ ട്രഷറികളിൽ നിക്ഷേപിച്ച 173 കോടി രൂപയും സർക്കാർ തന്നെ ഇപ്പോൾ എടുത്തിരിക്കുകയാണ്. ഇത്രയേറെ സാമ്പത്തിക ബാധ്യത കേരളത്തിന് സംഭവിച്ച മറ്റൊരു കാലഘട്ടം ഉണ്ടായിട്ടില്ല. ഈ കടം വീട്ടാൻ ബഹുമാന്യപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് ഈ ബഡ്ജറ്റിൽ എന്ത് പോംവഴിയാണ് നിർദ്ദേശിക്കാനുള്ളത്? നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് എന്ത് ഊന്നലാണ് ഗവൺമെന്റ് കൊടുക്കുന്നത്? മനുഷ്യ വിഭവശേഷി കൂടുതലുള്ള നമ്മുടെ നാട്ടിൽ ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് നമ്മൾ വളരെ കടന്നു കയറേണ്ട കാലഘട്ടം കഴിഞ്ഞിരിക്കുകയാണ്. അയൽ സംസ്ഥാനങ്ങളായ ആന്ധ്ര, കർണാടക, തമിഴ്നാട് എന്നിവയുമായി കംപെയർ ചെയ്യുമ്പോൾ നമ്മൾ എവിടെ നിൽക്കുന്നു? വിവര സാങ്കേതിക വിദ്യയ്ക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് വെറും 16 കോടി രൂപ മാത്രമാണ്. അയൽ സംസ്ഥാനങ്ങളുമായി മൽസരിക്കാൻ നമുക്കിത് മതിയാകുമോ? വളരെയേറെ സാധ്യതകളുള്ള ഈ രംഗത്ത് നമുക്ക് അധികം മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. ഞാൻ വേറൊരുകാര്യം ചോദിക്കട്ടെ, ഒരുപക്ഷേ പലർക്കും പറയാൻ മടിയുള്ള കാര്യമായിരിക്കും. ഇടത്തരം കുടുംബങ്ങളെ ഈ ബഡ്ജറ്റ് എങ്ങനെ ബാധിക്കുന്നു? ഇവിടെ ഉദ്യോഗസ്ഥരുണ്ട്, അതുപോലെതന്നെ നിശ്ചിത വരുമാനമുള്ളവരുണ്ട്. ഇതിൽ 60-ാമത്തെ പേജിൽ മന്ത്രി ടാക്സ് കൂട്ടുന്ന കുറെ ഇനങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. അതിൽ ഒന്നാം പട്ടികയിൽ സിമന്റിന് ടാക്സ് കൂട്ടിയിരിക്കുന്നു. രാജ്യത്തെ മുഴുവൻ ജനങ്ങളേയും അത് ബാധിക്കില്ലേ? അതുപോലെതന്നെ എല്ലാത്തരം പെയിന്റുകളും 12 ശതമാനത്തിൽ നിന്നും 15 ശതമാനം ആയി ഉയർത്തിയിരിക്കുകയാണ്. ഇലക്ട്രിക് ഫാൻ സമ്പന്നന്റെ ആഡംബര വസ്തുവാണോ? അതുപോലെ ഗ്രൈന്റർ ഒരു ആഡംബര വസ്തുവായിട്ട് ഞാൻ അംഗീകരിക്കുന്നില്ല. നിങ്ങളുടെ കമ്മ്യൂണിസ്റ്റു സിദ്ധാന്തത്തിൽ അതാണോയെന്ന് എനിക്കറിയില്ല. കുക്കിംഗ് റേഞ്ച് പോകട്ടെ, എന്നാൽ മിക്സി എന്നുപറയുന്ന സാധനം ജോലിക്കൊക്കെ പോകുന്ന ആളുകൾക്ക് ഇന്നത്തെ കാലത്ത് ആവശ്യമല്ലേ? അതുപോലെതന്നെയാണ് മൈക്രോവേവ് ഓവൻ. ഞാൻ ഈ അടുത്ത ദിവസം ബി.പി.എൽ.ന്റെ ഒരു പരസ്യം കണ്ടു. ബി.പി.എൽ. ഇവിടത്തെ ഒരു കമ്പനിയാണല്ലോ. ആ ബി.പി.എൽ. മൈക്രോവേവ് ഓവനുകളുടെ വില കുറച്ചിരിക്കുന്നു. എന്നാലിവിടെ ടാക്സ് കൂട്ടിയിരിക്കുകയാണ്. മൈക്രോവേവ് ഓവനൊക്കെ ഇന്നത്തെ കാലത്ത് ഒരു ആഡംബരവസ്തുവല്ല. രാവിലെ ഒരു നേരമൊക്കെ ഭക്ഷണമുണ്ടാക്കുന്ന ആളുകൾക്ക് വൈകുന്നേരമാകുമ്പോൾ ചൂടാക്കിക്കഴിക്കേണ്ടത് ഒരാവശ്യമാണ്. അതുപോലെ തന്നെ റെഫ്രിജറേറ്റർ ആഡംബരവസ്തുവാണോ? അങ്ങു പറയണം. അതുപോലെ തന്നെ വാഷിംഗ് മെഷീൻ, വാക്വം ക്ലീനർ ഇതിനെല്ലാം ടാക്സ് കൂട്ടി. ഇതിൽ എ.സി. ഞാൻ സമ്മതിച്ചു. ബാക്കി നിങ്ങൾ കൂട്ടിയിരിക്കുന്ന എല്ലായിനങ്ങളും ഇവിടത്തെ ഇടത്തരക്കാരന്റെ ബഡ്ജറ്റിനെ ബാധിക്കുന്നതാണ്. അതുപോലെ തൊഴിലില്ലായ്മയുടെ സ്ഥിതിയെന്താണ്? യു.ഡി.എഫ്. അധികാരം

LIBRARY ARCHIVES Kerala Legislative Assembly

വിട്ടൊഴിയുമ്പോൾ തൊഴിലില്ലാത്ത ആളുകളുടെ എണ്ണം നിങ്ങളുടെ കണക്കനുസരിച്ചുതന്നെ 31.87 ലക്ഷം ആയിരുന്നു. ഇന്നത് 39 ലക്ഷമായിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങൾ ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് മുൻവർഷങ്ങളെ അപേക്ഷിച്ച് 16 ശതമാനം കുറവായിരിക്കുന്നു. പൊതുമേഖലയിലെ നിയമനങ്ങൾ 17 ശതമാനം കുറഞ്ഞു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള താൽക്കാലിക നിയമനങ്ങൾ പോലും 18 ശതമാനം ആയി കുറഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന 39 ലക്ഷം പേർക്ക് ആശ്വാസം പകരാൻ എന്തെങ്കിലും നടപടികൾ നിങ്ങൾ സ്വീകരിക്കുന്നുണ്ടോ? എത്രയോ കുടുംബങ്ങളുടെ പ്രശ്നമായിത്തന്നെ ഇതിനെക്കണ്ട് വിശദമായ ഒരു മാർഗ്ഗം ഈ കാര്യത്തിൽ രൂപപ്പെടുത്താൻ ഗവൺമെന്റ് ശ്രമിക്കേണ്ടതായിരുന്നു. തൊഴിലില്ലായ്മയുടെ കണക്കുകളിൽ കൃത്രിമം കാട്ടി യുവജനങ്ങളെ വാസ്തവത്തിൽ കബളിപ്പിക്കുകയാണ് മന്ത്രി ചെയ്തിരിക്കുന്നത്. ബഡ്ജറ്റ് സ്പീച്ചിലെ പേജ് 6-ൽ പാരഗ്രാഫ് 9-ൽ മന്ത്രി പറഞ്ഞിരിക്കുന്നു, മുൻവർഷം 37.8 ലക്ഷം തൊഴിൽ രഹിതരുണ്ടായിരുന്നപ്പോൾ ഇക്കൊല്ലം അത് 37.9 ലക്ഷമാണെന്നും വർദ്ധന നിസ്സാരമാണെന്നുമാണ്. 1999 ഡിസംബർ 31 വരെയുള്ള തൊഴിൽ രഹിതരുടെ എണ്ണം കൊടുക്കേണ്ടതിനു പകരം വെറും മൂന്നുമാസത്തെ വർദ്ധനവ് മാത്രമാണ് മന്ത്രി ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ഇതൊരു തന്ത്രമാണ്. ബാക്കി 9 മാസത്തെ കണക്കുകൂടി കാണിച്ചിരുന്നുവെങ്കിൽ തൊഴിൽ രഹിതരുടെ വർദ്ധന ഇതിൽ നിന്നും വലുതാകുമായിരുന്നു എന്നുള്ള സത്യം മന്ത്രി മറുപടി പ്രസംഗത്തിലെങ്കിലും പറയണം. വേറൊന്നു ചോദിക്കട്ടെ, ഇവിടെ ഗൾഫിൽ പോകാത്ത ആളുകളില്ലല്ലോ ? അവിടെപോയി സ്കീം പ്രഖ്യാപിക്കലല്ലേ നിങ്ങൾ ചെയ്യുന്നത്, ഗൾഫ് പ്രവാസികൾക്കുവേണ്ടി എന്തെങ്കിലുമൊരു സ്കീം നിങ്ങളെക്കൊണ്ട് പ്രഖ്യാപിക്കാൻ കഴിഞ്ഞോ ? ഗൾഫിൽ പോയിരിക്കുന്നവർ പണമത്രയും ഇങ്ങോട്ട് അയയ്ക്കുന്നുണ്ടല്ലോ ? ഗൾഫിൽ പോയി പ്രസംഗിക്കും, ഇവിടെ വരുമ്പോൾ യാതൊന്നും ചെയ്യുകയില്ല. അതുപോലെതന്നെ കാർഷികാദായനികുതിയെക്കുറിച്ച് 5 ഹെക്ടർ വരെയുള്ളത് പറഞ്ഞു, അതിൽക്കൂടുതൽ സാധ്യമല്ലെന്നുള്ള ഒരു ടെക്ക്നിക്കൽ ഇഷ്യൂ ഉണ്ട്, കാരണം നമ്മുടെ ലാൻഡ് റിഫോംസ് ആക്ടനുസരിച്ച് വരുന്ന ഫാമിലിയുടെ നിർവചനത്തിൽ 5 ഹെക്ടർ വരെ മാത്രമേ വരുന്നുള്ളൂ. എനിക്ക് മന്ത്രിയോട് പറയാനുള്ളത് ഇന്നത്തെ കാലത്ത് അതിന് എന്തെങ്കിലും മാറ്റം വരുത്തുന്നുവെങ്കിൽ വരുത്തണം. 10 ഹെക്ടർ വരെയുള്ള കൃഷിക്കാരെയെങ്കിലും അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിൽ നിന്നും പരിപൂർണ്ണമായി ഒഴുവാക്കിക്കൊടുക്കണം. കാര്യമായ ഒരു വരുമാനവും ഇപ്പോൾ കൃഷിക്കാർക്കില്ല, അതാണ് സ്ഥിതി. ഗവൺമെന്റ് അതിനെക്കുറിച്ച് ഒന്ന് ആലോചിക്കണം. റബ്ബർ മേഖലയെക്കുറിച്ച് ഇവിടെ പറഞ്ഞു. 1.75 ലക്ഷം ടൺ റബ്ബർ ഇവിടെ കെട്ടിക്കിടക്കുമ്പോൾ, സംഭരണത്തിനുവേണ്ടി മന്ത്രി എന്തെങ്കിലും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ ? 100 കോടി രൂപ എങ്കിലും നിങ്ങൾ ബഡ്ജറ്റിൽ വയ്ക്കണം. കെട്ടിക്കിടക്കുന്ന റബ്ബർ പ്രൊക്യൂവർ ചെയ്യാൻ അത്രയെങ്കിലും വേണം. എങ്കിൽ മാത്രമേ മാർക്കറ്റിൽ ഒരു മൂവുമെന്റുണ്ടാവുകയുള്ളൂ. അതുപോലെ റബർ മാർക്ക്, റബ്കോ, മാർക്കറ്റിംഗ് ഫെഡറേഷൻ എന്നീ

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസികളിൽ ഒന്നിനുപോലും സംഭരണത്തിനുവേണ്ടി ബഡ്ജറ്റിൽ യാതൊന്നും വക കൊള്ളിച്ചിട്ടില്ല. റബ്ബറിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ബഞ്ചുമാർക്ക് വില 34.05 രൂപയാണ്. ഇപ്പോൾ ആർ.എസ്.എസ്.- 4 റബ്ബറിന്റെ വില 30 രൂപയിൽ നിൽക്കുകയാണ്. റബ്ബർ കൃഷിക്കാരുടെ സ്ഥിതിയെന്താണ് ? നമുക്ക് ഇക്കാര്യത്തിൽ എന്തു ചെയ്യാൻ സാധിക്കും. റബ്ബറിന്റെ സബ്സിഡി വെട്ടിക്കുറച്ചു. അത് ഇവിടത്തെ കൃഷിക്കാരെ വളരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. സബ്സിഡി 18,000 രൂപയിൽ നിന്നും 12,000 രൂപയായി കുറച്ചു. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് ആവശ്യപ്പെടാനുള്ളത് റബ്ബറിന്റെ സബ്സിഡി കുറച്ചതിനെക്കുറിച്ച്, റേഷൻ സബ്സിഡി കുറച്ചതിനെക്കുറിച്ച്, റെയിൽവേയുടെ കാര്യത്തിൽ നമുക്കുണ്ടായിരിക്കുന്ന പോരായ്മകളെക്കുറിച്ച് ഒരു അഖിലകക്ഷി നിവേദക സംഘത്തെ അയയ്ക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ എന്നാണ്. കഴിഞ്ഞ ഒരു ദിവസം ഞാൻ ചോദിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞത്, എന്നോട് വേണമെങ്കിൽ പൊയ്ക്കൊള്ളാനാണ്. ധനകാര്യവകുപ്പുമന്ത്രി എങ്കിലും ഈ കാര്യം ഗൗരവത്തിലെടുക്കണം. സ്റ്റേറ്റിനെ ബാധിക്കുന്ന ഇത്രയും ഗുരുതരമായ പ്രശ്നമുണ്ടായാൽ, അതിനൊരു നിവേദക സംഘത്തെ അയച്ചാൽ, ഒരു സ്റ്റേറ്റിന്റെ താൽപര്യത്തിനുവേണ്ടി പറയാനാണല്ലോ ? ഇപ്പോൾ ഇവിടെ നടക്കുന്നതെന്താണ് ? എൻ.ഡി.എ. ഗവൺമെന്റിൽ ഓരോ പ്രദേശത്തുമുള്ള കക്ഷികളുടെ പ്രാധാന്യം കണക്കിലെടുത്താണ് കാര്യങ്ങൾ നടക്കുന്നത്. അവരുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് കാര്യങ്ങൾ നടക്കുക. 20 എം.പി. മാർ നമുക്ക് ലോകസഭയിലുമുണ്ട്. എല്ലാവരും പ്രതിപക്ഷത്താണ്. ഇതിനുള്ള ഏക പോംവഴിയെന്നു പറയുന്നത് എല്ലാവരുംകൂടി കൂട്ടായി അവിടെ കാര്യങ്ങൾ പറയുക എന്നുള്ളതാണ്. അതിന് ഗവൺമെന്റ് തയ്യാറുണ്ടോ ? അതുപോലെ കേരളത്തിന്റെ സ്ഥിതി എന്താണ് ? റേഷൻ സബ്സിഡി എടുത്ത് കളഞ്ഞ സാഹചര്യത്തിൽ നമ്മുടെ സ്റ്റേറ്റ് പട്ടിണിയിലേക്ക് കൂപ്പു കുത്താൻ പോകുകയാണ്. അതുപോലെ കാർഷികാഭിവൃദ്ധിക്കുവേണ്ടി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്കു താങ്ങു നൽകാൻ, കൃഷിയെ സംരക്ഷിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ? ഞാൻ ഉദ്ദേശിക്കുന്നത് നെൽക്കൃഷിയെ സംബന്ധിച്ചാണ്. നെൽക്കൃഷിയുടെ സ്ഥിതി എന്താണ് ? 1992-1996 കാലഘട്ടത്തിൽ 12 ശതമാനവും പിന്നീട് അതിന്റെ ഇരട്ടിയുമായിട്ടാണ് കേരളത്തിലെ നെല്ലുൽപാദനം കുറഞ്ഞത്. കഴിഞ്ഞ വർഷം മൊത്തം ഉൽപാദിപ്പിച്ച 7.2 ലക്ഷം ടൺ നെല്ല് സംസ്ഥാനത്തിന്റെ ആകെ ആവശ്യത്തിന്റെ അഞ്ചിലൊന്നു പോലും തികയുന്നില്ല. ഗവൺമെന്റ് കഴിഞ്ഞ കൊല്ലം പാലക്കാട് നടപ്പാക്കിയ "ഗാലസ" പരിപാടി മറ്റുജില്ലകളിൽക്കൂടി വ്യാപിപ്പിക്കുമെങ്കിൽ ഇതിന് പരിഹാരമാകുമായിരുന്നു എന്നാണ് ധനകാര്യവകുപ്പുമന്ത്രി പറയുന്നത്. അതിനുള്ള ശ്രമത്തിലാണെന്നാണ് അറിയുന്നത്. എന്നാൽ ഗാലസ നടപ്പാക്കിയ പാലക്കാട് ജില്ലയിൽ കൃഷി ഭൂമി വല്ലാതെ കുറഞ്ഞു എന്നാണ് കണക്കുകൾ കാണിക്കുന്നത്. നെൽകൃഷിയെപ്പറ്റി പഠിക്കാൻ സർക്കാർ നിയോഗിച്ച ശ്യാമസുന്ദരൻ നായർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ട് എട്ടു മാസമായി. ആ റിപ്പോർട്ടിനെന്തു സംഭവിച്ചു എന്നറിയില്ല. നെൽക്കൃഷിയെ രക്ഷിക്കാൻ വേണ്ടി സമർപ്പിച്ച ശ്യാമസുന്ദരൻ നായർ കമ്മിറ്റി റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയുണ്ട്. പക്ഷേ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യാതൊരു നടപടിയുമുണ്ടായിട്ടില്ല. കശുവണ്ടിക്ക് ഇപ്പോൾ ന്യായമായ വില ലഭിക്കുന്നുണ്ട്. കശുവണ്ടിക്കൃഷിയെ പ്ലാന്റേഷനിൽപ്പെടുത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ ? കാർഷികമേഖലയിൽ കുറെ മാറ്റങ്ങളെങ്കിലും ഉണ്ടാകും. പി.ഡബ്ല്യൂ.ഡി. യെക്കുറിച്ചും പെൻഷനെക്കുറിച്ചുമൊക്കെ ശ്രീ. ടി. എസ്. ജോൺ ഇവിടെ സംസാരിച്ചു. ഇവിടെ പ്ലസ്ടുവിന്റെ സ്ഥിതിയെന്താണ് ? നിങ്ങൾ പ്ലസ്ടു കൊടുക്കുമെന്നു പറഞ്ഞു. പ്ലസ്ടുവിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ? വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്തു ചെയ്യാൻ പോകുന്നു ? എത്ര പറഞ്ഞാലും നിങ്ങൾ നന്നാകില്ല. 2001-ൽ പ്ലസ്ടു കംപ്ലീറ്റായി ഡീ ലിങ്ക് ചെയ്ത് നടപടികൾ സ്വീകരിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനുള്ള യാതൊരു സ്റ്റെപ്സും എടുത്തിട്ടില്ല. അതിന് എത്ര കോടി രൂപ വേണ്ടി വരും. നിങ്ങൾ കണക്കെടുത്തിട്ടുണ്ടോ ? അതിനാവശ്യമായ തുക ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടോ ? നിങ്ങൾ വക കൊള്ളിച്ചിട്ടില്ല. അതുപോലെ ഈ ബഡ്ജറ്റിൽക്കൂടി ഗവൺമെന്റ് നമ്മുടെ സംസ്ഥാന ജീവനക്കാരോട് എന്താണ് ചെയ്തിരിക്കുന്നത് ? 15 ശതമാനം ഡി.എ. കുടിശ്ശിക നൽകേണ്ട സ്ഥാനത്ത് 10 ശതമാനമാണ് അനുവദിച്ചത്. ജൂൺ മുതൽ മാത്രമാണ് ഡി.എ. ലഭിച്ചു തുടങ്ങുന്നത്. ഒന്നര വർഷത്തെ കുടിശ്ശിക എന്തു ചെയ്യും. അത് പറഞ്ഞിട്ടേയില്ല. യു.ഡി.എഫ്.ന്റെ ഭരണകാലത്താണ് ഇങ്ങനെയൊരു ഡിക്ലറേഷൻ വന്നതെങ്കിൽ ഈ സെക്രട്ടേറിയറ്റിൽ മന്ത്രിമാരെ പ്രവർത്തിക്കുവാൻ എൻ.ജി.ഒ. യൂണിയൻകാർ സമ്മതിക്കുമായിരുന്നുവോ ? ഇപ്പോൾ എൻ.ജി.ഒ. യൂണിയൻകാർക്ക് അനക്കവും മിണ്ടാട്ടവുമില്ല. സഹകരണ മേഖലയിൽ പരിയാരത്ത് ഒരു മെഡിക്കൽ കോളേജുണ്ട്. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ വേണ്ടി 50 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. പരിയാരത്ത് നടന്നുകൊണ്ടിരുന്ന സഹകരണ മെഡിക്കൽ കോളേജ് എന്തിനാണ് നിങ്ങൾ ഏറ്റെടുത്തത് ? ശ്രീ. എം. വി. രാഘവനോടുള്ള പ്രതികാരം തീർക്കാനോ ? ഇപ്പോൾ ശ്രീ. എം. വി. രാഘവന്റെ പറശ്ശിനിക്കടവ് പാമ്പ് വളർത്തൽ കേന്ദ്രം പൂട്ടിപ്പിക്കാൻ നിങ്ങൾ ശ്രമം നടത്തുകയല്ലേ ? എന്തിനാണ് ഈ പ്രതികാരം ? നിങ്ങൾക്ക് പറശ്ശിനിക്കടവ് പാമ്പ് വളർത്തൽ കേന്ദ്രം കൂടി ഏറ്റെടുക്കണമെന്നുണ്ടെങ്കിൽ ഏറ്റെടുത്തോളൂ. ശ്രീ. രാഘവനോടുള്ള പ്രതികാരം തീർക്കാൻ പാമ്പിനെ വെറുതെ വിടരുതോ ? നിങ്ങൾ അതിനെയെല്ലാം ചുട്ടു കരിച്ചില്ലേ ? വിലക്കയറ്റം വളരെ രൂക്ഷമായിരിക്കുകയാണ്. പോലീസിനെക്കുറിച്ച് ഒരു വാക്ക് പറയട്ടെ, ജനകീയ പോലീസിന്റെ സ്ഥിതി എന്താണ് ? ലോക്കപ്പു മരണങ്ങൾക്ക് പുതിയ നിർവ്വചനം മുഖ്യമന്ത്രി നൽകണം. ഇന്ന് രാവിലെ ഇവിടെ അവതരിപ്പിച്ച ഒരു അടിയന്തിര പ്രമേയത്തിൽ ഒരാളെ കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ പോലീസ് പിടിച്ചപ്പോൾ മരിച്ചു. ഇവർ പിടിച്ചുകൊണ്ടുപോകുമ്പോൾ ആളുകൾ മരിക്കും. ഇത് എങ്ങനെയാണ് ? ഇന്നലത്തേതും കൂട്ടി 17 പേർ പോലീസ് കസ്റ്റഡിയിൽ വച്ച് മരണമടയുകയുണ്ടായി. പോലീസ് കസ്റ്റഡിയിലെന്നു പറയുമ്പോൾ, പോലീസ് ഇവരെ പിടിച്ചുകൊണ്ട് വന്നതിനുശേഷമാണ് മരണം സംഭവിച്ചിരിക്കുന്നത്. എന്താണ് നമ്മുടെ പോലീസിന്റെ സ്ഥിതി ? ഇടിക്കാൻ മിടുക്കന്മാരല്ലേ ഇവർ. ആവശ്യമുള്ളിടത്ത് രാഷ്ട്രീയ പ്രതിയോഗികളെ ഇടിക്കുക, രാഷ്ട്രീയമായി

LIBRARY ARCHIVES Kerala Legislative Assembly

സമരം നടത്തുന്നവരെ മർദ്ദിച്ച് ഒതുക്കുക. അങ്ങനെയുള്ള ആ പോലീസിനു വേണ്ടി ഇതിനകത്ത് പണം കൂടുതൽ നീക്കി വച്ചിരിക്കുകയാണ്. ശുദ്ധജലത്തിന് പുതിയ എന്തെങ്കിലും ഒരു സ്കീം പ്രഖ്യാപിച്ചിട്ടുണ്ടോ ? അതുപോലെ ജലസേചന വകുപ്പിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ പല പ്രോജക്ടുകളും നടത്തിക്കൊണ്ടുപോകാൻ പണമില്ലാത്ത നിലയിൽ വന്നെത്തി നിൽക്കുന്നു. രാഷ്ട്രീയമായ ഒരു ഹിഡൻ അജണ്ടയുണ്ടെന്നാണ് മനസ്സിലാകുന്നത്. രാഷ്ട്രീയമായി സി.പി.ഐ.യെ എവിടെക്കൊണ്ട് നിർത്തിയിരിക്കുന്നു. ഇന്നലെ ശ്രീ. സി. എ. കുര്യൻ അക്കാര്യം പറഞ്ഞു, ബഡ്ജറ്റിലെ 18-19 പേജുകളിൽ ഇത് കാണാൻ സാധിക്കും. സി.പി.ഐ. മന്ത്രിമാരുടെ വകുപ്പുകൾക്കെല്ലാം വിഹിതം കുറച്ചു. അവരെ പ്രവർത്തന രഹിതമാക്കുക എന്ന ഒരു ഗൂഢതന്ത്രം വളരെ വിദഗ്ദമായിട്ടാണ് ശ്രീ. ടി. ശിവദാസമേനോൻ ബഡ്ജറ്റിൽ ഒളിപ്പിച്ചിരിക്കുന്നത്. ഇന്നലെ മന്ത്രി കണക്കുകൾ പറഞ്ഞ കൂട്ടത്തിൽ പറഞ്ഞു, കച്ചോലത്തിന്റെയും ഏലത്തിന്റെയും നികുതി നിരക്ക് കുറച്ചുവെന്ന്. ബഡ്ജറ്റിന്റെ 55-ാമത്തെ പേജിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് കച്ചോലം, ഗ്രാമ്പു, മഞ്ഞൾ എന്നിവയുടെ നികുതി നിരക്ക് എട്ടു ശതമാനത്തിൽ നിന്ന് 4 ശതമാനമായി കുറച്ചു. അതുവഴി ഒരു കോടി രൂപയുടെ നഷ്ടം പ്രതീക്ഷിക്കുന്നു എന്നാണ്. ഒരു കോടി രൂപയുടെ നഷ്ടമൊന്നും ഇതിനകത്ത് വരാൻ പോകുന്നില്ല. മന്ത്രി പരിശോധിക്കണം. എന്തായാലും ഇന്നത്തെ ഇന്നിംഗ്സിന്റെ ഓപ്പൺ ശ്രീ. സി. എ. കുര്യനാണ്. അദ്ദേഹം വളരെ മനോഹരമായി ബാറ്റു ചെയ്തിട്ടുണ്ട്. അദ്ദേഹം സെഞ്ചുറി വരെ അടിച്ചു എന്നാണ് എനിക്ക് തോന്നുന്നത്. പക്ഷേ അദ്ദേഹത്തിന്റെ ആ ഓപ്പണിംഗ് സ്പിരിറ്റ് ബാക്കിയുള്ളവർ കൂടി നിലനിർത്തിക്കൊണ്ടുപോയാൽ ഈ ഇന്നിംഗ്സിന്റെ ജയം ആർക്കാണെന്ന് പറയാൻ സാധിക്കും. അവിടെയുള്ള വിക്കറ്റ് പോകാൻ വേണ്ടി ശ്രീമതി ലതാദേവി ശ്രമിക്കുന്നു. അത് ശരിയാവില്ല. പക്ഷേ ടീം സ്പിരിറ്റോടുകൂടി കളിച്ചാൽ തരക്കേടില്ല. ഇന്നത്തെ മാൻ ഓഫ് ദി മാച്ച് ശ്രീ. സി. എ. കുര്യനായിരിക്കും. കാരണം നല്ല ബാറ്റിംഗ് ആയിരുന്നല്ലോ. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിപ്പുറമുള്ള സ്ഥിതിയിലേക്ക് ശ്രീ. സി. എ. കുര്യൻ പോയി. 1969-ൽ സി.അച്യുതമേനോൻ കേരള മുഖ്യമന്ത്രിയായി വന്നു. അത് കഴിഞ്ഞ് പി.കെ.വാസുദേവൻ നായർ കുറച്ചുകാലം മുഖ്യമന്ത്രിയായി. 1969 മുതൽ 1979 വരെയുള്ള കാലഘട്ടം അച്യുതമേനോനും പി. കെ. വാസുദേവൻ നായരും കൂടി ഭരിച്ചതാണ്. കേരളത്തിന്റെ ഭരണകാലഘട്ടത്തിലെ ഒരു സുവർണ്ണ കാല ഘട്ടമായിരുന്നു ഇവരുടെ ഭരണകാലമെന്നു വിശ്വസിക്കുന്നവരാണ് ഞങ്ങളൊക്കെ. ഞങ്ങളൊക്കെ അതിനകത്ത് പങ്കാളികളായവരാണ്. അന്ന് സി.പി.ഐ.ക്ക് മാന്യമായ സ്ഥാനം കൊടുത്തിരുന്നു. ഇതുപോലെ ചവിട്ടും തൊഴിയുമൊന്നുമില്ല. ഞങ്ങൾ ഒന്നിച്ചാണ് ഭരിച്ചത്. അച്യുതമേനോനായിരുന്നു അന്ന് മുഖ്യമന്ത്രി. ഒരു മാന്യമായ ഭരണമാണ് അന്ന് നടന്നത് എന്നാണ് ഞങ്ങളുടെ വിശ്വാസം. അടിയന്തിരാവസ്ഥക്കാലത്ത് മുഖ്യമന്ത്രിയായിരുന്ന അച്യുതമേനോനടക്കം ഞങ്ങളിവിടെ നന്നായിട്ടു ഭരിച്ചു എന്നുള്ളതിന്റെ തെളിവാണ് 1977-ൽ നടന്ന തെരെഞ്ഞെടുപ്പിൽ 140 സീറ്റുകളിൽ 111 സീറ്റുകളും ഞങ്ങൾക്ക് കിട്ടിയത്. അതറിയാമോ ? ഞങ്ങളുടെ ഭരണം നന്നായിട്ടല്ലേ അത്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയത്. അത് ഓർമ്മയുണ്ടോ ? ശ്രീ. സി. എ. കുര്യന് അത് ഓർമ്മയുണ്ട്. അതുകൊണ്ടാണ് അദ്ദേഹം ആ പഴയ കാലത്തെക്കുറിച്ച് പറഞ്ഞത്. എന്താണെങ്കിലും അതൊക്കെ ഒന്ന് ഓർക്കുന്നത് നന്നായിരിക്കും. ഞങ്ങളോടു കൂടി ഭരിച്ച കാലത്ത് ചവിട്ടും തൊഴിയും സി.പി.ഐ. ക്കാർ കൊണ്ടിട്ടില്ല. ഇപ്പോൾ നിങ്ങൾ ചവിട്ടും തൊഴിയും കൊണ്ടാണ് കിടക്കുന്നത്. ഞങ്ങൾക്ക് സങ്കടമൊന്നുമില്ല. നിങ്ങൾ തന്നെ ആലോചിച്ചു നോക്കൂ. എന്തായാലും ഒരു കാര്യമുണ്ട്, കോൺഗ്രസ് പാർട്ടിയോട് സഹകരിക്കാൻ കഴിയുന്ന ഒരു പാർട്ടിയാണ് സി.പി.ഐ. അഖിലേന്ത്യാ തലത്തിൽ സി.പി.ഐ.(എം) ന് ബംഗാളിലും ത്രിപുരയിലും കേരളത്തിലും കുറച്ച് ആളുകൾ കൂടുതലുണ്ടെങ്കിലും നിങ്ങളെക്കാൾ അഖിലേന്ത്യാ തലത്തിൽ വലിയ ഒരു പാർട്ടിയാണ് സി.പി.ഐ. ഒരു സംശയവും വേണ്ട. അതുകൊണ്ട് സി.പി.ഐ. കാർക്ക് നല്ലത് കോൺഗ്രസ് പാർട്ടി തന്നെയാണ്. അങ്ങനെയൊരു സഖ്യത്തെക്കുറിച്ച് ചിന്തിച്ചതുകൊണ്ടാകാം അദ്ദേഹം ഓപ്പണിംഗിൽ നല്ല ഭംഗിയായി ബാറ്റു ചെയ്തത്. നല്ല ഭംഗിയായി സെഞ്ചുറി അടിച്ചിട്ടുണ്ട്. ഇനി ബാക്കിയുള്ള കാര്യങ്ങൾ നിങ്ങൾ ഏറ്റെടുത്ത് കളി നടത്തുക. ഈ ബഡ്ജറ്റ് ജനോപകാരപ്രദമല്ലാത്തതുകൊണ്ടും വികസനോന്മുഖമല്ലാത്തതുകൊണ്ടും ഞാൻ എതിർക്കുന്നു.

ശ്രീ. എ. കണാരൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസാനം ഉപയോഗിക്കുകയാണ്. ഈ നൂറ്റാണ്ടിലെ ആദ്യത്തെ ബഡ്ജറ്റാണിത്. എല്ലാംകൊണ്ടും ഈ ബഡ്ജറ്റ് ജനോപകാരപ്രദവും വികസനോന്മുഖവുമാണ്. ശോഭനമായ ഒരു ഭാവിയെ മുന്നിൽകണ്ടുകൊണ്ട് ദീർഘവീക്ഷണത്തോടെ അവതരിപ്പിച്ച ഒരു ബഡ്ജറ്റാണിത്. സമൂഹത്തിലെ ഏറ്റവും ദുരിതമനുഭവിക്കുന്ന പാവപ്പെട്ടവരെ സഹായിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളടങ്ങിയതാണ് ഈ ബഡ്ജറ്റ്. അതുകൊണ്ട് ഈ ബഡ്ജറ്റിനെക്കുറിച്ച് ഒരു പത്രവും എതിർത്തിട്ടില്ല. എല്ലാ പത്രങ്ങളും ബഡ്ജറ്റിനെ അഭിനന്ദിക്കുന്ന അവസ്ഥയുണ്ടായി. ശ്രീ. ടി. എം. ജേക്കബ് സി.പി.ഐ.-യെ അടർത്തിയെടുത്താണ് സംസാരിച്ചത്. അദ്ദേഹത്തിന് ഭരണത്തിൽ വരാനുള്ള ഒരാശയാണ്. ആ ആശ കയ്യിലിരിക്കട്ടെ. പക്ഷെ ബഡ്ജറ്റിനെപ്പറ്റി അദ്ദേഹം ഒന്നും പറഞ്ഞില്ല. അപ്പോൾ ഈ ബഡ്ജറ്റ് പൊതുവേ നന്നായിട്ടുണ്ടെന്നുള്ളതാണ് ഇതിന്റെ അർത്ഥം. മനുഷ്യനന്മയെ ലക്ഷ്യമാക്കി ആത്മാർത്ഥമായ നയ സമീപനമടങ്ങിയതാണ് ഈ ബഡ്ജറ്റ്. ഇങ്ങനെയൊരു ബഡ്ജറ്റ് അവതരിപ്പിക്കുവാൻ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെ സാധ്യമാകുകയുള്ളൂ എന്നതാണ് ഇതിന്റെ പ്രത്യേകത. ഇത്തരം നല്ല ഒരു ധനകാര്യ രേഖ അവതരിപ്പിക്കാൻ ഇടതുപക്ഷം നേതൃത്വം നൽകുന്ന ഒരു ഗവൺമെന്റിന് മാത്രമേ കഴിയുകയുള്ളൂവെന്നതാണ് വസ്തുത. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ ദയവായി ഇതൊന്ന് മനസ്സിലാക്കണം. നിഷേധാത്മകമായ നിലപാട് മാറ്റിയിട്ട് വസ്തുനിഷ്ഠമായി കാര്യങ്ങൾ പരിശോധിക്കാൻ തയ്യാറാകണം. നിങ്ങളുടെ നിഷേധാത്മകമായ നിലപാട് മാറ്റണം. ഈ ബഡ്ജറ്റിന്റെ പ്രത്യേകത തന്നെ ധനകാര്യ വകുപ്പുമന്ത്രിയുടെ ദീർഘ വീക്ഷണമാണ്. 9-ാം പഞ്ചവൽസര പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലുണ്ടായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാർഷിക മേഖലയുടെ ക്ഷേമ വികസനത്തിനും തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ഈ ബഡ്ജറ്റ് ഊന്നൽ നൽകിയിട്ടുണ്ട്. നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിച്ച് വളർച്ചാ നിരക്ക് ഉയർത്തുന്നതിനുള്ള സമീപനങ്ങൾ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ അടങ്ങിയിട്ടുണ്ട്. കേരള സംസ്ഥാനത്തിനാകെയും ദരിദ്ര ജനവിഭാഗങ്ങൾക്ക് പ്രത്യേകിച്ചും, ഭക്ഷ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനും, പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷണ വസ്തുക്കൾ എത്തിക്കുന്നതിനും ഈ ബഡ്ജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്. മനുഷ്യ സമൂഹത്തിന്റെ പ്രാഥമിക ആവശ്യങ്ങളായി ശുദ്ധജലം ലഭിക്കുന്നതിനും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും സാർവത്രികമായി പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും എല്ലാ പേർക്കും പാർപ്പിടം ലഭിക്കുന്നതിനുമുള്ള ഊന്നൽ നൽകിയ ഒരു ബഡ്ജറ്റാണിത്. അദ്ദേഹത്തിന്റെ വിശാലവീക്ഷണം കൊണ്ട് സമസ്ത മേഖലയിലും പുരോഗതിയുണ്ടാക്കാൻ പരിശ്രമിച്ചിട്ടുണ്ട്. ജനസംഖ്യാ നിയന്ത്രണം വഴി സാമൂഹ്യ വളർച്ച കൈവരിക്കുന്നതിനും ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ സഹായം ചെയ്തിട്ടുണ്ട്. സ്ത്രീയെ അംഗീകരിക്കുവാനും സമൂഹത്തിൽ സ്ത്രീകൾക്ക് ഉന്നതസ്ഥാനം നൽകി അവരെ സംരക്ഷിക്കുന്നതിനും ആത്മാർത്ഥമായ നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ആദിവാസി ജനവിഭാഗങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും സമുദായത്തിൽ പരിഗണന നൽകാൻ വേണ്ടി, അവർക്ക് സാമൂഹ്യ വളർച്ച കൈവരിക്കാനുതകുന്ന നിർദ്ദേശങ്ങളും ഈ ബഡ്ജറ്റിലുണ്ട്. ഇപ്പോൾ നമ്മുടെ മുൻപിൽ രണ്ട് ബഡ്ജറ്റുണ്ട്. ഒന്ന്, കേന്ദ്ര ധനകാര്യ മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് അതുപോലെ ശ്രീ. ടി. ശിവദാസമേനോൻ അവതരിപ്പിച്ച മറ്റൊരു ബഡ്ജറ്റ്. സാമ്പത്തിക രംഗത്ത് ലോകബാങ്കിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് മുടിക്കുന്ന ഒരു ബഡ്ജറ്റാണ് ഇൻഡ്യൻ പാർലമെന്റിൽ അവതരിപ്പിച്ചത്. ഇൻഡ്യൻ ഗ്രാമീണ ജനതയുടെ ചെറുകിട കുടിൽ വ്യവസായങ്ങൾ തകർത്തെറിഞ്ഞ് വിദേശ കുത്തകളെ കൈയഴിഞ്ഞ് സഹായിക്കുന്ന ഒരു കേന്ദ്ര ബഡ്ജറ്റാണ് നാം കണ്ടത്. പ്രതിപക്ഷം ഇതിനെപ്പറ്റി ഒരക്ഷരം പോലും മിണ്ടിയില്ല. കാർഷിക മേഖലയിലെ സബ്സിഡിയെല്ലാം വെട്ടിക്കുറച്ചു. ഇൻഡ്യൻ കർഷകരുടെ നട്ടെല്ലൊടിച്ച് കൃഷി മേഖലയെ തകർക്കുന്ന രീതിയിൽ വളം സബ്സിഡി 1,019 കോടി രൂപയുടേത് വെട്ടിക്കുറച്ചു. ഇതിന്റെ ഫലമായി കാർഷിക മേഖല ഏറ്റവും അധികം ഉപയോഗിക്കുന്ന രാസവളമായ യൂറിയായുടെ വില 15 ശതമാനം വർദ്ധിച്ചു. ഇതിനെപ്പറ്റി എന്താണ് പ്രതിപക്ഷം ഒന്നും മിണ്ടാത്തത് ? അമോണിയായുടെ വില ഏഴ് ശതമാനം വർദ്ധിപ്പിച്ചു. ഇതിന്റെയൊക്കെ ഫലമായി കാർഷിക മേഖല തകർന്ന്, ഭക്ഷ്യധാന്യങ്ങളുടെ വില കുത്തനെ കയറുമെന്നുള്ളതാണ് വസ്തുത. ഇടിവെട്ടേറ്റവന്റെ കാലിൽ പാമ്പ് കടിച്ചതുപോലെയാണ് ഭക്ഷ്യധാന്യ സബ്സിഡി 1100 കോടി രൂപ വെട്ടിക്കുറച്ചില്ലേ ? പഞ്ചസാര സബ്സിഡി 250 കോടി രൂപയുടെ വെട്ടിക്കുറയ്ക്കലും ആ ബഡ്ജറ്റിലുണ്ട്. സാധാരണക്കാരന് താങ്ങാൻ കഴിയാത്ത വിധത്തിലാക്കിയിരിക്കുന്നു. കർഷകത്തൊഴിലാളികളും കയർ തൊഴിലാളികളും

LIBRARY ARCHIVES Kerala Legislative Assembly

ചുമട്ടുതൊഴിലാളികളും തെങ്ങുകയറ്റ തൊഴിലാളികളും അസംഘടിത മേഖലയിലെ കോടിക്കണക്കിന് വരുന്ന ദരിദ്രനാരായണൻമാരും ഈ രാജ്യത്ത് പട്ടിണികിടന്ന് മരിക്കേണ്ട ഒരവസ്ഥയിലേക്കാണ് എറിയപ്പെട്ടിരിക്കുന്നത്. ഈ ബഡ്ജറ്റിനെ നിങ്ങൾ താങ്ങിയതുകൊണ്ടല്ലേ സംസ്ഥാന ബഡ്ജറ്റിനെ എതിർക്കാത്തത്. പൊതുമേഖലാസ്ഥാപനങ്ങളിലെ ഗവൺമെന്റ് ഓഹരി 26 ശതമാനം കഴിച്ച് ബാക്കിയെല്ലാം വിറ്റുകൊണ്ടിരിക്കുകയാണ്. അത് സമസ്ത മേഖലയെയും സ്വകാര്യവൽക്കരിക്കും. ഇങ്ങനെ പോയാൽ അവർ പാർലമെന്റും നിയമസഭയും വിദേശ കമ്പനികൾക്ക് വിറ്റഴിക്കാൻ മടിക്കില്ലയെന്നതാണ് അവസ്ഥ. ശ്രീ. എ. കെ. ആന്റണി, നിങ്ങൾ തുടങ്ങിവച്ചതാണ്. എന്നാൽ നിങ്ങൾ ഇപ്പോൾ മാറിയിട്ടുണ്ട്. അതിൽ എനിക്ക് സന്തോഷമുണ്ട്. നിങ്ങൾ മാറും തോറും എനിക്ക് സന്തോഷമുണ്ട്. നിങ്ങൾ കുറച്ച് മാറിയിട്ടുണ്ട് ഇനിയും മാറുമെന്ന് പൂർണ്ണമായ വിശ്വാസം എനിക്കുണ്ട്. കോൺഗ്രസ് കൊണ്ടുവന്ന ആഗോള വൽക്കരണവും ഉദാരവൽക്കരണവും സ്വകാര്യ വൽക്കരണവും ആണ് ഇൻഡ്യാ രാജ്യത്തെ വീണ്ടും വിദേശികളുടെ കയ്യിൽ എത്തിച്ചത്. ഇപ്പോൾ ഇതാ ഒരു ആഗോള മുതലാളി നാല് ദിവസമായി ഇവിടെ താമസിക്കുന്നു. വലിയ മുതലാളി ആയിരം മുതലാളിമാരേയും കൂട്ടിയാണ് ഇവിടെ വന്നത്. അമേരിക്കയിൽ നിന്നുമാണ് വന്നത്. ഇത് നാണംകെട്ട ഓരേർപ്പാടാണ്, ലജ്ജാകരം. ഇൻഡ്യാ രാജ്യത്തിലെ ഹൈദ്രാബാദ്, ഡൽഹി തുടങ്ങിയ പട്ടണങ്ങൾ ഇപ്പോൾ അമേരിക്കൻ മുതലാളിമാരുടെ കയ്യിലാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, അങ്ങയുടെ നേതാവ് നമ്മുടെ സഭാനേതാവും മുഖ്യമന്ത്രിയുമായ ശ്രീ. ഇ. കെ. നായനാരും മറ്റു മന്ത്രിമാരും ഈ അടുത്ത കാലത്ത് മൂന്നുതവണയെങ്കിലും അമേരിക്കയിലെ വ്യവസായികളെ ക്ഷണിക്കാൻ പോയില്ലേ ?

ശ്രീ. എ. കണാരൻ : എനിക്ക് ശ്രീ. പി. പി. തങ്കച്ചനോട് ബഹുമാനമുണ്ട്. ആ ബഹുമാനം കുറയ്ക്കരുതെന്നാണ് എന്റെ അപേക്ഷ. ഞാൻ അമേരിക്കയെപ്പോലുള്ള ലോക മുതലാളിമാരുടെ കാര്യമാണ് പറയുന്നത്. ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കാർ ഇവിടെ ആദ്യം വന്നു. പിന്നീട് ബ്രിട്ടീഷുകാർ വന്നു. എന്നിട്ട് ഇൻഡ്യയെ അവരുടെ കയ്യിലാക്കി. അതിനെതിരായിട്ടല്ലേ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റ് പാർട്ടിയും വിപ്ലവകാരികളും പട്ടാളക്കാരും കൃഷിക്കാരും നാട്ടുകാരുംകൂടി ചേർന്ന് സാമ്രാജ്യത്വവിരുദ്ധ ദേശീയ പ്രസ്ഥാനം ഉണ്ടാക്കിയത് ? ഇപ്പോൾ അമേരിക്കൻ മുതലാളി കച്ചവടത്തിനുവേണ്ടി ആളുകളെയും കൂട്ടി വന്നിരിക്കുകയാണ്. ആ മുതലാളിയെ കണ്ട് സംസാരിക്കാനുള്ള നാണംകെട്ട അവസ്ഥ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റ് ശ്രീമതി സോണിയാ ഗാന്ധിക്ക് ഉണ്ടായിരിക്കുന്നു. എന്താണ് ഉണ്ടാക്കിയത് ? ആ മുതലാളിയെ കാണാൻ എന്തിനാണ് പോയത് ? ഈ രാജ്യത്തെ തകർക്കാൻ, നശിപ്പിക്കാൻ, ഈ രാജ്യത്തിലെ ജനങ്ങളുടെ സ്വാതന്ത്ര്യവും പരമാധികാരവും ഇല്ലായ്മ ചെയ്യാൻവേണ്ടി ലോക മുതലാളിയെ കാണാൻ പോയി. നിങ്ങൾ ഈ നിലപാടിൽ മാറ്റം വരുത്തുമെന്ന് എനിക്കറിയാം. നമ്മുടെ രാജ്യത്തെ കെടുതിയിൽ നിന്ന് മാറ്റാൻ വേണ്ടി നിങ്ങളുടെ നിലപാടിൽ മാറ്റം വരുത്തണമെന്നാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : ഇവിടെ നിന്ന് ആരെങ്കിലും അമേരിക്കയിൽ പോയോ പോയില്ലയോ എന്നുള്ളതല്ല പ്രശ്നം. അമേരിക്കൻ സാമ്രാജ്യത്വത്തിന് ഇൻഡ്യ കീഴ്പ്പെടുന്നതിനെതിരെയാണ് സംസാരിക്കുന്നത്. അതിനെയാണ് എതിർക്കുന്നത്. അല്ലാതെ അമേരിക്കയിൽ ആരെങ്കിലും പോകുന്നതിനോ വരുന്നതിനോ അല്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. കണാരൻ : അമേരിക്കയിൽ പോയോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കാർ ഇവിടെ വന്ന് നമ്മുടെ രാജ്യത്തെ അടിമപ്പെടുത്തി ഇൻഡ്യയെ ഒരു വിപണിയാക്കാൻ പോകുകയാണ്. ആയിരത്തിൽ ചിലാനം സാധനങ്ങൾ ഇവിടെ ഇറക്കുമതി ചെയ്ത് പത്തു മുന്നൂറ് മുതലാളിമാരെ ഇവിടെ കൊണ്ടുവന്ന് ഈ രാജ്യത്തെ മുഴുവൻ തന്നെ കച്ചവടം നടത്തി അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ വിപണിയാക്കി മാറ്റാൻ വേണ്ടിയുള്ള പരിശ്രമങ്ങളെയാണ് എതിർക്കേണ്ടത്. അതിനെ എതിർക്കുന്നില്ല എന്നുള്ളതാണ് വസ്തുത. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ചില വസ്തുതകൾ മനസ്സിലാക്കാനുണ്ട്. നമ്മുടെ കാർഷിക ഉല്പാദനത്തിനും ഭക്ഷ്യധാന്യ ഉൽപാദനത്തിനും ഗണ്യമായ കുറവാണ് ഉണ്ടായിട്ടുള്ളത്. കയറ്റുമതിയിൽ 3.9 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. രാജ്യം ഗുരുതരമായ അവസ്ഥയിലാണ്. ഇറക്കുമതിയിൽ 9 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നമ്മൾ നേടിയത് ഓരോന്നോരോന്നായി പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതാണ് ഇവിടത്തെ അവസ്ഥ. 98.7 കോടി ബില്ല്യൻ ഡോളർ ഈ രാജ്യത്തിന് കടമാണ്. കടം വർദ്ധിച്ചു വരുന്ന അവസ്ഥയാണുള്ളത്. ഈ അപകടകരമായ അവസ്ഥയെ നേരിടേണ്ടതായിട്ടുണ്ട്. ഈ അവസരത്തിലാണ് ബഹുമാനപ്പെട്ട ശിവദാസമേനോൻ വളരെ ദീർഘ വീക്ഷണത്തോടുകൂടിയുള്ള ഒരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സാമ്പത്തിക മാന്ദ്യത്തിലും തകർച്ചയിലും ഈ രാജ്യം പൊയ്ക്കൊണ്ടിരിക്കുമ്പോഴാണ് ഇവിടെ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ നാലു വർഷത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വികസനോന്മുഖമായ നയങ്ങളുടെ ഫലമായി ഗണ്യമായ വളർച്ച കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് മുസ്ളീം ലീഗ് വളരെ ശക്തമായി ബഡ്ജറ്റിനെ സംബന്ധിച്ച് പറയാതിരുന്നത്. മുസ്ലീം ലീഗ് പോരായ്മകളെയും തിരുത്തലുകളെയും കുറിച്ച് നാല് വാചകം മാത്രമേ പറഞ്ഞിട്ടുള്ളൂ. ഗണ്യമായ വളർച്ച ഉണ്ടായിട്ടുണ്ട്. കാർഷിക ഉല്പാദനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 3.8 ശതമാനം വർദ്ധനവ് ഉണ്ടായി. അതുപോലെ വ്യാവസായിക മേഖലയിലും വളർച്ച ഉണ്ടായി. 1991-92 സാമ്പത്തിക വർഷത്തിൽ കേരളം 9-ാം സ്ഥാനത്താണെങ്കിൽ ഇന്ന് അഞ്ചാം സ്ഥാനമായി ഉയർന്നു വന്നിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ശക്തമായ പ്രവർത്തനങ്ങളുടെ ഫലമായി വളർന്നു വന്നതാണ് ; വളർത്തിയെടുത്തതാണ്. അതാണ് ഇതിന്റെ പ്രത്യേകത. ഈ അവസ്ഥയിലാണെങ്കിൽപ്പോലും നമ്മുടെ ധനകാര്യസ്ഥാപനങ്ങളുടെ നിഷേധാത്മക നിലപാടിന്റെ ഫലമായും ഉദാരവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ഫലമായും റബ്ബറിന്റെയും നാണ്യവിളകളുടെയും വില ഇടിഞ്ഞു. നാളികേര കൃഷിയെ തകർത്തെറിയുന്ന മണ്ഡരി രോഗം

ബാധിച്ചതിന്റെ ഫലമായി നമ്മുടെ സമ്പദ് വ്യവസ്ഥ തളർന്നു. കാർഗിൽ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അവശ്യ സാധനങ്ങളുടെ വില കുതിച്ചു കയറി. എല്ലാ പ്രതികൂല സാഹചര്യങ്ങളിലും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ വളർച്ചയിലേക്കു നയിക്കാൻ കഴിയുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേട്ടം ആണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഈ ബഡ്ജറ്റിൽ എന്താണ് പുതുമയെന്നാണ് ചിലർ ചോദിക്കുന്നത്. എന്തിനാണ് ഇങ്ങനെ വകതിരിവില്ലാതെ സംസാരിക്കുന്നത് ? ചിലർ മറ്റൊന്നും സംസാരിക്കാതെ നാലും മൂന്നും ഏഴ്, എട്ടും മൂന്നും പതിനൊന്ന് എന്ന കണക്കു ശാസ്ത്രം പറയുകയാണ്. കേരളത്തിലെ ദുർബല ജനവിഭാഗങ്ങളെ ഇത്രയധികം സഹായിച്ചിട്ടുള്ള ഒരു ബഡ്ജറ്റ് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. 50 വയസ്സിന് മേലുള്ള ദുർബല വിഭാഗങ്ങളിൽപ്പെട്ട അവിവാഹിതകളായ സ്ത്രീകൾക്ക് ഒരു പെൻഷൻ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 10 കോടി രൂപ അതിനായി നീക്കി വച്ചിട്ടുണ്ട്. അഗതി പെൻഷൻ പ്രതിമാസം 10 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. അതിനുവേണ്ടി രണ്ടര കോടി രൂപ നീക്കി വച്ചിട്ടുണ്ട്. 20 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികൾക്ക് അവരുടെ പെൻഷൻ 125 രൂപയായി വർദ്ധിപ്പിച്ചു. തൊഴിലില്ലായ്മ വേതനം പ്രതിമാസം 120 രൂപയായി വർദ്ധിപ്പിച്ചു. ഒരു സാരിയും ഒട്ടിയ വയറുമായി വളരെയധികം ദുരിതങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ച് ജോലി ചെയ്തുവരുന്ന പാവപ്പെട്ട അംഗൻവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും പ്രതിമാസം 100 രൂപ വർദ്ധിപ്പിച്ചു നൽകാൻ തീരുമാനിച്ചു. കുടുംബശ്രീ പരിപാടി വഴി സ്ത്രീകൾക്ക് മുഖ്യ പങ്കാളിത്തം നൽകിക്കൊണ്ട്, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. മൈത്രി ഭവന പദ്ധതി അനുസരിച്ച് 33,000 വീട് നിർമ്മിക്കുന്നതിന് സബ്സിഡി നൽകുന്നതിനായി 30 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗത്തിനും ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പുവരുത്താൻവേണ്ടി 39 കോടി രൂപ പൊതുവിതരണത്തിനു വേണ്ടി അധിക സബ്സിഡി നൽകാൻ തീരുമാനിച്ചു. അധിക സബ്സിഡി എന്നു പറഞ്ഞാൽ മുമ്പത്തെക്കാൾ കൂടുതൽ എന്നർത്ഥം. സമൂഹത്തിൽ ഏറ്റവും ദുരിതം അനുഭവിക്കുന്നവരെ സഹായിക്കുന്നതിനും അവരെ പുരോഗതിയിലേക്ക് നയിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഒരു ബഡ്ജറ്റ് എൽ.ഡി.എഫ്. ഗവൺമെന്റിന് മാത്രമേ അവതരിപ്പിക്കാൻ കഴിയുകയുള്ളൂ. ലോട്ടറി നടത്തിയിട്ട് ഈ രാജ്യത്തിലെ ദുർബല വിഭാഗങ്ങളുടെ വീടിന്റെ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് നമ്മൾ പറഞ്ഞതല്ലേ. നിങ്ങൾക്ക് അത് സംബന്ധിച്ച് ആലോചിച്ചു കൂടെ ? ലോട്ടറി നടത്തി അതിൽ നിന്നുള്ള ആദായം കൊണ്ട് മണ്ണു കൊണ്ടോ ഇല കൊണ്ടോ കടലാസ് കൊണ്ടോ കൂരകൾ ഉണ്ടാക്കി റോഡ് പുറമ്പോക്ക്, കടലോര പുറമ്പോക്ക്, പാറക്കെട്ട്, ചതുപ്പുനിലങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന നാനാജാതി നാനാ പാർട്ടിയിൽപ്പെട്ട പാവപ്പെട്ടവർക്ക് വീടുണ്ടാക്കിക്കൊടുക്കാനുള്ള പദ്ധതി ഈ ബഡ്ജറ്റിലുണ്ട്. അതാണ് ഈ ബഡ്ജറ്റിന്റെ പ്രത്യേകത. ഈ ബഡ്ജറ്റ് കർഷകരെ നിരാശയിലാക്കിയെന്ന് ഇവിടെ ആരോ പറയുന്നത് കേട്ടു. ഇങ്ങനെ ചീപ് പോപ്പുലാരിറ്റിക്കുവേണ്ടി സംസാരിക്കരുത്. ഇതിൽ കർഷകർക്ക് ഒന്നുമില്ലെന്ന് ഇവിടെ ആരോ പറഞ്ഞതു കൊണ്ട് ഞാൻ വീണ്ടും ബഡ്ജറ്റ് പ്രസംഗം വായിച്ചുനോക്കി. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

മേഖലയുടെ നട്ടെല്ലായ തെങ്ങുകൃഷിയെ ബാധിച്ചിരിക്കുന്ന മണ്ഡരി ബാധയെ തടയുന്നതിന് അഞ്ചുകോടി രൂപ നീക്കിവച്ചിട്ടുണ്ട്. റബ്ബർ കർഷകരെ സഹായിക്കാൻ വേണ്ടി വാങ്ങൽ നികുതി ഒഴിവാക്കി; നാലര ഏക്കർ ഭൂമിവരെയുള്ള എല്ലാ കർഷകരെയും സഹായിക്കാൻ ചെറുകിട കർഷക ക്ഷേമനിധി ഏർപ്പെടുത്താനുള്ള നിർദ്ദേശം ഈ ബഡ്ജറ്റിലുമുണ്ട്. എന്തിനാണ് ഒന്നുമില്ലെന്ന് പറയുന്നത്? ഓരോ കുട്ട പൊന്ന് എടുത്ത് കൊടുക്കാനാണോ നിങ്ങൾ പറയുന്നത്? 20 ഏക്കർ വരെ ഭൂമി കൈവശം വച്ച് കൃഷി ചെയ്യുന്ന റബ്ബർ, കാപ്പി കർഷകരെ ഒരു വർഷത്തേയ്ക്കുകൂടി കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കാൻ നിർദ്ദേശമുണ്ട്. നെല്ല് സംഭരണത്തിന് വിൽപന നികുതിയിൽ കുറവ് വരുത്തിയിട്ടുണ്ട്. 5 ഹെക്ടർ വരെയുള്ള എല്ലാ കൃഷിക്കാർക്കും കാർഷികാദായ നികുതി ഒഴിവ് നൽകി. ഈ രാജ്യത്തിലെ മലയോര കൃഷിക്കാരുടെ താല്പര്യത്തിനുവേണ്ടി വെടിയുണ്ട ഏറ്റതും തൂക്കുമരത്തിൽ കയറിയതും കമ്മ്യൂണിസ്റ്റുകാർ ആണെന്ന് മനസ്സിലാക്കണം. ഏതെങ്കിലും ഒരു സംസ്ഥാനത്ത് ഇതുപോലെയുള്ള മാറ്റം വരുത്തിയിട്ടുണ്ടോ? നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി ആരോഗ്യ രംഗത്ത് വളരെയേറെ മാറ്റങ്ങൾ കൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ട്. ശിശുമരണ നിരക്ക് അഖിലേന്ത്യാ തലത്തിൽ 72 ആയിരിക്കുമ്പോൾ കേരളത്തിൽ വെറും 12 ശതമാനം മാത്രമാണ്. അഖിലേന്ത്യായടിസ്ഥാനത്തിൽ പ്രസവ സമയത്തുള്ള മരണത്തിന്റെ നിരക്കു ആയിരത്തിൽ അഞ്ച് ആയിരിക്കുമ്പോൾ കേരളത്തിൽ അത് മൂവായിരത്തിൽ രണ്ടു മാത്രമാണ്.

ശ്രീ. ജി. കാർത്തികേയൻ: നേരത്തെ അങ്ങ് കണക്കുകൾക്കെതിരെ പറഞ്ഞു. നാലും മൂന്നും ഏഴല്ലേ എന്ന്. ഇപ്പോൾ അങ്ങ് മുഴുവൻ കണക്കുകളെക്കുറിച്ചാണല്ലോ പറയുന്നത്.

ശ്രീ. എ. കണാരൻ: കണക്ക് എന്നു പറയുന്നത് നിങ്ങളെ ഞെട്ടിപ്പിക്കുന്ന ബേജാറാക്കുന്ന കണക്കുകളാണ്. കേരളത്തിന്റെ മാറ്റത്തിനുവേണ്ടി നിങ്ങൾ പങ്കാളികളാകാതിരിക്കണ്ട. അഖിലേന്ത്യ തലത്തിൽ പ്രസവ സമയത്തുള്ള മരണ നിരക്ക് ആയിരത്തിൽ അഞ്ച് ആയിരിക്കുമ്പോൾ കേരളത്തിൽ അത് മൂവായിരത്തിൽ രണ്ടു മാത്രമാണ്. ആയുരാരോഗ്യത്തിൽ കേരളത്തിൽ 74 ശതമാനമാണുള്ളത്. അഖിലേന്ത്യാ ശരാശരി 58 ആണ്. ഇത് എൽ.ഡി.എഫ്. ഭരണത്തിന്റെ നേട്ടമാണ്. ഈ ബഡ്ജറ്റിൽ ആരോഗ്യ മേഖലയ്ക്ക് 697 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. 25 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കുന്നതിനും, 25 പുതിയ ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനും 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനും ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. എല്ലാ സ്ഥലത്തും ആയുർവേദം, അലോപ്പതി, ഹോമിയോ ഡിസ്പെൻസറികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എല്ലാം വരുന്നു. വ്യാപാര വ്യവസായ മേഖലയെ പ്രോൽസാഹിപ്പിച്ച് തൊഴിലില്ലായ്മ ഇല്ലാതാക്കാനും സാമ്പത്തികാവസ്ഥ കൈവരിക്കാനും സഹായകമായ നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിൽ ഉണ്ട്. വ്യവസായ മേഖലയുടെ വികസനത്തിനായി 257 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ 15 ശതമാനം കൂടുതലാണ്. വ്യവസായം

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് എല്ലാ വിധ സഹായങ്ങളും ലഭ്യമാകുന്ന തരത്തിൽ ഏകജാലക സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. ഇരുപതിനായിരം ചെറുകിട വ്യവസായസ്ഥാപനങ്ങൾ ഇവിടെ നടത്താനും ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കാനും ഉള്ള ഏർപ്പാടുകൾ ചെയ്തു കഴിഞ്ഞു. നെയ്ത്തിന് ആവശ്യമായ കഴിനൂലിന് ഒരു ശതമാനം നികുതി നിശ്ചയിച്ചു. പരുത്തി നൂലിന് നികുതി 2 ശതമാനം കുറച്ചു. അംഗീകൃത ഖാദിയുടെ നികുതി 4 ശതമാനമായി കുറച്ചു. 21 ഇനം ഖാദി ഉൽപന്നങ്ങൾക്ക് നികുതി ഒഴിവാക്കി. ചെറുകിട കുടിൽ വ്യവസായങ്ങളെ ശക്തിപ്പെടുത്തി. ഈ ഗവൺമെന്റ് കേരളത്തെ സമൃദ്ധിയിലേക്ക് മാറ്റും. റബ്ബർ തടി വ്യവസായത്തിന് നികുതിയിളവ് പ്രഖ്യാപിച്ചു. ഓട്ടു കമ്പനിക്ക് കളിമണ്ണിന്റെയും വിറകിന്റെയും നികുതിയിൽ കുറവ് വരുത്തിയത് ചെറുകിട പരമ്പരാഗത വ്യവസായങ്ങളെ ശക്തിപ്പെടുത്തും. ഇതെല്ലാം ഈ സംസ്ഥാനത്തിന്റെ മാറ്റങ്ങൾക്കുവേണ്ടിയുള്ളതാണ്. ദരിദ്ര ജനവിഭാഗങ്ങളെ കയ്യയച്ച് സഹായിക്കാൻ കഴിയുന്ന ഗാന്ധിയൻ ബഡ്ജറ്റാണിത്. ഗ്രാമീണ മേഖലയെ ശക്തിപ്പെടുത്തുന്ന തരത്തിൽ ജനവിഭാഗങ്ങളെ അകമഴിഞ്ഞ് സഹായിക്കുന്ന ഒരു ഗാന്ധിയൻ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിനെ മുക്തകണ്ഠം പ്രശംസിക്കണം. ഈ ബഡ്ജറ്റ് ഇത്രയും ജനോപകാര പ്രദമായ വിധത്തിൽ അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് ബഹുമാനമുണ്ട്. പക്ഷേ ചില കാര്യങ്ങൾ കൂടി ആലോചിക്കേണ്ടതായിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കുവേണ്ടി ഫണ്ട് കണ്ടെത്തുകയും... എന്നാൽ ഈ കേരളത്തിലെ ഒരു വിഭാഗം വൻകിട വ്യവസായികൾ അവരുടെ ദുഷിച്ച സംഘടനകൾ ഉപയോഗിച്ച് നികുതിയിൽ നിന്ന് ഒഴിവായി പോകുന്നു. നികുതി പിരിക്കാൻ എത്തുന്ന ഉദ്യോഗസ്ഥൻമാരെ ഗുണ്ടാ സംഘത്തെ ഉപയോഗിച്ച് ആക്രമിക്കുന്നു. നികുതി പിരിക്കാൻ ചെന്നാൽ കയ്യും കാലും തല്ലിയൊടിക്കുമെന്ന് ആക്രോശിക്കുന്നു. ഇത്തരം കൊള്ള സംഘങ്ങളെ കയ്യോടെ പിടിച്ച് തുറുങ്കിൽ അടയ്ക്കുവാൻ ആവശ്യമായ നിർദ്ദേശമുണ്ടാകണം. നികുതി പിരിക്കാൻ ചെല്ലുന്ന ഉദ്യോഗസ്ഥന്മാരെ കയ്യും കാലുമൊടിക്കുമെന്ന് പറയുന്നു. സൂര്യ, ഏഷ്യാനെറ്റ് തുടങ്ങിയ ദൃശ്യമാധ്യമങ്ങളിൽ കാണുന്നതാണ്. സ്വർണ്ണ ജൂവലറികൾ ലക്ഷക്കണക്കിന് ഉറുപ്പികയുടെ വരവും നടക്കുന്നു ദിവസേനെയെന്നോണം. എന്നിട്ട് അവർ പറയുകയാണ് 4 പവൻ വിറ്റുവെന്ന്. ലജ്ജാകരം, നാണക്കേട്. കേരളത്തിന് അപമാനം. ചെക്കുപോസ്റ്റുകളിൽ മുഴുവൻ നികുതി വെട്ടിപ്പ് നടന്നുകൊണ്ടിരിക്കുന്നു. ആ നികുതി വെട്ടിപ്പിന് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥന്മാരെ കൽ തുറുങ്കിലടയ്ക്കുക തന്നെ വേണം. ഈ രാജ്യത്തിലെ നികുതി വെട്ടിക്കാതിരിക്കാൻ വേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചു കൊണ്ടിരിക്കുന്ന നൂറു കണക്കിന് ഉദ്യോഗസ്ഥന്മാരെ എനിക്കറിയാം. ആ ഉദ്യോഗസ്ഥൻമാർക്ക് പൂമാലയിട്ട് അവർക്ക് പ്രൊമോഷൻ കൊടുക്കാനുള്ള സംവിധാനം ഉണ്ടാകണം. അതിനുവേണ്ടിയുള്ള നടപടി ഇവിടെ ആരംഭിക്കേണ്ടതായിട്ടുണ്ട്. ഗതാഗത സൗകര്യവും വൈദ്യുതിയുടെ ലഭ്യതയും ജലസേചന സൗകര്യവും ലഭ്യമായിട്ടുള്ള പ്രദേശമാണ് കേരളം. ഈ പശ്ചാത്തലത്തിൽ ഇവിടെ ലഭ്യമായിട്ടുള്ള കാർഷികവും വ്യാവസായികവുമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ചെറുകിട വ്യവസായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കണം. ഒരു കോടി ചെറുപ്പക്കാർക്ക് തൊഴിലവസരം ലഭ്യമാക്കണം. ഗൾഫ് പണത്തിനെ മാത്രം ആശ്രയിക്കുന്ന സാമ്പത്തിക സ്ഥിതി വിശേഷം മാറ്റിയെടുക്കണം. വിവര സാങ്കേതിക വിദ്യ പഞ്ചായത്ത് തലത്തിലേക്ക് വ്യാപിപ്പിക്കാൻ കഴിയണം. ശാസ്ത്ര സാങ്കേതിക വിദ്യ മനുഷ്യ സമൂഹത്തിന് ഉപയോഗിക്കാൻ കഴിയുന്ന ഒരു കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രം ഇവിടെ വളർത്തിയെടുക്കണം. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം അവസാനിപ്പിച്ചുകൊണ്ടുള്ള പ്രത്യയശാസ്ത്രം ഇവിടെ വളർത്തിയെടുക്കാൻ കഴിയണം. ഇതിന് പ്രധാനമായി ഇവിടെയുള്ള തൊഴിൽ രഹിതരിൽ 75 ശതമാനവും എസ്. എസ്.എൽ.സി. പാസായി നിൽക്കുന്നവരാണ്. ഈ ബഡ്ജറ്റിൽ പറയുന്ന മുഴുവൻ കാര്യങ്ങളും എത്രയും വേഗം നടപ്പിൽ വരുത്തിക്കഴിഞ്ഞാൽ സമ്പൽസമൃദ്ധിയുള്ള കേരളത്തെ സൃഷ്ടിക്കാൻ കഴിയുമെന്ന പ്രത്യാശയോടെ ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എൻ. സുന്ദരൻ നാടാർ: സർ, സാധാരണ ജനങ്ങളുടെ പ്രശ്ന പരിഹാരത്തിന് ഊന്നൽ നൽകാതെ യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചുകൊണ്ട് സാധാരണക്കാരന്റെ കൈയടി വാങ്ങുന്നതിനുള്ള പാഴ്ശ്രമമാണ് ഈ ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി നടത്തിയിരിക്കുന്നത്. ഇവിടെ വളരെ പേർക്ക് പെൻഷനും, ആനുകൂല്യങ്ങളും കൊടുക്കുമെന്ന് പറഞ്ഞു. നാണമില്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്. പെൻഷൻ കൊടുക്കുന്നതല്ല, പിച്ചക്കാശ് കൊടുക്കലാണ്. അഗതി പെൻഷൻ 10 രൂപ, തൊഴിലില്ലായ്മവേതനം 20 രൂപ, 50 വയസ്സുവരെ വിവാഹം കഴിക്കാത്തവർക്ക് 25-രൂപ നാണമില്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്. ജനകീയാസൂത്രണത്തിലൂടെ കോടിക്കണക്കിന് രൂപ വികസനത്തിനു വേണ്ടി വാരിയെറിയുകയാണ്. അതിനെക്കുറിച്ച് അന്വേഷിക്കാതെ അഗതി പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ ഇതൊക്കെ കൂട്ടുമെന്നാണ് പറയുന്നത്. ഈ സംസ്ഥാനത്ത് ഏറ്റവും കഷ്ടപ്പെടുന്ന ഒരു വിഭാഗം ആളുകളുണ്ട്. ക്യാൻസർ രോഗികൾ, അവർക്കുള്ള ആനുകൂല്യമെന്നു പറയുന്നത് പെൻഷൻ ഇനത്തിലുള്ള 100 രൂപയാണ്. പെൻഷൻ വരുമാന പരിധി 2,400 രൂപ എന്നത് പതിനായിരം രൂപയായും പെൻഷൻ 300 രൂപയായും വർദ്ധിപ്പിക്കണം. കർഷകത്തൊഴിലാളികളടക്കമുള്ള ആളുകൾക്ക് കുറഞ്ഞത് 500 രൂപ പെൻഷൻ കൊടുക്കേണ്ടതാണ്. അല്ലാതെ 100 രൂപ, 20 രൂപായൊക്കെ കൊടുത്ത് കൈയടി വാങ്ങുന്നത് ശരിയല്ല. റോഡുകളിൽ പോക്കറ്റടിക്കാൻ നടക്കുമ്പോലെയുള്ള പരിപാടിയാണിത്. വികേന്ദ്രീകരണത്തിന്റെ പേരിൽ ഗവൺമെന്റ് ഊറ്റംകൊള്ളുകയാണ്. നാണമില്ലേ എന്ന് ഞാൻ ചോദിക്കുകയാണ്. കോടികൾ ഒഴുകുകയാണ്. ഞങ്ങൾ പരാതി കൊടുത്താൽ മന്ത്രിമാർ അന്വേഷിക്കുന്നില്ല, അതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് നേരിട്ടും പറഞ്ഞിട്ടുണ്ട്. വൈദ്യുതി രംഗത്തെക്കുറിച്ചൊക്കെ എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. കണാരൻ മാസ്റ്ററൊക്കെ വളരെ ഭംഗിയായിട്ട് പറഞ്ഞു. ഞങ്ങൾക്ക് ഇന്നലെ കറണ്ട് ഇല്ലായിരുന്നു. ഒരു മാസംകൊണ്ട് കറണ്ടില്ല. ഇതിനെക്കുറിച്ചൊക്കെ അന്വേഷിക്കണം. ഞാൻ മന്ത്രിയെ മാത്രം കുറ്റം പറയുന്നില്ല. ഇവിടത്തെ ഉദ്യോഗസ്ഥന്മാർ ഇത് നടപ്പിലാക്കുന്ന ആളുകൾ മദ്യപിച്ച് മദോന്മത്തരായി ആഫീസിൽ കിടന്ന് ഉറങ്ങുകയാണ്. അതിനെക്കുറിച്ച് അന്വേഷിക്കണം. ഐ.എൻ.ടി.യു.സി.

LIBRARY ARCHIVES Kerala Legislative Assembly

ആയാലും സി.ഐ.ടി.യു.ആയാലും ഈ രണ്ടിന്റെയും മണം വളരെ ഭംഗിയായിട്ട് അറിയാമെന്നുള്ളവനാണ്. അതുപോലെ വൈദ്യുതി ആഫീസിൽ മൂന്നുമാസത്തെ വൈദ്യുതി ഉപയോഗിക്കുന്നതിന് തുല്യമായ തുക കാഷൻ ഡെപ്പോസിറ്റായി അടയ്ക്കണമെന്നുള്ളത്. ഇത് അന്യായമാണ്, അത് നിർത്തലാക്കണം. വേറൊന്നുള്ളത് കൺസ്യൂമർ കാർഡ് ഏത് ഗവൺമെന്റ് ശ്രമിച്ചാലും ജനങ്ങൾ അംഗീകരിക്കില്ല, ഫാം പൂരിപ്പിച്ചും കൊടുക്കില്ല. ദയവുചെയ്ത് ഇത് ഗവൺമെന്റ് പിൻവലിക്കണം. പാവപ്പെട്ടവരാരും കൊടുക്കില്ല, കൊടുത്തിട്ടുമില്ല. നിങ്ങൾ എത്രയോ പിൻവലിച്ചു, ഇനിയും പിൻവലിക്ക്. പൊറശ്ശാല പണി തീർന്ന് കിടക്കുന്ന 110 കെ.വി. സബ്സ്റ്റേഷൻ ഉടൻ കമ്മീഷൻ ചെയ്യണം. കൺസ്യൂമർമാരുടെ ബാഹുല്യം കണക്കിലെടുത്ത് ഉച്ചക്കട ഓവർസിയർ ആഫീസ് സെക്ഷൻ ആഫീസായി ഉയർത്തണം. കേന്ദ്ര ഗവൺമെന്റിനെ എതിർക്കുന്ന ആളുകൾ അനുകൂലിക്കുന്നു എന്നൊക്കെപറഞ്ഞ് തെറ്റിദ്ധാരണ പരത്തുകയാണ്. ഇവിടെ എന്താണ് ചെയ്തത് 200 കോടി രൂപ ഭക്ഷ്യ സബ്സിഡി ആവശ്യമുള്ളപ്പോൾ നമ്മുടെ ഗവൺമെന്റ് സബ്സിഡിയായി കൊടുത്തത് 39 കോടി രൂപയാണ്. ഇത് ആരോട് കാണിക്കുന്ന അവഗണനയാണ് എന്നുള്ളത് വ്യക്തമാക്കണം. ഈ അവഗണന അവസാനിപ്പിക്കണം. ഇവിടെ സി.പി.എം. ഭരിക്കുന്നോ, സി.പി.ഐ. ഭരിക്കുന്നോ, കോൺഗ്രസ് ഭരിക്കുന്നോ എന്നുള്ളതല്ല ജനങ്ങളോട് കാണിക്കുന്ന ഈ അവഗണന അവസാനിപ്പിക്കണം. ആവശ്യമുള്ള തുക വകകൊള്ളിക്കണം. കാർഷിക മേഖലയെപ്പറ്റി വളരെ ഭംഗിയായി പറയുകയാണ്, കൃഷി എന്താണെന്നോ പച്ചക്കറിയാണോ അത് അങ്ങാടി മരുന്നാണോ എന്നൊന്നും അറിയാത്ത ആളുകളുടെ ബഡ്ജറ്റാണ്. ഇവിടെ നെല്ലുൽപാദനം തകർന്നിരിക്കയാണ്. 1975-ൽ ഏഴര ലക്ഷം ഹെക്ടർ നെൽപ്പാടം ഉണ്ടായിരുന്നത് ഇപ്പോൾ നാല് ലക്ഷം ഹെക്ടർ പോലും ഇല്ല. പച്ചക്കറിക്ക് വേണ്ടി കോടിക്കണക്കിന് രൂപ വാരിയെറിയുന്നു എന്ന് പ്രഖ്യാപിക്കുന്നു. എന്റെ കൂടെ കളിയിക്കാവിള വന്നാൽ കാണിച്ചുതരാം, ലോറിക്കണക്കിന് പച്ചക്കറികൾ തമിഴ്നാട്ടിൽ നിന്ന് വരുന്നത്. കൃഷിക്കുവേണ്ടി കോടികൾ ചെലവാക്കുന്നു, ഒരൊറ്റ കൃഷിക്കാരന്റെ കൈയിൽ എത്തുന്നില്ല ഇടത്തട്ടുകാർ തട്ടുകയാണ്. അത് ആര് തട്ടുന്നു എന്നുള്ളത് പരിശോധിക്കണം. മണ്ഡരി രോഗത്തിന് 195 കോടി രൂപ ആവശ്യമുള്ളപ്പോൾ എനിക്ക് ഏറ്റവും വേണ്ടപ്പെട്ട ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൊടുത്തത് 5 കോടി രൂപയാണ്. ഇത് എന്തിനാണ് എന്നുള്ളത് ആലോചിക്കണം. അതുപോലെ മൃഗസംക്ഷണ വകുപ്പിന് വാരിക്കോരി കൊടുക്കുന്നുണ്ട്, പഞ്ചായത്തുകളിലെ മൃഗാശുപത്രികൾ മുഴുവൻ സമയവും പ്രവർത്തിപ്പിക്കാൻ ഏർപ്പാട് ചെയ്യണം. കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കണം, ആശുപത്രികൾ മുഴുവൻ സമയവും പ്രവർത്തിപ്പിക്കണം, ക്ഷീര സംഘങ്ങളെ ബിനാമി ഇടപാടുകാരുടെ കൈകളിൽ നിന്ന് രക്ഷിക്കണം. ഞാൻ ഇത് ഈ സഭയ്ക്കുവേണ്ടി പറയുകയാണ്. ഇന്ന് അതിന്റെ ഭാരവാഹികൾ എന്നു പറയുന്നവർ പശുവിനെ കണ്ടിട്ടില്ല, പാവപ്പെട്ടവൻ പശുവിനെ വളർത്തുകയും, പാൽ ഉല്പാദിപ്പിക്കുകയും ചെയ്യുമ്പോൾ ബിനാമിയാണ് അവനെ നിയന്ത്രിക്കുന്നത്. അത് കണ്ടുപിടിക്കണം. ക്ഷീരോൽപ്പാദകർക്ക് ക്ഷേമനിധിയും പെൻഷനും കൊടുക്കണം. ഇവിടെ ആശുപത്രിയുടെ കാര്യമൊക്കെ പറയുന്നതു

LIBRARY ARCHIVES Kerala Legislative Assembly

കേട്ടു. അങ്ങോട്ട് കടക്കണ്ട. മെഡിക്കൽ കോളേജിൽ രോഗികളെ കൊണ്ടു പോയാൽ പ്രേതം പോസ്റ്റുമാർട്ടം കഴിഞ്ഞ് കൊണ്ടുവരും ഇതാണ് ഇന്നത്തെ സ്ഥിതി. ആര് ഭരിക്കുന്നു എന്നുള്ളതല്ല, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ ഒറ്റ പി.എച്ച്സെന്റർ തുറന്നിട്ടുണ്ടോ ? തുറന്നിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽ കുളത്തൂർ, ചെങ്കൽ, പരണിയം, കൊല്ലയിൽ എന്നീ പി.എച്ച്. സെന്ററുകൾ പൂർത്തിയായിട്ട് നാല് വർഷം തികഞ്ഞു. ഇത് അവഗണനയാണ്. ന്യൂനപക്ഷ പിന്നോക്ക വിഭാഗത്തിൽ നിന്നും വന്ന ഒരു എം.എൽ.എ. പറയുന്നത് വിവരം ഉള്ളവർ ആരും അവഗണിക്കില്ല. അവഗണന അവസാനിപ്പിക്കണം. ആവശ്യമുള്ള സ്റ്റാഫും, ഫർണിച്ചറും നൽകി അത് പ്രവർത്തനമാരംഭിക്കണം. 2000-2001-ൽ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുമെന്ന് പറഞ്ഞു. മൽസ്യത്തൊഴിലാളികളും, പനകയറ്റത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന കുളത്തൂർ പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി ആരംഭിക്കണം. പാറശ്ശാല പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും ആരംഭിക്കണം. ചെങ്കൽ പഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തണം. കേരളാ ഫാം പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പുരോഗതിക്കുവേണ്ടി 2 കോടി രൂപയെങ്കിലും ബഡ്ജറ്റിൽ അനുവദിക്കണം. പുനരധിവാസ പദ്ധതിക്കുവേണ്ടിയാണ് ഉച്ചക്കടയിൽ, നെയ്യാറ്റിൻകര പവർ ലൂം പ്രോജക്ട് ആരംഭിച്ചത്. അവിടെ ഇന്ന് ആയിരത്തോളം ഷെയർ ഹോൾഡേഴ്സ് ഉണ്ട്. 1998-ലാണ് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ഉദ്ഘാടനം ചെയ്തത്. പ്രാഥമിക ട്രെയിനിംഗ് സെന്റർ ഉത്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി 13-1-2000-ത്തിലാണ്. അത് കാര്യക്ഷമമായി പ്രവർത്തിച്ചാൽ 5000 പേർക്ക് തൊഴിൽ കൊടുക്കാൻ കഴിയും. അതിനുവേണ്ടി 3 കോടി രൂപ ഉടനടി ബഡ്ജറ്റിൽ ഉൾപ്പെടുത്തണം. മരാമത്ത് പണിയെപ്പറ്റി പറഞ്ഞിട്ട് കാര്യമൊന്നുമില്ല, മന്ത്രി പറഞ്ഞാലും പണം നമുക്ക് കിട്ടില്ല. അദ്ദേഹം പറഞ്ഞു അദ്ദേഹത്തിന്റെ നാട്ടിൽ റോഡുകളൊക്കെ നന്നാക്കിയിട്ടുണ്ടെന്ന്. തിരുവനന്തപുരത്ത് പലയിടത്തും നന്നാക്കി. പക്ഷെ കരാറുകാർക്ക് കൊടുക്കാനുള്ള 500 കോടി രൂപ കൊടുത്താൽ മാത്രമേ റോഡുകളും, കെട്ടിടങ്ങളുമൊക്കെ നന്നാകൂ. അത് കൊടുക്കണം. ഇവിടെ വച്ചിട്ടുള്ളത് 375 കോടി രൂപയാണ്. ട്രാൻസ്പോർട്ടിനെപ്പറ്റി പറയാതിരിക്കുന്നതാണ് നല്ലത്, പണ്ട് ഒരു ശേഷക്കാരനെ കാരണവർ അടിച്ചപ്പോൾ പറഞ്ഞു എന്നെ അടിക്കരുത് ഞാൻ നന്നാകില്ല എന്ന്. അതുപോലെത്തെ സ്ഥിതിയാണ് ഇന്ന് കെ.എസ്.ആർ.ടി.സി.ക്കുള്ളത്. അത് നിങ്ങൾക്കൊക്കെയറിയാമല്ലോ ? ഞാൻ ഇനി കൂടുതൽ പ്രസംഗിക്കണ്ടല്ലോ ? പണ്ട് വണ്ടി കാണാത്ത സ്ഥലങ്ങളിൽ ഞാൻ മന്ത്രിയായിരുന്നപ്പോഴാണ് വണ്ടി കണ്ടത്. പെൻഷന് വേണ്ടി പണം വാങ്ങിച്ചവർ ആരുടെ കാലത്തും കൊടുത്തില്ല, ഞാനാണ് പെൻഷൻ കൊടുത്തത്. എനിക്കതിൽ അഭിമാനമുണ്ട്. കെ.എസ്. ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നു എങ്കിലും ജനങ്ങൾ സമാന്തര സർവ്വീസിനെയാണ് ഇന്നും ആശ്രയിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ 1000 ബസ് ഇറക്കുമെന്ന് പറഞ്ഞു, ആ പ്രഖ്യാപനം ജലരേഖയായി. ഇപ്പോൾ 1200 ബസുകൾ ഇറക്കുമെന്ന് പറഞ്ഞു, വണ്ടി ബോഡി ബിൽഡ് ചെയ്യാനും റീ-കണ്ടീഷൻ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനും വർക്ക് ഷോപ്പ് ഇല്ല. ട്രാൻസ്പോർട്ട് എന്നുപറയുന്നത് യൂട്ടിലിറ്റി സർവ്വീസാണ്, അത് മറക്കരുത്. പാറശ്ശാല റീജിയണൽ വർക്ക് ഷോപ്പിന്റെ പണി ഉടൻ ആരംഭിക്കണം. എന്നെ കിടത്തിയേ ഒക്കൂ എങ്കിൽ നിങ്ങളുടെയൊക്കെ സഹായത്തോടെ ഞാൻ കിടക്കും. ആ വർക്ക് ഷോപ്പിന്റെ പണി ആരംഭിക്കണം അതിന് 3 കോടി രൂപ അനുവദിക്കണം. നമ്മുടെ ഗവർണറായിരുന്ന ശ്രീ. രാമകൃഷ്ണ റാവു വലിയ എഞ്ചിനീയറായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് കേരളത്തിൽ അവിടവിടെ സിവിൽ സ്റ്റേഷനുകൾ ആരംഭിച്ചു. അന്ന് തിരുവനന്തപുരത്ത് നാഥനില്ല. ഇപ്പോൾ ഈ ബഡ്ജറ്റിൽ നല്ല ഒരു പ്രഖ്യാപനം വന്നു, തിരുവനന്തപുരത്ത് സിവിൽ സ്റ്റേഷൻ ആരംഭിക്കുമെന്ന്. അത് ആരംഭിക്കണം, ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെ പാറശാല ഒരു സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിന് 1985-ൽ ഒരു ഏക്കർ സ്ഥലം സൗജന്യമായി നൽകിയതാണ്. അവിടെയും പണി ആരംഭിക്കണം. ഞാൻ പാറശാലക്കാരനല്ലേ, സഹകരണമേഖലയിൽ പ്രൊഫഷണൽ കോളേജ് ആരംഭിക്കുന്നതുപോലെ സ്വകാര്യമേഖലയിലും ആരംഭിക്കണം. അവരുടെ സേവനം വിസ്മരിക്കരുത്. ഞാൻ അവരുടെ ഏജന്റ് ഒന്നുമല്ല. ഇത്തവണ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തുകയാണ്. എല്ലാ ഹൈസ്കൂളുകളിലും പ്ളസ് ടു ആരംഭിക്കണം. അതുപോലെ, പാറശാല ജി.എച്ച്.എസ്., ധനുവച്ചപുരം എച്ച്.എസ്., കുളത്തൂർ എച്ച്.എസ്., പരണിയം എച്ച്.എസ്., കഞ്ചാംപടിഞ്ഞി എച്ച്.എസ്. എന്നീ സ്കൂളുകളിൽ പ്ലസ് ടു ആരംഭിക്കണം. വാണിജ്യ ടാക്സ് വെട്ടിപ്പ് തടയുന്നതിന് നടപടിയെടുക്കുമെന്ന് പറയുന്നത് സ്വാഗതാർഹമാണ്. എനിക്ക് വളരെ സന്തോഷമുണ്ട്. ഇന്ന് ചെക്ക്പോസ്റ്റുകളെല്ലാം തന്നെ കോടികളുടെ വെട്ടിപ്പ് നടത്തുന്ന ഗൂഢസംഘങ്ങളുടെ പിടിയിലാണ്. ഗവൺമെന്റിന്റെ മുഖ്യ വരവ് അതിൽ നിന്നാണ് വരുന്നത്. ചെക്ക്പോസ്റ്റുകളിൽ മുളപൊക്കുന്നവൻ മുതൽ പോലീസുകാരൻ മുതൽ, എക്സൈസ്കാരൻ മുതൽ അവിടത്തെ ഓഫീസർമാർ വരെ അഴിമതിക്കാരാണ്. ഉദാഹരണമായി അമരവിള ചെക്ക്പോസ്റ്റ് പരിശോധിച്ചാൽ അറിയാം ഗവൺമെന്റിന് കിട്ടേണ്ട കോടികൾ അവിടെ വെട്ടിക്കുകയാണ്. ആ വെട്ടിപ്പ് അവസാനിപ്പിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇറിഗേഷൻ വകുപ്പിനെക്കുറിച്ച് പറയുമ്പോൾ പൊന്നും വില നടപടി പൂർത്തിയാക്കിയ നെയ്യാറിന്റെ ബണ്ട് പണിക്ക്, ആറാട്ടുകടവ്, മാവിളക്കടവ് ബണ്ട് തിരുപുറം മാഴിളക്കടവ് ബണ്ട്, മഴുപാറ ബണ്ട്, പൊയ്പ്പാറ ബണ്ട് ഇവ ഏറ്റെടുത്ത് നന്നാക്കുന്നതിന് 3 കോടി രൂപ അനുവദിക്കണം. മറ്റൊരു നല്ല കാര്യം ഞാൻ പറയാം, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തീരുമാനമനുസരിച്ച് പാറശാലയിൽ ഒരു മജിസ്ട്രേട്ടു കോടതിയും സിവിൽ കോടതിയും ആരംഭിക്കാനുള്ള നിർദ്ദേശമുണ്ട്. അത് ഉടൻ ആരംഭിക്കണം. പിന്നെ മറ്റൊരു കാര്യം നമുക്ക് എല്ലാപേർക്കും വേണ്ടിയാണ്. ബീഹാറിലെ മുഖ്യമന്ത്രിയായ ശ്രീമതി റാബ്റി ദേവിക്കുവേണ്ടി പലരും കൈപൊക്കുന്നുവെന്ന് ഇവിടെ പറയുന്നത് കേട്ടു, അവർ ഒരു നല്ല കാര്യം ചെയ്തു. അവിടത്തെ എം.എൽ.എ.മാർക്ക് വികസനഫണ്ടായി ഒരു കോടി രൂപ വീതം അനുവദിച്ചു. ഇവിടെയും എം.എൽ.എ. മാർക്ക് വികസനഫണ്ടായി ഒരു കോടി രൂപ വീതം അനുവദിക്കണം. പിന്നെ ജനകീയ പോലീസ്, എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോലീസിനെ നല്ല പരിചയമാണ്, അടി കൊണ്ടിട്ടില്ല, ജനകീയ പോലീസ് എന്നു പറഞ്ഞാൽ കള്ളനെ വീട് കാവൽ ഏൽപിക്കുന്നതുപോലെയാണ്. ഒരു കാരണവശാലും എൽ.ഡി.എഫ്. ആയാലും, യു.ഡി.എഫ്. ആയാലും ശരി ജനകീയ പോലീസ് നാട്ടിന് ആപത്താണ്. അവർക്കിപ്പോഴുള്ള ജോലി എന്താണെന്ന് അറിയാമോ ? സ്പിരിറ്റ് കടത്തിയാൽ അതിന് കൂട്ടുനിൽക്കുക, ഉത്തരവാദിത്വമുള്ള നേതാക്കൻമാർ ശബ്ദിച്ചാൽ മതി, വാദിപോയാൽ പ്രതി, 307-ാം വകുപ്പ് അനുസരിച്ചാണ് കേസെടുക്കുന്നത്. വകുപ്പുകൾ പോയി. ഒരു കാരണവശാലും ജനകീയ പോലീസ് സമ്പ്രദായം നടപ്പിൽ വരുത്തരുത്. അതിന് കൂട്ടുനിൽക്കരുത്, ജനങ്ങളെല്ലാം അതിന് എതിരാണ് ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. പരമ്പരാഗതമായ സാമ്പത്തിക തത്വങ്ങളുടെ അടിസ്ഥാനത്തിലല്ല ഞാൻ ഈ ബഡ്ജറ്റിനെ വിലയിരുത്തുന്നത്. സൈദ്ധാന്തികമായ സമീപനം അപ്രസക്തവും അപ്രായോഗികവുമാകുന്ന നിലയിൽ സങ്കീർണ്ണമാണ് സാമ്പത്തികവും രാഷ്ട്രീയവുമായ ഇന്നത്തെ അവസ്ഥ. അക്കങ്ങളുടെ ഇന്ദ്രജാലത്തിൽക്കൂടി ബഡ്ജറ്റിനെ ആകർഷകമാക്കാൻ ലേശം ഭാവനയും വക്രബുദ്ധിയുമുള്ള ഏതു ധനകാര്യവകുപ്പുമന്ത്രിക്കും സാധിക്കും. അക്കങ്ങൾ മാറ്റിയും മറിച്ചും ഇട്ട് കളം മാറി ചവിട്ടി മിച്ചത്തെ കമ്മിയും കമ്മിയെ മിച്ചവുമാക്കുന്ന പണി പഠിക്കാൻ പാലാ വരെ പോകേണ്ട. അക്കങ്ങളുടെ കൺകെട്ടല്ല, ഏറ്റവും അഭികാമ്യമായ ബഡ്ജറ്റ്. കമ്മിയെന്നത് അതിനാൽതന്നെ ഒരു പാപമാണ് എന്ന ധാരണ എനിക്കില്ല. ശ്രീ. ശിവദാസമേനോന്റെ ബഡ്ജറ്റിനെ ആകർഷകമാക്കുന്നത് ഉടനീളം നിറഞ്ഞു നിൽക്കുന്ന മാനവികതയുടെ ചൈതന്യമാണ്. മനുഷ്യനെ സ്നേഹത്തോടെ ഓർമ്മിക്കുന്ന ബഡ്ജറ്റാണിത്. മാനവികതയുടെ പരന്നൊഴുകുന്ന നറുനിലാവിനെ മറയ്ക്കാൻ ഒരു കാർമേഘം പോലും പ്രതിപക്ഷ ചക്രവാളത്തിൽ കാണുന്നില്ല. ഇടയ്ക്കിടെ കാണപ്പെടുന്ന മേഘകഷണങ്ങളാകട്ടെ ചന്ദ്രശോഭയിൽ അപ്രസക്തമാകുകയും ചെയ്യുന്നു. രാജ്യം അകപ്പെട്ടിരിക്കുന്ന സാമ്പത്തിക സ്ഥിതി വിസ്മരിച്ചുകൊണ്ടാണ് സംസ്ഥാന ബഡ്ജറ്റിനെ പ്രതിപക്ഷം വിലയിരുത്തുന്നത്. അത് ശരിയല്ല. അത്തരം അർത്ഥരഹിതമായ വ്യായാമത്തിലാണ് പ്രതിപക്ഷം ഏർപ്പെട്ടിരിക്കുന്നത്. കോൺഗ്രസ് തുടക്കമിട്ട സാമ്പത്തിക പരിപാടി പത്താം വർഷത്തിൽ എത്തിയിരിക്കുകയാണ്. കോൺഗ്രസ് തുടങ്ങിവച്ച ഉദാരവൽക്കരണം ഒരിക്കലും സ്വകാര്യവൽക്കരണമായിരുന്നില്ല എന്നാണ് ഇപ്പോൾ പ്രതിപക്ഷ നേതാവ് പറയുന്നത്. എന്തോ എവിടെയൊക്കെയോ കുഴപ്പമായിരിക്കുന്നു എന്ന് വൈകിയെങ്കിലും തിരിച്ചറിവ് ഉണ്ടായതുകൊണ്ടാണ് ശ്രീ. ആന്റണി ഇപ്പോൾ വ്യാഖ്യാനവും ടിപ്പണിയുമായി ഇറങ്ങിയിരിക്കുന്നത്. ലിബറലൈസേഷൻ, പ്രൈവറ്റൈസേഷൻ, ഗ്ലോബലൈസേഷൻ (എൽ.പി.ജി.) എന്ന് അറിയപ്പെടുന്ന ത്രിശൂലം ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം, ഇത് കോൺഗ്രസിന്റെ സാമ്പത്തിക നയത്തിന്റെ അസ്തിവാരമാണെന്ന് ആർക്കാണ് അറിയാത്തത്. തിരിച്ചടി തുടങ്ങിയപ്പോൾ ശ്രീ.ആന്റണി ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കുകയാണ്. ഇത് കുമ്പസാരമല്ല, കുമ്പസാരം നന്നാകണമെങ്കിൽ അതിനു

LIBRARY ARCHIVES Kerala Legislative Assembly

മുമ്പേ മനസ്താപവും വേണം. ഈ നോമ്പുകാലത്ത് ശ്രീ. ആന്റണി അതിന് തയ്യാറാകുമോ എന്ന് അറിയില്ല. അൽപം മുൻപ് അദ്ദേഹം പശ്ചാത്താപത്തെക്കുറിച്ച് പറയുകയുണ്ടായി. പശ്ചാത്തപത്തെക്കുറിച്ച് പലപ്പോഴും മറ്റുള്ളവർക്ക് സാരോപദേശം നൽകാറുണ്ട്. 'പഞ്ചാത്താപമേ പ്രായശ്ചിത്തം' എന്ന് അദ്ദേഹം സ്വയം ഓർക്കുന്നത് നന്നായിരിക്കും. സ്വന്തം ഭാഗധേയം സ്വയം നിർണ്ണയിക്കുന്നതിനുള്ള വ്യക്തിയുടെ സ്വാതന്ത്ര്യം വിലപ്പെട്ട മനുഷ്യാവകാശമാണ്. ആ അവകാശത്തിന്റെ നിഷേധമാണ് ആഗോളവൽക്കരണത്തിന്റെ ഫലമായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആഗോളവൽക്കരണം സാമ്രാജ്യത്തിന്റെയും കോളനി വൽക്കരണത്തിന്റെയും മുഖമുദ്ര മാത്രമാണ്. ആഗോള വൽക്കരണത്തിന്റെ അപ്പോസ്തലനായ ബിൽക്ലിന്റൺ ഇൻഡ്യയിൽ എത്തുമ്പോൾ പ്രതിഷേധം രേഖപ്പെടുത്തുന്ന ഇടതുപക്ഷത്തെ അധിക്ഷേപിക്കുന്ന കോൺഗ്രസുകാർ ഇപ്പോഴും ഉദാര വൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും പാതയിൽ തന്നെയാണ്. ആവഡിയിൽ നിന്ന് പച്മാഡിയിൽ എത്തിയ കോൺഗ്രസുകാരുടെ തലയ്ക്കകത്തു കയറിയ നിലാവ് ഇനിയും അസ്തമിച്ചിട്ടില്ല. ആഗോളവൽക്കരണത്തിന്റെ നീരാളി ദുർവഹമായി പിടി മുറുക്കുമ്പോൾ സമാശ്വാസത്തിന്റെ സന്ദേശവുമായിട്ടാണ് ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. സമയദൗർലഭ്യം കൊണ്ട് വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഒരു കാര്യം മാത്രം ചൂണ്ടിക്കാണിക്കട്ടെ, അൻപതു വയസ്സിനു മുകളിലുള്ള ദുർബല വിഭാഗത്തിൽപ്പെട്ട അവിവാഹിതകളായ സ്ത്രീകൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നു. മുരടിച്ച മോഹങ്ങളുമായി ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ ബന്ധുക്കളുടെ ഔദാര്യത്തിനും അധിക്ഷേപത്തിനും വിധേയരായി കഴിയുന്ന പാവപ്പെട്ട സ്ത്രീകളെ ധനകാര്യവകുപ്പുമന്ത്രി ഓർത്തല്ലോ, മാനവികമായ സമീപനം ഈ ബഡ്ജറ്റിന്റെ സവിശേഷതയാണ്. ജനതയ്ക്കാകെ, സാമൂഹികനീതി ഉറപ്പാക്കുന്നത് ഭരണഘടനാപരമായ ദൗത്യമാണ്. സാമൂഹികനീതി ഉറപ്പാക്കുന്നതിനുള്ള മുഖ്യമായ ഉപാധികളാണ് സംവരണവും സബ്സിഡിയും, കേന്ദ്രനയം സബ്സിഡിക്ക് എതിരാകുകയും സംസ്ഥാനത്തിനുള്ള കേന്ദ്രവിഹിതത്തിൽ 531 കോടി രൂപയുടെ വെട്ടിക്കുറവ് വരുത്തുകയും ചെയ്ത സാഹചര്യത്തിലാണ് ദുർബല ജനവിഭാഗങ്ങൾക്ക് സഹായഹസ്തവുമായി ധനകാര്യവകുപ്പുമന്ത്രി മുന്നോട്ടുവരുന്നത്. പക്ഷെ യേശുക്രിസ്തുവല്ലല്ലോ ധനകാര്യവകുപ്പുമന്ത്രി! അഞ്ച് അപ്പം കൊണ്ട് അയ്യായിരം പേർക്ക് ഭക്ഷണം നൽകിയതിനുശേഷവും മിച്ചം വരുത്താൻ യേശുക്രിസ്തുവിന് കഴിഞ്ഞു. അത്ഭുതത്തിൽക്കൂടി ഇല്ലായ്മയെ മിച്ചമാക്കുവാൻ ശ്രീ. ശിവദാസമേനോന് കഴിയുകയില്ല എങ്കിലും ഈ പാവപ്പെട്ടവരിൽ ഒരുവനോട് നിങ്ങളിതെല്ലാം ചെയ്തപ്പോൾ അതെല്ലാം എന്നോടു ചെയ്തു എന്ന യേശുവചനം തീർച്ചയായും ശ്രീ. ശിവദാസമേനോനെ സ്വാധീനിച്ചിട്ടുണ്ട്. അതുകൊണ്ടാണ് പാവങ്ങളുടെ പക്ഷം ചേരുന്ന ബഡ്ജറ്റ് എന്ന് ശ്രീ. ശിവദാസമേനോന്റെ ബഡ്ജറ്റിനെ ഞാൻ വിശേഷിപ്പിക്കുന്നത്.

ശ്രീ. കെ. മുഹമ്മദാലി: സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുന്നു. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് ഈ രാജ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

സമ്പദ്ഘടനയെ ദുരിതത്തിലേക്കു കൊണ്ടുപോകുന്നതു പോലെ തന്നെയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി രൂപപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കാനാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോൻ ഈ ബഡ്ജറ്റിലൂടെ പരിശ്രമിച്ചിരിക്കുന്നത്. വരവിന്റെയും ചെലവിന്റെയും വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന ബഡ്ജറ്റാണ്. പ്രതീക്ഷിച്ചതിനെക്കാൾ വർദ്ധിച്ച കമ്മി, കുതിച്ചുയരുന്ന കടബാദ്ധ്യതകൾ, നികുതി, നികുതിയേതര വരുമാനത്തിലെ കുറവ്, സാമ്പത്തിക അച്ചടക്കമില്ലായ്മ, ഏറിവരുന്ന ഭരണച്ചെലവ്, സംസ്ഥാനം എത്തി നിൽക്കുന്ന അവസ്ഥ ഇതാണ്. കെടുകാര്യസ്ഥതയുടെ മികവായി അങ്ങേയ്ക്കു ഇത് അവകാശപ്പെടാൻ കഴിയുമോ ? സാമ്പത്തിക മാനേജ്മെന്റിന്റെ ഏറ്റവും മോശമായ പ്രകടനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിന്റെ ഈ കാലത്ത് ഉണ്ടായിരിക്കുന്നത്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയും വികസനവും പരിഗണിക്കുന്നതിനു പകരം രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് സാമ്പത്തിക നയങ്ങൾ രൂപീകരിച്ചിരിക്കുന്നതെന്ന് വളരെ വ്യക്തമാണ്. സാമ്പത്തികസ്ഥിതിയുടെ യഥാർത്ഥ ചിത്രം നൽകുന്ന സാമ്പത്തിക സർവ്വേയുടെ വിശ്വാസ്യത തന്നെ ഇല്ലാതായിരിക്കുകയാണ്. പ്ളാനിംഗ് ബോർഡ് ഒരു സ്വതന്ത്രസ്ഥാപനമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. ഇന്ന് ആ പ്ലാനിംഗ് ബോർഡിനെ തന്നെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയുടെ ഒരു ഫ്രാക്ഷനാക്കി മാറ്റിയിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക യാഥാർത്ഥ്യങ്ങൾ പൂർണ്ണമായും മറച്ചുവച്ചുകൊണ്ട് ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് എല്ലാവരും സംസാരിച്ചു. ഞാൻ അതിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഉല്പാദന മേഖലയേയും കാർഷിക-വ്യാവസായിക മേഖലയെയും തകർച്ചയിലേക്ക് എത്തിച്ചിരിക്കുന്നു. സാമ്പത്തികമായി മുഖ്യമായ പങ്കു വഹിക്കേണ്ട ഈ മേഖലകളിലുണ്ടായിരി ക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരിശോധിക്കാൻപോലും ഗവൺമെന്റ് തയ്യാറായിട്ടില്ല. കാർഷിക മേഖലയിൽ-നെൽക്കൃഷിയുടെ കാര്യം ഇവിടെ പലരും പരാമർശിച്ചു. നെല്ലിന്റെ ഉൽപാദനം വളരെയേറെ കുറഞ്ഞു. കൃഷി ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നു. ഇതിനെക്കുറിച്ച് യാഥാർത്ഥ്യബോധത്തോടു കൂടിയുള്ള സമീപനമുണ്ടായിരുന്നെങ്കിൽ ഇതുപോലെ ഒരു തകർച്ചയെ ഈ സംസ്ഥാനം നേരിടേണ്ടിവരുമായിരുന്നില്ല. കാർഷിക രംഗത്തെ തകർച്ച ഈ സംസ്ഥാനത്തെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. അതുപോലെ വ്യാവസായിക മേഖലയിലെ സ്ഥിതി പരിശോധിച്ചു നോക്കണം. ഈ ബഡ്ജറ്റിൽ ഏകദേശം രണ്ടായിരത്തോളം പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ പോകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ പ്രവർത്തിക്കുന്ന ഇടത്തരം ചെറുകിട വ്യവസായ യൂണിറ്റുകളുടെ സ്ഥിതി എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ചിട്ടുണ്ടോ ? ഇന്ന് ഈ മേഖലയിലെ വ്യവസായ സംരംഭകർ റവന്യൂ റിക്കവറിയിൽപ്പെട്ട് ഉഴലുമ്പോൾ വ്യവസായങ്ങൾക്കൊന്നും പ്രവർത്തിക്കാൻ കഴിയുന്നില്ല. ഏകജാലകത്തെക്കുറിച്ച് പറയുന്നുണ്ടെങ്കിലും ഇന്ന് മുന്നോട്ട് പോകാൻ പറ്റാത്ത സ്ഥിതി സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരിക്കുന്നു. ഇതെല്ലാം മറച്ചുവച്ചുകൊണ്ടാണ് അങ്ങ് സംസ്ഥാനത്തിന്റെ പുതിയ സ്ഥിതിയുടെ ഒരു ചിത്രം വരച്ചു കാട്ടിയിരിക്കുന്നത്. വ്യാവസായിക മേഖല വളരെയേറെ പരിതാപകരമായ സ്ഥിതിയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി പരിശോധിച്ചു നോക്കണം. പൊതുമേഖലാസ്ഥാപനങ്ങളാകെ ആദായത്തിലേക്ക് നീങ്ങുന്നുവെന്നാണ് അവകാശമുന്നയിച്ചിരിക്കുന്നത്. അങ്ങ് ഇത് ആത്മാർത്ഥത യോടുകൂടി പരിശോധിച്ചു നോക്കിയിട്ടുണ്ടോ ? ഞാൻ മനസ്സിലാക്കിയിടത്തോളം കേരള മിനറൽസ് ആന്റ് മെറ്റൽസും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സും മാത്രമാണ് ഇപ്പോൾ ആദായകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ. എന്റെ നിയോജകമണ്ഡലത്തിൽ അഭിമാനകരമായി പ്രവർത്തിച്ചുവന്നിരുന്ന ടി.സി.സി. നഷ്ടത്തിൽ നിന്നും നഷ്ടത്തിലേക്ക് കൂപ്പു കുത്തിക്കൊണ്ടിരിക്കുകയാണ്. വളരെയധികം പണം സംസ്ഥാന ഖജനാവിനു നൽകിയിട്ടുള്ള സ്ഥാപനമാണ് അത്. ആ സ്ഥാപനം ഇന്ന് മുന്നോട്ടു പോകാൻ പറ്റാത്ത സ്ഥിതിയിൽ ഗുരുതരമായ പ്രതിസന്ധിയുണ്ടായിരിക്കുന്നു. ഇവിടെ സംസ്ഥാന ഗവൺമെന്റിന്റെ സൗകര്യങ്ങൾ ഉപയോഗിച്ച് ആദായകരമായി നടത്താൻ കഴിയുന്ന സാഹചര്യമുണ്ടാക്കിയിരിക്കുന്നു എന്ന് പൊതു മേഖലയെക്കുറിച്ച് വാചാലമായി സംസാരിക്കുന്ന നിങ്ങളെ സംബന്ധിച്ചിടത്തോളം അത് ഏത് പൊതുമേഖലാ സ്ഥാപനമാണെന്ന് വിശദീകരിക്കാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണ്. ഞാൻ അതിലേക്ക് ഒന്നും കടക്കുന്നില്ല. ഒരു പ്രശ്നത്തിന് പരിഹാരം കാണണമെങ്കിൽ ആഴത്തിൽ ആലോചിക്കണം. അങ്ങനെ ആലോചിക്കാനും ചിന്തിക്കാനും നിങ്ങൾ തയ്യാറാകുന്നില്ല. പൊതുമേഖലാ സംരംഭങ്ങൾ നന്നായി നടത്താൻ കഴിയണമെങ്കിൽ അതിനാവശ്യമായ സൗകര്യങ്ങളുണ്ടാകണം. പുനഃരുദ്ധാരണ ഫണ്ട് എന്തിനു വേണ്ടിയാണ് ഏതെല്ലാം വ്യവസായത്തിനുവേണ്ടിയാണ് ഉപയോഗിച്ചതെന്ന് അങ്ങ് പരിശോധിച്ചു നോക്കണം. ഇതുവരെ അത് പരിശോധിച്ചിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അല്ലെങ്കിൽ കേരളത്തിലെ വ്യവസായ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഈ രംഗത്ത് ഇന്ന് സ്വീകരിച്ചു വരുന്ന വളരെ നിർവികാരമായ നിലപാടിൽ നിന്നും മാറ്റിയില്ലെങ്കിൽ കേരളത്തിലെ വ്യവസായ മേഖല തകർച്ചയിൽ നിന്ന് തകർച്ചയിലേക്ക് പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആവശ്യമില്ലാത്ത വാദഗതികൾ ഉന്നയിച്ചുകൊണ്ട് എല്ലാം നന്നായി നടക്കുന്നു എന്നുപറയുന്നത് സംസ്ഥാനത്തെ പൊതുതാല്പര്യത്തിനു ഹാനികരമാണ്. ഈ ബഡ്ജറ്റിൽ കണ്ട ഒരു പ്രത്യേകത മറ്റു പലരും ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷയമാണ്. എങ്കിലും ഞാനും അതിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നു. സംസ്ഥാനത്തിന്റെ പൊതുവായ വികസന കാര്യങ്ങളിലായാലും ഉല്പാദന മേഖലയുടെ പ്രവർത്തന കാര്യത്തിലായാലും പൊതുവായ ഒരു നിലപാട് സ്വീകരിക്കാൻ അങ്ങ് തയ്യാറായിട്ടില്ല. അവിടെ പ്രതീക്ഷിക്കുന്ന ബാലൻസിംഗ് ഇല്ല. ചില മേഖലകൾക്ക് പ്രാധാന്യം നൽകുന്ന, മറ്റു പല സമ്മർദ്ദങ്ങളുടെ അടിസ്ഥാനത്തിൽ ചില മേഖലകൾക്ക് പരിഗണന നൽകുന്ന നിലവിലുള്ള സമീപനമാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടാണല്ലോ ഈ ബഡ്ജറ്റിന്റെ പൊതു ചർച്ചയ്ക്കു തുടക്കം കുറിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. കുര്യൻ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപക്ഷത്തു നിന്ന് പരാമർശിക്കേണ്ട കാര്യങ്ങൾ അതിനേക്കാൾ നന്നായി പരാമർശിക്കാൻ ഇടയായ സാഹചര്യമുണ്ടാക്കാൻ കാരണം. അത് ഈ ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്ന നിങ്ങളുടെ സമീപനം കണ്ടുകൊണ്ടാണ്. പ്രാദേശികമായ ബാലൻസിംഗില്ല. മുന്നണിയിൽ എങ്കിലും ഒരു ബാലൻസിംഗ് നോക്കാൻ ശ്രമിക്കേണ്ടതായിരുന്നു. അത് പരിശോധിച്ചു നോക്കിയാൽ കാണാൻ കഴിയും. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി എം.എൽ.എ. മാരുടെ നിയോജകമണ്ഡലങ്ങളിൽ മാത്രമാണ് പദ്ധതികൾ കൊടുത്തിട്ടുള്ളത് പരിശോധിച്ചു നോക്കണം. പ്രോജക്ടുകൾ ഏറ്റെടുക്കാൻ കഴിയാത്ത നിലയിൽ ആവശ്യമായ തുക ഉൾക്കൊള്ളിക്കാതെ മൊത്തത്തിൽ എല്ലാവരേയും ഒരു തരത്തിൽ തെറ്റായ രീതിയിൽ കാര്യങ്ങൾ മറച്ചു വച്ചു കൊണ്ടുള്ള സമീപനമാണ് അങ്ങ് സ്വീകരിച്ചിരിക്കുന്നത്. ഈ സംസ്ഥാനത്തിന്റെ മൊത്തം താല്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രശ്നങ്ങളെ സമീപിക്കാനുള്ള നടപടിക്ക് വിരുദ്ധമായ മറ്റൊരു നടപടി ഒരു ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകാൻ പാടുള്ളതാണോ? ആ ഒരു കാര്യമെങ്കിലും പരിഹരിക്കാൻ കഴിയുമോ എന്ന് അങ്ങ് ഒരു പരിശോധന നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ഓരോ കാര്യങ്ങളിലും ഗവൺമെന്റ് സ്വീകരിച്ചു വരുന്ന സമീപനങ്ങളുണ്ട്. ആ സമീപനങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾ ഉയർത്തി പിടിക്കുന്ന ആദർശങ്ങൾക്ക് അനുയോജ്യമല്ലെന്നുള്ള കാര്യം വളരെ വ്യക്തമായി തെളിയിച്ചു കഴിഞ്ഞിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് വളരെ സജീവമായി ചർച്ചചെയ്യപ്പെട്ട കാര്യങ്ങളുണ്ട്. അവസാനമായി എസ്.എസ്.എൽ.സി. പരീക്ഷയെടുക്കാം. കഴിഞ്ഞ ദിവസം നടന്ന ഹർത്താലിനെത്തുടർന്ന് കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ കഴിയാതെ പോയ സാഹചര്യം എത്ര ലാഘവത്തോടുകൂടിയാണ് നിങ്ങൾ നടപടി സ്വീകരിച്ചത്. ആ നിലയ്ക്ക് പ്രശ്നങ്ങളെ സമീപിക്കാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്കുള്ള വിശ്വാസ്യത നഷ്ടപ്പെടുന്ന നിലയിലാണ് കാര്യങ്ങൾ പോയ്ക്കൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്ത് മൊത്തത്തിലുണ്ടായിരിക്കുന്ന സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളിൽ അവയെ മൊത്തത്തിൽ പുതിയൊരു നിലയിൽ സമീപിക്കാൻ കഴിയുന്ന നിലയിൽ വളർന്നുവരുന്ന ആ ചിന്താഗതിക്ക് അനുയോജ്യമല്ലാത്ത സമീപനമെന്ന് പറയേണ്ടി വന്നതിൽ ഖേദിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചും അതുപോലെ പൊതുവായ കാര്യങ്ങളെക്കുറിച്ചും ഇവിടെ വരച്ചുകാട്ടിയ ചിത്രം യാഥാർത്ഥ്യവുമായി യോജിക്കാത്തതാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ തൊഴിലില്ലായ്മ പ്രശ്നം സജീവമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. അങ്ങ് പറഞ്ഞു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലില്ലാത്തവരുടെ എണ്ണം കുറഞ്ഞു വന്നിരിക്കുന്നുവെന്ന്. ഏകദേശം 37 ലക്ഷത്തിൽ ചുരുങ്ങി എന്ന് അങ്ങ് പറയുകയുണ്ടായി. യഥാർത്ഥത്തിൽ എന്താണ് സ്ഥിതി. 39 ലക്ഷത്തിൽ നിന്നും താഴോട്ടു പോയിട്ടില്ല. 39 ലക്ഷത്തിന് മുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുകയാണ്. അപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലില്ലാത്തവരുടെ എണ്ണത്തിൽ കുറവ് വരുത്താൻ കഴിഞ്ഞിട്ടില്ല. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനുള്ള നീക്കങ്ങളും നടപടികളും ഉണ്ടായിട്ടില്ല. ആ നടപടികൾ ഉണ്ടാകാനുള്ള ശ്രമവും ഉണ്ടായിട്ടില്ല. വിവര സാങ്കേതിക മേഖലയിലെ പ്രവർത്തനങ്ങളെ കുറിച്ചെല്ലാം വളരെ വാചാലമായി സംസാരിക്കുന്നുണ്ട്. ആ രംഗത്ത് നൽകേണ്ട പ്രാധാന്യവും പരിഗണനയും ഈ ഗവൺമെന്റ് നൽകുന്നുണ്ടോയെന്ന കാര്യത്തിൽ സംശയമാണ്. ഇപ്പോൾ 16 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. നമ്മുടെ അയൽ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശും, തമിഴ്നാടും, കർണ്ണാടകയുമെല്ലാം ഈ രംഗത്ത് വളരെയേറെ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുകയാണ്. ആ സംസ്ഥാനങ്ങളെക്കാൾ ഏറെ മനുഷ്യവിഭവശേഷി ഇതിനുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന പരിശീലനമുള്ള, ജനസംഖ്യയുള്ള നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതിന്റെ മുഴുവൻ സാദ്ധ്യതകളും പ്രയോജനപ്പെടുത്താനുള്ള ആത്മാർത്ഥമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. വിവര സാങ്കേതിക മേഖലയിൽ ഒരു കുതിച്ചു കയറ്റത്തിന് ഈ സംസ്ഥാനത്തെ സജ്ജമാക്കാൻ കഴിയുന്ന യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു സമീപനം ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇവിടെ കേട്ടുകേട്ടു മടുത്ത വാദഗതികളുമായിട്ടാണ് നിങ്ങൾ മുന്നോട്ടു പൊയ്കൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നടത്തിയിട്ടുള്ള നിങ്ങളുടെ പ്രവർത്തനത്തിൽ എന്നും പറയാറുള്ള കാര്യങ്ങൾ തന്നെയാണ് അവസാനം ശ്രീ. എ.കണാരൻ ഇവിടെ സംസാരിച്ചത്. 22 കൊല്ലത്തിനുശേഷം ഒരു അമേരിക്കൻ പ്രസിഡന്റ് ഇൻഡ്യ സന്ദർശിക്കുന്നു, ഗവൺമെന്റ് ഏതോ ആയിക്കൊള്ളട്ടെ. അദ്ദേഹം ഒരു ബഹുമാന്യനായ അതിഥിയാണ്. 22 കൊല്ലത്തിനുശേഷം അമേരിക്കൻ പ്രസിഡന്റ് ഇൻഡ്യയിൽ വരുന്നതിന് എതിരായി പ്രചരണം നടത്തുന്ന ആളുകൾ, എല്ലാ കാലത്തും സൂര്യോദയം കാണാൻ ചൈനയിലേക്കു നോക്കുന്ന നിങ്ങൾ ഇവിടെ അമേരിക്കൻ പ്രസിഡന്റുമാർ വന്നപ്പോൾ ചുവപ്പു പരവതാനി വിരിച്ച് സ്വീകരിച്ചത് നമ്മൾ കണ്ടതാണ്. അമേരിക്കയുടെ എല്ലാ സൗകര്യങ്ങളും ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നത് നമ്മൾ കണ്ടതാണ്. കമ്പനികൾക്ക് ഹോളിഡേ കൊടുത്തു. ഏറ്റവും ബഹുമാന്യനായ അതിഥിയെന്നുള്ള നിലയിൽ എല്ലാ വിധത്തിലുള്ള ആഡംബരങ്ങളോടുംകൂടി അവർ സ്വീകരിച്ചു. ഇവിടെ 22 കൊല്ലത്തിനുശേഷം അമേരിക്കൻ പ്രസിഡന്റ് ശ്രീ. ബിൽ ക്ലിന്റൺ എന്ന വ്യക്തിയെ അല്ല -ഇൻഡ്യയിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ വരവ് രാജ്യത്തെ സാമ്പത്തിക മേഖലയിൽ ഉണ്ടാക്കാവുന്ന പ്രയോജനങ്ങൾ നമ്മുടെ സംസ്ഥാനത്തിനും കൂടി ലഭ്യമാക്കേണ്ടതാണ്. ആ പ്രയോജനങ്ങൾ എങ്ങനെ ചൂഷണം ചെയ്യാൻ കഴിയുമെന്നുള്ളതിന് പകരം കഴിഞ്ഞ കുറെ കൊല്ലങ്ങളായി പറഞ്ഞുകൊണ്ടിരിക്കുന്ന, കേട്ടുകേട്ടു മടുത്ത കാര്യങ്ങൾ ആവർത്തിക്കുന്നുവെന്നുള്ളതിൽ കവിഞ്ഞ് ഒന്നുമില്ല. കാലം മാറുന്നതിനനുസരിച്ച മാറ്റം ഉണ്ടാകണം, നിങ്ങളിൽ നിന്നും അങ്ങനെ ഒരു സമീപനമുണ്ടാകുമെന്നാണ് ഇൻഡ്യയിലെ ജനങ്ങളും കേരളത്തിലെ ജനങ്ങളും പ്രതീക്ഷിച്ചത്. നിർഭാഗ്യകരമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഉദാരവൽക്കരണത്തെക്കുറിച്ചും ഗ്ലോബലൈസേഷനെക്കുറിച്ചും സ്വകാര്യവൽക്കരണത്തെക്കുറിച്ചും ഒക്കെ വാചാലമായി സംസാരിക്കുന്നുണ്ട്. കേന്ദ്രത്തിലുണ്ടായിരുന്ന കോൺഗ്രസ് ഗവൺമെന്റ് സാമ്പത്തിക പരിഷ്ക്കാരങ്ങൾ വരുത്തി. ആ സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഈ രാജ്യത്തിന് ആവശ്യമാണ്. ലോകത്ത് മൊത്തത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റത്തിന്റെ ഭാഗമാണ്. ചൈനയും ആ വഴിക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ആ സാമ്പത്തിക പരിഷ്ക്കാരവുമായിട്ട് മുന്നോട്ടു പോയപ്പോൾ ഇവിടെ ശ്രീ. ജോർജ് ജെ. മാത്യു പറഞ്ഞതുപോലെ ഒരു മനുഷ്യ മുഖമുണ്ടായിരുന്നു. ശ്രീ. ദേവഗൗഡയുടെ ഗവൺമെന്റ് വന്നു. ശ്രീ. ഐ. കെ. ഗുജ്റാളിന്റെ ഗവൺമെന്റ് വന്നു. ഈ ഗവൺമെന്റുകൾ വന്ന കാലത്തെല്ലാം നയരൂപീകരണത്തിന് മുഖ്യ പങ്ക് വഹിച്ച നിങ്ങൾക്ക് ഈ രംഗത്ത് നിങ്ങൾ പറയുന്ന മാറ്റങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചിട്ടുണ്ടോ ? അതിന് പ്രതിബന്ധമെന്തായിരുന്നു. അതിന് പകരമായി കോൺഗ്രസിന്റെ സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഇപ്പോൾ ബി.ജെ.പി. തുടരുന്നുവെന്ന് പറയുന്നു. ഇടയ്ക്കു വന്ന ആ ഗവൺമെന്റുകൾ സൗകര്യപൂർവ്വം മൗനം പാലിക്കുന്ന സമീപനമാണ്, ഇത് ശരിയായ നിലപാടല്ല. ഏതായാലും ഇത്തരത്തിലുള്ള യാഥാർത്ഥ്യം കാണാത്ത നമ്മുടെ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ ശ്രമിക്കാതെ സാമ്പത്തിക രംഗത്തായാലും രാഷ്ട്രീയ രംഗത്തായാലും ഉണ്ടായിക്കൊണ്ടിരിക്കുന്ന ദൂരവ്യാപകമായ മാറ്റങ്ങൾ കാണാൻ കഴിയാതെ അതുൾക്കൊള്ളാൻ തയ്യാറാകാതെ കേട്ടു കേട്ടു മടുത്ത കാര്യങ്ങൾ ആവർത്തിക്കുന്ന ഈ സമീപനം ശരിയല്ല. അതുകൊണ്ട് ഈ സംസ്ഥാനത്തിന്റെ പൊതുവായ താല്പര്യമനുസരിച്ചുള്ള ഒരു പ്രവർത്തനമാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. ഇപ്പോൾ 4 കൊല്ലം കഴിയാൻ പോകുകയാണ്. അഞ്ചാമത്തെ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ അഞ്ചാമത്തെ ബഡ്ജറ്റിലെങ്കിലും സംസ്ഥാനത്തെ കാർഷിക രംഗത്ത് ഒരു കുതിച്ചു കയറ്റമുണ്ടാക്കാൻ കഴിയുന്ന നിലയിൽ, സാമ്പത്തിക മേഖലയിലും വ്യാവസായിക മേഖലയിലും അതുപോലുള്ള മേഖലകളിലെല്ലാം അതിന് അനുസൃതമായ രീതിയിലുള്ള സമീപനം സ്വീകരിച്ചുകൊണ്ട് ഈ രംഗത്ത് ഒരു വളർച്ച ഉണ്ടാക്കാനുള്ള ശ്രമം കട ബാദ്ധ്യതയിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കാനുള്ള ശ്രമം നിങ്ങളുടെ ഭാഗത്തുണ്ടായില്ലയെന്നുള്ളതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. സി. എൻ. ജയദേവൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ശ്രീ. മുഹമ്മദാലി അമേരിക്കൻ പ്രസിഡന്റ് ശ്രീ. ബിൽ ക്ലിന്റൺ വരുന്നതിൽ സന്തോഷവും ആവേശവും കൊള്ളുന്നതായിട്ടു തോന്നി. ഒരു രാഷ്ട്രത്തിന്റെ തലവൻ എന്നുള്ള നിലയിൽ അമേരിക്കൻ പ്രസിഡന്റിനെ ഇൻഡ്യയിലെ ഭരണാധികാരികൾ സ്വീകരിക്കാനുള്ള നടപടി കൈക്കൊള്ളുമ്പോൾ നമ്മൾ അതിനെ എതിർക്കുന്നത് അദ്ദേഹം ഇൻഡ്യ ഉൾപ്പെടെയുള്ള ലോകത്തിലെ മൂന്നാം ലോകരാഷ്ട്രങ്ങളെ ചൂഷണം ചെയ്യുന്നതിന് ആസൂത്രിതമായ സാമ്പത്തിക പദ്ധതി നടപ്പിലാക്കി എന്നുള്ളതുകൊണ്ടാണ്. ഇൻഡ്യ ഉൾപ്പെടെ സാമ്പത്തിക സ്വാതന്ത്ര്യം മാത്രമല്ല തരംകിട്ടിയാൽ രാഷ്ട്രീയ സ്വാതന്ത്ര്യം പോലും കൈയടക്കാൻ ശ്രമിക്കുന്ന സാമ്രാജ്യത്വ ശക്തിയുടെ ശ്രമത്തെ

LIBRARY ARCHIVES Kerala Legislative Assembly

ചെറുക്കണമെന്നുള്ളതുകൊണ്ടാണ്. അത് പൊളിറ്റിക്കലാണ് എക്കണോമിക്കലാണ്. അത് നിങ്ങൾക്ക് മനസ്സിലാകാത്തതാണ് പലപ്പോഴും പ്രശ്നം. പണ്ഡിറ്റ് ജവർഹർലാൽ നെഹ്റുവും ഇൻഡ്യയുടെ വികസനത്തെ ലക്ഷ്യമാക്കിക്കൊണ്ട് അമേരിക്ക സന്ദർശിച്ചതായി കേട്ടിട്ടുണ്ട്. ഇൻഡ്യയുടെ ഇരുമ്പ് ഉരുക്ക് മേഖലയിലും യുദ്ധ തന്ത്ര രംഗത്തും സഹായിക്കുന്നതിനുവേണ്ടി അമേരിക്കൻ പ്രസിഡന്റിനോട് സഹായം അഭ്യർത്ഥിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി "ഇൻഡ്യയെപ്പോലുള്ള പട്ടിണി രാജ്യത്തിന് എന്തിനാണ് ഈ ഇരുമ്പുരുക്ക് വികസനം, നിങ്ങളുടെ രാജ്യത്തിന് എന്തിനാണ് യുദ്ധതന്ത്രത്തിൽ ഉയർന്ന തരത്തിലുള്ള ആയുധങ്ങൾ ഞങ്ങളില്ലേ, ഞങ്ങൾ നിങ്ങളെ സംരക്ഷിക്കുകയല്ലേ." എന്നാണ് പ്രസിഡന്റ് ചോദിച്ചത്. ജവഹർലാൽ നെഹ്റു നിരാശനായി തിരിച്ചു വന്നശേഷമാണ് സോവിയറ്റ് യൂണിയനിൽ പോയത്. ഇന്നത്തെ ദി ഹിന്ദു പത്രത്തിലെ 13-ാത്തെ പേജ് ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ വായിക്കണം. 13-ാം പേജിൽ കോൺഗ്രസ് പച്മാഡി പ്രമേയത്തിൽ നിന്നും പുറകോട്ടു പോകുന്ന കാര്യം ആലോചിക്കുന്നു. കോൺഗ്രസ് വക്താവാണ്, അതിൽ നിന്നും പുറകോട്ടു പോകുന്ന കാര്യം അലോചിക്കുന്നുവെന്ന് പറഞ്ഞാൽ ഇൻഡ്യൻ ജനതയ്ക്ക് നേതൃത്വം നൽകാൻ നിങ്ങൾക്ക് കഴിയാതെ വരുന്നുവെന്നും ജനങ്ങൾ നിങ്ങളെ തള്ളിപ്പറയാൻ പോകുന്നുവെന്നും പറയുമ്പോൾ പച്മാഡി ഉൾപ്പെടെ തള്ളിപ്പറഞ്ഞ് ഇനിയും ജനങ്ങളെ വഞ്ചിക്കാൻ കഴിയുമോയെന്നാണ് നിങ്ങൾ നോക്കുന്നത്. നിങ്ങൾ 45 കൊല്ലമായി ഇൻഡ്യൻ ജനതയെ പാരമ്പര്യമായി വഞ്ചിക്കാൻ ശ്രമിച്ചവരാണ്. നിങ്ങൾ ഇൻഡ്യൻ ജനതയ്ക്ക് പലതും വാഗ്ദാനം ചെയ്തു വഞ്ചിച്ചവരാണ്. ആ വഞ്ചനയുടെ ഫലമാണ് നിങ്ങൾ അനുഭവിക്കുന്നത്. ലോകത്തിലെ പ്രത്യേക സാഹചര്യത്തിൽ കടം മേടിക്കേണ്ടി വന്നു. ഞങ്ങൾ അംഗീകരിക്കുന്നു. ലോകത്തിലെ പ്രത്യേക ചുറ്റുപാടിൽ ലോകബാങ്കിൽ നിന്നും ഐ.എം.എഫിൽ നിന്നും കടം എടുക്കേണ്ടി വന്നു ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷെ ആ കടമെടുപ്പിന്റെ പുറകിൽ വരുന്ന ചരടുകൾ, ഉപാധികൾ മുഴുവൻ അംഗീകരിച്ചുകൊണ്ട് കടം എടുക്കരുത് എന്നാണ് ഞങ്ങൾ പറയുന്നത്. അതിന്റെ തുടർച്ചയായിട്ടാണ്. ബി.ജെ.പി. ഗവൺമെന്റ് ഇപ്പോൾ എല്ലാ നടപടികളും സ്വീകരിക്കുന്നത്. കഴിഞ്ഞ ഡിസംബർ 11-ാം തീയതി ഇൻഡ്യയുടെ പ്രധാനമന്ത്രി ഡബ്ല്യു. ടി. ഒ, സ്വകാര്യവൽക്കരണം, വിദ്യാഭ്യാസം അടക്കമുള്ള മേഖലകളെപ്പറ്റി പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയിൽ ഒരൊറ്റ പാർലമെന്റ് അംഗവുമില്ല. ഇൻഡ്യൻ പാർലമെന്റിനെപ്പോലും മറികടന്നുകൊണ്ടാണ് പുതിയ കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റിയിലെ അംഗങ്ങളുടെ പേര് ഞാൻ വായിക്കാം. ഇതിൽ ഏതെങ്കിലുമൊരു പാർലമെന്റ് അംഗം ഉണ്ടോ എന്നു പറഞ്ഞാൽ മതി.

1. ശ്രീ. കുമരമംഗലം ബിർല
2. ശ്രീ. രത്തൻ ടാറ്റ
3. ശ്രീ. രാഹുൽ ബജാജ്
4. ശ്രീ. അംബാനി
5. ശ്രീ. കെ. സി. മുത്തയ്യ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങി 11 പേർ അടങ്ങുന്ന കമ്മിറ്റിയാണ്. ആ കമ്മിറ്റിയിൽ ഒറ്റ പാർലമെന്റ് മെമ്പർമാർ ഇല്ല. ഗവൺമെന്റും മൊണോപ്പൊളിസും ചേർന്ന് ഒരു പുതിയ ഒളിഗാർക്കി മുതലാളിത്വത്തിന്റെ വളർച്ചയുടെ ഘട്ടത്തിൽ രൂപമെടുക്കും. മഹാനായ ലെനിൻ പറഞ്ഞിട്ടുള്ളതാണ്. നിങ്ങൾക്ക് ചിലപ്പോൾ ഇഷ്ടപ്പെടുകയില്ല.

"Imperialism is the highest stage of capitalism."ചെറിയ പുസ്തകമാണ്. ഇത് ശ്രീ.ഡൊമനിക് ഒക്കെ വായിക്കുന്നത് നല്ലതാണ്. നിങ്ങളൊക്കെ അതിന്റെ സന്തോഷത്തിലാണ് ഞങ്ങൾക്ക് അറിയാം. ബഹുമാനപ്പെട്ട ആന്റണിയോ സുധീരനോ ഇതിൽ സന്തോഷിക്കുകയില്ല. ശ്രീ. ഡൊമിനിക് വലിയ സന്തോഷത്തിലാണെന്ന്, ലെനിന്റെ നാട് പോയതിലുള്ള സന്തോഷം. ആ ലെനിൻ പറഞ്ഞതാണ് മുതലാളിത്വശക്തികളും മൊണോപ്പൊളിയും ഗവൺമെന്റും ചേർന്ന് ഒരു ഒളിഗാർക്കി മുതലാളിത്വത്തിന്റെ വളർച്ചയുടെ ഘട്ടത്തിൽ ഇൻഡ്യ രൂപമെടുത്തുകൊണ്ടിരിക്കുകയാണ്. പാർലമെന്റിനെപ്പോലും മറി കടന്നുകൊണ്ട് ഇത്തരത്തിലുള്ള കുത്തക മുതലാളിമാരാണ് ഇൻഡ്യയിലെ ദേശസാൽകൃത ബാങ്കുകൾക്ക് ഏറ്റവും കൂടുതൽ പണം തിരിച്ചടയ്ക്കാനുള്ളത്. അവർ ശുപാർശ ചെയ്യുന്നത്, ഇൻഡ്യയിലെ ബാങ്കുകൾ ഡീ നാഷണലൈസ് ചെയ്യണം. ഇന്ത്യയിലെ ദേശാസാൽകൃത ബാങ്കുകൾക്കുള്ള മൊത്തം കടത്തിൽ വലിയ തുക തിരിച്ചടയ്ക്കാനുള്ള വ്യക്തികളിൽ ചിലരാണ് ഇവർ. ഇവരെവച്ചു കൊണ്ടാണ് ഗവൺമെന്റ് ഒരു കമ്മിറ്റിയുണ്ടാക്കിയത്. അവർ ശുപാർശ ചെയ്യുകയാണ്. ഇന്ത്യയിലെ ബാങ്കുകൾ ഡീ നാഷണലൈസ് ചെയ്യണം, സ്റ്റേറ്റ് ബാങ്ക് ഉൾപ്പെടെ സ്വകാര്യവൽക്കരിക്കണം. അത്തരം ഒരു നയത്തിലേക്ക് രാജ്യം പൊയ്ക്കൊണ്ടിരിക്കുകയാണ്. അപകടകരമായ സാമ്പത്തിക അവസ്ഥയാണ്. ആ സാമ്പത്തികാവസ്ഥയ്ക്ക് പുറകിൽ രാഷ്ട്രീയ ചരടുകൾ ഉൾപ്പെടെ ചലിപ്പിച്ച് ഇൻഡ്യയുടെ രാഷ്ട്രീയ സ്വാതന്ത്ര്യം പോലും അപകടത്തിലാക്കുന്ന അവസ്ഥയാണ്, അതാണ് സൂചിപ്പിക്കുന്നത്. ഡൽഹിയിൽ ശ്രീ. ക്ലിന്റൻ വരുമ്പോൾ ശ്രീ. ക്ലിന്റന്റെ സംരക്ഷണചുമതല പേഴ്സണലായി അദ്ദേഹത്തിന്റെ സെക്യൂരിറ്റിക്ക് നൽകി, പക്ഷേ ഡൽഹി നഗരത്തിന്റെ ചുമതല പോലും അമേരിക്കൻ പോലീസ് വന്ന് ഏറ്റെടുക്കുകയാണ്, നാണക്കേടല്ലേ, നിങ്ങൾ നിഷേധിക്കുന്നുണ്ടോ, അരെങ്കിലും പ്രതിഷേധിക്കുന്നുണ്ടോ ? നിങ്ങളുടെ ധാരണ എന്തോ വലിയ ഒരു കാര്യം ശ്രീ. ക്ലിന്റൻ വന്നു പോയാൽ നടക്കാൻ പോകുന്നുവെന്നാണ്. നമ്മുടെ രാജ്യത്ത് 1991-ൽ പുത്തൻ സാമ്പത്തിക നയം കൊണ്ടുവരുമ്പോൾ ഞങ്ങൾ പറഞ്ഞു, ഇതിന്റെ ഗുണവും ദോഷവും 10 വർഷത്തിനുശേഷമേ ശരിക്ക് അനുഭവപ്പെടൂ. ഞങ്ങൾ അന്ന് പറഞ്ഞതാണ്. ശ്രീ. മൻമോഹൻ സിംഗ് പറഞ്ഞു, ശരിയാണ്, അതിന്റെ ഗുണം എന്താണെന്ന് അറിയണമെങ്കിൽ 10 കൊല്ലം കഴിയണം. 10 കൊല്ലം കഴിയുകയാണ്. 10 കൊല്ലം തികയാൻ പോകുമ്പോൾ ആ സാമ്പത്തിക നയത്തിന്റെ ദൂഷ്യഫലങ്ങൾ എന്താണെന്നറിയാം. ഗുണഫലമൊന്നും ഇല്ലെന്ന് ഞാൻ പറയുന്നില്ല. ലോക മാർക്കറ്റിൽ കിട്ടുന്ന എന്തും നിങ്ങൾക്ക് ഇൻഡ്യൻ മാർക്കറ്റിൽ കിട്ടും. ഏത് തരം ഇലക്ട്രോണിക് സാമഗ്രികൾ വേണം, ഏത് തരം ആട്ടോ മൊബൈൽ വാഹനങ്ങൾ വേണം, ലോക മാർക്കറ്റിൽ ലഭിക്കുന്ന എന്തും നിങ്ങൾക്ക് ഇൻഡ്യയിൽ കിട്ടും, ഇതൊരു ഗുണഫലമാണ്, പക്ഷേ കൈയിൽ

LIBRARY ARCHIVES Kerala Legislative Assembly

ചിക്കൽ വേണം. ഇടത്തരം വിഭാഗത്തിൽ നിന്നും വളർന്നു വരുന്ന ഒരു സമ്പന്ന വിഭാഗത്തിന് ഏത് ഉപഭോഗവസ്തുവും ഇൻഡ്യൻ മാർക്കറ്റിൽ വാങ്ങാൻ കിട്ടുമെന്നുള്ളത് ഈ പുത്തൻ സാമ്പത്തിക നയത്തിന്റെ ഗുണമാണ്, ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ അതിന്റെ ദൂഷ്യഫലങ്ങൾ രാജ്യത്തിലെ മഹാഭൂരി പക്ഷം വരുന്ന സാധാരണ ജനങ്ങൾ നേരിടുന്ന ഒരു സാഹചര്യമാണ് ഇൻഡ്യയിൽ നിലനിൽക്കുന്നത്. ഇത്തരം സാഹചര്യത്തിലാണ് ശ്രീ. ക്ലിന്റന്റെ കൂടി സന്ദർശനം. അതിന് രാഷ്ട്രീയ സ്വാതന്ത്ര്യം പോലും അടിയറവയ്ക്കുന്ന രൂപത്തിൽ ഒളിഗാർക്കി ഇൻഡ്യയിൽ രൂപമെടുക്കുന്നതെന്നാണ് ഞങ്ങൾ അതിനെ നോക്കിക്കാണുന്നത്, അത് അപകടകരമാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. ആ രൂപത്തിലേയ്ക്ക് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നു. അതിനെ ചെറുക്കാനുള്ള നീക്കങ്ങളാണ് സ്വാഭാവികമായിട്ട് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ചെയ്യുന്നത്. ആ സാഹചര്യത്തിൽ നിന്നുകൊണ്ടാണ് കേരളാ ഗവൺമെന്റ് ഈ ബജ്ഡറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ആ നയത്തിന്റെ ഫലമായി പല കമ്പനികളും സ്വകാര്യവൽക്കരിച്ചു കഴിഞ്ഞു. എൽ. ഐ. സി. നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിലെ കോൺഗ്രസ് എം.പി.മാർ ഉൾപ്പെടെ-ലീഗ് എം.പി.മാർ കൈപൊക്കിയോ എന്ന് എനിക്കറിയില്ല - അവരെ പറയേണ്ട. എൽ.ഐ.സി. ലാഭകരമായി നടന്നു വരുകയാണ്. പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കാനായിട്ട് നിങ്ങളാണ് സഹായിച്ചത്. നഷ്ടത്തിലോടുന്ന ചില പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യ വൽക്കരിക്കുന്നുവെന്ന് കേട്ടാൽ കമ്മ്യൂണിസ്റ്റുകാർ എതിർത്താലും ചിലപ്പോൾ നാട്ടുകാർ പറയും നഷ്ടത്തിൽ അല്ലേ, പോട്ടേ, ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥപനങ്ങൾ പോലും ഈ നയത്തിന്റെ ഭാഗമായി ദിനംപ്രതി എന്നോണം സ്വകാര്യ വൽക്കരിച്ചു കൊണ്ടിരിക്കുകയാണ്. മോഡേൺ ബ്രഡ്ഡിന്റെ മദർ സ്ഥാപനമായിട്ടുള്ള മോഡേൺ ഫുഡ്സ് ഉൾപ്പെടെ 140 കോടി രൂപയ്ക്ക് വിൽക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഡൽഹിയിൽ മാത്രമുള്ള മോഡേൺ ഫുഡ്സിന്റെ സ്ഥാപനത്തിന് 140 കോടി രൂപയുടെ ആസ്തിയുണ്ട്. ഏകദേശം 2100 കോടിയിൽപ്പരം രൂപയ്ക്ക് ആസ്തി കണക്കാക്കാവുന്ന സ്വത്തുകൾ 140 കോടി രൂപയ്ക്ക് വിൽക്കുമോ ? 35 വർഷത്തിൽ കേവലം രണ്ടു വർഷം മാത്രമാണ് നഷ്ടത്തിൽ ഓടിയിട്ടുള്ളത്. അങ്ങനെയുള്ള ഒരു സ്ഥാപനമാണ് സ്വകാര്യ വൽക്കരിക്കപ്പെടുന്നത്. മോഡേൺ ബ്രഡ്ഡിന്റെ മാർക്കറ്റ് 32 ശതമാനമുണ്ട്. ഡൽഹിയിൽ 18 ഏക്കർ ഭൂമി മോഡേൺ ബ്രഡ്ഡിന് മാത്രമായിട്ടുണ്ട്. ബോംബെയിലും കൽക്കട്ടയിലും കൊച്ചിയിലുമുണ്ട്. ആ ഭൂമിക്ക് ആധുനിക ബേക്കറികൾ അടക്കം മൊത്തം ആസ്തി 2100 കോടി രൂപയാണ്. ഇതാണ് 140 കോടി രൂപയ്ക്ക് വിൽക്കുന്നത്. ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. 2000 തൊഴിലാളികൾ അതിൽ പണിയെടുക്കുന്നു. അതിൽ 1300 പേരെ ഇപ്പോൾ പിരിച്ചുവിടുമെന്ന് പറഞ്ഞിരിക്കുകയാണ്. സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ, വികാസ് സ്റ്റീൽ പ്ലാന്റ്, സേലം സ്റ്റീൽ പ്ലാന്റ്, സേലം സ്റ്റീൽ പ്ലാന്റ് എന്ന് പറഞ്ഞാൽ ലോകോത്തര സ്റ്റീൽ നിർമ്മാതാക്കളിൽ ഒന്നാണ്. ആ സ്ഥാപനം ഉൾപ്പെടെ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഓയിൽ ആന്റ് നാച്ചറൽ ഗ്യാസ് കോർപ്പറേഷന് ബോംബെ ഹൈയിൽ കാവേരി ബേയ്സിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

36 കിണറുകൾ ഉൾപ്പെടെ സ്വകാര്യമേഖലയ്ക്ക് വിറ്റഴിക്കുവാൻ തീരുമാനിച്ചു കഴിഞ്ഞു. ഈ രൂപത്തിലേക്ക് കാര്യങ്ങൾ പോകുകയാണ്. ഈ കമ്പനികളുടെയെല്ലാം നിർണ്ണായക ഓഹരികൾ വാങ്ങുന്നത് ആസ്ട്രേലിയൻ കനേഡിയൻ ഓയിൽ മൊണോപ്പൊളി, അവരാണ് ഇതെല്ലാം വാങ്ങി കൂട്ടാൻ പോകുന്നത്. അത്തരം വ്യവസ്ഥ നമ്മുടെ രാജ്യത്ത് വളർന്നു വരികയാണ്.

ശ്രീ. കെ. സി. ജോസഫ് : പൊതുമേഖലാ സ്ഥാപനങ്ങളും സമ്മിശ്ര സമ്പദ് വ്യവസ്ഥയും ഇൻഡ്യയിൽ ഉണ്ടാക്കിയത് ഇൻഡ്യൻ നാഷണൽ കോൺഗ്രസാണ് എന്നാണോ അങ്ങയുടെ അഭിപ്രായം ?

ശ്രീ. സി. എൻ. ജയദേവൻ : നിങ്ങൾ അതിൽ നിന്നും പുറകോട്ടു പോയിരിക്കുമോ ? ലോകത്തിൽ വളർന്നു വന്ന ഒരു പ്രത്യേക സാഹചര്യത്തിൽ സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം വിദേശ രാജ്യങ്ങളിൽ നിന്നും സഹായം വാങ്ങാൻ ഇന്ത്യ നിർബന്ധിതമായി. ഞങ്ങൾ അംഗീകരിക്കുന്നു. അത്തരത്തിൽ നിർബന്ധിതമായ ഒരു രാഷ്ട്രത്തിന്റെ സ്വതന്ത്രമായ സാമ്പത്തിക -വ്യാവസായിക-രാഷ്ട്രീയ വികസനവുമായി ബന്ധപ്പെടുത്തിക്കൊണ്ടുവേണം ആ കടം വാങ്ങൽ, അതല്ലാതെ പരിപൂർണ്ണമായി അടിയറ വയ്ക്കുന്ന രൂപത്തിൽ അതിന്റെ ഭാഗമായി പോകരുത് ഞങ്ങളുടെ ആക്ഷേപം, കഴിഞ്ഞ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഞാൻ പ്രസംഗിച്ചതിനുശേഷം ബഹുമാനപ്പെട്ട ആര്യാടൻ പ്രസംഗിച്ചു, ഞങ്ങൾ മിക്സ്ഡ് എക്കണോമിയുടെ ആളുകളാണ്. ഞങ്ങൾ ലെഫ്റ്റ് സെന്ററിസ്റ്റുകളാണ്. ഞങ്ങൾ ഡീ നാഷണലൈസേഷൻ എന്ന നടപടികളോട് യോജിക്കുന്നില്ല. എന്നെല്ലാമുള്ള പ്രഖ്യാപനങ്ങൾ നടത്തി, കേൾക്കാൻ സുഖമുള്ളതായിരുന്നു. പക്ഷേ ആ നയമാണോ കോൺഗ്രസിന്റേത്. ബഡ്ജറ്റല്ലേ വിഷയമെന്ന് ചോദിക്കാം, നിങ്ങൾ ആരെങ്കിലും ഒരാൾ സംസാരിക്കുമ്പോൾ ഇതിനൊരു മറുപടി പറഞ്ഞുകൂടെ ? എന്താണ് കോൺഗ്രസിന്റെ നയം. ഈ നയങ്ങളോട് ശ്രീമതി സോണിയാഗാന്ധി ഏത് രൂപത്തിലുള്ള നിലപാടാണ് എടുക്കുന്നത്. സാമ്പത്തിക പരിഷ്ക്കാരങ്ങൾക്ക് കോൺഗ്രസ് പിന്തുണ, ശ്രീമതി സോണിയ. സാമ്പത്തിക പരിഷ്ക്കാരങ്ങൾക്ക് കോൺഗ്രസ് പിന്തുണ നൽകുമെന്ന് പാർട്ടി അദ്ധ്യക്ഷ ശ്രീമതി സോണിയ പ്രസ്താവിച്ചു. ഈ കാര്യത്തിൽ കോൺഗ്രസ് രാഷ്ട്രീയം കളിക്കില്ല, കോൺഗ്രസിന്റെ നിലപാടാണ് പാർട്ടി പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നിന്നും പിന്നോക്കം പോകുകയില്ല, ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ വാർഷിക ആഘോഷത്തിലാണ് ശ്രീമതി സോണിയഗാന്ധി ഇത് വ്യക്തമാക്കിയത്. നിങ്ങൾ വ്യക്തമായിട്ടും ആ നയത്തിൽനിന്നും മാറിയോ? തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ നിന്നും മാറിയോ ? പച്മാഡി കോൺഗ്രസ് പ്രമേയത്തിൽ നിന്നും മാറിയോ ? രാഷ്ട്രീയ കാര്യങ്ങളിൽ ഉൾപ്പെടെ മാറിയോ ? ഏകകക്ഷി ഭരണത്തിൽ നിന്നും മാറിയോ ? ബീഹാറിൽ ഇപ്പോൾ റാബറി ദേവി ഗവൺമെന്റിലെ പങ്കാളിയാക്കാൻ പോകുകയാണ്. പോണ്ടിച്ചേരിയിൽ എ.ഐ. ഡി.എം.കെ.യുമായി യോജിച്ചു ഭരിക്കാൻ പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട ജയദേവൻ രാഷ്ട്രീയകാര്യങ്ങളെ കുറിച്ചും ബീഹാറിലെ കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. ബീഹാറിൽ ബി.ജെ.പി. അധികാരത്തിൽ വരാതിരിക്കുവാൻ വേണ്ടി കോൺഗ്രസ്, മാർക്സിസ്റ്റ് പാർട്ടി ഉൾപ്പെടെയുള്ള പാർട്ടികളും ഇടതുപക്ഷ പാർട്ടികളും ആർ.ജെ.ഡി.യെയാണ് പിൻതാങ്ങിയത്. എന്നാൽ അവിടെ ബി.ജെ.പി. ഭരണം വരുന്നതിന് അനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. അതൊന്ന് വ്യക്തമാക്കാമോ ?

ശ്രീ. സി. എൻ. ജയദേവൻ : ബീഹാറിന്റെ പ്രത്യേക സാഹചര്യത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടിയുമായി യോജിച്ചു മൽസരിച്ചു. ശ്രീ. ലാലുമായി കൂട്ടുചേർന്നതിന്റെ അനുഭവങ്ങൾ ഉള്ളതുകൊണ്ട് തന്നെയാണ് അയാളെ എതിർക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചത്. സി.പി.ഐ.യും സി.പി.ഐ.(എം.) യോജിച്ചാണ് അവിടെ തെരഞ്ഞെടുപ്പിൽ മൽസരിച്ചത്. ആ മൽസരത്തിൽ ഞങ്ങൾ ഉദ്ദേശിക്കുന്നതിനെക്കുറിച്ച് പറയാം.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ]

ശ്രീ. ലാലുവുമായി ആദ്യം മുതൽ ഞങ്ങൾ കൂട്ടുകൂടിയതാണ്. അയാൾ സവർണ്ണ മേധാവിത്വത്തിനെതിരെ പയറ്റും എന്നുപറഞ്ഞിട്ട് എല്ലാ രാഷ്ട്രീയ പ്ലാറ്റ്ഫോമും ജാതി പ്ലാറ്റ്ഫോമുകളായി മാറ്റിയ ആളാണ്. സംവരണത്തിന്റെ പേരിൽ എല്ലാം ജാതിയാക്കുന്നതിനോട് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് യോജിപ്പില്ല. ഇവിടെ ലൈംഗീക പീഡനം നടത്തിയാലും അതിൽ സവർണ്ണ അവർണ്ണ വ്യത്യാസമൊക്കെ വേർതിരിക്കുന്ന ആളുകളുണ്ട്. ഞങ്ങൾ ആ കൂട്ടത്തിൽപ്പെട്ടതല്ല. എല്ലാ സ്റ്റേജും ജാതി രാഷ്ട്രീയ വേദിയാക്കി മാറ്റാൻ ശ്രമിച്ച പ്പോൾ ഞങ്ങൾ ശ്രീ. ലാലുവിനോടും പറഞ്ഞു, ഞങ്ങൾ നിങ്ങളുടെ കൂടെയില്ല. 900 കോടി രൂപയുടെ കാലിത്തീറ്റ കുംഭകോണ കേസിലെ പ്രതിയാണ് അയാൾ. അതുകൊണ്ടുതന്നെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ബീഹാറിൽ അയാളെ എതിർക്കാൻ തീരുമാനിച്ചത്. ആ നിലപാടാണ് ഞങ്ങൾ എടുത്തത്. ഞങ്ങൾ എടുത്ത നിലപാടാണ് ഞാൻ പറഞ്ഞുവരുന്നത്. ഈ സാഹചര്യങ്ങളിലാണ് കേരള സംസ്ഥാന ബഡ്ജറ്റിനെക്കുറിച്ച് വിലയിരുത്തൽ നടക്കുന്നത്. ഞാൻ കണാരേട്ടൻ ഉൾപ്പെടെയുള്ള നമ്മുടെ നേതാക്കൻമാർ പ്രസംഗിച്ചതിന്റെ കണക്കുകൾ ഒക്കെ ആവർത്തിക്കുന്നില്ല. ഓരോ മേഖലയിലും അതിനുവേണ്ടി നീക്കിവച്ച പണവും നമ്മുടെ സംസ്ഥാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് വ്യത്യസ്ത മേഖലകളെ വികസിപ്പിക്കുന്നതിന് പുതിയ പദ്ധതികളും ആശ്വാസ നടപടികളും ഉൾപ്പെടെ എടുത്തുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോകാൻ ശ്രമിക്കുന്ന കാര്യങ്ങൾ ഞാൻ ഓരോന്നോരോന്നായി റിപ്പീറ്റ് ചെയ്യുന്നില്ല. ഡോ.എം. എ. കുട്ടപ്പനെ ഈ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം കാണുന്നില്ല. നല്ല അർത്ഥത്തിലാണ് ഞാൻ പറയുന്നത്. പട്ടികജാതിക്കാർക്ക് ഈ ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ കേട്ടപ്പോൾ ശ്രീ. കുട്ടപ്പൻ ഞെട്ടിപോയതാണ്, പിന്നെ അദ്ദേഹത്തെ കാണാനേയില്ല. സമൂഹത്തിൽ കഷ്ടതയനുഭവിക്കുന്ന എല്ലാ വിഭാഗങ്ങളേയും ഒരു മനുഷ്യത്വ മുഖത്തോടുകൂടി നോക്കിക്കണ്ട് ആശ്വാസമരുളുന്ന നടപടികളാണ് ഞങ്ങൾ കൈകൊണ്ടത്. അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ നൽകാൻ തീരുമാനിച്ചു എന്നു പറഞ്ഞപ്പോൾ പല

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് എം.എൽ.എ.മാരും സുഹൃത്തുക്കളും സൗഹൃദ സംഭാഷണത്തിൽ ചോദിക്കുകയാണ് അത് സന്യാസിനിമാർക്കും ഉണ്ടോ? ഇപ്പോൾ പേടി അതാണ്. അത് കൊടുത്താൽ..... ശ്രീ. സി. എഫ്. തോമസ് ഒക്കെ മൊത്തം ക്രിസ്തീയ സഭകളെയൊക്കെ പോക്കറ്റിൽ വച്ച് നടക്കുകയല്ലേ. അതെല്ലാം അവരുടെ പോക്കറ്റിലാണ് എന്ന മട്ടിലാണല്ലോ പ്രസംഗം. അപ്പോൾ ഒരു പേടി, അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കിയാൽ സന്ന്യാസിനിമാർക്കും കിട്ടുമോ എന്നുള്ള പേടിയാണ്. അവർ ഇതൊന്നും വാങ്ങുമെന്ന് എനിക്ക് തോന്നുന്നില്ല. അവർ ത്യാഗത്തിനുവേണ്ടി ഒരുങ്ങിയിറങ്ങിയവരാണ്. അവർ വാങ്ങുമോ, വാങ്ങില്ലേ, അതൊക്കെ അവർ തീരുമാനിക്കേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യമാണ് ഞാൻ ഇനി പറയാൻ പോകുന്നത്. കാരണം ബഡ്ജറ്റിൽ വർക്കിനെപ്പറ്റി പറഞ്ഞപ്പോൾ ..... ഒരു ചെറിയ വിമർശനമാണ്. കഴിഞ്ഞ 5-ാമത്തെ ബഡ്ജറ്റ് ഉൾപ്പെടെ ഓരോന്നും പ്രതീക്ഷയോടുകൂടി മറിച്ചു നോക്കിയപ്പോൾ ഒരു വർക്ക് പോലും എന്റെ നിയോജകമണ്ഡലത്തിൽ ഉണ്ടായിട്ടില്ല. ഗൗരവപൂർവ്വം ധനകാര്യ വകുപ്പുമന്ത്രിയേയും പൊതുമരാമത്ത് വകുപ്പുമന്ത്രിയേയും ബോധ്യപ്പെടുത്തുകയും വളരെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന പുത്തൂർ പാലത്തിന്റെ പണി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടും അതുപോലും ഉണ്ടായിട്ടില്ല എന്ന ഒരു പരാതി എനിക്കുണ്ട്. അതും ഈ കൂട്ടത്തിൽ പറഞ്ഞുവെന്നേയുള്ളൂ. ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. കേരളത്തിന് വലിയ പ്രതീക്ഷ നൽകുന്ന ബഡ്ജറ്റാണ് എന്ന് അഭിമാനത്തോടുകൂടിയാണ് അദ്ദേഹം ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഇതിന്റെ സാമ്പത്തികമായ വശങ്ങൾ അദ്ദേഹം വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ ധനസ്ഥിതി പരിശോധിച്ചാൽ കുമിഞ്ഞുകൂടുന്ന കമ്മി പരിഹരിക്കാനുള്ള അടിയന്തിര ശ്രമമാണ് സംസ്ഥാനത്തെ സ്നേഹിക്കുന്ന ജനങ്ങൾ പ്രതീക്ഷിക്കുന്നത്. 1999-2000 സാമ്പത്തിക വർഷം അവസാനിക്കുന്നത് 141.45 കോടി രൂപയുടെ നികത്തപ്പെടാത്ത കമ്മിയോടുകൂടി മാത്രമാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 193.70 കോടി രൂപയുടെ നികത്തപ്പെടാത്ത കമ്മി മന്ത്രി പ്രതീക്ഷിക്കുന്നുണ്ട്. എന്നാൽ കമ്മി നികത്താനുള്ള വിഭവ സമാഹരണത്തിന് ധനകാര്യ വകുപ്പുമന്ത്രി കണ്ടുവച്ചിട്ടുള്ള വഴികൾ സാധാരണ ജനങ്ങളെ ഏറെ ബുദ്ധിമുട്ടിലാക്കുന്നതാണ്. 1998-ലെ സഞ്ചിത കമ്മി 945 കോടി രൂപയിൽ നിന്നും 1604 കോടി രൂപയായി ഉയർന്നു. ഈ മാർച്ചിൽ അവസാനിക്കുന്ന വർഷത്തെ റവന്യൂ കമ്മി 1851 കോടി രൂപയാകും എന്നായിരുന്നു പ്രഖ്യാപനം. അത് 2481 കോടി രൂപയായി. ഇത് ബഹുമാനപ്പെട്ട മന്ത്രി നിഷേധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ ആ കാര്യത്തിലേയ്ക്ക് കടക്കുന്നില്ല. എന്റെ സുഹൃത്ത് ശ്രീ. സി. എൻ. ജയദേവൻ ഇവിടെ അവസാനം പ്രസംഗിച്ചതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. ശ്രീമതി ലതാദേവിയും മറ്റെല്ലാ പേരും അതുതന്നെയാണ് പറഞ്ഞ് അവസാനിപ്പിച്ചത്. ആദ്യം പുറത്തൊന്ന് നല്ല ഷുഗർ കോട്ടിംഗ് കൊടുത്തിട്ട്, അവസാനം ഒരു കത്തി വച്ച് പോന്തുന്നതു

LIBRARY ARCHIVES Kerala Legislative Assembly

പോലെയാണ്. നല്ല ഒരു കത്തി. അത് ആഴത്തിൽ ശരിക്ക് കൊള്ളേണ്ടവർക്ക് കൊള്ളുന്ന വിധത്തിൽ തന്നെയായിരിക്കും. പൊതുവേ ആ ഒരു ഭാഗം ഒഴികെ ഒരേ കത്തിയാണ് ഇങ്ങോട്ടുള്ളവർ എല്ലാവരും. അദ്ദേഹം അവസാനം ഒരു കാര്യം പറഞ്ഞു. നമ്മുടെ രാജ്യത്തിന്റെ മൊത്തത്തിലുള്ള സ്ഥിതി. നമ്മുടെ റൊട്ടി കമ്പനി ഉണ്ടല്ലോ. മോഡേൺ ബ്രഡ്സ്റ്റ് ഫാക്ടറി, അതിന്റെ ഡൽഹിയിലെ സ്ഥലം വിൽക്കുന്നുവെന്ന് കേട്ടു. ഞാൻ ചേദിക്കട്ടെ, നമ്മുടെ നാട്ടുവർത്തമാനമാണ്. സീതാറാം മിൽ .... ശ്രീ. ജോസ് ബേബിക്കൊന്നും പറഞ്ഞാൽ മനസ്സിലാകില്ല. ശ്രീമതി ലതാദേവിക്കറിയാം, കേരളവർമ്മ കോളേജിൽ രണ്ടു കൊല്ലം പഠിപ്പിച്ചതു കൊണ്ട്, സീതാറാം മിൽ ഏതാണെന്നറിയാം. ആ സ്ഥലം വിറ്റുകൊണ്ടിരിക്കുകയാണല്ലോ. നമുക്കിവിടെ പരിഹരിക്കാം എന്നുള്ള കാര്യങ്ങൾ സംസാരിക്കുക ശ്രീ. ജയദേവൻ. നമ്മൾ ഇപ്പോൾ സംസാരിക്കുന്നത് പാർലമെന്റിലല്ല. ഇവിടെയല്ലേ ? അവിടത്തെ ഒരു കാര്യം കൂടി ചോദിച്ചുകൊള്ളട്ടെ. അവിടെ ഇപ്പോൾ 400 ആളുകളെ വി. ആർ.എസിൽ പിരിച്ചുവിട്ടു. ഫുഡ് കമ്പനിയുടെ കാര്യം പറഞ്ഞല്ലോ. അവിടെ ആളുകളെ പിരിച്ചു വിടുകയാണെന്ന്. ഇതൊന്ന് ശരിയാക്കാൻ പറയൂ ശ്രീ. ടി. ശിവദാസ മേനോനോട്. ഇവിടത്തെ കാര്യം പറയൂ. എന്തിനാണ് വെറുതെ വളഞ്ഞ് മൂക്കുപിടിക്കുന്നത്. അത് നേരിട്ട് പറയൂ. ശ്രീ. ജോസ് ബേബിക്ക് ഒന്നും പറയാൻ പറ്റില്ല. ശ്രീ. നൗഷാദിന് ചിലപ്പോൾ പറയാൻ പറ്റും. നമ്മുടെ ബഹുമാന്യയായ മെമ്പർ ശ്രീമതി ലതാദേവിയൊക്കെ എന്തൊക്കെയാണ് ഇവിടെ വിളിച്ചുപറഞ്ഞത്. നമ്മൾ ഒരു പരസ്യം കാണുന്നുണ്ട്. 'എന്തുപറ്റി ഈ സ്കിന്നിന്' എന്ന്. ഭയങ്കര തൊലിക്കട്ടി തന്നെ, കേട്ടോ. 'എന്തുപറ്റി ഈ സ്കിന്നിന്'..... അത് ഞാൻ പറഞ്ഞു തരാം. അത് ആണുങ്ങളാണ് തന്നത്. അത് ശ്രീ. കെ. പി. രാജേന്ദ്രനോട് ചോദിച്ചാൽ മതി. വാസ്തവത്തിൽ ഞാൻ നിങ്ങൾ പറയുന്നതിനെ കുറ്റപ്പെടുത്തുകയല്ല. യാഥാർത്ഥ്യബോധത്തോടുകൂടി ഈ കാര്യങ്ങളെ കാണണം. ഇവിടെ എല്ലാവരും പറഞ്ഞ ഒരു കാര്യമുണ്ട്. ശ്രീ. പി. പി. സുലൈമാൻ റാവുത്തർ പറഞ്ഞ ഒരു കാര്യം, ശ്രീ. സി. എ. കുര്യൻ പറഞ്ഞ കാര്യം, ശ്രീ. സി. എൻ. ജയദേവൻ പറഞ്ഞ കാര്യം. അതുപോലെ മാർക്സിസ്റ്റ് പാർട്ടി കൈയാളുന്ന വകുപ്പുകൾ ഒഴിച്ച് ഏതെങ്കിലും ഒരു വകുപ്പിൽ, അവർ ആഗ്രഹിക്കുന്നത് പോകട്ടെ, അതിന്റെ അടുത്തെങ്ങാനും എത്താവുന്ന വിധത്തിൽ ബഡ്ജറ്റ് പ്രൊവിഷൻ കൊടുത്തിട്ടുണ്ടോ ? കൃഷിയുടെ കാര്യമെടുക്കാം. 5 കോടി രൂപ മണ്ഡരി വന്നതു കാരണം കൃഷി വകുപ്പുമന്ത്രിക്ക് കിട്ടിയിട്ടുണ്ട്. മണ്ഡരിയുടെ സ്ഥിതി എന്താണ് ? ശ്രീ. സി. എൻ. ജയദേവൻ മണലൂറ്റിന്റെ കാര്യം പറഞ്ഞല്ലോ. മണ്ഡരി രോഗത്തിന് ഡൈക്കോഫോളും അതുപോലെ മറ്റ് സാധനങ്ങളുമൊക്കെയടിച്ച് അവസാനം.... ഞാൻ അതിൽ നടക്കുന്ന അഴിമതിയെക്കുറിച്ച് പറയുന്നില്ല. 12 രൂപ ഒരു തെങ്ങിന് മരുന്നടിക്കാൻ കൊടുക്കുന്നു. 6 രൂപ കൃഷിക്കാരന്റെ കൈയിൽ നിന്നും വാങ്ങുന്നു. ഇപ്പോൾ ഘട്ടം ഘട്ടമായി പൂർത്തിയായി എന്നാണ് പറയുന്നത്. കൃഷി വകുപ്പിന്റെ കണക്കനുസരിച്ച് ഒരു മൂന്നിരട്ടി തെങ്ങ് എങ്കിലും കൂടിയിട്ടുണ്ട്. ഉള്ള തെങ്ങിനെക്കാൾ മൂന്നിരിട്ടി തെങ്ങ് പൈസ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ, കണക്കു കൂട്ടുകയാണെങ്കിൽ അത്രയ്ക്ക് ആയിട്ടുണ്ട്. ഡൈക്കോഫോൾ എല്ലാ ആളുകളും അടിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡൈക്കോഫോൾ അടിക്കുന്നതിനെക്കുറിച്ച് നൂറുതരത്തിലുള്ള വ്യാഖ്യാനങ്ങളാണ് നടത്തുന്നത്. ശ്രീ. ജയദേവനൊക്കെ ആ കമ്മിറ്റിയിലുള്ള ആളുകളാണ്. ഞാൻ ശ്രീ.ജയദേവനെ കുറ്റപ്പെടുത്തുകയല്ല. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലർ ഒന്നുപറയും. പ്രോ. വൈസ് ചാൻസിലർ വേറൊന്ന് പറയും. എക്സിക്യൂട്ടീവ് കമ്മിറ്റി വേറൊന്നു പറയും. പക്ഷേ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം.... വാസ്തവത്തിൽ കാർഷിക മേഖല മുഴുവൻ തകർന്നിരിക്കുകയാണ്. കർഷകരെ സംബന്ധിച്ചിടത്തോളം ഒരു തരത്തിലും ജീവിക്കാൻ മാർഗമില്ലാതായി. തെങ്ങുകൃഷിക്കാരെ സംബന്ധിച്ചാണെങ്കിൽ അവർക്ക് കഴിഞ്ഞ കാലങ്ങളിൽ ലഭിച്ചിരുന്നതിന്റെ നാലിലൊന്ന് വരുമാനം പോലും ഇപ്പോൾ ലഭിക്കുന്നില്ല. നാളികേരത്തിന്റെ എണ്ണം കുറഞ്ഞു. അത് പൊളിക്കാൻപോലും ആളുകളെ കിട്ടുന്നില്ല. അതിന്റെ ഗുണമേന്മ വളരെ കുറഞ്ഞിരിക്കുന്നു. വെളിച്ചെണ്ണയ്ക്ക് ഗുണമേന്മയില്ലാതായിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി, വെളിച്ചെണ്ണയ്ക്ക് ഒരു താങ്ങുവില നിശ്ചയിക്കാനെങ്കിലും തയ്യാറാകണം. അല്ലെങ്കിൽ എസ്.ടി.സി. റബ്ബർ കളക്ട് ചെയ്യുന്നതുപോലെ കൊപ്രയും സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. അത് ആലോചിക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട ശിവദാസമേനോൻ, അതിന് എന്തെങ്കിലും ഒരു സംവിധാനമുണ്ടാക്കി കൃഷിവകുപ്പിന് പണം കൊടുക്കണം. നിങ്ങൾക്ക് മറ്റുതരത്തിൽ എന്തെങ്കിലും ചെയ്യണമെങ്കിൽ അത് ഈ നാട്ടിലെ കൃഷിക്കാരോട് വേണ്ടായെന്നാണ് എനിക്കു പറയാനുള്ളത്. എൽ.ഡി.എഫ്-ലെ ഘടകകക്ഷികൾക്കുള്ള ഏറ്റവും വലിയ താക്കീതാണ് ഈ ബഡ്ജറ്റ്. പ്രത്യേകിച്ച് സി.പി.ഐ.ക്ക് ഞാൻ രാഷ്ട്രീയം പറയുകയല്ല. അവസാനം കോൺഗ്രസ് സാമ്പത്തിക നയം മാറ്റിയാൽ ആലോചിക്കാമെന്ന് പറയുന്നു. ആളുകളുണ്ടല്ലോ സി.പി.ഐ.യിൽ. അതുതന്നെയാണ് അവർക്കും സംശയം. നിങ്ങൾ കുറച്ചുകാലത്തേയ്ക്കെങ്കിലും മിണ്ടാതിരിക്ക്. എന്തെങ്കിലും നാട്ടിൽ നടക്കട്ടെ. ഇതൊരു താക്കീതാണ്. ശ്രീ. ജോസ് ബേബിയും ശ്രീ. സി. എൻ. ജയദേവനുമൊക്കെ പറഞ്ഞല്ലോ അവസാനം ശ്രീമതി ലതാദേവി പറഞ്ഞത് എന്താണ്. 39 കോടി രൂപ സിവിൽ സപ്ലൈസ് വകുപ്പിന് കൂട്ടണമെന്ന്. അതുപോലെ ഒല്ലൂരിൽ ഒരു വർക്കെങ്കിലും എടുക്കണമെന്ന് ഇത്രയും താഴ്ന്ന് അപേക്ഷിക്കാൻ സി.പി.ഐ. യെപ്പോലുള്ള ഒരു അഖിലേന്ത്യാ പാർട്ടി ശ്രീ.ലാലുപ്രസാദിനെ എതിർക്കുന്ന പാർട്ടി മുന്നോട്ടുവന്നതിൽ സഹതാപമുണ്ട്. അവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജില്ലാ സെക്രട്ടറി അതുപോലെ ശ്രീ. പി. ജെ. ജോസഫിന്റെ വകുപ്പ്. ഞങ്ങൾക്ക് ഒരു സമാധാനമെന്താണെന്നു ചോദിച്ചാൽ, ഇപ്പോൾ തൃശൂരിൽ 5 സി.പി.ഐ. എം.എൽ.എ. മാരുണ്ട്. ഒരാൾ മന്ത്രിയാണ്. മാഷ് ഇപ്പോൾ എന്തെങ്കിലും ചെയ്യുമെന്നുള്ള പ്രതീക്ഷ ഞങ്ങൾക്കുണ്ടായിരുന്നു. പല വാക്കുകളൊക്കെ തന്നതാണ്. അത് ബഡ്ജറ്റിൽ കാണാഞ്ഞപ്പോൾ പറയുകയാണ്... ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന്റെ പ്രദേശത്തിനുകൂടി ഒന്നുമില്ല. സ്വന്തം മന്ത്രിസഭയിലിരിക്കുന്ന ഒരാളിനുപോലും റോഡിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും വർക്കിന്റെയോ പ്രൊവിഷൻ കിട്ടാതിരിക്കുമ്പോൾ നമുക്ക് കിട്ടാത്തതിൽ പരിഭവമുണ്ടാകേണ്ട കാര്യമില്ലല്ലോ. നിങ്ങളുടെ പേരിലാണ് ഞങ്ങളിപ്പോൾ രക്ഷപ്പെടുന്നത്. സത്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സി.പി.ഐ.യാണ് ഞങ്ങളെ രക്ഷപ്പെടുത്തുന്നത്. നിങ്ങൾ രക്ഷപ്പെടുത്തും. ഞങ്ങൾക്കറിയാം. 'അള മുട്ടിയാൽ പാമ്പും കടിക്കില്ലേ'. നിങ്ങളൊന്ന് മാറിയാൽ ശരിയാകുമെന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങൾ ശ്രമിക്കുന്നുണ്ട്. ഇപ്പോൾ കുറച്ചു മാറ്റം വന്നിട്ടുണ്ട്. നിങ്ങളെ രക്ഷപ്പെടുത്തിക്കൊള്ളാം. യാതൊരു സംശയവും വേണ്ട. ദേശീയ രാഷ്ട്രീയമൊന്നും ഇവിടെയില്ല. ഇത് പാർലമെന്റല്ല. സീതാറാം മില്ലും, മണ്ഡരിയും അതുപോലെ ശ്രീ. ജയദേവന്റെ നാട്ടിൽ നടക്കുന്ന പാക്കിംഗ് കെയ്സ് അടക്കമുള്ള കാര്യങ്ങളാണ് എന്നാണ് ഞാൻ പറയുന്നത്. ശ്രീ. ജയദേവൻ അവിടെ കാലെടുത്തുകുത്തിയശേഷം ശ്രീമതി സുശീലാ ഗോപാലൻ മന്ത്രിയായതിനുശേഷം പാക്കിംഗ് കെയ്സ് വ്യവസായം പൂട്ടി. ഓടുവ്യവസായം പൂട്ടികൊണ്ടിരിക്കുന്നു. ഒല്ലൂരും കൊടകരയിലുമെല്ലാം പൂട്ടിക്കൊണ്ടിരിക്കുന്നു. ആ മേഖല മുഴുവൻ തകർന്നുകൊണ്ടിരിക്കുകയാണ്. 20,000 ചെറുകിട യൂണിറ്റുകളുണ്ടാക്കുമെന്നു പറയുന്നു. 200 എണ്ണം അവിടെ പൂട്ടിയല്ലേ. പാക്കിംഗ് കേയ്സ് ചെറുകിട വ്യവസായമല്ലേ. ശ്രീ. ജയദേവനൊക്കെ അത് മറന്നോ ശ്രീ. ക്ലിന്റന്റെ പ്രശ്നം നമുക്കൊരു പ്രശ്നമല്ല. ശ്രീ. ക്ലിന്റനെ നിങ്ങൾ എന്തിന്റെ പേരിലാണ് എതിർക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്ര പ്രാവശ്യം അമേരിക്കയിൽപോയി അയാളുടെ ചായയും കുടിച്ചുവന്നതാണ്. അവസാനം വേൾഡ് ബാങ്കിന്റെ പൈസ.. ഞാൻ അതിനെ കുറ്റം പറയുന്നില്ല. അവിടെച്ചെന്ന് കാപ്പിയും കുടിച്ച് അവരുടെ ഗസ്റ്റാകാമെങ്കിൽ ശ്രീ. കുറുപ്പിനു കൊടുക്കുന്ന ചായയെങ്കിലും കുടിക്കാനവസരം കൊടുക്കണ്ടേ ? ചില കാര്യങ്ങളിൽ എനിക്ക് ശ്രീ. ക്ലിന്റനോട് സഹകരണമുണ്ട്. അയാൾ തരുന്ന പൈസയ്ക്ക് നന്ദി കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മൾ പലതും ഇപ്പോൾ... അയാളുടെ പൈസയും മേടിച്ച് മരുന്നും മേടിച്ച്, ഭക്ഷ്യധാന്യങ്ങളും മേടിച്ച്... നമ്മുടെ പലയാളുകളും ശ്രീമതി മെഴ്സിക്കുട്ടിയമ്മയുടെ നിയോജകമണ്ഡലത്തിൽപ്പെട്ടവരടക്കമുള്ള ആളുകൾക്ക് വിതരണം ചെയ്യുന്നത് അമേരിക്കയുടെ പാൽപ്പൊടിയാണ്. അതുപോലെ പലതും. നിങ്ങൾക്ക് വേണ്ടായെന്ന് വച്ചുകൂടേ. ഇപ്പോൾ എല്ലാ മേഖലയും തകർന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കാവശ്യമായ കാർഷിക മേഖല പരിരക്ഷിക്കണം. വ്യവസായ മേഖലയിൽ 20,000 ചെറുകിട യൂണിറ്റുകൾ തുടങ്ങുമെന്ന് പറയുന്നു. ഉള്ളതുമുഴുവൻ പൂട്ടിയിട്ട് പുതിയത് ഉണ്ടാക്കിയിട്ട് എന്താണു കാര്യം. ഈ സാമ്പത്തിക വളർച്ചയ്ക്ക് തുരങ്കം വയ്ക്കാൻ ഒരു തരത്തിലും സാമ്പത്തിക മേഖലയെ പരിപോഷിപ്പിക്കാൻ സാധിക്കാത്ത ബഡ്ജറ്റാണിത്. അത് തീർച്ചയായും.... നമ്മുടെ ശ്രീ.സത്യൻ മൊകേരിയെ കാണാനില്ല. ഈ ബഡ്ജറ്റ് അവതരിപ്പിച്ച ശേഷം കാണാത്ത കുറേ ആളുകളൊക്കെയുണ്ട്. അദ്ദേഹം വളരെ ആത്മാർത്ഥമായി സമരം നടത്തി. കർഷകരുടെ മാർച്ച് നടത്തി. അതിവിടെ അവസാനിക്കുന്നതിനിടയിൽ വന്ന കാളിംഗ് അറ്റൻഷനിൽ ആവശ്യപ്പെട്ടത് വളരെ മിതമായിട്ടുള്ള ആവശ്യമായിരുന്നു. കാർഷിക കടത്തിന്റെ പലിശ... ഇന്നത്തെ കാർഷിക മേഖലയിലുള്ള എല്ലാ പ്രശ്നങ്ങളുമുദ്ധരിച്ച് ഒരു ഡിമാന്റു വച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ വിചാരിച്ചു കിട്ടിയെന്ന്. എന്താണു പറഞ്ഞത്. വളരെ വ്യക്തമായ മറുപടി. ഞാൻ വിചാരിച്ചു കടംവരെ എഴുതിത്തള്ളുമെന്ന്. പലിശയും പിഴപ്പലിശയും മാറ്റുമെന്നാണ് പറഞ്ഞത്. അതിൽ പത്തു പൈസയുടെ ആനുകൂല്യം കിട്ടിയോ. ഇതിനെക്കുറിച്ച് അദ്ദേഹത്തിന്റെ മറുപടി എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ അന്ന് absconding ആണ്. ശ്രീ. സി. കെ. രാജേന്ദ്രൻ ഉന്നയിച്ച റബ്ബറിന്റെ കാര്യത്തിനു മറുപടി പറയാതെ കൃഷി വകുപ്പുമന്ത്രി രാജ്യം വിട്ടുപോയി. എന്താണ് ചെയ്യുക ?

ശ്രീമതി ആർ. ലതാദേവി : അദ്ദേഹം രാജ്യം വിട്ടുപോയതല്ല, ഒരു മരണത്തിനാണ് പോയത്.

ശ്രീ. കെ. പി. വിശ്വനാഥൻ : പോയി എന്നുപറയുകയാണ്. ശ്രീ. സത്യൻമൊകേരി ആരു മരിച്ചിട്ടാണ് പോയത് ? വാസ്തവത്തിൽ നിങ്ങൾ എല്ലാപേരും പോയ്ക്കൊണ്ടിരിക്കുകയാണ്. ഇതാണ് സ്ഥിതി. എനിക്ക് അവസാനമായിട്ട് പറയുവാനുള്ളത്, സമസ്ത മേഖലകളിലും ഇത്രയും ഒരു പ്രത്യേക വിഭാഗത്തിനു മാത്രം, പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ വിഭാഗങ്ങളെ മാത്രം പുഷ്ടിപ്പെടുത്തുവാൻ അതിനു എന്തെങ്കിലും ചെയ്യുന്നതിനും മൽസ്യമേഖല ആയാലും സഹകരണ മേഖല ആയാലും ഇലക്ട്രിസിറ്റി മേഖല ആയാലും മറ്റ് എല്ലാത്തിനും വാരിക്കോരി പണം കൊടുത്തു. പ്രത്യേകിച്ച് നാട്ടിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഒന്നും കൊടുത്തിട്ടില്ല. അതു കൈകാര്യം ചെയ്യുന്ന വകുപ്പുകളെ പരിപൂർണമായി തഴഞ്ഞു. പ്രതിപക്ഷ മെമ്പർമാരുടെ ഏതെങ്കിലും ഒരു പ്രദേശത്ത്, ഏതെങ്കിലും ഒരാളുടെ പ്രവർത്തനത്തിന് 10 പൈസ പോലും കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് ഇല്ല. ഒരു ടെണ്ടർ വിളിക്കുവാൻ ഒരുവർക്കുണ്ട് എന്നുപറഞ്ഞാൽ വളരെ ആത്മാർത്ഥത യോടുകൂടി വെല്ലുവിളിക്കുകയാണ്, ഞാൻ ഈ പറയുന്നത് ഒക്കെ പിൻവലിക്കാം. അവരുടെ കാര്യം ഞാൻ പറയേണ്ട കാര്യമില്ല. അവർ തന്നെ സംസാരിക്കട്ടെ. വാസ്തവത്തിൽ ഇത്രയും ഗതികേട് ശ്രീ. സി. എൻ. ജയദേവനു ഉണ്ടാകുമെന്ന് ഞാൻ വിചാരിച്ചില്ല. അവസാനം മറ്റു പലരും പറഞ്ഞു. ഒരു പാലം, നാലു കൊല്ലമായിട്ട് സാധിച്ചോ ? അതു മനസിലായോ ; ഇത്രയും വിവേചനത്തോടു കൂടി അവതരിപ്പിച്ച, കേരളത്തിന്റെ സമഗ്ര വികസനത്തിനു അനുയോജ്യമല്ലാത്ത ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ പിൻതാങ്ങുന്നു. കടുത്ത സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും ജനങ്ങൾക്ക് ആശ്വാസം പകരുന്ന ഒട്ടേറെ ക്ഷേമ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രശംസ പിടിച്ചുപറ്റിയ ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. അതുകൊണ്ടാണ് ബഡ്ജറ്റിനെതിരായി കാതലായ വിമർശനങ്ങൾ ഉന്നയിക്കുവാൻ പ്രതിപക്ഷത്തിനുപോലും കഴിയാതെ വന്നത്. ഇന്നലെയും ഇന്നുമായി സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഉൾപ്പെടെയുള്ളവൾ അവരുടെ വാദമുഖങ്ങൾ സമർത്ഥിക്കുവാൻ പാടുപെട്ടിട്ടും കൃച്ചുപിടിക്കാത്ത സ്ഥിതിയാണ് ഉണ്ടായത്. ബഹുമാന്യരായ പല പ്രതിപക്ഷ നേതാക്കളും ഇക്കണോമിക്ക് റിവ്യൂവിനെയാണ് കാര്യമായി അവലംബിക്കാറുള്ളത്. ഇക്കണോമിക്ക് റിവ്യൂ തലങ്ങും വിലങ്ങും ഉദ്ധരിച്ചുകൊണ്ട് ബഡ്ജറ്റിനെ കടന്നാക്രമിക്കുവാനാണ് പലപ്പോഴും തയ്യാറാകുന്നത്. ഇന്നലെയും ഇന്നും ഇവിടെ ഇക്കണോമിക് റിവ്യൂവിനെ കാര്യമായി അവലംബിക്കുവാൻ പ്രതിപക്ഷ നേതാക്കൾ തയ്യാറായില്ല. അതിനു പ്രധാനപ്പെട്ട ഒരു കാരണമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇക്കണോമിക്ക് റിവ്യൂവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും എൽ.ഡി. എഫ്. സർക്കാർ ഉണ്ടാക്കിയ നേട്ടങ്ങൾ പ്രതിഫലിക്കുന്നുണ്ട്. മാത്രമല്ല വളരെ ഇരുളടഞ്ഞ ഒരു രാഷ്ട്രീയ സാമ്പത്തിക അന്തരീക്ഷം കേന്ദ്ര ഗവൺമെന്റ് സൃഷ്ടിച്ചത് ഇക്കണോമിക് റിവ്യൂവിൽ വളരെ വിശദമായി വരച്ചുകാണിച്ചിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അഖിലേന്ത്യാ ജി.ഡി.പി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 6.8 ശതമാനം ആയിരുന്നത് ഈ വർഷം 5.9 ശതമാനമായി കുറഞ്ഞു. ദേശീയ സമ്പാദ്യം 24.7 ശതമാനം ആയിരുന്നത് 22.3 ശതമാനമായി കുറഞ്ഞു. പൊതുമേഖലാ സേവിംഗ്സ് കഴിഞ്ഞ വർഷം 1.4 ശതമാനം ആയിരുന്നത് ഈ വർഷം സിറോയായി കുറഞ്ഞിരിക്കുകയാണ്. കയറ്റുമതി കഴിഞ്ഞവർഷം 4.6 ശതമാനം ഉണ്ടായിരുന്നത് ഈ വർഷം 3.9 ശതമാനമായി കുറഞ്ഞു. ക്ലിന്റന്റെ ഇൻഡ്യ ഇക്കണോമിക് റിവ്യു പ്രകാരം നമ്മുടെ നാട്ടിന്റെ വിദേശ കടബാധ്യത 1999 മാർച്ചിൽ 97.68 മില്യൻ യു.എസ്.ഡോളർ ആയിരുന്നത് 1999 സെപ്റ്റംബറിൽ 98.86 മില്യൻ യു.എസ്. ഡോളർ ആയി വർദ്ധിച്ചിരിക്കുകയാണ്. ആ നിലയിൽ കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയത്തിന്റെ ഫലമായി ഇരുളടഞ്ഞ ഒരു സാമ്പത്തിക സ്ഥിതി ഉണ്ടായി. ഒരു കൂട്ടം സാമ്പത്തിക വിദഗ്ദ്ധന്മാർ എഴുതിയ ലേഖനത്തെ പരാമർശിച്ചുകൊണ്ട് മാതൃഭൂമി പത്രത്തിൽ ഈയിടെ ഒരു ലേഖനം വരുകയുണ്ടായി. കേന്ദ്രത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അതിനു മാതൃഭൂമി കൊടുത്തിരുന്ന തലവാചകം 'നിസംഗതയുടെ പര്യായമായി ഇതാ ഒരു ബഡ്ജറ്റ്' എന്നാണ്. അതിലെ പ്രസക്തമായ ഒരു വാചകം ഞാൻ വായിക്കാം. "നീണ്ടുനീണ്ടുപോകുന്ന വലിയ ഇരുളടഞ്ഞ തുരങ്കത്തിന്റെ അവസാനത്തിൽ ഒരു ചെറുവെളിച്ചം നമുക്കായി കാത്തിരിക്കുന്നു. അതു എന്നെങ്കിലും വന്നണയുമെന്ന പ്രതീക്ഷയോടെ നമുക്ക് കാത്തിരിക്കാം. കേന്ദ്ര ബഡ്ജറ്റിനെ വിമർശിച്ചുകൊണ്ട് നിസംഗതയുടെ പര്യായമായ ഒരു ബഡ്ജറ്റ് എന്ന തലക്കെട്ടിൽ മാതൃഭൂമി പത്രത്തിൽവന്ന ഒരു ലേഖനമാണ്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് ചർച്ച നടക്കുമ്പോൾ വളരെ വിശാലമായ ഒരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങളെ വിശകലനം ചെയ്യാൻ തയ്യാറാകണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇന്ന് ബഡ്ജറ്റിനെക്കുറിച്ച് പൊതുവേ നമ്മുടെ നാട്ടിൽ രണ്ടു സമീപനങ്ങളാണുള്ളത്. നമ്മുടെ നാട്ടിലെ തൊഴിലാളികളും കൃഷിക്കാരുമൊക്കെ ഉൾപ്പെടുന്ന, മഹാത്മാഗാന്ധി പറഞ്ഞ ദരിദ്ര നാരായണന്മാർ ഉൾപ്പെടെയുള്ള സമൂഹത്തിൽ ഏറ്റവും പിന്നോക്കമുള്ള ജനങ്ങളെ വിസ്തരിക്കുന്നതിനുള്ള ഒരു സമീപനമാണ്, ഒരു പുത്തൻ സാമ്പത്തികനയം-അതാണ് ബി.ജെ.പി. തുടരുന്നത്. ഇന്നലെ മലയാള മനോരമ പത്രത്തിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ച് ഒരു സെമിനാർ നടത്തുകയുണ്ടായി. രണ്ടായിരാമാണ്ടിലെ ബഡ്ജറ്റും അതിന്റെ വിദൂരമാനങ്ങളും എന്ന വിഷയം അവതരിപ്പിച്ചത് ബിസിനസ് സ്റ്റാൻഡേർഡ് എഡിറ്റർ ശ്രീ. ടി. എം. നൈനാൻ ആണ്. അദ്ദേഹം അതിൽ പറഞ്ഞത് കർശന നടപടി ഉണ്ടാകണം എന്നാണ്. സാധാരണ ജനങ്ങൾക്ക് എതിരായി കർശന നടപടി ഉണ്ടായാൽ മാത്രമേ നമ്മുടെ നാടിനെ മുന്നോട്ടു നയിക്കുവാൻ കഴിയൂ എന്ന തെറ്റായ വീക്ഷണമാണ് അദ്ദേഹം അവതരിപ്പിച്ചത്. ഞാൻ ഒന്നുരണ്ട് വാചകങ്ങൾ മാത്രം വായിക്കാം. "ജനപ്രീതി നോക്കാതെ കർശന സാമ്പത്തിക നടപടി എടുക്കുന്നതിനു ഭരണ നേതൃത്വങ്ങൾക്ക് വൈമുഖ്യമാണ് നമ്മുടെ നാടിന്റെ പുരോഗതിക്ക് തടസമെന്ന് പ്രമുഖ സാമ്പത്തികകാര്യ വിദഗ്ദ്ധൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. നൈനാൻ ചൂണ്ടികാണിച്ചു. കടുത്ത നടപടി സ്വീകരിക്കണം എന്നതല്ല ജനങ്ങൾ അതിനു വിധേയമാകാൻ തയ്യാറാണോ എന്നതാണ് മുഖ്യ പ്രശ്നം." കേന്ദ്ര ധനകാര്യവകുപ്പു സ്വീകരിക്കുന്ന കടുത്ത നടപടികൾക്ക് ജനങ്ങൾ വിധേയമാകണമെന്നാണ് ചില സാമ്പത്തിക വിദഗ്ദ്ധർ സമർത്ഥിക്കുന്നത്. വീണ്ടും അദ്ദേഹം പറയുന്നു "സർക്കാരിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾക്ക് അർഹമായ വില കിട്ടുന്നില്ല. ടൂത്ത് പേസ്റ്റിന്റെ വിലപോലുമില്ല ഒരു മാസത്തെ വെള്ളക്കരത്തിന്." വെള്ളക്കരം കൂട്ടണമെന്നാണ് ന്യായം പറയുന്നത്. "ഭക്ഷ്യ സബ്സിഡി കൊണ്ടുള്ള നേട്ടം ശരാശരി കുടുംബത്തിനു മാസം 15 രൂപയിൽ ഒതുങ്ങുന്നു. രാസവള സബ്സിഡിയുടെ ഫലം കിട്ടുന്നത് കുറഞ്ഞ ശതമാനം ചെറുകിട കർഷകർക്കുമാത്രമാണ്." ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാരിനു കഴിയാത്തത് ഇതിലുള്ള രാഷ്ട്രീയ സംവിധാനത്തിന്റെ പ്രോഗ്രാമാണെന്ന് പറഞ്ഞു. ഞാൻ പറഞ്ഞത് ബഡ്ജറ്റിനോടുള്ള ഈ സമീപനം നമ്മുടെ നാട്ടിലെ ദരിദ്ര സമൂഹത്തെ കണ്ടുകൊണ്ടുള്ളതല്ല.

ശ്രീ. കെ. പ്രകാശ് ബാബു : ഇൻഡ്യയിൽ വലിയ കമ്പനികളും വലിയ ബിസിനസുകളും നടത്തുന്ന 200 കുത്തക കുടുംബങ്ങൾ ബാങ്കുകൾക്ക് നൽകുവാനുള്ളത് 51,000 കോടിരൂപയാണെന്ന് ഇതിനകം പത്രങ്ങളിൽ വന്നു. ആ 51,000 കോടിരൂപ 200 കുടുംബങ്ങൾ മാത്രമായി കൊടുക്കാനുണ്ട്. അങ്ങനെ കൊടുക്കാനുള്ള പണത്തെ സംബന്ധിച്ച് ഈ പറയുന്ന ഒരു ധനകാര്യവിദഗ്ദ്ധനും അതു എങ്ങനെ ഈടാക്കണമെന്നോ; എന്ത് നടപടി സ്വീകരിക്കണമെന്നോ പറയുന്നില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ?

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : അതാണ് ഞാൻ പറഞ്ഞത് നമ്മുടെ സമൂഹത്തിലെ അഞ്ചോ പത്തോ ശതമാനം വരുന്ന ഏറ്റവും വലിയ പ്രമാണിമാർക്കുവേണ്ടി മാത്രം ഊന്നൽ കൊടുക്കുന്ന സാമ്പത്തിക നയമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. നമ്മുടെ ചരിത്രത്തിലെ സുവർണ കാലഘട്ടത്തെക്കുറിച്ച് പറയുമ്പോൾ ഗോൾഡൻ ഏജുകളെക്കുറിച്ച് പ്രശസ്തനായ ചരിത്രകാരൻ എ. എൻ. ബാഷാമിന്റെ പരാമർശമുണ്ട്. അത് ഇങ്ങനെയാണ് പറയുന്നത്. Every ages for the ruling classes are golden ; but for the masses none. നമ്മുടെ സമൂഹത്തിലെ ഏറ്റവും ഉയർന്ന തലത്തിൽപ്പെട്ട ആളുകൾക്ക് എല്ലാ കാലവും ഒരു സുവർണകാലഘട്ടമായിരുന്നു എന്നാണ്, എ. എൽ. ബാഷ പറയുന്നത്. നമ്മുടെ നാട്ടിലെ സാധാരണക്കാരന്റെ ജീവിത പ്രശ്നം പരിഹരിക്കുവാൻ കഴിയുന്ന സമീപനം ബഡ്ജറ്റിലൂടെ ആവിഷ്കരിക്കുവാൻ കഴിയുമോ എന്നതാണ് ബഡ്ജറ്റിനെക്കുറിച്ചുള്ള മറ്റൊരു സമീപനം. അത് ഇവിടെ നിർവഹിക്കുവാനുള്ള ഒരു എളിയ ശ്രമം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കൊടുത്ത സാമ്പത്തിക നിർവ്വചനത്തിൽ പ്രയാസങ്ങൾക്കിടയിലും നിർവചിച്ചിരിക്കുന്നു. എന്നതാണ് കാര്യം. അതു ഓരോന്നും ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇക്കണോമിക്ക് റിവ്യൂവിലെ കണക്കിലേക്ക് ഞാൻ വീണ്ടും വന്നാൽ സംസ്ഥാന വരുമാന വളർച്ചാ നിരക്ക് 1997-98-ൽ 4.9 ശതമാനം ആയിരുന്നത് 1998-99-ൽ 5.6 ശതമാനമായി വർദ്ധിച്ചു. കാർഷികമേഖലയിലെ വളർച്ചാനിരക്ക് 0.8 ശതമാനം ആയിരുന്നത് ഈ വർഷം 3.82 ശതമാനമായി വർദ്ധിച്ചു. വ്യവസായ വളർച്ചാനിരക്ക് വർദ്ധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്നു കണക്കുകൾ പറയുന്നു. 1996-97-ൽ നെഗറ്റീവ് ഗ്രോത്തായിരുന്നത് 1998-99-ൽ ഏഴു ശതമാനമായി വർദ്ധിച്ചു. ഈ നിലയിൽ ഇരുണ്ട സാമ്പത്തിക ചുറ്റുപാടുകളിൽ നിന്നുകൊണ്ട് ജനോപകാരപ്രദമായ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിരിക്കുന്നു. ഈ ബഡ്ജറ്റിന് മാർക്കിടുന്നതിനുവേണ്ടി മലയാളമനോരമ പത്രം ആളുകളെ നിശ്ചയിച്ചു. മാർക്കിടുന്നതിനുവേണ്ടി നിശ്ചയിച്ചവർ എൽ.ഡി.എഫിനോട് യാതൊരു ആഭിമുഖ്യവുമില്ലാത്ത ആളുകൾ ആയിട്ടുപോലും കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ അവതരിപ്പിച്ച ബഡ്ജറ്റിന് 50 ശതമാനം മാർക്കു കൊടുത്തു. സാമ്പത്തിക ശാസ്ത്രവിദ്യാർത്ഥികൾക്കറിയാം. എക്കണോമിക്സ്, നല്ല പ്രയാസമുള്ള പരീക്ഷയിൽ 50 ശതമാനം മാർക്കെന്നു പറഞ്ഞാൽ ഏറ്റവും മെച്ചപ്പെട്ട മാർക്കാണ്. അത് മോശമായ മാർക്കായി കാണാൻ കഴിയുകയില്ല. അതിനു ചുമതലപ്പെടുത്തിയ പ്ലാനിംഗ് ബോർഡിന്റെ മുൻ സെക്രട്ടറി ശ്രീ. കെ. വി. നമ്പ്യാർ പറഞ്ഞു. "കാർഷികമേഖലയ്ക്ക് നൽകിയ നികുതിയിളവുകളും ചെറുകിട കർഷകർക്ക് ഏർപ്പെടുത്തിയ ക്ഷേമപദ്ധതികളും ആ മേഖലയിൽ ഗുണം ചെയ്യും. കയർ മേഖലയിൽ ജിയോ ടെക്സ്റ്റയിൽസ് തുടങ്ങാനുള്ള തീരുമാനവും ശ്ലാഘനീയമാണ്." അതുപോലെ തന്നെ മുൻ ചീഫ് സെക്രട്ടറിയുടെ ഒരു കമന്റുണ്ട്.....

ശ്രീ. ജി. കാർത്തികേയൻ : അങ്ങ് കാട്ട് ചെയ്ത വാചകങ്ങൾ ഞാനും വായിച്ചു. വലിയൊരു ലേഖനത്തിലെ ഒരു വാചകം മാത്രമാണ് വായിക്കുന്നത്. മറ്റു ഭാഗങ്ങൾ അങ്ങ് വായിക്കുന്നില്ല. വളരെ കർശനമായ വിമർശനങ്ങളും താക്കീതുകളും ആ ലേഖനത്തിലുണ്ട്. ഒരു വാചകം മാത്രം വായിക്കുകയാണോ ?

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : ഞാൻ പറഞ്ഞത് ഏറ്റവും ശക്തമായി ബഡ്ജറ്റിനെ വിമർശിക്കുന്നവർക്കുപോലും പറയാൻ നല്ല വാക്കുകളുണ്ടായി. അതുപോലും പ്രതിപക്ഷം കാണിച്ചിട്ടില്ല. മുൻ ചീഫ് സെക്രട്ടറിയുടെ ഒരഭിപ്രായമുണ്ട്. "ടൂറിസം, വിവരസാങ്കേതികവിദ്യ എന്നീ മേഖലകളിൽ ഊന്നൽ നൽകുന്നത് സ്വാഗതാർഹമാണ്." അധികവിഭവസമാഹരണ പരിപാടികൾ ശരിയായ ദിശയിലേയ്ക്കാണ് പോകുന്നതെന്ന് അദ്ദേഹം സമ്മതിക്കുന്നു. മാതൃഭൂമി പത്രം വളരെ ക്ലാസ്സിക്കായി ഒരു മുഖപ്രസംഗമെഴുതി. അതിലെ പ്രസക്തമായൊരു വാചകം ഞാൻ വായിക്കാം. "നടപ്പ് സാമ്പത്തിക വർഷത്തെ 1999-2000-ത്തിലെ സ്റ്റേറ്റ് ബഡ്ജറ്റ് കഴിഞ്ഞ മാർച്ച് 18-ന് നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ അധിക വിഭവസമാഹരണം കൂടി കണക്കിലെടുത്ത ശേഷം 129 കോടി രൂപയുടെ കമ്മിയോടുകൂടിയാണ് ഈ വർഷം അവസാനിക്കുക എന്ന് മന്ത്രി പറഞ്ഞിരുന്നു. ഇപ്പോൾ വർഷാവസാനം പുതുക്കിയ കണക്കനുസരിച്ച് ആ കമ്മി 141.46 കോടി രൂപയാണ്. 12.46 കോടി രൂപയുടെ വർദ്ധനവ് ആക്ഷേപാർഹമല്ല. അതിനു കണക്കാക്കിയിരുന്ന റവന്യൂ വരുമാനം 9,455.97 കോടി രൂപയും റവന്യൂ ചെലവ് 11,686.37 കോടി രൂപയുമാണ്. റവന്യൂ കമ്മി 1730.40 കോടി രൂപ. റവന്യൂ വരുമാനം അൽപ്പം കുറഞ്ഞു, 8736.91 കോടി രൂപ. പ്രതീക്ഷിച്ചതിലും 719.06 കോടി രൂപ കുറഞ്ഞു. അത്രത്തോളം

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ ചെലവും കുറഞ്ഞു. റവന്യൂ വരുമാനം കണക്കാക്കിയത് കുറഞ്ഞു വെങ്കിൽ അത്രത്തോളം റവന്യൂ ചെലവും കുറഞ്ഞു", എന്ന് മാതൃഭൂമി ചൂണ്ടിക്കാണിക്കുന്നു. മാതൃഭൂമിയുടെ മുഖപ്രസംഗം തുടരുകയാണ്. " ഇവിടെ അഭിനന്ദനീയമായിരിക്കുന്നത് റവന്യൂ ചെലവ് കുറഞ്ഞു എന്നതാണ്. സാമാന്യേന ആഭ്യന്തര വിഭവസമാഹരണ സാധ്യത കുറവായ ഒരു വികസന സമ്പദ് വ്യവസ്ഥയിൽ സ്റ്റേറ്റിലായാലും കേന്ദ്രത്തിലായാലും പുതിയ വരുമാന മാർഗ്ഗങ്ങൾ തേടുന്നതിനേക്കാൾ ഏറെ പ്രധാനം റവന്യൂ ചെലവ് ചുരുക്കുക എന്നതാണ്." യാദൃശ്ചികമായിട്ടാണെങ്കിൽപ്പോലും റവന്യൂ ചെലവ് കുറഞ്ഞിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. അത് നല്ല കാര്യമാണ്. റവന്യൂ ചെലവ് കുറഞ്ഞതിൽ വായ്പകളായും മറ്റും കിട്ടുന്ന പണം മുഴുവൻ മൂലധനത്തിനായി നിക്ഷേപിക്കാനും അങ്ങനെ യഥാർത്ഥ വികസനം നടപ്പാക്കാനും കഴിയും. ചെലവ് നിയന്ത്രിക്കാനുള്ള ശ്രമം കർശനമായി തുടരാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് ഇനിയും കഴിയട്ടെ എന്നാശംസിച്ചുകൊണ്ടാണ് മുഖ പ്രസംഗം അവസാനിക്കുന്നത്. ഞാൻ പറഞ്ഞത് കേരളം ഒരു ഒറ്റപ്പെട്ട ദ്വീപല്ല. കേരളം ലോകത്തിന്റെയും ഇൻഡ്യയുടെയും സമ്പദ് വ്യവസ്ഥയുടെ ഭാഗമാണ്. ഇവിടെ പ്രതിപക്ഷം അമേരിക്കയെക്കുറിച്ചും ശ്രീ. ബിൽ ക്ലിന്റനെക്കുറിച്ചും പറഞ്ഞു. ഇത് കോൺഗ്രസ്സിന്റെ അഭിപ്രായമാണോ എന്നറിയാൻ ഞങ്ങൾക്ക് കൗതുകമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ജോർജ് ജെ. മാത്യു തുടങ്ങിവച്ച്, ശ്രീ. മുഹമ്മദാലി സാർ അതേറ്റെടുത്ത്, ഒടുവിൽ വളരെ പരിഹാസ്യമായി ശ്രീ. കെ. പി. വിശ്വനാഥൻ പറഞ്ഞ് അവസാനിപ്പിച്ചു. എത്ര ലാഘവബുദ്ധിയോടു കൂടിയാണ് അദ്ദേഹം കാര്യങ്ങൾ അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ അവതരണത്തിൽ വളരെയേറെ പ്രയാസം തോന്നുകയാണ്. മുഖ്യമന്ത്രി അമേരിക്കയ്ക്ക് പോകുന്നില്ലേ എന്നാണ് ചോദിച്ചത്. നാളെ ഏത് മുഖ്യമന്ത്രി വന്നാലും അമേരിക്കയിലൊക്കെ പോകേണ്ടിവരും. അതൊരു പ്രശ്നമല്ല. മഹാത്മാഗാന്ധി ഇൻഡ്യൻ സ്വാതന്ത്ര്യസമരം നയിച്ചപ്പോൾ, അദ്ദേഹം ലണ്ടനിൽ പോയിട്ടില്ലേ, അദ്ദേഹം ലണ്ടനിലല്ലേ പഠിച്ചത് ? അദ്ദേഹം വട്ടമേശസമ്മേളനത്തിന് ലണ്ടനിൽ പോയിട്ടില്ലേ ? വിദേശത്ത് പോയിട്ടില്ലേ എന്ന് ആരെങ്കിലും ചോദിച്ചാലോ ? അതുപോലെയാണ് ഈ ചോദ്യവും. ലോകത്തെ മുഴുവൻ കീഴടക്കാൻ ശ്രമിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വഭീകരമുഖം കാണാൻ ഇനിയും കോൺഗ്രസ് തയ്യാറാകുന്നില്ല. കോൺഗ്രസ്സിൽ തെറ്റു തിരുത്തലിന്റെ സൂചനകളുണ്ടായിട്ടുണ്ട്. മാതൃഭൂമി പത്രത്തിൽ വന്ന ഒരു വാർത്ത ഞാൻ വായിക്കാം. 'സാമ്പത്തികനയം പുന: പരിശോധിക്കാൻ കോൺഗ്രസ് ആലോചിക്കുന്നു.' എന്നാണ്. 20-ാം തീയതി വന്ന വാർത്തയാണ്. " കോൺഗ്രസ്സ് തുടങ്ങിവച്ചതാണെങ്കിലും യാതൊരു നിയന്ത്രണവുമില്ലാതെ വാജ്പേയി ഗവൺമെന്റ് സാമ്പത്തിക പരിഷ്ക്കരണവുമായി മുന്നോട്ടു പോകുന്ന അഭിപ്രായമാണ് പാർലമെന്ററിപാർട്ടിയോഗത്തിൽ ഉയർന്നത്. പക്ഷേ ബഡ്ജറ്റിനെ വിമർശിക്കുന്ന കാര്യത്തിൽ കോൺഗ്രസ്സ് ധർമ്മസങ്കടത്തിലാണ്. കോൺഗ്രസ്സാണല്ലോ സാമ്പത്തിക പരിഷ്ക്കരണ നടപടികൾ തുടങ്ങിവച്ചത് എന്നാണ് ബി.ജെ.പി. ചോദിക്കുന്നത്. ആ ചോദ്യത്തിനു മുന്നിൽ കോൺഗ്രസ്സുകാരുടെ വായടഞ്ഞുപോകുന്നതായി പാർട്ടിയിലെ ചില എം.പി.മാർ

LIBRARY ARCHIVES Kerala Legislative Assembly

പരാതിപ്പെട്ടു. സാമ്പത്തികപരിഷ്ക്കരണത്തിന്റെ രണ്ടാം ഘട്ടവുമായി വാജ്പേയി ഗവൺമെന്റ് കുതിച്ചുപോകുമ്പോൾ നിസ്സഹായരായി അത് നോക്കിനിൽക്കാനേ കോൺഗ്രസ്സിന് കഴിയുന്നുള്ളൂ. സബ്സിഡി വെട്ടിക്കുറച്ചതിനെയോ, പൊതുമേഖല സ്വകാര്യവൽക്കരിക്കുന്നതിനെയോ, എതിർത്തുപറയാൻ പാർട്ടിക്ക് കഴിയുന്നില്ല." പുത്തൻ സാമ്പത്തിക നയത്തെ ന്യായീകരിച്ചുകൊണ്ട് 1996 ജൂലായ് മാസം 24-ാം തീയതി ശ്രീ. എ. കെ. ആന്റണി നിയമസഭയിൽ നടത്തിയ പ്രസംഗത്തിലെ ഒരു വാചകം ഞാൻ വായിക്കാം. " ജവഹർലാൽ നെഹ്റുവിന്റെ വിദേശനയം മാത്രമേ നമുക്ക് ഇന്ന് പിൻതുടരാൻ കഴിയുകയുള്ളൂ. ഇതാണ് ശരിയായ മാർഗ്ഗമെന്ന് ഏകകണ്ഠമായി വിശ്വസിക്കുകയാണ്. ജവഹർലാൽ നെഹ്റുവിന്റെ വിദേശനയത്തിന്റെ ഏതാണ്ട് അതേ ദിശയിലാണ് സാമ്പത്തികനയം പോകുന്നതെന്നാണ് പറയുന്നത്. ഞാനത് വായിക്കാം. " ഏതാണ്ട് അതേ ദിശയിലാണ് ഇൻഡ്യയുടെ സാമ്പത്തികരംഗം പോയിക്കൊണ്ടിരിക്കുന്നത്. 1980 കാലഘട്ടത്തിൽ രാജീവ്ഗാന്ധി വിഭാവനം ചെയ്തതും, ശ്രീ. നരസിംഹറാവുവും ശ്രീ. മൻമോഹൻസിംഗും കൂടുതൽ ബലപ്പെടുത്തിയതുമായ ഉദാരവൽക്കരണത്തിന്റെ പാതയാണ് ദേശീയ സാമ്പത്തികനയമായി മാറിയിരിക്കുന്നതെന്ന" വാചകമാണ് 1996 ജൂലായ് മാസം 24-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തിയ പ്രസംഗത്തിലുള്ളത്. ഇന്ന് അദ്ദേഹത്തിന്റെ ചില പ്രസംഗങ്ങളിൽ മാറ്റത്തിന്റെ കാറ്റ് കാണുന്നുണ്ട്. ഇന്നലെ അദ്ദേഹം നടത്തിയ ഒരു പ്രസംഗമുണ്ട്. അത് കേട്ടാൽ മുൻപ് പുത്തൻ സാമ്പത്തികനയത്തിനെതിരെ ഞങ്ങൾ നടത്തിയ പ്രസംഗം പോലെ തോന്നും. കൊല്ലത്ത് ബഹുമാനപ്പെട്ട ആന്റണി നടത്തിയ പ്രസംഗം മാതൃഭൂമിയിൽ വന്നു. "കോൺഗ്രസ്സ് സർക്കാർ തുടങ്ങിവച്ച ഉദാരവൽക്കരണ നടപടികളുടെ തുടർച്ച യല്ല ബി.ജെ.പി. സർക്കാരിന്റെ സാമ്പത്തികനയങ്ങൾ." " റേഷനിംഗ് സമ്പ്രദായം ആരംഭിച്ചതും സബ്സിഡി ഉയർത്തിക്കൊണ്ടുവന്നതും കോൺഗ്രസ് ആണെന്നാണ് ഇപ്പോൾ പറയുന്നത്. കോൺഗ്രസ് സർക്കാർ തുടങ്ങിവച്ചതാണ് ഉദാരവൽക്കരണമെന്ന് ഇപ്പോൾ സമ്മതിച്ചു. മുൻപ് സമ്മതിക്കുകയില്ലായിരുന്നു. കോൺഗ്രസ് സർക്കാരാണ് വിനാശകരമായ നയം തുടങ്ങിവച്ചതെന്ന് സമ്മതിച്ചിരിക്കുകയാണ്. ഈ മാസം 14-ാം തീയതി ബഡ്ജറ്റ് അവതരിപ്പിച്ചതിനു ശേഷം രാത്രി ടി.വി-യിലൂടെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രസംഗവും കേട്ടു. പിറ്റേന്ന് പത്രങ്ങളിലും വന്നു." ഉദാരവൽക്കരണം വേണ്ട, ഇന്നത്തെ സാഹചര്യത്തിൽ ഉദാരവൽക്കരണത്തിന്റെ സാമ്പത്തികനയം അനുയോജ്യമല്ലെന്നും അതിൽ മാറ്റം വരുത്തണമെന്നും കോൺഗ്രസ് നേതാവ് ഉമ്മൻ ചാണ്ടി പറഞ്ഞു. തിരുവനന്തപുരത്ത് കേസരി സ്മാരക ട്രസ്റ്റ് സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇടതുപക്ഷസ്വഭാവമുള്ള സാമ്പത്തികനയങ്ങളോടാണ് കോൺഗ്രസ്സിന് യോജിപ്പെന്നാണ് അദ്ദേഹം പറയുന്നത്. വൈകിയ വേളയിലെങ്കിലും ഈ ബുദ്ധി കുറച്ചൊക്കെ വന്നിട്ടുണ്ടെങ്കിലും ഇപ്പോഴും കോൺഗ്രസ്സിന്റെ പ്രമുഖരായ നിയമസഭാംഗങ്ങൾ ശ്രീ. ക്ലിന്റനെ ന്യായീകരിക്കുകയാണ്. ക്ലിന്റന്റെ ഇൻഡ്യാസന്ദർശനവുമായി ബന്ധപ്പെട്ട്, അവർ നമുക്ക് പല സഹായങ്ങളും ചെയ്യുന്നില്ലേ, അതുകൊണ്ട് അതിനു നന്ദി വേണമെന്ന നിലയിലൊക്കെയാണ് പ്രസംഗിക്കുന്നത്. കോൺഗ്രസ്സിന്റെ തെറ്റായ

LIBRARY ARCHIVES Kerala Legislative Assembly

നയങ്ങളുടെ പ്രതിഫലനമാണ് ഈ ചർച്ചയിൽ കാണുന്നത്. പ്രമുഖരായ കോൺഗ്രസ് നേതാക്കൾ ബി. ജെ. പി. യിലേയ്ക്ക് പോകുമ്പോൾ കോൺഗ്രസ്സ് അന്തംവിട്ട് നോക്കി നിൽക്കുകയായിരുന്നു. പക്ഷെ ഇപ്പോൾ കാര്യം മനസ്സിലായി. രാഷ്ട്രീയകാര്യങ്ങൾ എത്രമാത്രം ലാഘവബുദ്ധിയോടെയാണ് കോൺഗ്രസ് (ഐ) വീക്ഷിക്കുന്നതെന്നു വ്യക്തമാക്കിയ ചില പ്രസംഗങ്ങൾ ഇവിടെ നടന്നു. ഈ പശ്ചാത്തലത്തിലാണ് ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. നിശ്ചയമായിട്ടും ഒരുപാട് ആനുകൂല്യങ്ങൾ നമ്മുടെ നാട്ടിലെ ജനങ്ങൾക്കു നൽകുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കു കഴിഞ്ഞിട്ടുണ്ട്. ഈ ബഡ്ജറ്റിലൂടെ കണ്ണോടിച്ചുനോക്കിയാൽ എല്ലാ വകുപ്പുകൾക്കും അതിനാനുപാതികമായി ഫണ്ട് വിനിയോഗിക്കുന്നതിനുവേണ്ടി തയ്യാറായിട്ടുണ്ട്. കാസർകോട് ജില്ലയുടെ കാര്യം അഭിമാനപൂർവ്വം ഞാൻ പറയുകയാണ്. ഭരണ-പ്രതിപക്ഷ എം.എൽ.എ-മാരെല്ലാം സമ്മതിക്കുന്ന ഒരു കാര്യമാണ്. ഈ ബഡ്ജറ്റിന്റെ ഭാഗമായി ഒരു പുതിയ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂൾ കാസർകോട് അനുവദിച്ചതായി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രഖ്യാപിച്ചു. കാസർകോട് ജില്ലയിലെ ജനങ്ങൾ വളരെക്കാലമായി ആവശ്യപ്പെട്ട ഒരു കാര്യമാണ് ഭാഷാ ന്യൂനപക്ഷങ്ങൾക്കു വേണ്ടി ഒരു വിദ്യാലയം. ഭരണ-പ്രതിപക്ഷ ഭേദമെന്യേയുള്ള നിയോജമണ്ഡലങ്ങളിൽ പ്രവൃത്തികൾക്കു തുക വകയിരുത്തിയിട്ടുണ്ടെന്ന കാര്യം ബഡ്ജറ്റ് വായിച്ചാൽ മനസ്സിലാകും. വർക്കിന്റെ തോതനുസരിച്ച് നമ്മുടെ നാട്ടിലെ വികസനപ്രവർത്തനങ്ങൾക്ക് തുക വകയിരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഈയൊരു സമീപനം, ഈ ബഡ്ജറ്റിനെക്കുറിച്ചുള്ള നമ്മുടെ അടിസ്ഥാനപരമായ ഒരു സമീപനമാണ്. മനുഷ്യമുഖമുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിക്കണമെങ്കിൽ, അതിനു പറ്റിയ ഒരു സാമ്പത്തിക നയം വേണം. അതിന് വിരുദ്ധമായ സാമ്പത്തികനയം ഇവിടെ തുടങ്ങിവച്ചത് കോൺഗ്രസ്സ് (ഐ) ആണ്. ആ പാപം നിങ്ങൾ ഏറ്റെടുക്കണം. ഏറ്റവുമൊടുവിൽ പ്രസിദ്ധീകരിച്ച 'ഔട്ട്ലുക്ക്' എന്ന വാരികയിൽ ശ്രീ. നരസിംഹറാവുവിന്റെയും ശ്രീ. മൻമോഹൻസിംഗിന്റെയും പടം കൊടുത്തുകൊണ്ട് അതിന് അടിക്കുറിപ്പ് എഴുതി. "The Two Sinners" കോൺഗ്രസ്സിൽ നടക്കുന്ന പുതിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ആണ് അത്തരമൊരു വിലയിരുത്തൽ നടത്തിയത്. ആ നയം തള്ളിപ്പറയാനുള്ള ആർജ്ജവം കോൺഗ്രസ് കാണിക്കണം. നിയമസഭയിൽ പറയുക മാത്രമല്ല, നയപരമായി തന്നെ ഞങ്ങൾ കൊണ്ടുവന്ന നയം തെറ്റാണെന്നു പറയാനുള്ള ആർജ്ജവം കോൺഗ്രസ് പ്രകടിപ്പിക്കാൻ തയ്യാറാകണമെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഇവിടെ ചില മെമ്പർമാർ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഘടകകക്ഷികൾ പറഞ്ഞ ചില അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ പല കാര്യങ്ങളും പറയുകയുണ്ടായി. പല മനക്കോട്ടകളും കെട്ടുകയുമുണ്ടായി. യു.ഡി.എഫ്. സർക്കാർ 5 കൊല്ലം ഭരിച്ചപ്പോൾ അതിന്റെ മൂന്നാം വർഷവും നാലാം വർഷവും ഘടകകക്ഷികളല്ല, കോൺഗ്രസ്സിന്റെതന്നെ നേതാക്കൻമാർ തമ്മിൽ എന്തെല്ലാം വിഴുപ്പലക്കുകളാണ് ഈ സംസ്ഥാനത്ത് നടത്തിയിട്ടുള്ളത്? അതെല്ലാം ക്രോഡീകരിച്ചാൽ വലിയൊരു പുസ്തകമാക്കാം. അത് ക്രോഡീകരിച്ച് വലിയൊരു ഉപന്യാസസമാഹാരം പ്രസിദ്ധീകരിക്കാൻ ശ്രീ. ജി. കാർത്തികേയനോ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോ മുൻകൈ എടുത്താൽ ചിലപ്പോൾ നടക്കും. എന്താണ് ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് ? ശ്രീ. ഉമ്മൻചാണ്ടിയുടെ വളരെ പ്രസിദ്ധമായ ഒരു പ്രസ്താവനയുണ്ട്. അദ്ദേഹം പറഞ്ഞു "ഈ ഭരണം കൊണ്ട് യാതൊരു പ്രയോജനവുമില്ല." 1994-ൽ അദ്ദേഹം പറഞ്ഞതാണ് കഴിഞ്ഞ മൂന്നുവർഷക്കാലത്തെ കേരള ഭരണം കൊണ്ട് ജനങ്ങൾക്ക് വേണ്ടി യൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്ന്. ശ്രീ. വി. എം. സുധീരൻ അന്നു പറഞ്ഞതെന്താണ് ? "കേരളം ഭരണഘടനാവിധേയമല്ലാത്തതും ജനങ്ങളോടോ പാർട്ടിയോടോ ഉത്തരവാദിത്വമില്ലാത്തതുമായ ദല്ലാൾ സംഘത്തിന് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുകയാണ്" പത്രസമ്മേളനത്തിൽ വായിച്ചുകേൾപ്പിച്ച അദ്ദേഹം "ഇവിടെ കോൺഗ്രസ് സംസ്ക്കാരമെന്നത് വികലമായ കരുണാകര സംസ്ക്കാരമായി അധഃപതിച്ചിരിക്കുകയാണ്" എന്നുവരെ ആരോപിച്ചു."ചുരുക്കം ചിലരൊഴികെ മന്ത്രിമാർ അഴിമതി നടത്താൻ മത്സരിക്കുകയാണെന്നും പറഞ്ഞു. ജനവിശ്വാസം നഷ്ടപ്പെടുത്തി വൈരനിര്യാതന ബുദ്ധിയാൽ നയിക്കപ്പെട്ട കൂടുംബ ദാരിദ്ര്യങ്ങളിൽ മാത്രം ഒതുങ്ങിത്തീർന്നിരിക്കുകയാണ് കേരളത്തിലെ ഭരണം. ജനഹിതത്തിനും ജന നന്മയ്ക്കും ഒരുവിലയും കല്പിക്കുന്നില്ല. മന്ത്രിസഭയും നിയമസഭയും നോക്കുകുത്തികളായിരിക്കുന്നു. കെ. പി. സി. സി. ഐക്യ ജനാധിപത്യ മുന്നണി, കോൺഗ്രസ് പാർലമെന്ററി പാർട്ടി എന്നിവയെ വന്ധ്യംകരിച്ചിരിക്കുന്നു. മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്വമില്ലാതായി." നിങ്ങൾ പരസ്പരം അന്നു പറഞ്ഞകാര്യങ്ങളാണിത്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഇന്നത്തെ മനോരമയിൽ വന്ന ഒരു കാര്യം ഞാൻ വായിക്കാം. സി.പി.എം. നെ ശുദ്ധീകരിക്കാനുള്ള ആഹ്വാനവുമായി ഇ.എം.എസ്. വേദി. വായിക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല. ഇന്നുവന്ന പത്രമാണ്, നിങ്ങളിതു കാണണം ....(ബഹളം).... അഭിപ്രായം പറഞ്ഞാൽ പുറത്താക്കും. ഞങ്ങൾ പുറത്താക്കില്ല.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സി.പി.എം. അതിന്റെ ശുദ്ധീകരണ പ്രക്രിയ തുടരും. പക്ഷേ ഇത് വസ്തുതയല്ലേ ? വസ്തുതയാണ്. ഈ വസ്തുത മറച്ചുപിടിച്ചുകൊണ്ടാണ്.....

ശ്രീ. ടി. കെ. നൗഷാദ് : സർ, സി.പി.എം.ന് എതിരെ അപവാദ പ്രചരണങ്ങൾ നടത്തുന്നത് പാർട്ടിയിൽ നിന്നും പുറത്താക്കപ്പെട്ടവരാണ്. എന്നാൽ അന്ന് കോൺഗ്രസ്സിനെ വിമർശിച്ച ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. വി. എം. സുധീരനുമൊക്കെ ഇന്ന് കോൺഗ്രസ്സിന്റെ നേതാക്കന്മാരായി തീർന്നു എന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ഇതെല്ലാം ജനങ്ങൾ മറന്നു പോയിരിക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് മറവി ഒരനുഗ്രഹമാണെന്ന് കോൺഗ്രസ്സും പ്രതിപക്ഷവും കരുതരുതെന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. അദ്ദേഹം പ്രസംഗം തുടങ്ങിയത് ഈ ഗവൺമെന്റിന്റെ 5-ാമത്തേയും ഈ നൂറ്റാണ്ടിലേയും സഹസ്രാബ്ദത്തിലേയും ആദ്യത്തേതുമായ ബഡ്ജറ്റ് എന്നാണ്. ഒരുവാക്ക് അദ്ദേഹം വിട്ടുപോയി, ഈ ഗവൺമെന്റിന്റെ അവസാനത്തെ ബഡ്ജറ്റ് എന്നുള്ളത്. ഈ ബഡ്ജറ്റിനെക്കുറിച്ച് സംസാരിക്കുമ്പോൾ കേന്ദ്ര ബഡ്ജറ്റിനേയും സംസ്ഥാന ബഡ്ജറ്റിനേയും ഒരുപോലെ കാണാനുള്ള കണ്ണുകളും അത് മനസ്സിലാക്കാനുള്ള ഹൃദയവും നമുക്കുണ്ടാകണം. അപ്പുറത്തിരിക്കുന്നവർ പലരും കേന്ദ്ര ഗവൺമെന്റിനെ പഴിചാരി സംസ്ഥാനത്തിന്റെ ബഡ്ജറ്റിനെ പുകഴ്ത്തിപ്പാടി നല്ല പിള്ളയാകാനുള്ള ശ്രമങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്. ഞങ്ങൾക്കു പറയാനുള്ളത് കേന്ദ്രബഡ്ജറ്റും സംസ്ഥാന ബഡ്ജറ്റും സംസ്ഥാനത്തിന്റെ പുരോഗതിക്ക് നിരക്കാത്തതും ദീർഘവീക്ഷണമില്ലാത്തതും രാജ്യതാൽപര്യത്തിലും വിശാലവീക്ഷണമില്ലാത്തതുമാണ്. പ്രഖ്യാപനമായ പ്രചരണങ്ങൾക്കും സാധാരണക്കാരനെ വശീകരിക്കുന്ന എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയിളക്കുന്ന ഒരു ബഡ്ജറ്റാണിത്. പെൻഷൻകാർക്കും അതുപോലെതന്നെയുള്ളവർക്കും സ്കീമുകളൊക്കെ അങ്ങയുടെ ബഡ്ജറ്റിൽ പ്രസിദ്ധീകരിച്ചു പ്രസംഗിച്ചതിനെ ഞാൻ അഭിനന്ദിക്കുന്നു. ഇങ്ങനെപോയാൽ നമ്മുടെ സംസ്ഥാനം എവിടെയെത്തുമെന്നുള്ളതിനെക്കുറിച്ച് അങ്ങ് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ? 5 ബഡ്ജറ്റ് ബഹുമാനപ്പെട്ട ശിവദാസമേനോൻ ഇവിടെ അവതരിപ്പിച്ചു. ആദ്യത്തെ ബഡ്ജറ്റിൽ അദ്ദേഹം ഒരു കവിതപാടി. ഞാനത് വീണ്ടും ഒന്ന് ആവർത്തിക്കണമെന്ന് ആഗ്രഹിക്കുകയാണ്.

'ഞങ്ങൾ മറികടക്കും ഒരുനാൾ മറികടക്കും
ഹൃദയത്തിന്റെ ആഴങ്ങളിൽ ഞങ്ങൾ
ഉറച്ച് വിശ്വസിക്കും ഒരുനാൾ എല്ലാ
പ്രതിബന്ധങ്ങളേയും ഞങ്ങൾ മറികടക്കും.'

ഒരുനാൾ പോയിട്ട് 5 വർഷമായിട്ട് ഒരിഞ്ചുമുന്നോട്ടു നീങ്ങാൻ അങ്ങയുടെ ഗവൺമെന്റിന് സാധിച്ചിട്ടുണ്ടോ ? എനിക്ക് ഈ സന്ദർഭത്തിൽ അങ്ങയോട് പറയാനുള്ളത് മഹാഭാരതയുദ്ധത്തിൽ

'വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ, ശിവ'

ആ ഒരു പശ്ചാത്തലമാണ് എനിക്കോർമ്മ വരുന്നത്. ആ ദുര്യോധനന്റെ ഗതിയാണോ അങ്ങേയ്ക്ക് എന്ന് തോന്നിപ്പോവുകയാണ്. കാരണം ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക മംഗത്തെ അങ്ങയുടെ 5 വർഷത്തിനുള്ളിലുണ്ടായ നേട്ടങ്ങളേയും കോട്ടങ്ങളേയുംക്കുറിച്ച് വിലയിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീ. യശ്വന്ത് സിൻഹ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിൽ 1964 മുതൽ നമ്മുടെ സംസ്ഥാനത്ത് ഏർപ്പെടുത്തിയ റേഷൻ സബ്സിഡി എടുത്തുകളഞ്ഞു. യൂറിയക്ക് 15 ശതമാനം വിലവർദ്ധനവുണ്ടായി.

മറ്റുവളങ്ങൾക്ക് 7 ശതമാനവും അങ്ങനെ കേന്ദ്രബഡ്ജറ്റിൽ കേന്ദ്ര ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തോട് ദ്രോഹങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ സംസ്ഥാന ഗവൺമെന്റ് ഈ സ്റ്റേറ്റിന്റെ ഡൊമസ്റ്റിക് പ്രൊഡക്ഷൻ, രംഗത്ത് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തുപറയാനുണ്ട് ? ഒരു രാജ്യം നിലനിൽക്കണമെങ്കിൽ പെൻഷൻ കൊടുത്താൽ മതിയോ ? കാർഷികരംഗത്തും വ്യാവസായിക രംഗത്തുമുണ്ടായ നേട്ടങ്ങൾ അപ്പുറത്തിരിക്കുന്നവർ പറയണം. തൊഴിലില്ലായ്മ ഈ രാജ്യത്ത് വർദ്ധിച്ചുവരികയാണ്. അതിനു പരിഹാരം കാണാൻ നമുക്കു സാധിക്കണം. ഇക്കണോമിക് റിവ്യൂ ടേബിൾ 2.3-ൽ പറയുന്നത് State Domestic Product ഉല്പാദനത്തിന്റെ കമ്മി 1998-99-ൽ 31,239 കോടി രൂപയാണ്. ഉല്പാദനത്തിൽ നമുക്കുണ്ടായ കമ്മിയെക്കുറിച്ച് അതിൽ ഇങ്ങനെയാണ് പറയുന്നത്. നമ്മുടെ രാജ്യത്ത് വ്യവസായികൾ ഇൻവെസ്റ്റു ചെയ്യണമെങ്കിൽ മറ്റു രാഷ്ട്രങ്ങളിലുള്ള വരായാലും മറ്റു സംസ്ഥാനങ്ങളിലുള്ളവരായാലും നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചാൽ 6 ശതമാനം കമ്മിയാണ്. സംസ്ഥാനത്തിന്റെ കമ്മിയുടെ ശതമാനം 7 ശതമാനം ആണ്. ഒരു risky country ആയി നമ്മുടെ സംസ്ഥാനം മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ മറ്റു സംസ്ഥാനങ്ങളിലുള്ള വ്യവസായികളും വൻകിടക്കാരും മറ്റു രാഷ്ട്രങ്ങളിലേക്ക് ചേക്കേറി പോവുകയാണ്. കാർഷിക രംഗത്തും വ്യാവസായിക രംഗത്തും ഉല്പാദനം വർദ്ധിപ്പിച്ചില്ലായെങ്കിൽ നമ്മുടെ രാജ്യം എങ്ങനെ മുന്നോട്ടു പോകുമെന്നതിനെക്കുറിച്ച് ഞങ്ങൾക്ക് അറിയാം. റിസർവ് ബാങ്കിന്റെ ക്രെഡിറ്റ് 4 ശതമാനം ആയി കുറഞ്ഞിരിക്കുകയാണ്.

അപ്പുറത്തിരിക്കുന്നവർ വളരെ വാചാലമായി സംസാരിക്കുന്നതുകേട്ടു. കടക്കെണിയെക്കുറിച്ചു മാത്രം ആരും ഒരക്ഷരം മിണ്ടിയിട്ടില്ല. 1995-96-ൽ നമ്മുടെ കടം 10,113.54 കോടി രൂപയായിരുന്നു. ഞങ്ങൾ അധികാരത്തിൽ നിന്നു പോരുന്നതിന്റെ തൊട്ടു മുൻപുള്ള കണക്കാണ്. 1998-99-ൽ 15,700 കോടി രൂപയാണ് കടക്കെണി. ആ കടങ്ങളെക്കുറിച്ചൊന്നും ആരും ഒന്നും പറയുന്നില്ല. 1995-96-ൽ 3262 രൂപയാണ് ഒരാളുടെ കടമെങ്കിൽ ശ്രീ. ശിവദാസമേനോൻ 5 വർഷം ഭരിച്ചപ്പോൾ ഒരാളുടെ കടം 4,085 രൂപയായി വർദ്ധിച്ചു. ഞാൻ സൂചിപ്പിച്ചത് 3262-ൽ നിന്ന് 4,085 രൂപയായി വർദ്ധിച്ചിട്ടുണ്ടെങ്കിൽ ഒരു 10 വർഷം കൂടി ഈ ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിക്കുകയാണെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്ന് ഞാൻ ഭയപ്പെടുകയാണ്. നമ്മുടെ രാജ്യത്ത് 108 പുതിയ നികുതികളാണ് ശ്രീ. ടി. ശിവദാസമേനോൻ കൊണ്ടു വന്നത്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ പറയുന്നത് 867 കോടി രൂപ നമ്മുടെ ഗവൺമെന്റിന് പിരിഞ്ഞു കിട്ടാൻ ബാക്കിയുണ്ട് എന്നാണ്. നികുതി നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ കൊണ്ടുവരികയും പിരിക്കാതിരിക്കുകയും ചെയ്യുന്ന ഒരു പ്രവണത ഈ ഗവൺമെന്റിനുണ്ടെന്നു പറഞ്ഞാൽ 867 കോടി രൂപ ഇന്നു പിരിഞ്ഞു കിട്ടാനുള്ള നികുതി നിരക്കിൽ മാത്രം ഉണ്ട്. സെയിൽസ് ടാക്സ് ഇനത്തിൽ 954 കോടി രൂപയാണ് പിരിഞ്ഞു കിട്ടാനുള്ളത്. അതു പിരിച്ചെടുക്കാനുള്ള ആർജ്ജവം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് ഇല്ലാതെ പോയതിൽ ഞാൻ ഖേദിക്കുന്നു. 954 കോടി രൂപ സെയിൽസ് ടാക്സിനത്തിലും കോടതികളിൽ സ്റ്റേയിൽ കിടക്കുന്നത് 922 കോടി

4 P.M.]

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടേതുമാണ്. ഇനി പുതിയ നികുതിയുടെ ആവശ്യമുണ്ടോ ? ഉള്ള നികുതി തന്നെ പിരിക്കുകയായിരുന്നുവെങ്കിൽ പുതിയ ഒരു നികുതിയുടെ ആവശ്യം ഇവിടെ ഉണ്ടാകുമായിരുന്നില്ല. പിരിക്കാനുള്ള ആർജ്ജവമില്ല. നികുതി കൊണ്ടു വരുന്നത് പിരിച്ചെടുക്കുവാനുള്ള കഴിവ് ഈ ഗവൺമെന്റിന് നഷ്ടപ്പെട്ടിരിക്കുന്നു. ആസൂത്രണ ബോർഡിന്റെ രേഖയിൽ കേരളം സാമ്പത്തികമായി അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഞാൻ അക്കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. നമ്മുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മാസങ്ങൾക്കുമുൻപ് വിവിധ വകുപ്പുകളുമായിട്ട് ചർച്ചകൾ നടത്തി, വിവിധ വകുപ്പുകളിൽ നിന്നു കിട്ടുന്ന പ്രൊപ്പോസലുകൾ ക്രോഡീകരിച്ച് സെക്രട്ടേറിയറ്റിൽ ഉദ്യോഗസ്ഥന്മാരും മന്ത്രിമാരും ഇരുന്ന് ആലോചിച്ചാണ് എഴുതുന്നത്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഈ ബഡ്ജറ്റിനെക്കുറിച്ചു പറഞ്ഞതു തന്നെയാണ് ഞങ്ങൾക്കും പറയാനുള്ളത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ, ബഡ്ജറ്റ് വാല്യം - ഡോക്കുമെന്റ്സിന്റെ എന്നു പറഞ്ഞാൽ അതു വെറും പാർട്ടിക്കുള്ള കോളമായി അധഃപതിപ്പിക്കരുത്. സംസ്ഥാനത്തിന്റെ വികസനത്തിന് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമ്പോൾ ബഡ്ജറ്റിന്റെ വാല്യം - I-ൽ ഉൾപ്പെടുത്തേണ്ട സംഖ്യ പാർട്ടി നോക്കി, മണ്ഡലം നോക്കി തരംതിരിക്കുന്നത് ചരിത്രത്തിൽ ഒരു പക്ഷേ ആദ്യമായിരിക്കും എന്നാണ് ഈ സന്ദർഭത്തിൽ എനിക്കു സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. ഒരു റോഡിന് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഉണ്ടായിരുന്നത് 10 ലക്ഷം രൂപയായിരുന്നു. ആ വർക്ക് ടെന്റർ ചെയ്യാൻ പോകുകയായിരുന്നു. ഈ പ്രാവശ്യം നോക്കുമ്പോൾ അത് ഒരു ലക്ഷമായി ചുരുങ്ങിയിരിക്കുന്നു. സൂപ്രണ്ടിംഗ് എൻജിനീയർ പറഞ്ഞു, അതു ടെന്റർ ചെയ്യാൻ നിർവ്വാഹമില്ലെന്ന്. ബഡ്ജറ്റിന്റെ 20 ശതമാനം ഉണ്ടെങ്കിൽ മാത്രമേ വർക്ക് ടെന്റർ ചെയ്യാൻ പാടുള്ളൂവെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ ആരാണ് ഇത് വെട്ടിക്കുറച്ചത് ? പാർട്ടി നോക്കിയും ആളുകളെ നോക്കിയും മണ്ഡലം നോക്കിയും വാല്യം-I-ൽ ഉണ്ടായിരുന്ന പണം വെട്ടിക്കുറയ്ക്കുന്നത് ശരിയാണോ ? ബഡ്ജറ്റിൽ വാല്യം-I-ൽ കഴിഞ്ഞ തവണ ഉണ്ടായിരുന്ന സംഖ്യ ഈ പ്രാവശ്യം വെട്ടിക്കുറിച്ചിരിക്കുന്നു. അങ്ങു കുറച്ചതാണോ അതോ ഉദ്യോഗസ്ഥന്മാർ കുറച്ചതാണോ ? ഏതായാലും ഇനി ഇത്തരം സാഹചര്യ മുണ്ടാകരുതെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. വർക്കു ടെണ്ടർ ചെയ്യാൻ കഴിയാതെ റോഡുകളും സ്കൂളുകളും കെട്ടിടങ്ങളുമൊക്കെ നിൽക്കുകയാണ്. വാല്യം-I-ൽ ടേക്ക് ഓവർ ചെയ്യാത്ത റോഡിന് പണം വകയിരുത്തിയിട്ടുണ്ട്. അത് ഏതു ജില്ലയ്ക്കാണ്, ഏതു റോഡിനാണെന്നു ഞാൻ പറയുന്നില്ല. ചില മണ്ഡലങ്ങളിൽ ചില പ്രദേശങ്ങളിൽ ചില റോഡിന് 30-ഉം 40-ഉം ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതു ടെന്റർ ചെയ്ത് പണി നിർത്തി വച്ച വർക്കുകൾക്കുള്ളതാണ്. പക്ഷേ ഉള്ളത് എടുത്തു കളയുന്നത് ഒരു പുരോഗമന സർക്കാരിന് യോജിച്ചതല്ലെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഈ ബഡ്ജറ്റ് തന്നെ പരസ്പര വിരുദ്ധമാണ്. ഒരു ഭാഗത്ത് കോ-ഓപ്പറേറ്റീവ് സെക്ടറിനെ സഹായിക്കുന്നു. മറു ഭാഗത്ത് കോ-ഓപ്പറേറ്റീവ്

LIBRARY ARCHIVES Kerala Legislative Assembly

സെക്ടറിനെ ഗവൺമെന്റ് ഏറ്റെടുക്കുന്നു. പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കാൻ പണം വകയിരുത്തുന്നു. മറു ഭാഗത്ത് കോ-ഓപ്പറേറ്റീവ് സെക്ടറുണ്ടാക്കാൻ 50 കോടി രൂപ അക്കാഡമിക്കുവേണ്ടി നീക്കിവയ്ക്കുന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ, സഖാവ് ഇ.എം.എസ്.ന്റെ ഓർമ്മ നിലനിർത്തുന്ന ഒരു സഹകരണ ആശുപത്രിക്ക് 10 ലക്ഷം രൂപയാണ് നീക്കി വച്ചത്. മാറി മാറി വരുന്ന സർക്കാരുകൾ അവരവരുടെ സ്ഥാപനങ്ങൾക്ക് ഒക്കെ ബഡ്ജറ്റിൽ വകയിരുത്തി പണം ചെലവഴിച്ചാൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി എന്താകുമെന്നതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതാണ്. ഒന്ന് ചിന്തിച്ച് വിലയിരുത്തണം. ഒരു ആശുപത്രിക്ക് 10 ലക്ഷം രൂപ കൊടുക്കാൻ ബഡ്ജറ്റ് പ്രസംഗത്തിൽ പറയേണ്ടിയിരുന്നോ ? അതു വരാൻ പോകുന്ന ബഡ്ജറ്റുകളെ സാരമായി ബാധിക്കുമെന്ന് ഞാൻ ഈ സന്ദർഭത്തിൽ മുന്നറിയിപ്പു നൽകാൻ ആഗ്രഹിക്കുകയാണ്. യാതൊരു വീണ്ടുവിചാരവുമില്ലാതെ, പ്രചണ്ഡമായ പ്രചരണങ്ങൾക്കുവേണ്ടി മാത്രമുണ്ടാക്കിയ ഒരു ബഡ്ജറ്റ്. അതു പോലെ പെൻഷൻ കൊടുക്കുന്ന കാര്യം - പെൻഷൻ കൊടുക്കുന്നതിന് ആരും എതിരല്ല. പക്ഷേ സ്വന്തം കാലിൽ നിൽക്കുവാനുള്ള സാഹചര്യമുണ്ടാക്കുവാൻ, ഒരു വൻകിട വ്യവസായം തുടങ്ങുവാൻ നമ്മുടെ ഈ ബഡ്ജറ്റിൽ 10 രൂപ നീക്കി വച്ചിട്ടുണ്ടെങ്കിൽ ഞാൻ ഈ ബഡ്ജറ്റിനെ അനുമോദിക്കുമായിരുന്നു; പിന്താങ്ങുമായിരുന്നു.

ശ്രീ. ജോണി നെല്ലൂർ : വാല്യം-I-ൽ തുക കൊള്ളിക്കാത്തതിനെക്കുറിച്ചൊക്കെ പറഞ്ഞല്ലോ ? എ. എസ്. ഉം എസ്. എസ്. ഉം ഇല്ലാതെ വർക്ക് ഏറ്റെടുത്ത് പൂർത്തീകരിച്ച കാര്യം അങ്ങേയ്ക്കറിയാമോ ? എന്റെ നിയോജകമണ്ഡലത്തിൽ എം. സി. റോഡിൽ പി. ഡബ്ല്യൂ. ഡി. യുടെ വക ഒരു പാലം ടെന്ററോ മറ്റേതൊരു നടപടികളുമില്ലാതെ, ഭരണാനുമതിയുമില്ലാതെ പൂർത്തീകരിച്ച കാര്യം അങ്ങേയ്ക്കറിയാമോ ? ഭരണാനുമതി ലഭിച്ചത് പണി പൂർത്തിയായതിനുശേഷമാണ്. ആവശ്യമെന്നു കണ്ടാൽ ഭരണാനുമതിയും വേണ്ട സാങ്കേതിക അനുമതിയും വേണ്ട.

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കാർഷിക വികസനങ്ങളിൽ പ്രോജക്ടുകളിൽ വ്യവസായങ്ങൾക്കാവശ്യമായ തുക ബഡ്ജറ്റിന്റെ I-ാം വാല്യത്തിൽ ചേർക്കണം. നമ്മുടെ സംസ്ഥാനത്ത് കാർഷിക രംഗത്ത് കൃഷിക്കുവേണ്ടി ഈ ബഡ്ജറ്റിൽ നീക്കി വച്ച സംഖ്യ വളരെ ആശങ്കയുളവാക്കുന്നതാണ്. ആന്ധ്രാപ്രദേശിന്റെ ബഡ്ജറ്റ് ഒന്നു പരിശോധിച്ചു നോക്കണം. കാർഷിക രംഗത്തേയ്ക്കും ഇറിഗേഷൻ രംഗത്തേയ്ക്കും നീക്കി വച്ച സംഖ്യ നോക്കണം. വാട്ടർ അതോറിറ്റിക്കും ഇറിഗേഷനും ഈ ബഡ്ജറ്റിൽ എന്താണ് പറഞ്ഞിട്ടുള്ളത്. ഇറിഗേഷനില്ലാതെ നമ്മുടെ സംസ്ഥാനത്തിന് എങ്ങനെ മുന്നോട്ടു പോകാനാകും. ഇവിടെ 50 രൂപ പെൻഷൻ കൂട്ടിക്കൊടുത്താൽ മാത്രം മതിയോ? ഒരു ദീർഘവീക്ഷണം വേണ്ടേ? ഇറിഗേഷനും വാട്ടർ അതോറിറ്റിക്കും എന്തു തുക നീക്കി വച്ചു. തമിഴ്നാടിന്റെ ബഡ്ജറ്റ് പരിശോധിച്ചാൽ കൃഷി വകുപ്പിനുവേണ്ടി നീക്കി വച്ച സംഖ്യ എത്രയാണെന്ന് കാണാം. തമിഴ്നാടും ആന്ധ്രാപ്രദേശുമൊക്കെ കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

രംഗത്ത് കേരളത്തെ മറി കടന്നു മുന്നോട്ടു പോയിട്ടുണ്ടെന്ന് ബഡ്ജറ്റ് പരിശോധിച്ചാൽ മനസ്സിലാകും. കൃഷിക്കും വ്യവസായത്തിനും കൂടുതൽ പണം നീക്കിവച്ചെങ്കിൽ മാത്രമേ നമ്മുടെ സംസ്ഥാനം രക്ഷപ്പെടുകയുള്ളൂ. അതുകൊണ്ട് രാജ്യതാല്പര്യത്തിനെതിരായി, ദീർഘവീക്ഷണമില്ലാത്ത, വിശാലമായ കാഴ്ചപ്പാടില്ലാത്ത ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നത് രാജ്യദ്രോഹമായതുകൊണ്ട് ഞാൻ എതിർക്കുന്നു.

ശ്രീ. ടി. കെ. ബാലൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഈ ബഡ്ജറ്റിൽ വലിയ അത്ഭുതങ്ങളുണ്ടെന്നൊന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല. അങ്ങനെ അവകാശപ്പെടാനും പറ്റില്ല. കാരണം കേരളം ഒറ്റപ്പെട്ട ഒരു സംസ്ഥാനമല്ല. ഇൻഡ്യയുടെ പൊതുവായിട്ടുള്ള സാമ്പത്തിക നയവും മറ്റുകാര്യങ്ങളും അതുപോലെ പ്രതിഫലിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് പര്യാലോചന നടത്തുമ്പോൾ ഏതാനും ആഴ്ചകൾക്ക് മുൻപ് കേന്ദ്രത്തിൽ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ച് ആലോചിക്കേണ്ടി വരും. കാരണം ഗവൺമെന്റുകളുടെ വരവുചെലവ് കണക്കുകൾ മാത്രമല്ലല്ലോ ബഡ്ജറ്റ്. ഒരു രാജ്യത്തിന്റെ പൊതു സാമ്പത്തിക സ്ഥിതിയും വികസനവുമെല്ലാം പ്രതിഫലിക്കുന്നതാണ് ഒരു ബഡ്ജറ്റ്. ഇപ്പോൾ കേന്ദ്രത്തിൽ അവതരിപ്പിച്ച ബഡ്ജറ്റ് പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് സാധാരണക്കാരന് എന്തൊക്കെ ആനുകൂല്യങ്ങൾ കൊടുക്കാൻ തീരുമാനിച്ചിരുന്നോ അതെല്ലാം റദ്ദാക്കാൻ തീരുമാനിച്ചു. സബ്സിഡി വേണ്ടെന്നുവച്ചു. പാവപ്പെട്ടവന്റെ കാര്യത്തിലാകുമ്പോൾ അവന് കൊടുക്കുന്ന ആശ്വാസം സബ്സിഡിയാണെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയാറുള്ളത്. വൻകിടക്കാരന് കൊടുക്കുന്നതിനെ ഇൻസെന്റീവ് എന്നാണ് പറയുന്നത്. നമ്മൾ കേന്ദ്ര ബഡ്ജറ്റ് പരിശോധിച്ചാൽ വൻകിടക്കാർക്ക് എക്സ്പോർട്ടിന് വ്യവസായ മേഖലയിൽ ഇൻസന്റീവിന്റെ പെർസന്റേജ് വർദ്ധിപ്പിച്ചപ്പോൾ ഫെർട്ടിലൈസേഴ്സിന്റേയും ഭക്ഷ്യസാധനങ്ങളുടേയും സബ്സിഡി കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചുവെന്നുള്ളത് എങ്ങനെ നമ്മുടെ കൊച്ചു കേരളത്തെ ബാധിക്കുമെന്ന് നമ്മൾ ഗൗരവതരമായി ആലോചിക്കേണ്ടതാണ്. എന്തിനേറെ ഇമ്പോർട്ട്സിന് ലിബറലൈസേഷൻ കൊണ്ടുവന്നു. കേന്ദ്ര ഗവൺമെന്റിന്റെ ചെലവുതന്നെ പരിശോധിച്ച് നോക്കുകയാണെങ്കിൽ മൂന്ന് ലക്ഷത്തിമുപ്പത്തിയേഴായിരത്തി മുപ്പത്തിയെട്ട് കോടി രൂപയിൽ നിന്ന് മൂന്ന് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി നാന്നൂറ്റി മുപ്പത്തിയാറായിട്ട് ഉയരുകയാണ്. പക്ഷെ അതിൽ പുതിയ ചില പ്രവണതകളെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന്റെ വക്താക്കൾ തന്നെ പറയുന്നത് ഞങ്ങൾ ഒരു സെക്കന്റ് ജനറേഷൻ റിഫോംസ് കൊണ്ടുവരികയാണെന്നാണ്, ഈ സെക്കന്റ് ജനറേഷൻ റീഫോംസ് എവിടെ എത്തിയെന്ന് ചോദിച്ചാൽ നമ്മൾ പ്ലാനിൽ 13 ശതമാനം വർദ്ധനവ് വരുത്തി ജനോപകാരപ്രദമായി പലതും ചെയ്യുമെന്ന് കേന്ദ്ര ബഡ്ജറ്റിന്റെ ആമുഖമായ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കെതന്നെ കൃഷി, റൂറൽ ഡെവലപ്മെന്റ്, ജലസേചനം, എനർജി, ഇൻഡസ്ട്രി, മിനറൽസ്, പോവർട്ടി അലീവിയേഷൻ തുടങ്ങിയ മേഖലകളിലെല്ലാം അലോട്ട്മെന്റ് കുറയുന്ന ഒരു സ്ഥിതിയാണ്

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുന്നത്. എന്തിനാണ് കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുള്ളത് ? ക്യാപ്പിറ്റൽ എക്സ്പെന്റിച്ചറിന്റെ വർദ്ധനവിൽ 80 ശതമാനം ഡിഫൻസിനാണ് നീക്കിവച്ചിരിക്കുന്നത്. നമുക്ക് അഭിപ്രായ വ്യത്യാസമില്ല. കാർഗിൽ യുദ്ധത്തിനു ശേഷം അതിന് കുറെ അലോട്ട്മെന്റ് വേണമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. പക്ഷെ 1782 കോടി രൂപ സോഷ്യൽ വെൽഫയർ സെക്ടറിലും മറ്റുതരത്തിലുള്ള ഡെവലപ്മെന്റൽ സെക്ടറുകൾക്കും ബഡ്ജറ്റിൽ കുറവ് വരുത്തിയിരിക്കുന്നു ഹിന്ദുപത്രം എഴുതിയതുപോലെ "തോക്കുമതി വെണ്ണ വേണ്ട" വെണ്ണയ്ക്കുപകരം തോക്കുമതി എന്നാണ്. സംതൃപ്തരല്ലാത്ത ഒരു ജനതയ്ക്ക് എങ്ങനെയൊരു രാജ്യത്തെ കാക്കാൻ സാധിക്കും. തോക്കുകൊണ്ടു മാത്രം സാധിക്കുമോ ? എക്സ്പോർട്ടിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ quantitative restrictions ആകെ ഇല്ലാതായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല ഈ സഭയിൽതന്നെ അതുസംബന്ധമായി കാര്യങ്ങൾ പറഞ്ഞിട്ടുള്ളതാണ്. ഇനി റിസർവ്വ് ബാങ്കിന് കൊടുക്കുന്ന പുതിയ ആട്ടോണമി ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് പറഞ്ഞു, ഞങ്ങൾ ആട്ടോണമി റിസർവ്വ് ബാങ്കിന് കൊടുക്കുകയാണ്. റിസർവ് ബാങ്ക് തീരുമാനിക്കട്ടെ. നമ്മുടെ ധനപരമായിട്ടുള്ള വിനിമയത്തെ സംബന്ധിച്ച്, പോളിസിയെ സംബന്ധിച്ച് തീരുമാനിക്കട്ടെയെന്ന് അവർ തീരുമാനിച്ചു. നമ്മുടെ സ്മാൾ സ്കെയിൽ വ്യവസായ യൂണിറ്റുകൾക്കുള്ള ഇന്ററസ്റ്റ് കുറച്ചു. കേരളമാണ് ഏറ്റവും കൂടുതലായി ഹിറ്റ് ചെയ്തിട്ടുള്ള സംസ്ഥാനങ്ങളിൽ ഒന്ന്. ആട്ടോണമി കൊടുത്തതിനെ സംബന്ധിച്ച് ഞാൻ മനസ്സിലാക്കുന്നത് കോൺഗ്രസ്സുകാരായിട്ടുള്ള ആളുകൾ തന്നെ അതിനെ എതിർത്തു. എന്നാണ് നമ്മുടെ ഒരു ബാങ്കിൽ ഇങ്ങനെ കൊടുത്തു കഴിഞ്ഞാൽ ദൂരവ്യാപകമായ ഫലമുണ്ടാകുമെന്ന് പറഞ്ഞപ്പോൾ ശ്രീ. യശ്വന്ത് സിൻഹ പറഞ്ഞത് എന്താണെന്നോ ? യു. കെ. യിലുള്ള സെൻട്രൽ ബാങ്കിന്, അതുപോലെ അമേരിക്കയിലുള്ള സെൻട്രൽ ബാങ്കിന് ഇത്തരത്തിലുള്ള അധികാരം കൊടുത്തിട്ടുണ്ടെന്നാണ്. അത്തരത്തിലുള്ള അധികാരങ്ങൾ കൊടുക്കുകയെന്നു പറഞ്ഞാൽ ഇൻഡ്യയിൽ റിസർവ് ബാങ്കിലും, വേൾഡ് ബാങ്കിലും, ഐ. എം. എഫ്. ലും ഒക്കെ ജോലിയെടുത്തിട്ടുള്ള വലിയ ബ്യൂറോക്രാറ്റ്സിനെ നിയമിച്ചു നയം തീരുമാനിക്കുമെന്നുള്ളതാണ്. നമ്മുടെ ധനകാര്യ നയങ്ങളുടെ പിടി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ നിന്നും പാർലമെന്റിൽ നിന്നും വിട്ടുപോകുകയെന്ന ഗുരുതരമായ സ്ഥിതിയിലേയ്ക്ക് പോകുകയാണ്. വളരെ മൊബൈലായിട്ടുള്ള ഇപ്പോഴത്തെ speculative market-ലേക്ക് കടന്നുവരാമെന്ന, മറ്റ് രാജ്യങ്ങളിൽ നിന്നും ഷെയർ മാർക്കറ്റിലേയ്ക്ക് അടിച്ചുകയറുന്ന ആ മൂലധനത്തെ സ്വാഗതം ചെയ്യാൻ ഇൻഡ്യാ ഗവൺമെന്റ് അതിന്റെ എല്ലാ വിധത്തിലുള്ള restrictions ഇല്ലാതെ വാതിൽ തുറന്നുകൊടുക്കുന്ന ഒരു സമീപനം ഇന്നത്തെ ബഡ്ജറ്റിൽ നമുക്ക് കാണാൻ സാധിക്കും. ഇന്ന് രാവിലെ പ്രതിപക്ഷ നേതാവ് ശ്രീ. ക്ലിന്റന്റെ വരവിനെക്കുറിച്ച് പറഞ്ഞു. ഞങ്ങൾ അതിന് എന്തോ ഒരു അന്തരീക്ഷമുണ്ടാക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ആ വിഷയം ഞാൻ വീണ്ടും ഓപ്പൺ ചെയ്യുകയല്ല, പക്ഷെ ഒരു കാര്യം ശ്രീ. ക്ലിന്റൻ ഇപ്പോൾ അമേരിക്കയിൽ നിന്നും ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതിനെപ്പറ്റി ഒരു പത്രം തന്നെ എഴുതി -'wall street capitalisation'- മുഴുവൻ പ്രത്യാഘാതങ്ങളും ഇൻഡ്യയുടെ തലയിൽ അടിച്ചേൽപ്പിക്കാൻ വേണ്ടി നൂറുകണക്കിന് മുതലാളിമാരേയും ബിസിനസ്സ് പ്രതിനിധികളേയും കൂട്ടിയാണ് വന്നിരിക്കുന്നത്. ആറ് പ്രധാനപ്പെട്ട എഗ്രിമെന്റുകൾ ക്ലിന്റനും ശ്രീ. വാജ്പേയിയുമായി ഒപ്പിടുമെന്നാണ് പറഞ്ഞിട്ടുള്ളത്. പ്രധാനപ്പെട്ട അഞ്ച് സിറ്റിയിലേയ്ക്ക് പര്യടനം നടത്തി. ഒരു പത്രം എഴുതിയിട്ടുള്ളത് ഡൽഹിയടക്കം ബോംബെ, ഹൈദ്രാബാദ്, ബാംഗ്ലൂർ, ആഗ്ര ഇതെല്ലാം അമേരിക്ക പിടിച്ചെടുത്ത ഒരു പ്രതീതിയാണെന്നാണ്. ഞാൻ തെറ്റ് പറയുകയാണെന്ന് വിചാരിക്കരുത്. ശ്രീ. ബിൽ ക്ലിന്റന്റെ വരവിനെ സംബന്ധിച്ച് കോൺഗ്രസ്സിന്റെ സമീപനമെന്താണ് ? അത് വ്യക്തമാക്കേണ്ട കാര്യമല്ലേ ? ബഹുമാനപ്പെട്ട സതീശ് ചന്ദ്രൻ ഇപ്പോൾ പ്രസംഗിച്ചപ്പോൾ പറഞ്ഞത് 1996-ൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചേരിചേരാ നയത്തിനെക്കുറിച്ച് പ്രസംഗിച്ചുവെന്നാണ്. ഞാൻ പറയട്ടെ ഇൻഡ്യ പിൻതുടർന്നുവരുന്ന ചേരിചേരാ നയത്തിന്റെ ഒന്നുമില്ലായ്മ അതിന്റെ ശൂന്യത വെളിവാക്കിക്കൊണ്ട് വെളിച്ചത്തിലേയ്ക്കാണ് ഇന്ന് ശ്രീ. ക്ലിന്റൻ ഇൻഡ്യ സന്ദർശിക്കുന്നതെന്ന് വിദേശകാര്യമന്ത്രി ശ്രീ. യശ്വന്ത് സിൻഹ പരസ്യമായി മിനിഞ്ഞാന്ന് പഞ്ഞു. ശ്രീ. ക്ലിന്റന്റെ വരവിന്റെ പ്രാധാന്യമെന്താണെന്ന് ചോദിച്ചാൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കെട്ടിപ്പടുത്ത ചേരി ചേരാ നയം - Non Alignment Policy എന്നുപറഞ്ഞാൽ അതിന്റെ ശില്പി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ് ചേരി ചേരാ നയം കൊണ്ടുവന്നിട്ടുള്ളത്. we are proud of that. ഞങ്ങൾ കമ്മ്യൂണിസ്റ്റുകാരായിരിക്കാം പക്ഷെ Non Alignment Policy യെക്കുറിച്ച് നെഹ്റുവിനെ പ്രകീർത്തിക്കുന്നവരാണ് മൂന്നാം ചേരിയുടെ നേതാവ്. അത് ഇന്ന് അപ്രസക്തമായി, ഒന്നുമില്ലാതായി, ശീതയുദ്ധത്തിന്റെ കാലം കഴിഞ്ഞു. ശ്രീ. ബിൽ ക്ലിന്റൻ ഇൻഡ്യയിലേയ്ക്ക് വരുന്നുവെന്ന് പറഞ്ഞപ്പോൾ നെഹ്റുവിന്റെ അനുയായികളായ നിങ്ങൾ ആരെങ്കിലും എതിർത്തോ ?

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ഞാൻ രാവിലെ പറഞ്ഞത് 20-ാം തീയതി ശ്രീ. ക്ലിന്റന്റെ വരവിനെതിരായിട്ടുള്ള ഹർത്താൽ വിജയിപ്പിക്കാനുള്ള അന്തരീക്ഷം നിങ്ങൾ ഉണ്ടാക്കി. ആ ഹർത്താലിനനുകൂലമായ അന്തരീക്ഷമുണ്ടായപ്പോൾ നിങ്ങൾ 20-ാം തീയതി നടത്തിയ എസ്.എസ്.എൽ.സി പരീക്ഷ ഒന്നുകിൽ മാറ്റിവയക്കണമായിരുന്നു അല്ലെങ്കിൽ അവരുമായി ചർച്ച ചെയ്യണമായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ ഹർത്താൽ നടത്തിയ അന്ന് പരീക്ഷ നടത്തിയത് ശരിയായില്ലയെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ടി. കെ. ബാലൻ : ഞാൻ ഇവിടെ കൊണ്ടുവന്ന വിഷയം ഒരു കാരണവശാലും രാവിലത്തെ പ്രശ്നം വീണ്ടും ഡിബേറ്റ് ചെയ്യാനും റീഓപ്പൺ ചെയ്യാനും വേണ്ടിയല്ല. പക്ഷെ ഇവിടെ പ്രതിപക്ഷ നേതാവ് ഉന്നയിച്ച നിലയ്ക്ക് പറയാതിരിക്കാൻ വയ്യല്ലോ. ഒരു നീർക്കോലിയായിട്ടുള്ള സി. പി. ഐക്ക് കേരളത്തിൽ പത്താളിൽ ഒരാളുടെ പ്രാതിനിധ്യമുണ്ടോ ? ഒരു ലക്ഷത്തിൽ ഒരാളുടെ പ്രാതിനിധ്യമില്ലാത്ത അൺനോട്ടീസായിട്ടുള്ള സി.പി.ഐ വളരെ

LIBRARY ARCHIVES Kerala Legislative Assembly

ബാലിശമായി ഒരു ഹർത്താൽ ഇവിടെ പ്രഖ്യാപിച്ചുകഴിഞ്ഞാൽ അവരോട് അത് പിൻവലിക്കാൻ പറയണമായിരുന്നു. അവരുമായി ചർച്ച ചെയ്യേണ്ടതായിരുന്നുവെന്നൊക്കെ പറഞ്ഞുകഴിഞ്ഞാൽ ഞാൻ ചോദിക്കട്ടെ ഞങ്ങൾ ആ കാര്യത്തിൽ ഉത്തരവാദിത്വമില്ലായ്മ കാണിച്ചുവെന്ന് പറഞ്ഞു. നിങ്ങൾ രാജ്യസ്നേഹത്തിന്റെ പേരിൽ സി. പി. ഐ ക്കാരെ നാളെ എസ്. എസ്. എൽ. സി. പരീക്ഷയായതിനാൽ ഈ ഹർത്താൽ നടത്തരുതെന്ന് നിങ്ങൾ പറയാത്തതെന്ത് ? അറിയാത്തതുകൊണ്ട് ചോദിക്കുകയാണ്. ഇവിടെ ഈ രൂപത്തിലുള്ള തെറ്റായിട്ടുള്ള ഒരു ഹർത്താൽ നടന്നപ്പോൾ, അതിന്റെ പേരിൽ പരീക്ഷയുമായി ബന്ധംവരുമ്പോൾ ഈ രൂപത്തിൽ ഞങ്ങളാണ് നക്സലൈറ്റുകാർക്ക് ഇവിടെ ഹർത്താൽ നടത്താൻ ഒരു സാഹചര്യമുണ്ടാക്കി കൊടുത്തതെന്ന് ബാലിശമായ രീതിയിൽ ഞങ്ങൾക്കെതിരെ ഒരു ആരോപണം അങ്ങ് ഉന്നയിച്ചതിൽ വളരെ ഖേദമുണ്ട്. ഞാൻ ചോദിക്കട്ടെ ശ്രീ. ക്ലിന്റന്റെ ഈ വരവിനെ സംബന്ധിച്ച്, ഒപ്പിടാൻ പോകുന്ന ആറ് എഗ്രിമെന്റുകളെ സംബന്ധിച്ച് സാമ്പത്തികമായിട്ടുള്ള സ്വാശ്രയത്വം അപകടപ്പെടുത്തുന്നതിനെ സംബന്ധിച്ച് കോൺഗ്രസിന് ഒന്നും പറയാനില്ലേ ? സി. ടി. ബി. ടി.-യിൽ ഒപ്പിടുകയില്ലെന്നു ശ്രീ. വാജ്പേയി പറയുന്നുണ്ടെങ്കിലും സി. ടി. ബി. ടി. ക്ക് സാമാനമായിട്ടുള്ള ചില ചർച്ചകളും തീരുമാനങ്ങളും നടക്കുന്നുണ്ട്. കാശ്മീർ ഒരു ഡിസ്പ്യൂട്ടഡ് ലാൻഡാണെന്ന് പറയുകയുണ്ടായി. ശ്രീ. ക്ലിന്റൻ അമേരിക്കയിൽ നിന്ന് പുറപ്പെടുമ്പോൾ കാശ്മീരിൽ ഉണ്ടായിട്ടുള്ള അതിർത്തി രേഖയെ ഹോട്ട് ലൈൻ എന്നാണ് പറഞ്ഞിട്ടുള്ളത്. ഒരു ഡിസ്പ്യൂട്ടഡ് ലാൻഡാണ് കാശ്മീർ എന്നു പറഞ്ഞു. അത് കോൺഗ്രസ് അംഗീകരിക്കുന്നുണ്ടോ ? നിങ്ങൾ ഇപ്പോൾ ഉദാരവത്ക്കരണത്തിനെതിരെ ശക്തമായി പറയുന്നുണ്ടല്ലോ. അതിന്റെ പിന്നിലത്തെ കള്ളക്കളി നമുക്കറിയാം. പക്ഷെ ആത്മാർത്ഥത ഉണ്ടെങ്കിൽ ഈ ആറ് എഗ്രിമെന്റുകളെ സംബന്ധിച്ച് നിങ്ങൾ എന്തുകൊണ്ടാണ് ഉത്കണ്ഠ രേഖപ്പെടുത്താതിരിക്കുന്നത് ? എന്തിനേറെ പറയുന്നു ചേരിചേരാ നയത്തിന്റെ പരാജയത്തിന്റെ ഭാഗമായിട്ടാണ് ശ്രീ. ക്ലിന്റൻ വരുന്നതെന്ന ബി. ജെ. പി. യുടെ ഔദ്യോഗിക പ്രഖ്യാപനത്തെ കോൺഗ്രസ്സ് ചോദ്യം ചെയ്തോ ? ശ്രീ. ക്ലിന്റൻ ഇപ്പോൾ ഇവിടെ വന്നല്ലോ ? ഇവിടെ വന്നിട്ട് ദിവസങ്ങൾ ആയല്ലോ. എന്തുകൊണ്ടാണ് ശ്രീ. ക്ലിന്റന്റെ വിസിറ്റിനെ സംബന്ധിച്ച് കോൺഗ്രസ്സിന് ഒരു പ്രതികരണവുമില്ലാത്തത് ? നിങ്ങൾ ഒരു പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടിയല്ലേ ? ശ്രീ. ക്ലിന്റൻ 15 മിനിട്ട് കോൺഗ്രസ് പ്രസിഡന്റുമായി ചർച്ച ചെയ്യുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. ഞാൻ ചോദിക്കട്ടെ, രാഷ്ട്രീയമായി പ്രധാന്യമുള്ള ഈ കാര്യത്തെ സംബന്ധിച്ച് എന്തുകൊണ്ടാണ് കോൺഗ്രസ്സ് പ്രതികരിക്കാത്തത് ? ഇത് നമ്മുടെ രാജ്യത്തിന്റെ സ്വാശ്രയത്വത്തിന്റെ പ്രശ്നമല്ലേ ; കോൺഗ്രസ്സ് എന്താണ് അഭിപ്രായം പറയാത്തത് ? ഞങ്ങൾ അഭിപ്രായം പറഞ്ഞു, ശ്രീ. ക്ലിന്റനെ ബഹിഷ്ക്കരിക്കാൻ നിങ്ങൾ തീരുമാനിച്ചു. ശ്രീ. ക്ലിന്റനുമായുള്ള ഏർപ്പാട് കൊണ്ട് രാജ്യം അപകടപ്പെടും, കാശ്മീർ ഡിസ്പ്യൂട്ടസ് ലാൻഡാണെങ്കിൽ രാജ്യം അപകടപ്പെടുമെന്ന് ഞങ്ങൾ പറഞ്ഞു. എന്തേ നിങ്ങൾ അത് പറയുന്നില്ല എന്നുള്ളതാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. ബഹുമാനപ്പെട്ട ശിവദാസമേനോന്റെ പദം തന്നെ കടമെടുത്തു പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ബഡ്ജറ്റ് എന്നു പറയുന്നത് നങ്കൂരവും തുഴയും നഷ്ടപ്പെട്ട പ്രകൃതിയുടെ ദയാദാക്ഷിണ്യത്തിന് വിട്ടുകൊടുക്കപ്പെട്ട ഒരു വഞ്ചിയാണ്. അതാണ് കേന്ദ്ര ബഡ്ജറ്റ്, അതാണ് കേന്ദ്ര നയം, അതിന്റെ അടിസ്ഥാനത്തിൽവേണം കേരള ബഡ്ജറ്റിനെ കാണാൻ. കേരളത്തിലെ ബഡ്ജറ്റിനെക്കുറിച്ച് പറഞ്ഞാൽ വികസനോന്മുഖമായ ബഡ്ജറ്റ് എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അത്ഭുതങ്ങളൊന്നും അതിലില്ല. എല്ലാം സർവ്വതല സ്പർശിയായി എല്ലാ പ്രശ്നങ്ങളും പരിഹരിക്കത്തക്ക വിധത്തിൽ ഒരു ബഡ്ജറ്റ് ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ നാഷണൽ സിറ്റുവേഷനിൽ സാദ്ധ്യമല്ല. എന്നാൽ കേരളത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കി ഒരു വികസനോൻമുഖമായ ബഡ്ജറ്റ് ഉണ്ടായിരിക്കുകയാണ്. ഞങ്ങൾ ഒന്നും നടത്തിയില്ല എന്നല്ലേ പറയുന്നത്. കേരളത്തിൽ 18.3 ശതമാനം വളർച്ചാ നിരക്ക് ഉണ്ടായിട്ടുണ്ട്. പ്രശ്നങ്ങളുടെ നടുവിലാണ് ഈ വളർച്ച ഉണ്ടായിട്ടുള്ളത്. എന്തിനേറെ 3,250 കോടി രൂപയുടെ വാർഷിക പദ്ധതി ശ്രീ. കെ. സി. പാന്തുമായി നമ്മുടെ ചീഫ് മിനിസ്റ്റർ ചർച്ച ചെയ്തിരുന്ന 2,117 കോടിയിൽ നിന്ന് 1,586 കോടി രൂപയായി ചുരുക്കി. 531 കോടി രൂപ കേരളത്തിന്റേത് കേന്ദ്രം തട്ടിപ്പ് നടത്തിയിരിക്കുകയാണ്. കാർഗിൽ യുദ്ധം നടന്നതുകൊണ്ട് ഡവലപ്മെന്റൽ ആക്ടിവിറ്റീസിന് കാശ് തരാൻപറ്റുകയില്ലെന്നുള്ള ന്യായമാണ് കേന്ദ്രം പറയുന്നത്. അഡ്വേഴ്സായിട്ടുള്ള നിരവധി പ്രശ്നങ്ങളുടെ നടുവിലാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വ്യവസായത്തിനും കൃഷിക്കുമെല്ലാം പ്രാധാന്യം നൽകിയിരിക്കുന്നു എന്നുള്ള കാര്യം നമുക്ക് മറക്കാൻ സാദ്ധ്യമല്ല. ഇൻഫർമേഷൻ ടെക്നോളജിയുടെ കാര്യം ഇവിടെ പറയുകയുണ്ടായി. ഇൻഫർമേഷൻ ടെക്നോളജിയുടെ കാര്യം പറഞ്ഞപ്പോൾ കർണാടകയും ആന്ധ്രയും ഉൾപ്പെടെ ഇൻഡ്യയിലാകെയുള്ള ഇൻഫർമേഷൻ ടെക്നോളജിയുടെ മേപ്പ് പരിശോധിച്ചാൽ കേരളം ശൂന്യമാണെന്ന് ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇന്നലെ പറയുകയുണ്ടായി. ഒരു പക്ഷെ ഇപ്പോൾ ശ്രീ. ക്ലിന്റൻ വരുന്നതുകൊണ്ട് ആന്ധ്രയിലും കർണ്ണാടകയിലും കൊട്ടിഘോഷിക്കപ്പെടുന്ന പലതും ഉണ്ടാകാം. പക്ഷെ ഒരു കാര്യം പറയാം. ഇൻഫർമേഷൻ ഹൈവേ പോലുള്ള നൂതനമായിട്ടുള്ള പദ്ധതികൾ കേരളത്തിൽ മാത്രമാണുള്ളത്. ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനങ്ങളിലും ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട നൂതന പദ്ധതികളില്ല. ഇൻഫർമേഷൻ ടെക്നോളജി പഠിപ്പിക്കുന്ന ട്രെയിനിംഗ് കേന്ദ്രങ്ങൾ centre of excellance ആയി വികസിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. വ്യവസായ യൂണിറ്റുകൾക്ക് ആകർഷകമായ പാക്കേജുകൾ കൊണ്ടുവന്നിരിക്കുന്നു. ട്രഷറി, സെയിൽസ്ടാക്സ്, രജിസ്ട്രേഷൻ, റവന്യൂ, മോട്ടോർ വെഹിക്കിൾ, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിൽ കമ്പ്യൂട്ടർവൽക്കരണം, ടെലി-മെഡിക്കൽ പ്രോജക്ടുകൾ എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തിരിക്കുകയാണ്. ഇന്റർനെറ്റ് കയോസ്ക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഡിസ്ട്രിക്ട് സോഫ്റ്റ് വെയർ ടെക്നോളജി പാർക്കുകൾ കേരളത്തിൽ വരാൻ പോകുന്നു. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഐ.ടി ട്രെയിനിംഗ് സെന്റർ കൊണ്ടുവരുന്നു. സിലിക്കോൺവാലിയെയും സൈബർസിറ്റിയേയുംപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലിരുന്നു കൊണ്ട് അഭിമാനിക്കുകയാണെങ്കിൽ നാളെ തിരുവനന്തപുരവും കൊച്ചിയും കോഴിക്കോടും സിലിക്കോൺവാലിയേയും സൈബർസിറ്റിയേയും പോലെ അഭിമാനിക്കത്തക്കവിധത്തിൽ ഇൻഫർമേഷൻ ടെക്നോളജിയിൽ വലിയ മാറ്റങ്ങൾ വരുത്താൻ ഈ ബഡ്ജറ്റിൽ തുക മാറ്റിവച്ചിരിക്കുകയാണ്. എനിക്ക് മറ്റൊരു കാര്യം പറയാനുള്ളത്, ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതയും വരുമാനവും കേരളത്തിന് കിട്ടാനിടയുള്ളത് ടൂറിസം മേഖലയിൽ നിന്നാണ്. അതുസംബന്ധിച്ച് ദീർഘ വീക്ഷണത്തോടുകൂടിയുള്ള കാഴ്ചപ്പാടാണുള്ളത്. ഒരു പക്ഷെ കംപ്യൂട്ടറൈസേഷനെയും ടൂറിസത്തെയും അവഗണിച്ചു, അല്ലെങ്കിൽ ഞങ്ങൾ അതിലൊന്നും തല്പരരല്ല എന്ന് നിങ്ങൾക്കു പറയാം. അങ്ങനെയാണെങ്കിൽ ഞങ്ങൾ അതിനെ സംബന്ധിച്ച് സ്വയം വിമർശനപരമായി പരിശോധിക്കാം. ഞങ്ങൾ ഇപ്പോൾ ഈ ബഡ്ജറ്റിൽ ആ രൂപത്തിലുള്ള ഒരു നീക്കത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. വെബ്സൈറ്റിനും അതുപോലെ സി. ഡി റോമിനുമെല്ലാംതന്നെ 46 കോടി രൂപ ഈ മേഖലയിൽ വകയിരുത്തിയിരിക്കുകയാണ്. എന്തിനേറെ പാവപ്പെട്ട സ്ത്രീകൾക്കുള്ള കുടുംബശ്രീ പദ്ധതിക്ക് 10 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. കേരളത്തിലെ 150 പഞ്ചായത്തുകളെ സെലക്ട് ചെയ്തുകൊണ്ട്, ദരിദ്ര സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു പദ്ധതിയാണിത്. വികസനോൻമുഖമായി, തൊഴിലില്ലായ്മ പരിഹരിക്കത്തവിധത്തിലുള്ള നിരവധി പദ്ധതികൾ വന്നിരിക്കുകയാണ്. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം കൃഷിക്ക് എന്താണ് കൊടുത്തിട്ടുള്ളതെന്ന് ചോദിക്കുകയുണ്ടായി. കാർഷികമേഖലയ്ക്ക് 142 കോടി രൂപ കൊടുത്തിരിക്കുകയാണ്. ഇന്നത്തെ കാർഷിക മേഖലയുടെ സ്ഥിതി എന്താണ് ? ഊർജ്ജിത പച്ചക്കറിക്ക് 1100 ഹരിത സംഘങ്ങൾ ഉണ്ടാക്കി 600 കോടി രൂപ വില മതിക്കുന്ന പച്ചക്കറി കേരളത്തിൽ കഴിഞ്ഞ വർഷം ഉല്പാദിപ്പിച്ചു എന്നാണ് ബഡ്ജറ്റിൽ പറയുന്നത്. അതുകൊണ്ട് മാത്രമായില്ല, അവിടെ ഏകദേശം 24 ലക്ഷം മാൻപവർ ഡേയ്സ് ഉണ്ടായി. തൊഴിലില്ലായ്മ പരിഹരിക്കാനുള്ള ഒരു മാർഗ്ഗമാണ്. എഞ്ചിനീയർമാരേയും ഡോക്ടർമാരേയും മാത്രം സൃഷ്ടിക്കുന്നതുകൊണ്ടായില്ല, കാർഷിക മേഖലയെ കെട്ടഴിച്ചുവിട്ടുകൊണ്ട്, പച്ചക്കറി കൃഷിയിൽ മാത്രം 24 ലക്ഷം മാൻപവർ ഡേയ്സ് ഉണ്ടായിരിക്കുന്നു. അത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ട ഒരു കാര്യമാണെന്നാണ് എനിക്ക് പറയാനുള്ളത്. കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളല്ലേ കർണ്ണാടകവും മഹാരാഷ്ട്രയും അവിടെയൊക്കെയുള്ള സ്ഥിതി എന്താണ് ? മഹാരാഷ്ട്രയിലുള്ള 75 ശതമാനം ഷുഗർ ഫാക്ടറികളും അടച്ചിട്ടിരിക്കുകയാണ്. അവിടെ കരിമ്പിന് വിലയില്ല. കരിമ്പ് വാങ്ങിക്കാൻ ആളില്ല. യു. പി. യിൽ കൃഷിക്കാർ കരിമ്പ് കത്തിച്ചിരിക്കുകയാണ്. കാരണം ഷുഗർ ഇവിടത്തേയ്ക്ക് ഇംപോർട്ട് ചെയ്തിരിക്കുകയാണ്. വേൾഡ് മാർക്കറ്റിലുള്ള വിലയ്ക്ക് സമാനമായി ഇൻഡ്യയിൽ നിന്ന് കിട്ടുന്നതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് പഞ്ചസാര പുറമെനിന്നും ഇവിടെ ഇറക്കുമതി ചെയ്തിരിക്കുകയാണ്. വളരെ ഗൗരവതരമായിട്ടുള്ള സ്ഥിതിയാണ് വന്നിരിക്കുന്നത്. കർണ്ണാടകയിൽ തിന കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നു. ആന്ധ്രായിൽ പരുത്തി കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നു. ഈ സാഹചര്യത്തിൽ റബ്ബറും തേങ്ങയും ഇമ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

പോളിസിയുടെ ഫലമായി അങ്ങേയറ്റം അപാകതയിൽ പെട്ടിട്ടുപോലും കേരളാ ഗവൺമെന്റിന്റെ സമയോചിതമായ ഇടപെടലിന്റെ ഫലമായി അവയെ രക്ഷിക്കാൻ സാധിച്ചു. കേരളത്തിൽ റബ്ബർ കൃഷിക്കാരും നാളികേര കൃഷിക്കാരും ആത്മഹത്യ ചെയ്തിട്ടില്ല. യു. പി. യിൽ കരിമ്പ് ചുട്ടുകരിച്ചുതു പോലെ ഇവിടെ ചുട്ടുകരിച്ചിട്ടില്ല. 75 ശതമാനം ഫാക്ടറികളും അടച്ചിട്ടിട്ടില്ല. ഇത് കേരള ഗവൺമെന്റ് ചെയ്തിട്ടുള്ള വളരെ സ്തുത്യർഹമായ ചില നടപടികളുടെ ഭാഗമാണ്. എല്ലാമായിയെന്ന് ഞാൻ പറയുന്നില്ല. 21 ഉറുപ്പിക കിട്ടിയിടത്ത് 32 ഉറുപ്പിക റബ്ബറിന് ലഭിക്കുന്നുണ്ട്. അതുപോലെ തേങ്ങയ്ക്ക് വില പോരാ. ശരിയാണ്, പക്ഷെ ഇത്തരത്തിലുള്ള കാര്യങ്ങൾ നടത്തിയിട്ടുണ്ട് എന്നുള്ളത് നിങ്ങൾക്ക് കാണാതിരിക്കാൻ കഴിയുകയില്ല. അതേ സന്ദർഭത്തിൽ പരിയാരം മെഡിക്കൽ കോളേജിന് 50 കോടി ഉറുപ്പിക കൊടുത്തതിനെ സംബന്ധിച്ച് ഇന്നലെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും ശ്രീ. കെ. സി. ജോസഫും പറയുകയുണ്ടായി. ശ്രീ. എം. വി. രാഘവൻ ഈ സഭയിലില്ല. ജനങ്ങൾ പറഞ്ഞു, ശ്രീ. എം. വി. രാഘവാ... നിങ്ങൾ ഈ സഭയിൽ പോകേണ്ടായെന്ന്. ശ്രീ. എം. വി. രാഘവന്റെ പ്രേതം ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനേയും കെ.സി. ജോസഫിനെയും ആവാഹിച്ചുപിടിച്ചോ എന്നാണ് ഞാൻ ചോദിക്കുന്നത്. പരിയാരം മെഡിക്കൽ കോളേജിന്റെ ടേക്ക് ഓവറിനെ സംബന്ധിച്ച് 50 കോടി രൂപ എന്തിന് കൊടുക്കണമെന്നാണ് ചോദിക്കുന്നത്. ഇവിടെ പരിയാരം മെഡിക്കൽ കോളേജ് രണ്ട് വർഷക്കാലത്തേയ്ക്ക് ഏറ്റെടുക്കാനായി തീരുമാനിച്ച് ഈ സഭയിൽ ഒരു ബിൽ കൊണ്ടുവന്നപ്പോൾ അങ്ങേ ഭാഗത്തുനിന്നും ചോദിച്ചു, എന്തുകൊണ്ട് ഗവൺമെന്റിന് ഏറ്റെടുത്തു കൂടായെന്ന്, താൽക്കാലികമായി എന്തിനെടുക്കണമെന്ന് ചോദിക്കുകയുണ്ടായി. ഗവൺമെന്റ് സ്ഥാപനമായിക്കൂടെയെന്ന് ആവേശകരമായി ചോദിച്ച ആളുകൾ ആണ് ഇന്ന് 50 കോടി രൂപ മാറ്റിവച്ചപ്പോൾ എന്തിനാണ് നിങ്ങൾ ഈ പണം ചെലവഴിക്കുന്നതെന്ന് ചോദിക്കുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ : പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചല്ല ഞങ്ങൾ ചോദ്യം ചെയ്യുന്നത്. ഒരു ഭാഗത്ത് സഹകരണ മേഖലയിലുള്ള ആ സ്ഥാപനം ഏറ്റെടുക്കുന്നു. എന്നാൽ എറണാകുളം ജില്ലയിൽ സഹകരണ മേഖലകളിൽ അക്കാഡമിക്ക് 50 കോടി രൂപ കൊടുത്ത് തുടങ്ങാൻ പോകുന്നു. ഈ വൈരുദ്ധ്യത്തെക്കുറിച്ചാണ് പറയുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇപ്പോൾ പരിയാരം മെഡിക്കൽ കോളേജ് സഹകരണ മേഖലയല്ല. നിങ്ങളെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടാകും. ശുദ്ധാത്മാവ് ആകുന്നത് നിങ്ങളാണ്. ശ്രീ. കരുണാകരനും, ശ്രീ. എം. വി. രാഘവനും നിങ്ങളെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടാകും. Academy of medical science എന്നു പറയുന്നത് സഹകരണമല്ല ചാരിറ്റബിൾ ഇൻസ്റ്റിട്യൂഷനാണ്. അതിന്റെ ചെയർമാൻ ശ്രീ. കെ. കരുണാകരൻ ആണ്. Not the Chief Minister of Kerala അതിന്റെ വൈസ് പ്രസിഡന്റ് ശ്രീ. എം. വി. രാഘവനാണ്. Co-operative Minister എന്നല്ല വെറും ഇൻഡിവിഡുവൽ കപ്പാസിറ്റി. അവരുടെ കുടുംബ സ്വത്തു പോലെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ സ്വത്തുപോലെ ശ്രീ. കരുണാകരനും ശ്രീ. രാഘവനും കീശയിൽ വച്ചിട്ടുള്ള സ്ഥാപനമാണ്. അത് സഹകരണ സ്ഥാപനമല്ല. അതാണ് ടേക്ക് ഓവർ ചെയ്യുന്നത്. 50 കോടി രൂപയിൽ 25 കോടി രൂപ അവിടുത്തെ കൺസ്ട്രക്ഷന് കൊടുത്ത് ബാദ്ധ്യത തീർക്കും. ഒന്നാംതരം ഒരു മെഡിക്കൽ കോളേജായി ഉയർത്തും അതിനാണ് ഞങ്ങൾ ശ്രമിക്കുന്നത്. സഹകരണമാണെന്ന് ദയവായി തെറ്റിദ്ധരിക്കരുത്. വികസനം മുട്ടി നിൽക്കുന്ന വടക്കേ മലബാറിൽ ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഞാൻ ഒരു കാര്യം അനുസ്മരിക്കുന്നു. 46000 ബീഡി തൊഴിലാളികൾക്ക് വേണ്ടി ലോക പ്രശസ്തമായ ദിനേശ് ബീഡിക്ക് വേണ്ടി 50 ലക്ഷം പോരാ. 46000 തൊഴിലാളികൾ diversification കാരണം അച്ചാറുണ്ടാക്കിയും ആടിനെ വളർത്തിയും കോഴിയെ വളർത്തിയും തേങ്ങാപ്പാൽ ഉൽപ്പാദിപ്പിച്ചുമാണ് ഇപ്പോൾ അവർക്ക് പിടിച്ചു നിൽക്കാൻ കഴിയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് എനിക്ക് പറയാനുള്ളത് രണ്ട് കോടി രൂപയായി അത് വർദ്ധിപ്പിക്കണം. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി അടക്കം ഇപ്പോൾ ഉദാരവൽക്കരണത്തെ എതിർക്കുന്നു. നമ്മുടെ ബഹുമാനപ്പെട്ട വയലാർ രവി അടക്കം പലരും ഇതു തന്നെ പറഞ്ഞു. നിങ്ങൾ എന്താണ് കാട്ടി കൂട്ടുന്നത് ? പെൻഷൻ വാരിക്കോരി കൊടുക്കുകയാണ് എന്നല്ലേ പറഞ്ഞത് ? ഒരു ദിവസം സർവീസ് ഉള്ളവർക്ക് പെൻഷൻ കൊടുക്കും എന്ന് ശ്രീ. ശിവദാസമേനോൻ പറഞ്ഞപ്പോൾ ഉമ്മൻ ചാണ്ടി അതിനെ എതിർത്തു. കാശ് കയ്യിലില്ലാതെ എന്തിനാണ് നിങ്ങൾ ഈ സോഷ്യൽ സെക്യൂരിറ്റി മെഷേഴ്സ് എടുക്കുന്നത് എന്ന് ചോദിച്ചു. കാശുണ്ടെങ്കിൽ ചെയ്താൽ പോരേ ? 10 ശതമാനം പോസ്റ്റുകളും വെട്ടിക്കുറയ്ക്കണം എന്ന് കേന്ദ്ര ഗവൺമെന്റ് പറയുകയാണ്. പുതിയ റിക്രൂട്ട്മെന്റ് പാടില്ല. അത് ഇവിടെ വേണമെന്നാണോ നിങ്ങൾ പറയുന്നത് ? അതേ പോലെ തന്നെ deployment നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഇത് ആരുടെ പ്രിസ്ക്രിപ്ഷനാണ് ? വേൾഡ് ബാങ്കിന്റേയും ഐ.എം.എഫ്ന്റേയും പ്രിസ്ക്രിപ്ഷൻ എന്നാണ് പറയുന്നത്. ഞങ്ങൾ അതിനില്ല. ഒരു കാര്യം കൂടി പറയട്ടെ. കേന്ദ്രത്തിലെ ഒരുപ്രമുഖ നേതാവ് ശ്രീ. ഗുലാം നബി ആസാദ് വന്നിട്ടുണ്ട്. അദ്ദേഹം വരും പോകും അത് സംഘടനാ കാര്യം. പക്ഷേ ഞാൻ ചോദിക്കട്ടെ, പ്രഗൽഭരായ കോൺഗ്രസ് നേതാക്കൻമാർ ഇവിടെ ഇല്ലേ ? നമുക്കെല്ലാം അഭിമാനമാണ്. അഭിപ്രായ വ്യത്യാസം എന്തുമാകട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അഖിലേന്ത്യാ കോൺഗ്രസിന്റെ വർക്കിംഗ് കമ്മിറ്റി മെമ്പറാണ്. കേരളത്തിലുള്ള ഒരാൾ എന്ന രൂപത്തിൽ അദ്ദേഹം അത്തരത്തിലുള്ള വലിയ സ്ഥാനത്തിരിക്കുന്നതിൽ നമുക്കെല്ലാം സന്തോഷമുണ്ട്. രാഷ്ട്രീയ വ്യത്യാസം വേറെ. എത്രയെത്ര നേതാക്കൻമാരുണ്ട്. ശ്രീ. ഗുലാം നബി ആസാദ് കേരളത്തിൽ വന്നിട്ട് പഞ്ചായത്ത് വാർഡ് വിഭജനത്തെപ്പറ്റി പറയുകയെന്ന് പറഞ്ഞാൽ എത്ര ചീപ്പായിപ്പോയി ? നിങ്ങളെ എത്ര ചീപ്പാക്കി ? കഥയറിയാതെ ആട്ടം കണ്ട് ശ്രീ. ഗുലാം നബി ആസാദ് ഡൽഹിയിൽ ഇവിടത്തെ വാർഡ് വിഭജനത്തെപ്പറ്റി പറയുന്നു. അനുഭവമുണ്ട്. എ.കെ. ജി ജനിച്ച പെരളശ്ശേരി പഞ്ചായത്ത് 11 സ്ഥലത്ത് നിങ്ങൾ വെട്ടി മുറിച്ചു. എന്നിട്ട് വാർഡ് വിഭജനം അശാസ്ത്രീയമാക്കി. ഞങ്ങളെ തോൽപ്പിക്കാമെന്ന് വിചാരിച്ചു. പക്ഷേ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ ജയിച്ചു. ഞങ്ങൾക്ക് ഒരു വ്യാമോഹവുമില്ല. ഗുജറാത്തും കേരളവും കഴിഞ്ഞാൽ ഇൻഡ്യയിൽ എവിടേയും സ്വതന്ത്രമായിട്ടുള്ള ഇലക്ഷൻ കമ്മീഷന് വാർഡ് വിഭജനം വിട്ടു കൊടുത്തിട്ടില്ല. നിങ്ങൾ ഭരിക്കുന്ന മദ്ധ്യപ്രദേശിനും കൊടുത്തിട്ടില്ല. നിങ്ങൾ ഭരിക്കുന്ന രാജസ്ഥാനും കൊടുത്തിട്ടില്ല. ഞങ്ങൾ ഭരിക്കുന്ന വെസ്റ്റ് ബംഗാളിനും കൊടുത്തിട്ടില്ല. ഗുജറാത്തിലും കേരളത്തിലും മാത്രമാണ് വാർഡ് വിഭജനത്തിന്റേതായ പൂർണ്ണ ഉത്തരവാദിത്വം. എന്നിട്ട് അതിനെതിരായിട്ട് വളരെ അൽപ്പത്തരം വളിച്ചു പറഞ്ഞ് ഇവിടെ പ്രക്ഷോഭം നടത്തിയില്ലേ? എന്നിട്ട് ഇതൊന്നും തന്നെ ക്ലച്ച് പിടിക്കില്ലയെന്ന് കണ്ടപ്പോൾ ആ പാവം നബിയെ എന്തിനാണ് ഇവിടെ കൊണ്ടുവന്നത്. കോൺഗ്രസിന്റെ പാപ്പരത്തമാണ് ഇവിടെ കാണിക്കുന്നത്. ഈ വികസനോന്മുഖമായിട്ടുള്ള ജനപ്രിയ ബഡ്ജറ്റിനെ ഞാൻ അങ്ങേയറ്റം പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി: ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിനെ എതിർക്കുമ്പോഴും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയെ എതിർക്കുന്നില്ല. അദ്ദേഹത്തെ ഞാൻ എതിർക്കുന്നില്ലെന്ന് പറയാൻ കാരണം അദ്ദേഹം എത്ര വിചാരിച്ചാലും നല്ല ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയില്ലെന്നുള്ളതുകൊണ്ടാണ്. അങ്ങയുടെ വിഷമം എനിക്ക് മനസ്സിലാകുന്നുണ്ട്. ഒരിക്കലും രക്ഷപ്പെടാൻ കഴിയാത്ത കടക്കെണിയിൽ ഈ സംസ്ഥാനം എത്തിയതിനുശേഷം ശ്രീമാൻ ശിവദാസമേനോൻ വിചാരിച്ചാലല്ല സാക്ഷാൽ നാരായണൻ വിചാരിച്ചാലും ഇതേ ബഡ്ജറ്റേ ഉണ്ടാകുകയുള്ളൂ. ഞാൻ കണക്കുകളിലേക്കൊന്നും പോകുന്നില്ല. ഈ സംസ്ഥാനത്ത് ഈ വർഷം വാങ്ങാൻ പോകുന്ന കടമെത്രയാണ്? 23095 കോടി രൂപ. ഈ സംസ്ഥാനം ഇതുവരെ വാങ്ങിയിട്ടുള്ള കടം തിരിച്ചടച്ചു കഴിഞ്ഞാൽ പിന്നെ ബാക്കി നിൽക്കുന്നത് 2699 കോടി രൂപയാണ്. ഈ 2699 കോടി രൂപ പലിശയടക്കാൻ തികയില്ല. ഇപ്പോൾ നിങ്ങൾക്ക് പണവും പലിശയും കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ശ്രീ. ശിവദാസമേനോൻ അല്ല ആര് വിചാരിച്ചാലും നല്ല ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യം നില നിലനിൽക്കുകയാണ്. ഈ ബഡ്ജറ്റിനെപ്പറ്റി പറയാൻ ഞാൻ ഒരു സാമ്പത്തിക വിദഗ്ദ്ധനൊന്നുമല്ല. ബഹുമാന്യനായ മുൻ ധനകാര്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നാളെ സംസാരിക്കുന്നുണ്ട്. എനിക്ക് ഈ ബഡ്ജറ്റ് ഒന്ന് വായിച്ച് നേക്കിയ ഒരു സാമാന്യ അറിവു മാത്രമേയുള്ളൂ. ഈ ബഡ്ജറ്റ് മുഴുവനും ഞാൻ വായിച്ചു. അവസാനമായി സംസാരിച്ച ശ്രീ. ടി. കെ. ബാലൻ കേന്ദ്ര ബഡ്ജറ്റിനെപ്പറ്റിയാണ് സംസാരിച്ചത്. ഈ ബഡ്ജറ്റിനെപ്പറ്റി ഒന്നും പറഞ്ഞില്ല. ഈ ബഡ്ജറ്റ് വായിക്കുകയും ഇവിടെ നടന്ന പ്രസംഗങ്ങൾ കേൾക്കുകയും ചെയ്തപ്പോൾ... എന്തൊക്കെ കാര്യമാണ് കേട്ടത്? കോൺഗ്രസുകാർ, സാമ്രാജ്യത്വത്തിന്റെ ഭാഗമായിത്തീർന്ന ആളുകൾ, ആഗോളവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന ആളുകൾ, സ്വകാര്യവൽക്കരണത്തെ അംഗീകരിക്കുന്ന ആളുകൾ, നിങ്ങളോ സാമ്രാജ്യത്വ വിരോധികൾ, ആഗോള വൽക്കരണത്തിന് എതിര്, സ്വകാര്യവൽക്കരണത്തിന് എതിര്, സോഷ്യലിസത്തിന്റെ വക്താക്കൾ, ആ സോഷ്യലിസത്തിന്റെ വക്താക്കളോട് ഞാൻ ചോദിക്കട്ടെ, ഈ ബഡ്ജറ്റിലെ 9-മത്തെ പേജിൽ 12-മത്തെ പാരഗ്രാഫ്.

ശ്രീ. ശിവദാസമേനോൻ ഈ ബഡ്ജറ്റ് വായിച്ചോ എന്നാണ് സംശയം. ഈ ബഡ്ജറ്റിനെപ്പറ്റിയുള്ള ഏറ്റവും പ്രധാനപ്പെട്ട വിമർശനം, ഈ ബഡ്ജറ്റ് ലോക ബാങ്കിന്റേയും ഏഷ്യൻ വികസന ബാങ്കിന്റെയും നിഴലാട്ടമുള്ള ബഡ്ജറ്റാണ്. ഈ ബഡ്ജറ്റ് നിലനിൽക്കണമെങ്കിൽ ലോക ബാങ്ക് കനിയണം. ഏഷ്യൻ വികസന ബാങ്ക് കനിയണം. നിങ്ങൾ എതിർക്കുന്ന സാമ്രാജ്യത്വത്തെ കടിഞ്ഞാൺ ഇടുന്ന ലോക വികസന ബാങ്കിന്റെ കമ്മി അതിന്റെ എത്രയിരട്ടി വർദ്ധിക്കും. 12-മത്തെ പാരഗ്രാഫിൽ ഏഷ്യൻ വികസന ബാങ്കിൽ നിന്നും കാര്യമായ സാമ്പത്തിക സഹായം കേരളത്തിന് ലഭിക്കാൻ സാദ്ധ്യതയുണ്ടെന്ന കാര്യം ഞാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രതിപാദിച്ചു. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ ഇൻഡ്യയുടെ ആണവ പരീക്ഷണത്തിന്റെ ഫലമായി ഏർപ്പെടുത്തപ്പെട്ട ഉപരോധം ഈ സഹായത്തിന് കാലവിളംബം സൃഷ്ടിച്ചു. എന്നാൽ. എ.ഡി.ബി. നമ്മുടെ ഗവൺമെന്റുമായി ചർച്ച പുനരാരംഭിച്ചിട്ടുണ്ട്. ഈ വർഷം തന്നെ കരാറിൽ ഏർപ്പെടാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കിയ സംഭവ വികാസം. ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് കനിഞ്ഞാലേ നമുക്ക് വികസന പ്രവർത്തനം നടത്താൻ കഴിയുകയുള്ളൂ. ഇൻഡ്യാ ഗവൺമെന്റുമായി കരാറിലേർപ്പെടാൻ പോകുന്നതിനെ സംബന്ധിച്ച് നിങ്ങൾ പ്രതിഷേധിക്കുന്നു. കരാർ ഒപ്പിടാൻ പോകുന്നതേയുള്ളൂ. ഇന്ന് ആറ് മണിക്ക് കരാർ ഒപ്പിടും. ആ കരാർ എന്താണെന്ന് അറിഞ്ഞിട്ട് പ്രതിഷേധിച്ചാൽ പോരെ? കരാർ ഒപ്പിട്ടാൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിലെ 12-ാമത്തെ പാരഗ്രാഫിൽ പറഞ്ഞ ഇക്കണോമിക് സാംഗ്ഷൻ പിൻവലിക്കപ്പെടുകയും ചിലപ്പോൾ ഇവിടെ പണം വരുകയും അങ്ങയുടെ പ്രതീക്ഷക്കനുസരിച്ച് വികസന പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യും. ഈ ബഡ്ജറ്റിന്റെ സ്ഥിതി എന്താ, ഈ ബഡ്ജറ്റിന് ലക്ഷ്യബോധമുണ്ടോ? വികസനോൻമുഖമായ സമീപനം ഈ ബഡ്ജറ്റിനില്ല എന്ന് ഞാൻ പറഞ്ഞാൽ പരിഭവിക്കരുത്. വികസന മേഖലയിൽ പണം മുടക്കിയിട്ടില്ല എന്നൊക്കെ പറയുമ്പോൾ ഞാൻ അതിലൊന്നും അത്ര ഗൗരവമായി കാണുന്നില്ല. ശ്രീ. ശിവദാസമേനോൻ ഈ കാര്യത്തിൽ അൽപ്പം സത്യസന്ധനാണ്. കാര്യം എന്തെന്നറിയാമോ? വ്യവസായ മേഖലയിൽ പണം മുടക്കിയാലും, നീക്കിവച്ചാലും വ്യവസായങ്ങൾ വരില്ല എന്ന് അദ്ദേഹത്തിനറിയാം. നമ്മുടെ മുഖ്യമന്ത്രിയും, വ്യവസായ വകുപ്പുമന്ത്രിയും കൂടി മൂന്നുപ്രാവശ്യം അമേരിക്കയിൽ പോയി വിദേശ മലയാളികളെയും, വിദേശികളെയും ക്ഷണിച്ചില്ലേ കേരളത്തിലേക്ക് വ്യവസായം തുടങ്ങാൻ ഒറ്റയാൾ വന്നോ, നിങ്ങൾ മൂന്ന് പ്രാവശ്യം പോയി, മറ്റൊരു ദുരുദ്ദേശവും ഞാൻ പറയുന്നില്ല. മൂന്ന് പ്രാവശ്യം പോയി നിങ്ങൾ വ്യവസായികളെ ക്ഷണിച്ചു ആരെങ്കിലും വന്ന് കേരളത്തിൽ മുതൽമുടക്കിയോ? അതുകൊണ്ട് അങ്ങേയ്ക്കറിയാം ഇനി വ്യവസായത്തിനുവേണ്ടി പണം നീക്കിവയ്ക്കേണ്ട കാര്യമില്ല, പ്രയോജനപ്പെടില്ല എന്ന്.

ശ്രീ. കെ. ബാബു: കേരളത്തിൽ വ്യവസായങ്ങൾ വരുന്നില്ല എന്നുള്ള ഗുരുതരമായ സാഹചര്യം കണക്കിലെടുത്തുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി തന്നെ 80 കോടി രൂപ മുടക്കി വ്യവസായം തുടങ്ങാൻ തീരുമാനിച്ചു. ഇത് അവരുടെ ഒരാത്മാർത്ഥതയുടെ ലക്ഷണമല്ലേ? ഈ കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി : ഞാൻ മാർക്സിസ്റ്റ് പാർട്ടിയുടെ ആത്മാർത്ഥത യെയൊന്നും ചോദ്യം ചെയ്യുന്നില്ല. ഒരു പാർട്ടി എന്നുള്ള നിലയിൽ അവർക്ക് ചിലപ്പോൾ നമ്മളിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപ്പാട് കാണും. പക്ഷെ ഒരു കാര്യം സത്യമാണ്, ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായ കുത്തകകളിൽ ഒന്നായി മാർക്സിസ്റ്റ് പാർട്ടി വളർന്നിരിക്കുന്നു എന്ന കാര്യം നിഷേധിക്കാൻ പറ്റില്ല. ടാറ്റാ, ബിർള, ഡാൽമിയ, ഗോയങ്ക എന്നിവരെപ്പോലെ മാർക്സിസ്റ്റ് പാർട്ടി ഇന്ത്യയിൽ ഏറ്റവും വലിയ വ്യവസായ കുത്തകകളിലൊന്നായി വളർന്നിരിക്കുന്നു. ജയിൻ ടി. വി. ചാനൽ കണക്കെ ഒരു ടി.വി. ചാനൽ തുടങ്ങണമെന്ന് മാർക്സിസ്റ്റുപാർട്ടി വിചാരിക്കുന്നതിൽ എന്താകുറ്റം ഇരിക്കുന്നത് ? മാർക്സിസ്റ്റ് പാർട്ടി നന്നാകട്ടെ, എനിക്ക് അതിനകത്ത് യാതൊരു അസ്വസ്ഥതയുമില്ല. ഞാൻ വ്യവസായ മേഖലയെപ്പറ്റിയാണ് പറഞ്ഞത്, നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്കും വ്യവസായ വകുപ്പുമന്ത്രി കാണുന്ന പ്രധാനപ്പെട്ട മേഖലകളിൽ ഒന്ന് ടൂറിസമാണ്. ടൂറിസത്തോടുള്ള അങ്ങയുടെ സമീപനം കുറച്ചുകൂടി ക്രീയേറ്റീവാകണമായിരുന്നു എന്നാണ് എന്റെ അഭിപ്രായം. ടൂറിസം വികസനത്തിൽ അദ്ദേഹത്തിന് വലിയ പ്രതീക്ഷയൊക്കെയുണ്ട്. പക്ഷെ മുതൽ മുടക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇല്ല. അങ്ങ് വലിയ സ്വപ്നമൊക്കെ കാണുന്നുണ്ട്. ടൂറിസം, വളരണം, നന്നാകണം എന്നൊക്കെ ഇന്നു കാണുന്ന ടൂറിസം എന്ന സെക്ടറും വളരെ പരിമിതമാണ്. അങ്ങ് കായലോരങ്ങളെയും കടലോരങ്ങളെയും മാത്രമേ കണ്ടുള്ളൂ. കേരളത്തിലെ ടൂറിസത്തിന്റെ മേഖല സഹ്യപർവത സാനുക്കളിലാണ്. ആ സഹ്യപർവ്വത പ്രദേശത്തെ അങ്ങ് കണ്ടില്ല. അങ്ങയുടെ ഗവൺമെന്റ് ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ പറഞ്ഞിരുന്നു മലയോര വികസനത്തിന് ഒരു അതോറിറ്റി രൂപീകരിക്കുമെന്ന്. ഈ നാല് ബഡ്ജറ്റ് വന്നപ്പോഴും അങ്ങ് അതിനെപ്പറ്റി ഓർത്തില്ല. അങ്ങ് ഈ ടൂറിസം വികസനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പദ്ധതികളെല്ലാം നമ്മുടെ കായലോരങ്ങളിലും, കടലോരങ്ങളിലും മാത്രം ഒതുങ്ങിനിൽക്കുന്നു. ഈ കായലോരങ്ങളും കടലോരങ്ങളും കൊണ്ട് ടൂറിസം മേഖല വികസിക്കുന്നില്ല. കേരളത്തിന്റെ സവിശേഷമായ പ്രത്യേകത സഹ്യപർവ്വതസാനുക്കൾ, ഹിമാലയ പർവ്വതത്തിന്റെ മടിത്തട്ടിലുള്ള ഹിമാലയൻ മലയോര പ്രദേശങ്ങൾ കഴിഞ്ഞാൽ ഏറ്റവും ഉയരമുള്ള സഹ്യപർവ്വത പ്രദേശത്താണ് കേരളത്തിന്റെ വികസനം എത്തേണ്ടത്. കേരളത്തിന്റെ വികസന ഭൂപടം ഇന്ന് മലയോര പ്രദേശവുമായിട്ട് ബന്ധപ്പെട്ട് കിടക്കുകയല്ലേ ? അങ്ങ് ആ പ്രദേശത്തെ കണ്ടില്ല. അങ്ങേയ്ക്ക് യാഥാർത്ഥ്യ ബോധം ഇല്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു സെക്ടർ ക്ഷീര വികസന മേഖലയാണ്. ക്ഷീര വികസന മേഖലയെപ്പറ്റി ഞാൻ വിശദമായി പറയുന്നില്ല. കാരണം പണ്ടാരോ ഉള്ളതൊക്കെ എനിക്കും എന്റെ മക്കൾക്കും എന്നുപറഞ്ഞതുപോലെ മാർക്സിസ്റ്റ് പാർട്ടി മന്ത്രിമാർക്ക് വേണ്ടി മാത്രം മതി എന്ന് വിചാരിച്ചപ്പോൾ അങ്ങ് ശ്രദ്ധിക്കാതെ പോയത് അവിടെയൊക്കെയാണ്. ക്ഷീരവികസനത്തിനും ആ സ്ഥിതി തന്നെയാണ്. ഇവിടെ ശ്രീ. സുന്ദരൻ നാടാർ സംസാരിച്ചപ്പോൾ ക്ഷീര കർഷകർക്ക് ഒരു പെൻഷൻ പദ്ധതി ആവിഷ്കരിക്കുന്നതിനെപ്പറ്റി

പറഞ്ഞല്ലോ, നിങ്ങൾ എല്ലാവർക്കും പെൻഷനെപ്പറ്റി പറയുന്നതല്ലേ. ഞങ്ങൾ എല്ലാ പെൻഷനെയും എതിർക്കുന്നു എന്നാണ് നിങ്ങൾ പറയുന്നത്. 10 ലക്ഷം ക്ഷീര കർഷകരുണ്ട്. വലിയ മുതൽമുടക്കൊന്നും വേണ്ടല്ലോ, ആ ക്ഷീര കർഷകർക്ക് വേണ്ടി ഒരു പെൻഷൻ പദ്ധതി കൊണ്ടുവരുന്നതിന് അങ്ങേയ്ക്ക് കഴിഞ്ഞിരുന്നു എങ്കിൽ ഒരു സംശയവും വേണ്ട, കർഷകർക്ക് പ്രയോജനപ്പെടുമെന്നു മാത്രമല്ല. കേരളത്തിലെ സാമ്പത്തിക രംഗത്ത് വലിയ പ്രതിഫലനം ഉണ്ടാക്കാനും ആ മേഖലയ്ക്ക് ഒരു ഉണർവ് നൽകാനും കഴിയുമായിരുന്നു. അങ്ങേക്ക് നല്ല പ്രസംഗങ്ങളൊക്കെയുണ്ട്. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് വളരെ വാചാലമായി സംസാരിക്കുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി മെച്ചമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പക്ഷെ ഞാൻ ഒന്നു ചോദിക്കട്ടെ, ജനകീയാസൂത്രണത്തെപ്പറ്റി ഇത്ര വാചാലമായി സംസാരിക്കുമ്പോഴും നമ്മൾ ഒരു പരിഷ്കൃത സമൂഹത്തിലാണോ ജീവിക്കുന്നത്. രാജീവ് ഗാന്ധി അധികാരങ്ങൾ കൈമാറി. അയ്യായിരം ആളുകളുടെ സ്ഥാനത്ത് അഞ്ചു ലക്ഷം ആളുകളിലേക്ക് അധികാരം കൈമാറാൻ തീരുമാനിച്ചപ്പോൾ നമ്മുടെ നാട്ടിലെ വികസന പ്രവർത്തനത്തിന് ആക്കം കൂടുമെന്നാണ് വിചാരിച്ചത്. അല്ലാതെ എന്തുപണം ചെലവഴിച്ചു എന്നതല്ല, കണക്കുകൂട്ടാൻ വേണ്ടിയല്ല. ഇവിടെ പെർഫോർമൻസിനെ സംബന്ധിച്ച് നിങ്ങൾക്ക് എന്തുപറയാൻ കഴിയും. ഇത്രയേറെ പണം കൊടുത്തിട്ട് ജനകീയാസൂത്രണം നടപ്പിലാക്കിയതിനുശേഷം കേരളത്തിലെ സാമ്പത്തിക രംഗത്ത്, സാമൂഹ്യ രംഗത്ത് ഇന്ന രീതിയിൽ വളർച്ച ഉണ്ടാക്കി എന്ന് കഴിഞ്ഞ നാല് ബഡ്ജറ്റ് പ്രസംഗങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിൽ അങ്ങേക്ക് പറയാൻ കഴിഞ്ഞിട്ടുണ്ടോ ? നിങ്ങൾ കൊടുത്ത പണത്തെപ്പറ്റിയാണ് പറയുന്നത്. ഈ ജനകീയാസൂത്രണമൊക്കെ വരുന്നതിനു മുൻപ് നമ്മുടെ പഞ്ചായത്തിന് ഒരു ജോലിയുണ്ടായിരുന്നു, പൊതുജനാരോഗ്യ പ്രവർത്തനം. പൊതുജനാരോഗ്യ പ്രവർത്തനത്തിൽ നമ്മൾ കണ്ടു ഹോട്ടലുകളും, ചായക്കടകളുമൊക്കെ പരിശോധിക്കണം, നല്ല ആരോഗ്യ പരിപാലനമൊക്കെ ഉണ്ടോ എന്ന് നോക്കണം. തെരുവു നായ്ക്കളെ നിയന്ത്രിക്കലായിരുന്നോ ? ലോകത്തിന് മാതൃകയായ ജനകീയാസൂത്രണത്തെപ്പറ്റി പഠിക്കാൻ ലോകത്തിൽ എല്ലാ ഭാഗത്തു നിന്നും വിദഗ്ദ്ധൻമാർ വന്നു കൊണ്ടിരിക്കുന്നു എന്ന് അങ്ങ് പ്രസംഗിക്കുന്നു. ഞാൻ ചോദിക്കട്ടെ, ജനകീയാസൂത്രണം നാല് വർഷം നടപ്പിലാക്കിയപ്പോൾ നമ്മുടെ മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലത്തിലെ തലശ്ശേരിയിലെ ചൊക്ലിയിൽ ഏഴ് വയസ്സുള്ള ഷിയാസ് എന്നുപറയുന്ന ഒരു കുട്ടിയെ തെരുവ് നായ്ക്കൾ കടിച്ചു കീറിയില്ലേ ? നമ്മൾ എവിടെയാണ് ജീവിക്കുന്നത്. പരിഷ്കൃത സമൂഹത്തിലാണോ ? പുതിയ സഹസ്രാബ്ദത്തിൽ 21-ാം നൂറ്റാണ്ടിൽ നമ്മൾ ജീവിക്കുന്നു. ഇന്ന് നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി കണക്കുകൊണ്ട് ഒരു കസർത്ത് നടത്തിയില്ലേ? നമ്മുടെ കുഞ്ഞുങ്ങൾക്കായിരിക്കണം ഈ അനുഭവം ഉണ്ടായതെങ്കിൽ എന്താകുമായിരുന്നു. ശ്രീ. സത്യൻ എന്താ രാവിലെ പൊട്ടിത്തെറിച്ചത്. ശ്രീ. സത്യന്റെ കുട്ടിക്കോ അല്ലെങ്കിൽ ശ്രീ. സത്യന്റെ ബന്ധുവിന്റെ കുട്ടിക്കോ ആണ് എസ്.എസ്.എൽ.സി പരീക്ഷ എഴുതാൽ

LIBRARY ARCHIVES Kerala Legislative Assembly

കഴിയാതെ വന്നതെങ്കിൽ ഹൃദയവേദനയുണ്ടാകും. ആരുടെയെങ്കിലും കുഞ്ഞിനെയാണ് തെരുവ് നായ്ക്കൾ കടിച്ചുകീറിയത് എങ്കിലും നമ്മുടെ മനസ്സ് വേദനിക്കുമല്ലോ. ജനകീയാസൂത്രണത്തിന് കൊടുത്തതിനെപ്പറ്റി പ്രസംഗിക്കുകയാണോ, ഒരു ഉദാഹരണമാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. എന്തു വാചാലമായിട്ടാ പ്രസംഗം. ക്ലാസ് മുറിയിലിട്ട് കുഞ്ഞുങ്ങളുടെ മുൻപിൽ വച്ച് അദ്ധ്യാപകനെ കൊടുവാൾ കൊണ്ട് വെട്ടിക്കൊന്ന് രക്തവും, മാംസവും ആ കുഞ്ഞുങ്ങളുടെ ദേഹത്ത് ചിതറിവീണ സംസ്ഥാനമല്ലേ ഈ കേരളം. ഡി.പി. ഇ. പി. യുടെ മഹത്വത്തെപ്പറ്റിയാണ് പറയുന്നത്.ക്ലാസ് മുറിയിലിട്ട് പത്തും, പതിനൊന്നും വയസ്സ് പ്രായമുള്ള പിഞ്ചുകുഞ്ഞുങ്ങളുടെ മുൻപിൽ വച്ച് അദ്ധ്യാപകനെ കൊടുവാൾകൊണ്ട് തലവെട്ടി പിളർന്ന് രക്തവും, മാംസവും ക്ലാസ് മുറിയിലും, കുഞ്ഞുങ്ങളുടെ മുഖത്തും തെറിച്ചുവീണ ഒരു സംഭവം നടന്നത്. ഈ മുഖ്യമന്ത്രി ഭരിക്കുന്ന കേരളത്തിൽ അല്ലേ ? നമ്മുടെ പരിഷ്കൃത സമൂഹത്തിൽ നിങ്ങൾ പോലീസിനുവേണ്ടി കൂടുതൽ തുക വിനിയോഗിച്ചിരിക്കുന്നു. ലോക്കപ്പ് മരണങ്ങൾ 17, ഇന്ന് രാവിലെയും അടിയന്തിര പ്രമേയം ഉണ്ടായിരുന്നു. ശ്രീ. കെ. പി. എ. മജീദിന്റെ കാര്യം പറയണ്ട, നമ്മുടെ മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലത്തിൽ 12 വയസ്സുള്ള ഒരു തമിഴ് ബാലൻ കയ്യില്ലാതെ നടക്കുന്നുണ്ടല്ലോ. എന്താ മോഷണം തൊഴിലായി സ്വീകരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് കുപ്പത്തൊട്ടിയിൽ നിന്ന് പ്ലാസ്റ്റിക് സാധനങ്ങൾ ശേഖരിച്ച് കൊണ്ടുവന്ന് കടയിൽ കൊണ്ടുപോയി വിറ്റ് അതിൽ നിന്ന് കിട്ടുന്നതു കൊണ്ട് ഭക്ഷണം കഴിച്ച് കടത്തിണ്ണയിൽ കിടന്ന് ഉറങ്ങിയിരുന്ന ഒരു ബാലൻ ഉണ്ടല്ലോ അമാവാസി. ആ അമാവാസിയുടെ പത്തി അറ്റുപോയ കൈ ഈ കേരളത്തിലെ സാമൂഹ്യ മനഃസാക്ഷിയിലല്ലേ ചോദ്യമുയർത്തുന്നത്. ആ പോലീസിനുവേണ്ടി നിങ്ങൾ വാരിക്കോരി കൊടുക്കുകയല്ലേ ? ഇവിടെ വിദ്യാഭ്യാസ മേഖലയൊക്കെ നന്നാക്കും എന്നാണ് പറയുന്നത്. ലോക ബാങ്കിനെപ്പറ്റി വലിയ ആശ വേണ്ട, ഡി. പി. ഇ. പി. നടപ്പിലാക്കിയപ്പോൾ എത്ര കോടിയാണ് സംസ്ഥാനത്തിന്റെ കടം. 200 കോടി കടം ഉണ്ടാക്കിയില്ലേ. ഡി.പിഇ.പി. നടപ്പിലാക്കിയവർ ടാറ്റാസുമോയിൽ ചെത്തി നടക്കുകയാണ്. സ്കൂളിൽ പോയാൽ പഠിപ്പിക്കാൻ അറിയാത്ത കുറേ അദ്ധ്യാപകർ. അവരുടെ കുട്ടികളെ എവിടെ അയയ്ക്കുന്നു, അവരുടെ കുട്ടികൾ ആരെങ്കിലും ഡി.പി.ഇ.പി പരിഷ്ക്കരണം നടപ്പിലാക്കിയ സ്കൂളുകളിൽ പഠിക്കുന്നുണ്ടോ ? ഞാൻ സത്യസന്ധമായി പറയുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിങ്ങൾ അന്വേഷിക്കണം. ഡി. പി. ഇ. പി നടത്തിപ്പുകാരായി നടക്കുന്നവരുടെ കുട്ടികൾ ഒന്നും പഠിക്കുന്നത് ആ സ്കൂളുകളിലല്ല. അവരെല്ലാം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നു. അതാണല്ലോ മുഖ്യമന്ത്രി പഠിപ്പിച്ചിരിക്കുന്നത്. നമ്മുടെ മക്കൾക്കൊക്കെ ഇംഗ്ലീഷ് മീഡിയം ആകാം അല്ലേ? പക്ഷെ പാവപ്പെട്ടവരുടെ കുഞ്ഞുങ്ങളൊന്നും പഠിക്കണ്ട ഡി. പി. ഇ.പി യൊക്കെ പഠിച്ചാൽ മതി എന്നല്ലേ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഡി. പി. ഇ.പി പദ്ധതി എങ്ങനെ ഉണ്ടായി എന്നും, അത് ഏത് കൊല്ലത്തിലാ നടപ്പിലാക്കിയത് എന്നും പറയാമോ ?

ശ്രീ. ഇ. എം. അഗസ്തി : ഞാൻ പറയാം, ബഹുമാനപ്പെട്ട ശിവദാസമേനോൻ അൽപ്പം സത്യസന്ധതയുള്ള ആളാണ്. ഞങ്ങളാ ഡി.പി.ഇ.പി. കൊണ്ടുവന്നത്, ഞാൻ അതിന്റെ ബാക്കി പറയട്ടെ അങ്ങും ഒരു അദ്ധ്യാപകനായിരുന്നല്ലോ, ഞങ്ങൾ കൊണ്ടുവന്നപ്പോൾ നിങ്ങളുടെ സെമിനാർ എന്തൊക്കെയായിരുന്നു. ഭൗതീക സാഹചര്യങ്ങളുടെ അഭാവംമൂലം പഠനം നടത്താൻ കഴിയാതെവരുന്ന സ്കൂളുകളെപ്പറ്റിയുള്ള നിങ്ങളുടെ പരിദേവനമുണ്ടല്ലോ, അങ്ങനെയുള്ള സ്കൂൾ കെട്ടിടങ്ങൾ ഉണ്ടാക്കാൻ, ഭൗതീക സാഹചര്യം ഉണ്ടാക്കാൻ, കുടിവെള്ളമുണ്ടാക്കാൻ സ്ട്രക്ച്ചറൽ ചെയിഞ്ചസിനു വേണ്ടിയാണ് ഞങ്ങൾ ഡി. പി. ഇ. പി കൊണ്ടുവന്നത്. അല്ലാതെ സഖാക്കൾക്ക് തിന്ന് കുടിക്കാനല്ല. നിങ്ങൾ അതിന്റെ നടത്തിപ്പിൽ ശാസ്ത്ര സാഹിത്യ പരിഷത്തുകാരെയും പള്ളിക്കൂടത്തിൽ പോയി പഠിപ്പിക്കാത്ത കുറച്ച് ആളുകളെയും ഏൽപ്പിച്ചു 200 കോടിയാണ് കടം. പ്രതിപക്ഷ നേതാവ് കഴിഞ്ഞ ദിവസം സംസാരിച്ചല്ലോ, ഞങ്ങൾ അധികാരത്തിൽ നിന്നുപോകുമ്പോൾ സ്റ്റേറ്റിന്റെ കടം 10,000 കോടി, ഇപ്പോൾ എത്രയാണ് 20,000 കോടി. 45 മാസം കൊണ്ട് 10,000 കോടി. ഈ 45 മാസം കൊണ്ട് അങ്ങനെപോയതാണ് 200 കോടി ഡി.പി.ഇ.പി. ക്ക് എനിക്ക് തർക്കമൊന്നുമില്ല, ഞാനും കഴിഞ്ഞ ദിവസം ശ്രീ. കാർത്തികേയനും ഇവിടെ സംസാരിച്ചു. ശ്രീ. കാർത്തികേയൻ സംസാരിച്ച് ഒരു ഉദാഹരണവും പറഞ്ഞു. അമേരിക്കൻ സെക്ടറിൽ ഒരു ചർച്ച. ഞാൻ അമേരിക്കൻ സെക്ടറിലോട്ടൊന്നും പോകുകയല്ല, എന്താന്നറിയാമോ? അമേരിക്ക ആറ്റം ബോംബ് ഉണ്ടാക്കിയത് റൂസ് വാൾട്ടിന്റെ കാലത്താണ്. അത് പരീക്ഷിക്കാൻ പോകുന്നു ജപ്പാന്റെ തീരത്തോട്ട്. അമേരിക്കൻ സെക്ടറിൽ ഒരു ചർച്ച വന്നപ്പോൾ പറഞ്ഞു അതെന്തിനാണ്. അവിടെ പോകുന്നത് അപകടമാണ് ജപ്പാൻകാരോട് ഇങ്ങനെ ചെയ്യുന്നത് ശരിയല്ല. അപ്പോൾ അമേരിക്കൻ പ്രസിഡന്റ് പറഞ്ഞു യാതൊരു അപകടവുമില്ല, നമുക്ക് ഉറപ്പുണ്ടെന്ന് അന്ന് സെനറ്റിൽ ഉണ്ടായിരുന്ന ലോക ബാങ്കിന്റെ പ്രസിഡന്റ് ഒരു ചോദ്യം ചോദിച്ചു. അങ്ങനെ ഒരപകടവുമില്ല എന്ന് നിങ്ങൾക്ക് ഉറപ്പുണ്ടെങ്കിൽ എന്തുകൊണ്ട് നമ്മൾ ജപ്പാന്റെ തീരത്തേക്ക് പോകുന്നു, നമുക്ക് കടൽത്തീരങ്ങളില്ലേ ? ഇവിടെ ഈ പരീക്ഷണം നടത്തിക്കൂടെ എന്ന്. വളരെ നല്ലതാണ് ഡി. പി. ഇ. പി എന്നുപറയുന്നത്. നിങ്ങളുടെ കുഞ്ഞുങ്ങളെയും, കൊച്ചു മക്കളെയുമൊക്കെ ഈ ഡി. പി. ഇ. പി സ്കൂളുകളിൽ ഒന്നയയ്ക്കൂ. ഒന്നയയ്ക്കണ്ട, അയയ്ക്കണം എന്നിട്ട് നമുക്ക് പറയണം. ഇന്നു രാവിലെ കണക്കുകൾകൊണ്ട് ചില കസർത്തുകൊളൊക്കെ ഇവിടെ നടത്തി, ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ഈ സഭയിലില്ല, ഇന്നു രാവിലെ അദ്ദേഹം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കുട്ടികളുടെ കണക്കുകൾ പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ഞങ്ങൾക്ക് സി.പി.ഐ. (എം-എൽ) നോട്

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു സ്നേഹവുമില്ല, മിസ്റ്റർ ബാലേട്ടൻ സി.പി.ഐ. (എം-എൽ.) ന്റെ വക്താവിനുവേണ്ടി ഞങ്ങൾക്ക് വക്കാലത്തു പറയേണ്ട യാതൊരു കാര്യവുമില്ല. സി.പി.ഐ. (എം-എൽ.) നുവേണ്ടി ഇവിടെ ഒരു ഹർത്താൽ ഉണ്ടാകുമെന്നു പറഞ്ഞാൽ ഏകദേശം അഞ്ചുലക്ഷം കുട്ടികൾ പരീക്ഷയെഴുതുമ്പോൾ അഞ്ചു ലക്ഷം കുട്ടികളുടേയും അവരുടെ കുടുംബത്തിന്റെയും മാനസിക പീഡനം ഒഴിവാക്കേണ്ട നടപടി സ്വീകരിക്കേണ്ടത് കേരളാ ഗവൺമെന്റാണ്. വിദ്യാഭ്യാസ വകുപ്പാണ്. മാതൃഭൂമി പത്രം എന്റെ കയ്യിലിരിക്കുന്നു. അതിൽ പറഞ്ഞിരിക്കുന്നു. കുട്ടികൾ സ്കൂളിൽ താമസിച്ചെത്തി പരീക്ഷയെഴുതി, ഞാൻ ഒന്നു ചോദിക്കട്ടെ, എന്തിനാണ് അസഹിഷ്ണുത കാണിക്കുന്നത്. ഞാൻ അതിലേക്ക് വരുന്നു. ബാലേട്ടൻ പറഞ്ഞതിനൊക്കെ എന്റെ കയ്യിൽ മറുപടിയുണ്ട്. ഞാൻ അങ്ങനെ ഒളിച്ചോടാനൊന്നും പോകുന്നില്ല. നിങ്ങളുടെ കുട്ടികൾ പരീക്ഷയെഴുതുന്നതിന് തലേദിവസം അച്ഛനും അമ്മയും കൂടി കുട്ടിയേയും കൂട്ടി സ്കൂളിൽപോയി താമസിച്ചു പരീക്ഷയെഴുതേണ്ടി വന്നാലത്തെ അവസ്ഥ എന്താണെന്ന് ആലോചിച്ചു നോക്കൂ. യേശുക്രിസ്തു ജനിച്ചത് പുൽക്കൂട്ടിലാണ്. അത് എങ്ങനെയാണെന്ന് അറിയോമോ? ജനനം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി പോയപ്പോൾ താമസിക്കുന്നതിന് സ്ഥലമില്ല. സമ്പന്നന്മാരും സൗകര്യമുള്ളയാളുകളും നല്ല ഹോട്ടലുകളിൽ താമസിച്ചു. അന്ന് ഹോട്ടലുകളും ഉണ്ടായിരുന്നില്ല. എങ്ങും താമസിക്കാൻ സ്ഥലം കിട്ടാത്തതുകൊണ്ട് അവസാനം പുൽത്തൊട്ടിയിലാണ് യേശുക്രിസ്തുവിനെ പ്രസവിച്ചത്. സത്രങ്ങൾ ഉണ്ടായിരുന്നു. എങ്കിലും സത്രത്തിൽ സ്ഥലം കിട്ടിയില്ല. അതുപോലെയല്ലേ, മാതാവിനും പിതാവിനും ഉള്ള ദു:ഖം. എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്ന കുഞ്ഞുങ്ങളേയും കൊണ്ട് തലേദിവസം സ്കൂളിലോ സ്കൂളിന്റെ പരിസരത്തോ താമസിക്കേണ്ടി വരുന്നത് സ്കൂളിൽ ആരൊക്കെയാണ് താമസിച്ചത് എന്ന് അറിയാമോ? സ്കൂളിലും അവസാനം വീടുകളിൽ താമസസൗകര്യമേർപ്പെടുത്തി. 45 കുട്ടികൾക്ക് അവസാനം അടുത്ത വീടുകളിൽ താമസസൗകര്യം ഏർപ്പെടുത്തേണ്ടിവന്നു. ശ്രീമതി ലതാദേവി, ശ്രീ. കെ. പി. വിശ്വനാഥനോട് സംസാരിച്ചപോലെ എന്നോട് സംസാരിക്കരുത്, അത്രയേ പറയുന്നുള്ളൂ. 45 കുട്ടികൾ എന്താ കുറ്റമെന്നു ചോദിച്ചാൽ ഞങ്ങളുടെയൊക്കെ വീട്ടിൽ പെൺകുട്ടികൾ മറ്റു വീടുകളിൽ പോയി താമസിക്കുന്ന പാരമ്പര്യമില്ലാത്തതു കൊണ്ട്, അതു ശരിയായില്ല എന്നു പറയുന്നു. അത്രയേയുള്ളൂ. ഞാൻ ചോദിക്കട്ടെ, വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എന്താണ് ജോലി? നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എസ്.എസ്.എൽ.സി. പരീക്ഷ നടത്തുന്ന കാര്യത്തിൽ ഹർത്താലുണ്ടെങ്കിൽ ആ ഹർത്താലിന്റെ കാര്യത്തെ സംബന്ധിച്ച് അന്വേഷിക്കാൻ നേരമില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഗാനമേള നടത്താം, ഗജമേള നടത്താം, കാർഷിക മേള നടത്താം, അതുവഴി ഗിന്നസ്ബുക്കിൽ പേരു വരുത്താനുള്ള വെപ്രാളമാണ്. എന്റെ നാട്ടിൽ അദ്ദേഹം ഒരു ഗജമേള നടത്തി, ബഹു. മുഖ്യമന്ത്രിയും ഉണ്ടായിരുന്നു. അദ്ദേഹത്തിന് അബദ്ധം പറ്റിയെന്നാണ് ഞാൻ വിചാരിക്കുന്നത്. 123 ആനകളെക്കൊണ്ട് ഗജമേള നടത്തുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞപ്പോൾ പത്രക്കാർ ചോദിച്ചു എന്തിനാണ് നടത്തുന്നതെന്ന്, ഗജമേള സ്വാഭാവിക കാര്യമല്ലല്ലോ, അതിന് അദ്ദേഹം പറഞ്ഞു ഗിന്നസ് ബുക്കിൽ പേരു വരുമെന്ന്, ഇവിടെ ഗവൺമെന്റ് ഗജമേള നടത്തി, എന്തിനാണ്? ടൂറിസം പ്രോത്സാഹിപ്പിക്കാൻ വേണ്ടി, തൊടുപുഴയിൽ എന്തിനാണ് ഗജമേള നടത്തുന്നത് എന്നുചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. ഗിന്നസ് ബുക്കിൽ പേര് വരാനാണെന്ന്. ഗിന്നസ് ബുക്കിന്റെ കാര്യം പറഞ്ഞപ്പോൾ ഞാൻ അടുത്ത കാലത്ത് ഒരു പുസ്തകം വായിച്ചു, ഒരു പക്ഷെ അങ്ങ് ആ പുസ്തകം വായിച്ചിരിക്കാൻ ഇടയുണ്ട്. ഞാൻ വഴങ്ങാം, പറഞ്ഞുതീർന്നിട്ട് വഴങ്ങാം. ശ്രീ. ടി. എസ്. ജോണിനെപ്പോലെയുള്ള ഒരാൾ ചോദിച്ചാൽ ഞാൻ തീർച്ചയായിട്ടും വഴങ്ങാം. കാരണം അദ്ദേഹം ഈ സഭയിൽ നാഥനായിരുന്ന ആളാണ്. പക്ഷെ എന്റെ ഈ വാചകം പറഞ്ഞുതീർക്കാൻ ദയവായി അങ്ങ് എന്നെ അനുവദിക്കണം. മഹാനായ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെ വിഷയമാക്കി ഒരു നോവൽ എഴുതിയിട്ടുണ്ട്. പ്രശസ്തസാഹിത്യകാരനായ ശ്രീ. എം. മുകുന്ദൻ ആണ് 'കേശവന്റെ വിലാപങ്ങൾ' എന്ന പുസ്തകമെഴുതിയത്. ആ പുസ്തകം മുഴുവൻ വായിക്കണ്ട, അതിലെ 181, 182 എന്നീ പേജുകൾ വായിക്കുക. അതിൽ അനന്തകൃഷ്ണനെന്നു പറയുന്ന ഒരു കഥാപാത്രമുണ്ട്. വായിച്ചവർ അസഹിഷ്ണുത കാണിക്കരുത്. എല്ലാപേരും വായിച്ചിട്ടില്ലാത്തതുകൊണ്ടാണ് ഞാൻ പറയുന്നത്. അനന്തകൃഷ്ണൻ എന്ന കഥാപാത്രം മാർക്സിസ്റ്റ് പാർട്ടിയുടെ ലോക്കൽ കമ്മിറ്റി ഓഫീസിലേയ്ക്ക് കയറിച്ചെല്ലുകയാണ്. അദ്ദേഹം അവിടുത്തെ ഓഫീസ് ബോയിയോട് ഇവിടത്തെ ഗിന്നസ് ബുക്കു കാണണമെന്നു പറഞ്ഞു. മാർക്സിസ്റ്റ് പാർട്ടി ലോക്കൽകമ്മിറ്റി ഓഫീസിലെ ഓഫീസ് ബോയി ഗിന്നസ്സു ബുക്ക് കണ്ടു പരിചയമില്ല, അയാൾ പറഞ്ഞു. ഗിന്നസ്സുബുക്കില്ല, ഇവിടെ മെമ്പർഷിപ്പ് രജിസ്റ്റർ ബുക്കുണ്ട്. ഗിന്നസ്സ്ബുക്ക് ഇല്ല. അപ്പോൾ അനന്തകൃഷ്ണൻ ചോദിച്ചു ഗിന്നസ് ബുക്കില്ലേ. അപ്പോൾ ഓഫീസ് ബോയി ചോദിച്ചു, എന്ത് ബുക്കാണിത്? എന്ത് ബുക്കാണെന്നു ചോദിച്ചപ്പോൾ അനന്തകൃഷ്ണൻ ഓഫീസ് ബോയിയോട് പറയുന്ന ഒരു വാചകമുണ്ട്, ഈ പുസ്തകം വായിച്ചിട്ടില്ലാത്തവർ ദയവായി ഈ പുസ്തകം വായിക്കണം. ആ വാചകം ഞാൻ വായിക്കാം, ആ ഗിന്നസ്സുബുക്കിനെപ്പറ്റി അനന്തകൃഷ്ണൻ പറഞ്ഞു. ലോകത്തിലെ എല്ലാ റിക്കോർഡുകളും അതിൽ ഉണ്ടാകും. ഏറ്റവും വേഗത്തിൽ പായാൻ കഴിയുന്ന ആൾ, ഏറ്റവും കൂടുതൽ കുഞ്ഞുങ്ങളെ പ്രസവിച്ച അമ്മ, അങ്ങനെയെല്ലാം അതിൽ ഉണ്ട്, വൈകാതെ അതിൽ ഏറ്റവും ദൂരത്തിൽ മുറുക്കി തുപ്പുന്നവന്റെയും മൂത്രമൊഴിക്കുന്ന വന്റെയുമൊക്കെ പേരു വരും. അനന്തകൃഷ്ണൻ എന്നുപറയുന്ന കഥാപാത്രം മാർക്സിസ്റ്റ് പാർട്ടി കമ്മിറ്റി ഓഫീസിലെ ബോയിയോട് പറയുന്ന വാചകമാണ്. കേശവന്റെ വിലാപം എന്നു പറയുന്ന നോവലിലെ 181, 182 എന്നീ പേജുകളിൽ കാണാം. നമ്മുടെ വിദ്യാഭ്യാസവകുപ്പു മന്ത്രിയും അതുപോലെ ഗിന്നസ്സ്ബുക്കിൽ പേരുവരാൻ ശ്രമിക്കുകയാണ്. അദ്ദേഹത്തിന് കേരളത്തിലെ കുട്ടികളുടെ ഭാവിയെ സംബന്ധിച്ച് പ്രശ്നമില്ല. നീട്ടി തുപ്പണം, രണ്ടാമത്തെ കാര്യം ഞാൻ പറയുന്നില്ല. എങ്ങനെയും

LIBRARY ARCHIVES Kerala Legislative Assembly

പേര് വരണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ ആഗ്രഹം. ഈ കേരളം രക്ഷപ്പെടുമോ, ഞാൻ ഈ വിഷയം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. മുകുന്ദന്റെ പുസ്തകം ഞാൻ വായിച്ചതാണ്. ശ്രീ. ആനത്തലവട്ടം ആനന്ദനും ഞാനും ശ്രീമതി മെഴ്സിക്കുട്ടി അമ്മയും കൂടി ടൂറിനു പോയപ്പോൾ ഞാൻ ആനത്തലവട്ടത്തിന്റെ കയ്യിൽനിന്ന് വാങ്ങി വായിച്ചതാണ്. ശ്രീമതി മെഴ്സിക്കുട്ടി അമ്മയ്ക്ക് പുസ്തകം കണ്ടപ്പോൾ വായിക്കാൻ തോന്നാത്തതിന് എന്നോട് പരിഭവിച്ചിട്ട് വല്ല കാര്യവുമുണ്ടോ ? ഞങ്ങളുടെ പാർട്ടിയെപ്പറ്റിയും, പാർട്ടിയുടെ നയത്തെപ്പറ്റിയും പറയാൻ എനിക്ക് സന്തോഷമുണ്ട്. ഞങ്ങളുടെ പാർട്ടി കേരളത്തിലും ഇന്ത്യയിലും ഭരണത്തിലില്ല. നാലുവർഷമായി ഞങ്ങൾ പ്രതിപക്ഷത്തിരിക്കുകയാണ്. ഇന്ത്യയിലും കേരളത്തിലും മൂന്നു ഗവൺമെന്റുകൾ മാറിമാറി വന്നു. രണ്ടു പ്രാവശ്യം യു.ഡി.എഫ്. ഭരിച്ചു ഇവിടെ ശ്രീ. സത്യന്റെ പാർട്ടിയുടെ നേതാക്കന്മാരായ ഭൂപേഷ് ഗുപ്തയും ശ്രീ. ഇന്ദ്രജിത് ഗുപ്തയും കൂടി മന്ത്രിമാരായ രണ്ടു ഗവൺമെന്റുകൾ വന്നു. ഞങ്ങൾ പ്രതിപക്ഷത്താണ്. ഞങ്ങൾ കേന്ദ്രത്തിലും സംസ്ഥാനത്തിലും ഭരണമില്ലാത്ത പാർട്ടിയാണെങ്കിലും ഈ രാജ്യത്തിലെ എല്ലാ സാമ്പത്തിക പ്രശ്നങ്ങളിലും കോൺഗ്രസിന്റെ നിലപാടെന്താണെന്ന് നിങ്ങൾ ചോദിക്കുമ്പോൾ ഞങ്ങൾക്ക് വലിയ സന്തോഷമാണ്. കാരണം ഇന്ത്യയുടെ രാഷ്ട്രീയ ഭാഗധേയം നിർണ്ണയിക്കുന്നതിൽ ഇപ്പോഴും കോൺഗ്രസിന് മുഖ്യപങ്കുണ്ട് എന്ന് നിങ്ങൾ അറിയാതെ സമ്മതിക്കുന്നു. നിങ്ങൾ ചോദിക്കുന്നത് കോൺഗ്രസിന്റെ നയത്തെപ്പറ്റിയല്ലേ, സാമ്പത്തിക നയത്തെപ്പറ്റി ഞാൻ പറയാം. അത് ഇതാണ്, പഞ്ചമാഡിയിൽ ചേർന്ന അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി സമ്മേളനത്തിലെ തീരുമാനം ഞങ്ങളുടെ പാർട്ടിയുടെ നയം ഞങ്ങൾ പറയുന്നതല്ലേ നല്ലത്. ഞങ്ങളുടെ പാർട്ടിയുടെ നയം ശ്രീ. സതീശ് ചന്ദ്രനും ശ്രീ. ടി.കെ. ബാലനും കൂടി ഞങ്ങളെ പറഞ്ഞു പഠിപ്പിച്ചിട്ടെന്താ കാര്യം ? ഇന്ന് രാവിലെ ചർച്ച തുടങ്ങിയപ്പോൾ ശ്രീ. ജോർജ് ജെ. മാത്യു വളരെ വ്യക്തമായി പറഞ്ഞു. അതൊന്നും കേൾക്കാതെ നിങ്ങളുടെ പാർട്ടിയുടെ നയമെന്താ നയമെന്താ എന്നു ചോദിക്കുന്നു. ഞാൻ വ്യക്തമായിട്ടു പറയാം. ഞങ്ങളുടെ പാർട്ടിയുടെ നയം സോഷ്യൽ സർവീസ് എന്നുള്ള കാഴ്ചപ്പാടാണ്. ഞങ്ങളുടെ പ്രമേയത്തിലെ 14-ാം മത്തെ പേജിൽ പറഞ്ഞിരിക്കുന്നു. ഞാൻ ഒന്നുകൂടി വായിക്കാം. രാവിലെ ശ്രീ. ജോർജ് ജെ. മാത്യു വായിച്ചതാണ് ഞാൻ ഒന്നുകൂടി വായിക്കാം, ശ്രീ. സത്യന് ഞാൻ വഴങ്ങാം.

Socialism directed to the task of promoting equity and social justice based on sustained balance and high economic growth through a mixed economy alike to democratic institutions of Government.

മി. സ്പീക്കർ : ആർക്കും വഴങ്ങണ്ട അങ്ങ് പറഞ്ഞ് അവസാനിപ്പിക്കുക, മണി അഞ്ചായി. കേശവന്റെ വിലാപങ്ങൾ സഭയുടെ വിലാപമായി മാറാതിരിക്കട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി : നിങ്ങൾക്ക് തർക്കമുണ്ടാകാം. സോഷ്യൽ സർവ്വീസിനെ സംബന്ധിച്ച് നിങ്ങളുടെ കോൺസെപ്റ്റും ഞങ്ങളുടെ കോൺസെപ്റ്റും തമ്മിൽ വ്യത്യാസമുണ്ട്. നിങ്ങൾ കമ്മ്യൂണലിസത്തിലൂടെയാണ് സോഷ്യലിസം കണ്ടത്. ഞങ്ങൾ ത്രൂ മിക്സഡ് ഇക്കോണമിയാണ്. അതാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞത്. അപ്പോൾ വ്യത്യാസമുണ്ടാകും. പക്ഷെ ഞങ്ങളുടെ നിലപാടും, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നിലപാടും ശ്രീമതി സോണിയാഗാന്ധി പ്രസിഡന്റായിരിക്കുന്ന നാഷണൽ കോൺഗ്രസിന്റെ നിലപാടും ഒന്നുതന്നെ, നിങ്ങൾക്ക് എന്താ സംശയം. ഇതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല, ഞാൻ പറയാം. We reasserted its commitment to socialism and socialistic pattern of society as spelled out in Avady in 1995 and in the subsequent resolutions of the party.

ഞങ്ങളുടെ നിലപാട് വളരെ വ്യക്തമാണ്.

ശ്രീ. സത്യൻ മൊകേരി : കോൺഗ്രസ് ഉന്നയിക്കുന്ന സോഷ്യലിസത്തിൽ നാഷണലൈസ് ചെയ്തത് പ്രൈവറ്റൈസ് ചെയ്യുന്നതാണോ നിങ്ങളുടെ സോഷ്യലിസം. ഓഹരി വിൽപ്പന നടത്തുന്നതും പബ്ലിക് സെക്ടർ വിൽപന നടത്തുന്നതും കോൺഗ്രസ്സിന്റെ സോഷ്യലിസമാണോ ? ബാങ്കുകൾ ദേശസാൽക്കരിച്ചത് തിരിച്ച് ഏല്പിക്കുന്നത് സോഷ്യലിസമാണോ ?

ശ്രീ. ഇ. എം. അഗസ്തി : ഞാൻ ഒറ്റ വാചകത്തിൽ മറുപടി പറയാം. ശ്രീ. സത്യൻ മൊകേരി ചോദിച്ച കാര്യം ഞാൻ ഇവിടെ വായിക്കാൻ പോവുകയാണ്. ഞാൻ വായിച്ചിട്ട് മറുപടി പറയാം. ഞാൻ എഴുതിക്കൊണ്ട് വന്നതല്ല. ഞങ്ങളുടെ പ്രമേയത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. We agree with the need of making significant the public sector equally with the need to make this viable and generally autonomous. ശ്രീ. സത്യൻ മൊകേരിക്ക് മനസ്സിലായില്ലെങ്കിൽ ഞാൻ ഒന്നുകൂടി പറഞ്ഞുതരാം. ഈ രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ കുറച്ച് ആളുകൾ ചേർത്ത് തിന്നുമുടിച്ച് നശിപ്പിക്കുന്നതിന് ഞങ്ങൾ ആനുകൂലമല്ല. പൊതുമേഖലാ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കണം. അങ്ങനെ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം, ഉറപ്പു വരുത്തുന്നതിനോടൊപ്പം ഓട്ടോണമസ് സ്വഭാവവും നിലനിൽക്കണം. അതാണ് കോൺഗ്രസ്സിന്റെ നയം. അത് ഞങ്ങൾ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒരു പ്രധാനപ്പെട്ട കാര്യം പറയാനുള്ളത്, ഞാൻ ഈ സഭയിൽ ഇല്ലാതിരുന്ന അവസരത്തിൽ കഴിഞ്ഞ ആഴ്ച ബഹുമാനപ്പെട്ട ശിവദാസമേനോൻ ഒരു പ്രസംഗം നടത്തി. ഞാൻ പത്രത്തിൽ വായിച്ചാണ് അത് അറിഞ്ഞത്. ആ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞത്, 1975-ൽ ഇന്ദിരാഗാന്ധി ഇന്ത്യൻ ജനാധിപത്യത്തിന്റെ ശ്രീകോവിലിന് തീ കൊളുത്തിയപ്പോൾ ആ ജനാധിപത്യം സംരക്ഷിക്കാൻ വേണ്ടി അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും ആർ.എസ്.എസ്. - മായി ചേർന്നു എന്നും, ആർ.എസ്.എസ്.- മായി ചേർന്ന് ജനാധിപത്യം സംരക്ഷിച്ചു എന്നുമാണ്. അദ്ദേഹം ഉദാഹരണമായി പറഞ്ഞത് ഗുരുവായൂർ അമ്പലത്തിന്

LIBRARY ARCHIVES Kerala Legislative Assembly

തീ വച്ചപ്പോൾ മുസ്ലീങ്ങളും, ക്രിസ്ത്യാനികളും ഒക്കെ കൂടി ചേർന്ന് തീ കെടുത്തുകയും, പിന്നെ ശുദ്ധികലശം നടത്തി അമ്പലത്തിന്റെ പവിത്രത വീണ്ടെടുക്കുകയും ചെയ്തു എന്നാണ്. അത് വായിച്ച് കഴിഞ്ഞപ്പോൾ എനിക്ക് ഒരു വിഷമം തോന്നി. എന്റെ കയ്യിൽ ഇരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ പ്രിയാംപിളിന്റെ കോപ്പിയാണ്. ഒന്നാമത്തേത് 1975-ന് മുൻപുള്ള പ്രിയാംപിൾ, രണ്ടാമത്തേത് 1975-ൽ ഇന്ദിരാഗാന്ധി കൊണ്ടുവന്ന 42-ാം ഭരണഘടനാ ഭേദഗതിക്ക് ശേഷമുള്ള പ്രീയാംപിൾ. രണ്ടും തമ്മിൽ ഒറ്റ വ്യത്യാസമേ ഉള്ളൂ. ആ വ്യത്യാസം ഞാൻ പറയാം. 1975-ൽ 42-ാം ഭരണഘടനാ ഭേദഗതികൊണ്ടുവരുന്നതിന് മുൻപുള്ള പ്രിയാംപിൾ തുടങ്ങുന്നത് WE, THE PEOPLE OF INDIA, having solemnly resolved to constitute India into a (SOVEREIGN DEMOCRATIC REPUBLIC) and to secure to all its citizens:

ബാക്കി ഞാൻ വായിക്കുന്നില്ല. ഇന്ത്യൻ ഭരണഘടനയുടെ ഓപ്പണിംഗ് സെന്റൻസ്ആണ് ഇത്. Sovereign Democratic Republic 1975-ലെ 42-ാം ഭരണഘടനാ ഭേദഗതി. അങ്ങ് പറഞ്ഞല്ലോ : ഇന്ദിരാഗാന്ധി ജനാധിപത്യത്തിന്റെയും, മതേതരത്വത്തിന്റെയും ശ്രീകോവിലിലെ തീ കെടുത്തീ എന്ന്. ആ സമയത്ത് ഇന്ദിരാ ഗാന്ധി ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ച 42-ാം ഭരണഘടനാ ഭേദഗതി പ്രകാരം ഭരണഘടനയുടെ പ്രിയാംപിളിൽ ഉണ്ടായിരിക്കുന്ന മാറ്റം അങ്ങ് കേൾക്കണം. WE, THE PEOPLE OF INDIA, having solemnly resolved to constitute India into a (SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC) and to secure to all its citizens : എന്താണ് കൂടുതലായി ചേർത്തിരിക്കുന്ന ഭാഗം. ആ ഭാഗം ഞാൻ വായിച്ച് കേൾപ്പിക്കാം. Socialist Secular Democratic Republic.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : വിവാഹത്തിന് എത്ര പവൻ സ്വർണ്ണം കൊടുക്കണമെന്ന് പറഞ്ഞപ്പോൾ, വധുവിന്റെ പിതാവ് പറഞ്ഞു എന്റെ മകളുടെ പേര് സ്വർണ്ണകുമാരി എന്നാണ്, അതുകൊണ്ട് പിന്നെ എന്തിനാണ് സ്വർണ്ണം എന്ന്. അതുപോലെ സോഷ്യലിസമെന്ന് എഴുതിവച്ചിട്ട് വല്ല കാര്യവുമുണ്ടോ ?

ശ്രീ. ഇ. എം. അഗസ്തി : ഞാൻ എല്ലാ ബഹുമാനത്തോടെ പറയുന്നു. ഇന്ദിരാഗാന്ധി രാജ്യത്തിന്റെ മതേതരത്വം സംരക്ഷിയ്ക്കാൻ വേണ്ടി സുപ്രധാനമായ ഭരണഘടനാഭേദഗതി കൊണ്ടുവന്നപ്പോഴാണ് നിങ്ങളും ആർ. എസ്.എസ്.-ഉം കൂടി സഹശയനത്തിന് പോയത്. ഇന്ത്യയുടെ മതേതരത്വം അട്ടിമറിയ്ക്കുന്നതിനുവേണ്ടി ഇന്ത്യയിലെ ഹൈന്ദവ പ്രമാണികൾ ശ്രമിച്ചുവന്നിരുന്ന കാലഘട്ടത്തിൽ അതിനെ നേരിടാൻവേണ്ടി ഇന്ദിരാഗാന്ധി ശക്തമായ നടപടി സ്വീകരിച്ചപ്പോൾ നിങ്ങൾ ഹൈന്ദവ മേധാവിത്വത്തിന്റെ പുറകെ പോയി. നിങ്ങൾക്ക് അറിയാമോ, 1978-ൽ ഇതുപോലെ പാകിസ്ഥാനിൽ ഭരണഘടനാ ഭേദഗതികൊണ്ടുവന്നു. പാകിസ്ഥാനിൽ ശ്രീ. സിയാവുൾഹക്ക് കൊണ്ടുവന്ന ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് പാകിസ്ഥാനെ ഇസ്ലാമിക രാജ്യം ആക്കുമെന്നാണ്. ഇന്ദിരാഗാന്ധി 1975-ൽ പറഞ്ഞത് ഇന്ത്യയെ സെക്കുലർ രാഷ്ട്രം ആക്കുമെന്നാണ്. അതാണ് വ്യത്യാസം. ഞങ്ങൾ രാജ്യത്തെ മതേതരത്വത്തിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നു. മറ്റു രാജ്യങ്ങൾ വർഗ്ഗീയവത്ക്കരിക്കപ്പെട്ടു. ആ വർഗ്ഗീയവാദികളുടെ കൂടെയാണ് നിങ്ങൾ പോയത്. ഇന്ത്യയിൽ എന്നും കോൺഗ്രസ് വിരുദ്ധ വികാരം ഉണ്ടാക്കിയത് നിങ്ങൾ അല്ലേ. ഇന്ത്യയിൽ കോൺഗ്രസ് വിരുദ്ധ പ്രക്ഷോഭണങ്ങൾ ഉണ്ടാക്കിയത് ആർ.എസ്.എസ്. ആണ്. ഹിന്ദു വർഗ്ഗീയവാദികളാണ്. ആ ഹിന്ദു വർഗ്ഗീയ വാദികളുടെ പിന്നാലെയായിരുന്നു അങ്ങും അങ്ങയുടെ പാർട്ടിയും എന്ന യാഥാർത്ഥ്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ഒരു മരണമണി ഞാൻ കേൾക്കുകയാണ്. ഇന്ത്യയിൽ ജനാധിപത്യത്തിന്റെ മരണമണി. ഒരു വർഷം കഴിഞ്ഞ് ഞങ്ങൾ ഇവിടെ കൂടുമ്പോൾ ഇത് ഒരു ചരിത്ര സ്മാരകമായി. ഒരു മ്യൂസിയമായി മാറുമോ എന്ന ഭയം എനിയ്ക്കുണ്ട്. നമ്മൾ ക്യാബിനറ്റ് സമ്പ്രദായത്തിൽ പാർലമെന്റിന്റെ കീഴിൽ, സംസ്ഥാനങ്ങൾ ഫെഡറൽ സമ്പ്രദായത്തിൽ പരമാധികാരമുള്ള ഒരു സഭയാണ് ഇത്. എന്റെ സംശയം ബി.ജെ.പി. ഭരണഘടനാ ഭേദഗതി ചെയ്യാൻ ഭൂരിപക്ഷമില്ലാത്തവർ ഭരണഘടന പരിഷ്ക്കരിക്കുന്നു എന്ന് പറഞ്ഞാൽ അതിന് അർത്ഥം ഭരണഘടനയെ അട്ടിമറിക്കുമെന്നാണ്. പാകിസ്ഥാനിൽ അതാണ് ഉണ്ടായത്. ശ്രീലങ്കയിലും അതാണ് ഉണ്ടായത്. ഈ ഭരണഘടനാ പരിഷ്ക്കരണത്തിന്റെ മറവിൽ ഇന്ത്യൻ ജനാധിപത്യം കശാപ്പ് ചെയ്യപ്പെടുമെന്ന് ഞാൻ ഭയപ്പെടുന്നു. അങ്ങയുടെ കൂടെയുള്ള ഘടകകക്ഷിയുണ്ടല്ലോ, എൻ.സി.പി. ആ ഘടകകക്ഷിയിലെ ആളുകൾ ഭരണഘടനാ പരിഷ്ക്കരണ കമ്മിറ്റിയിൽ ഇല്ലേ. എന്താണ് ശ്രീ. സാംഗ്മ പറഞ്ഞത്. വിദേശി പ്രശ്നം ഞാൻ ഉന്നയിക്കുമെന്നല്ലേ. ശ്രീമതി സോണിയാ ഗാന്ധിയെ പാർലമെന്റിന് പുറത്താക്കാൻവേണ്ടി ഭരണഘടനാ പരിഷ്ക്കാരം കൊണ്ടുവന്ന് ഇന്ത്യൻ ഭരണഘടനയെ അട്ടിമറിച്ച്, പാർലമെന്ററി ജനാധിപത്യം തകർത്ത്, പ്രസിഡൻഷ്യൽ ഭരണരീതി കൊണ്ടുവന്ന്, ശ്രീലങ്കയിൽ ശ്രീ. ജയവർദ്ധന ചെയ്തത് അതാണ്..... ശ്രീമതി സിരിമാവോയുടെ പൗരത്വം എടുത്തുകളഞ്ഞ്, ക്യാബിനറ്റ് സമ്പ്രദായം തകർത്ത്, പ്രസിഡൻഷ്യൽ ഭരണരീതി കൊണ്ടുവന്ന് ആ രാജ്യത്തെ കലാപത്തിലേയ്ക്ക് തള്ളിവിട്ടതുപോലെ, ബി.ജെ.പി. ഈ രാജ്യത്തിലെ ജനാധിപത്യത്തിന് തീ കൊളുത്താൻ ശ്രമിക്കുന്നു. അങ്ങയുടെ പാർട്ടി എവിടെ നിൽക്കും. അങ്ങ് മറുപടി പറയണം. നാളെ അങ്ങ് ഈ സഭയിൽ മറുപടി പറയുമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ നിർണ്ണായകമായ ചരിത്ര മുഹൂർത്തത്തിൽ അങ്ങും അങ്ങയുടെ പാർട്ടിയും എവിടെ നിൽക്കും എന്ന് നാളെ ഈ സഭയിൽ അങ്ങ് മറുപടി പറയണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് ഞാൻ ഈ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(മാർച്ച് മാസം 22-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.08 ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly